ഒരു 'കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും'

# ക്രൈസ്തവ കാഹളം

## പുനരൈക്യ വാർഷിക വിശേഷാൽ പ്രതി











Vol. XXIV. 1965 Aug--September No. 8-9.

വരിസംഖ്യ മുൻകൂർ 3 ക.
വിദേശങ്ങളിൽ 4 ക.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ

പുറം

1. പത്രാധിപക്കുറിപ്പുകൾ 231
2. ബഥനിപ്രസ്ഥാനം (എം. എം. വർക്കി, എറണാകുളം) 232
3. അപ്പോസ്തോലികപിതാക്കന്മാരും അവരുടെ ചില സാക്ഷ്യങ്ങളും. (തുടർച്ച)
മോൺ തോമസ് വടക്കേരി എൽ ഡി. — 235
4. മനുഷ്യൻ ആരാണ്? ക്രൈസ്തവതത്വചിന്തയിലൂടെ ഒരവലോകനം
(ഐസക്ക് കത്രൂർ) 239
5. പാശ്ച്യാത്യസഭയും പൗരസ്ത്യസഭയും തമ്മിൽ യോജിക്കരുതോ?
(ചേപ്പാട്ട പീലിപ്പോസ് റമ്പാൻ) 243
6. യാക്കോബായസഭയും ക്രിസ്തീയ പുനരൈക്യവും (ഫാദർ തോമസ് മണ്ണൂഃഞ്ചേരി) 248
7. ചോദ്യോത്തരപംക്തി 251
8. ലീജിയൻ ഒരിടവക വികാരിയുടെ വീക്ഷണത്തിൽ
(റവ. ഡോ. ജോർജ്ജ് പാലത്തുമ്പാട്ട്) 253
9. പാത്രിയർക്കീസ് കർദ്ദിനാളാകണമോ? (തോമസ് പണിക്കർ പൂന) 256
10. ഐക്യകാഹളം അഥവാ എക്യുമെനിസം (ബി. ജി വെട്ടിക്കാട്ട്) 261
11. സേവനം ഒരു മധുരസംഗീതം (എൻ. കെ. ജോർജ്ജ് എം. എ) 263
12. ധ്യാനചിന്തകൾ (തുടർച്ച) (വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ) 265
13. "സ്നിഗ്ദ്ധപ്രകാശമേ എന്നെ നയിക്ക!" (തർജ്ജിമ) — ഡി. അയ്യനേത്ത് 266
14. "മലകളിളകിലും മനമിളകാ" (റവ. ഫാദർ ഡാനിയേൽ അയ്യനേത്ത്) 267
15. ദൈവമാതാവും ഓർത്തഡോക്സ്സഭയും. (തുടർച്ച)
(റവ. ഫാ. സി. എ ഏബ്രഹാം) 271
16. "നമുക്ക പോകാം." (എൻ. സി. ഉമ്മച്ചൻ ഹരിപ്പാട്ട്) 276
17. മിശിഹായുടെ ത്രിവിധ അധികാരങ്ങളും വിശ്വാസികളും
(ഫാ. സാമുവൽ തുണ്ടിയിൽ) 277
18. ആരാധിക്കുന്നു ഞാൻ (ചാരുംമൂട്ട്) 281
19. നവീകരണം ഒരു സനാതന പ്രതിഭാസം (വി. പി. ആച്ചപ്പാട്ട്) 282
20. ബഥനി ആശ്രമത്തിൻെറ മുമ്പിൽ ഒരു വെല്ലുവിളി
(റവ. കെ. കോശി. എം. എ. എം ലിററ്) 289
21. മാർ ഈവാനിയോസിൻെറ ജീവിതദർശനം (ഐ. കെ.) 292
22. പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രാരംഭനാളുകൾ
(പ്രഭാഷണം: ഫാദർ ജേക്കബ് ഞായലൂർ) 297
. സൺഡേസ്കൂൾ മത്സരപരീക്ഷ. 299

*Chief Editor*: Rt. Rev. Msgr. Philipose Remban.

*Sub*: ,, Rev. Fr. Jacob Gnayalloor,

*Publishing Editor*:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

# ക്രൈസ്തവകാഹളം

| പുസ്തകം 24. | ആഗസ്റ്റ്-സെപ്തംബർ 1965. | ലക്കം 8, 9. |
|---|---|---|

## പത്രാധിപക്കുറിപ്പുകൾ

### കൂപ്പുകൈ.

1930 സെപ്റ്റംബർ 20. മലങ്കരസഭാചരിത്രത്തിനു് നവീനമായ ഒരദ്ധ്യായം തുടങ്ങിയ മോഹനദിനം. പാവനസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനിയും അനുയായികളും കത്തോലിക്കാസഭയെ ആശ്ലേഷിച്ച പുണ്യദിനം. അനേകമനേകം സത്യവിശ്വാസികളുടെ പാവനമായ പരിത്യാഗങ്ങളും തീവ്രമായ പ്രായശ്ചിത്തങ്ങളും പൂവണിഞ്ഞ മനോജ്ഞദിനം.

മുപ്പത്തഞ്ചുസംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു, ആ സുഭഗദിനം കടന്നുപോയിട്ടു്. പുനരൈക്യപ്രസ്ഥാനമാകുന്ന ആ കൊച്ചു ചെടി ഇന്നു് ശീതളച്ഛായാദായകമായ ഒരു മഹാവൃക്ഷമായിക്കഴിഞ്ഞിരിക്കുന്നു.

നേത്രാഭിരാമവും ആശ്വാസദായകവും പോഷണഗുണഭരിതവുമായ തേൻകനികൾ ആ വൃക്ഷം ഇന്നേവർക്കും നൽകുന്നു. അനേകരുടെ അദ്ധ്വാനവും വിയർപ്പും ത്യാഗസുരഭിലമായ പരിലാളനയുമാണു് ആ വൃക്ഷത്തിൻെറ ഈ വളർച്ചയ്ക്കു ദൈവപരിപാലനയിൻ കാരണമായിട്ടുള്ളതു്. പുനരൈക്യപ്രസ്ഥാനത്തെ നട്ടു താലോലിച്ചു വളർത്തിയ ആ വീരാത്മാക്കൾക്കു ഞങ്ങളുടെ കൂപ്പുകൈ. ദൈവത്തിൻെറ സമൃദ്ധമായ കരുണകളെ നാം എങ്ങനെ പ്രകീർത്തിക്കേണ്ടൂ?. ദൈവത്തിനു മഹത്വം.

പുനരൈക്യപ്രസ്ഥാനത്തിൻെറ വാർഷികദിനം അനുവാചകരെ ഒന്നോർമ്മിപ്പിക്കുക, ക്രൈസ്തവവിഭാഗങ്ങളുടെ ഐക്യത്തിനുവേണ്ടി പരിശ്രമിക്കേണ്ട ചുമതല നിങ്ങളിൽ നിക്ഷിപ്തമാണെന്നു ഒന്നു സൂചിപ്പിക്കുക, യഥാർത്ഥ ക്രിസ്തീയജീവിതത്തിനുപയുക്തമായ കാര്യങ്ങളെക്കുറിച്ചു് ഒന്നുറക്കെ ചിന്തിക്കുക—ഇവയാണു ഈ വിശേഷാൽപ്രതികൊണ്ടു ഞങ്ങളുദ്ദേശിച്ചിട്ടുള്ളതു്.

കുറ്റങ്ങളും കുറവുകളും ഇതിൽ ധാരാളമുണ്ടായിരിക്കാം. എങ്കിലും നിങ്ങളുടെ സൗഹൃദത്തിൻെറ മോഹനപീഠത്തിൽ ഈ വിശേഷാൽപ്രതി ഞങ്ങൾ സമർപ്പിച്ചുകൊള്ളട്ടെ.

# ബഥനി പ്രസ്ഥാനം

## ആരംഭഘട്ടത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം

(എം. എം. വർക്കി, എറണാകുളം)

ബഥനിയുടെ പുനരൈക്യപ്രസ്ഥാനം ചരിത്രപ്രസിദ്ധമായ ഒരു സംഭവമാണ്. മാർ ഈവാനിയോസ് തിരുമേനി ഏതാനും അനുചരന്മാരോടുകൂടി കത്തോലിക്കാസഭാപ്രവേശം ചെയ്തതോടെയാണ് ആ മഹാസംഭവം ആരംഭിക്കുന്നത് ഇന്നേക്ക്സുമാർ 35 വർഷം മുമ്പാണ് — 1930 സെപ്റ്റംബർ 20-ാം തീയതിയാണ് അതു നടന്നതു്. തിരുമനസ്സിലെ ധീരമായ ആ പ്രവൃത്തി അന്ന് കേരളത്തിലുണ്ടാക്കിയ കോളിളക്കം അതിഭയങ്കരമായിരുന്നു. ഇന്ന് ഒരു 60-നു മേൽ പ്രായമായി ജീവിച്ചിരിക്കുന്നവർക്കല്ലാതെ അതേപ്പററി ഏകദേശമായിട്ടെങ്കിലും ഓർക്കുക സാദ്ധ്യമല്ല. അന്ന് പത്രങ്ങളും പത്രവായനയും ഇന്നത്തേക്കാൾ എത്രയോ കുറവായിരുന്നു. തൻമൂലം ദൂരസ്ഥലങ്ങളിലുള്ളവക്ക് അതിന്റെ ഗൗരവം വേണ്ടവിധം മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ല. കോട്ടയം മുതൽ തെക്കോട്ട കൊട്ടാരക്കര വരെയും ആലപ്പുഴ, കായംകുളം, കൊല്ലം തുടങ്ങി കിഴക്കോട്ട പുനലൂർ, പത്തനംതിട്ട, കോഴഞ്ചേരി, അവിടുന്നു തെക്കോട്ടും കോട്ടയം പുതുപ്പള്ളി വരെയും ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ കത്തോലിക്കരല്ലാത്ത ക്രൈസ്തവർ ധാരാളമായി വസിക്കുന്ന മദ്ധ്യതിരുവിതാംകൂറിലാണ് ആ പ്രസ്ഥാനത്തിന്റെ പ്രത്യാഘാതങ്ങൾ അലതല്ലിയിരുന്നതു്. സകലവിധ സുഖസൗകര്യങ്ങളോടും മതപരമായി എല്ലാവിധ അധികാരങ്ങളോടുംകൂടി, യാക്കോബായക്കാരുടെ ഇടയിൽ സർവ്വസമ്മതനായ ഒരു മതാദ്ധ്യക്ഷനും മതപണ്ഡിതനും സന്യാസിവര്യനുമായി കഴിഞ്ഞിരുന്ന മാർ ഈവാനിയോസ് തിരുമനസ്സിലെ കത്തോലിക്കാസഭാപ്രവേശം ആ സമുദായങ്ങളിലെ ആബാലവൃദ്ധം ജനങ്ങളേയും ഞെട്ടിപ്പിക്കുകയും അന്ധാളിപ്പിക്കുകയും വൈരികളായിത്തീർക്കുകയും ചെയ്തു. ദീർഘകാലത്തെ പഠനത്തിന്റേയും ആലോചനകളുടേയും എഴുത്തുകളുടേയും തന്റെ പൂർവ്വസഭയിൽപ്പെട്ട മതാദ്ധ്യക്ഷന്മാരുൾപ്പെടെ പ്രമുഖരുമായുള്ള കൂടിയാലോചനകളുടെയും ഫലമായിരുന്നു തിരുമേനിയുടെ മാതൃസഭാപ്രവേശമെന്നിരുന്നിട്ടും, അതു് സൗമനസ്യത്തോടെ കാണാനോ, അതിനെപ്പററി ബോധപൂർവ്വം ചിന്തിക്കാനോ, അവരാരും കൂട്ടാക്കിയില്ല. തിരുമേനിയേയും അനുചരന്മാരേയും അസഭ്യവർഷം ചെയ്തും ഭയപ്പെടുത്തിയും വീർപ്പുമുട്ടിക്കുന്നതിനും കത്തോലിക്കാസഭയെ സഭ്യേതരമായവിധം ചീത്ത പറയുന്നതിനുമാണ് അവർ തുനിഞ്ഞതു്. തിരുമേനിയും സഹപ്രവർത്തകരും ഈ കൊടുങ്കാററിനെ അനന്യസാധാരണമായ ചങ്കുറപ്പോടെ ഉത്തമനായ ഒരു മതാദ്ധ്യക്ഷനും ശിഷ്യന്മാർക്കും ചേർന്നവിധം എത്രയും പ്രശംസനീയമായ ക്ഷമയോടെ വഹിച്ചും സഹിച്ചും പോന്നു. എന്നാൽ സാമുദായികമായും മതപരമായും സർവ്വോപരി രാഷ്ട്രീയമായും അപ്പോഴേക്കും ഉണർന്ന് മൂരിനിവർത്തിക്കഴിഞ്ഞിരുന്ന കത്തോലിക്കർ സകല മര്യാദസീമകളേയും അതിലംഘിച്ചുകൊണ്ടുള്ള ഈ തീക്കളി കണ്ട് വെറുതെ അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല.

അന്ന് ഞാൻ തിരുവനന്തപുരത്തു താമസിക്കുകയായിരുന്നു. അതിനു എട്ടു വർഷം മുമ്പ്—1922-ൽ തിരുമേനിയേപ്പോലെ മാതൃസഭാപ്രവേശം ചെയ്ത് കത്തോലിക്കരുടെ അവകാശവാദങ്ങൾ നടത്തിക്കൊണ്ട് "ദാസൻ" എന്ന പേരിൽ തിരുവനന്തപുരത്തുനിന്നും ഒരു പ്രതിവാരപത്രം നടത്തുകയായിരുന്നു ഞാൻ. എന്റെ ഈ സംരംഭം അതിനു അഞ്ചു വർഷം മുമ്പ് ആരംഭിച്ചു നടത്തിവന്ന ഒരു ശ്രമമായിരുന്നു താനും. കത്തോലിക്കർ ഒററക്കെട്ടായി നിന്ന് രാഷ്ട്രീയമായും തങ്ങളുടെ ശക്തി ബലവത്തരമാക്കിയില്ലെങ്കിൽ, ഭാവി ഇരുളടഞ്ഞതായിരിക്കുമെന്ന വിശ്വാസത്തോടെ നിരന്തരം സന്ധിയില്ലാതെ നടത്തുകയായിരുന്നു എന്റെ അവകാശവാദസമരം. ഇതു ഒന്നിനൊന്നു വിജയിച്ച്, സ്വന്ത കാലിൽനിന്ന് ആരോടും രണ്ടു വാക്ക് മുഖത്തു നോക്കി പറയാമെന്ന നില വന്ന ഘട്ടത്തിലായിരുന്നു, മാർ ഈവാനിയോസ് തിരുമേനിയും മററു ബഥനിക്കാ

തും കത്തോലിക്കാസഭയിൽ പ്രവേശിക്കാൻ പോകുന്നെന്നുള്ള ഒരു വർത്തമാനം സ്വകാര്യമായി പറഞ്ഞു കേട്ടതു്. ഈ വാർത്ത എന്നെ എത്രമാത്രം കോരിത്തരിപ്പിച്ചു എന്നു പറയേണ്ടതില്ലല്ലോ. ഞാൻ ഹൈസ്കൂളിൽ പഠിക്കുന്ന കാലം തുടങ്ങി എനിക്കു തിരുമേനിയെ പരിചയമുണ്ടു്. തിരുമേനി, "എം. എ. അച്ചൻ" ആയി കൽക്കട്ടായിൽ താമസിച്ചിരുന്ന കാലങ്ങളിൽ ഒഴിവു സമയത്തു് മിക്കപ്പോഴും മിഷ്യനറിപ്രവർത്തനങ്ങൾക്കായി നാട്ടിൽ വന്നു സഞ്ചരിക്കുകയും പ്രസംഗയോഗങ്ങൾ നടത്തുകയും പതിവായിരുന്നു. ആ അവസരങ്ങളിൽ പലപ്പോഴും തിരുമേനി കൂട്ടുകാരായ ചില യൂറോപ്യൻ മിഷനറിമാരുമൊത്തു തുപ്പൂണിത്തുറ എൻെറ വീട്ടിൽ വന്നു താമസിക്കുകയും തിരുമേനിയുടെ ഒരു പിഞ്ചാരാധകൻ എന്ന നിലയിൽ ഞാൻ അയൽപ്രദേശങ്ങളിൽ തിരുമേനിയോടൊപ്പം പോകുകയും ചെയ്തിട്ടുണ്ടു്. ഈ പരിചയവും ഞാൻ സ്വീകരിച്ച മാർഗ്ഗം ശരിയായിരുന്നെന്നു് തിരുമേനിയുടെ പ്രവൃത്തികൊണ്ടു് അനിഷേദ്ധ്യമായി സ്ഥാപിച്ചതുമാണു്, തിരുമേനിയുടെ സഭാപ്രവേശം എൻെറ മനസ്സിനെ ഹഠാദാകർഷിക്കാൻ കാരണം. ഞാൻ ആഹ്ളാദചിത്തനായി ആ നല്ല ദിനം അത്യാകാംക്ഷയോടെ നോക്കിപ്പാർത്തുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം കൊല്ലത്തുനിന്നു് അറിവായി, അവിടെവച്ചു് മാർ ഈവാനിയോസ് തിരുമേനിയേയും ഏതാനും അനുചരന്മാരേയും മഹാവന്ദ്യനായിരുന്ന കൊല്ലം ബിഷപ്പു് ബൻസിഗർ തിരുമേനി കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചെന്നു്.

എൻെറ ദീർഘകാലജീവിതത്തിൽ ഞാൻ പരമാനന്ദം അനുഭവിച്ച ചില സംഭവങ്ങളുണ്ടായിട്ടുണ്ടു്. എൻെറ മാതൃസഭാപ്രവേശം, തിരുവിതാംകൂറിൽ ഒരു ഹിന്ദു ദിവാൻെറ നിയമനം, സുപ്രസിദ്ധമായ നിവർത്തനപ്രമേയസ്വീകരണം, സർ. സി. പി. യുടെ പിടിയിൽനിന്നു് തങ്കശ്ശേരിയുടെ മോചനം, നിവർത്തനവിജയം, സ്റ്റേറ്റു് കോൺഗ്രസിൻെറ ആവിർഭാവം, സ്റ്റേറ്റു് കോൺഗ്രസ് നിസ്സഹകരണാരംഭം, എറണാകുളത്തുനിന്നു ഞാൻ നടത്തിയ സ്റ്റേറ്റു് കോൺഗ്രസ്സ് സമരത്തിൻെറ വിജയം, സർ. സി. പി. യുടെ അന്തർദ്ധാനം, ഒന്നാമത്തെ ജനകീയ മന്ത്രിസഭയുടെ ആവിർഭാവം, ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധി—ഇങ്ങനെ പോകുന്നു ആ ചുരുക്കം ചില സംഭവങ്ങൾ. ആ സന്ദർഭങ്ങളിലെന്നപോലെതന്നെ, മാർ ഈവാനിയോസു തിരുമേനിയുടെ സഭാപ്രവേശവും എന്നെ പരമാനന്ദത്തിൽ ആറാടിക്കുകതന്നെ ചെയ്തു. പിന്നെ ഒട്ടു താമസിച്ചില്ല, തിരുമേനിയുടെ സന്നിധിയിലേക്കു പറക്കപാഞ്ഞോടിഎത്താൻ. എന്നെപ്പോലെതന്നെ ഇതിൽ അത്യധികം സന്തോഷവാനായിരുന്ന ഐ. സി. ചാക്കോയുമൊരുമിച്ചു് ഞാൻ വെണ്ണിക്കുളത്തു് എത്തി തിരുമേനിയെ കണ്ടു കൈ മുത്തി. തിരുമേനി എന്നെ കെട്ടിപ്പിടിച്ചു് ആശ്ലേഷിക്കുകതന്നെ ചെയ്തു. ഞങ്ങൾ ഇരുവരും കുറേനേരത്തേക്കു് വികാരാവേശരായി മരത്തടികൾ പോലെ ഒരക്ഷരം പോലും ശബ്ദിക്കാനാവാതെ നിന്നുപോയി. പിന്നീടു് പല പ്രാവശ്യം വെണ്ണിക്കുളത്തും അനന്തരം തിരുമൂലപുരത്തും ചെന്നു് തിരുമേനിയെ കാണുകയുണ്ടായിട്ടുണ്ടു്. പിന്നെയുള്ള തിരുമേനിയുടെ എല്ലാ നീക്കങ്ങളിലും പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കാനുള്ള ഭാഗ്യവും എനിക്കുണ്ടായി. തിരുമേനിയുടെ ആസ്ഥാനം തിരുവനന്തപുരത്തേക്കു മാററുന്നതിലും അതുപോലെ അതിനോടു ബന്ധപ്പെട്ട ഗൗരവാവഹമായ മററു പല കാര്യങ്ങളിലും തിരുമേനിക്കാവശ്യമായ വിവരങ്ങൾ ശേഖരിച്ചുകൊടുക്കുന്നതിലും പിന്തുണ നല്കുന്നതിലും മററും ഞാൻ അത്യുത്സാഹിയായിരുന്നു. തിരുമേനി തിരുവനന്തപുരത്തുവന്നു താമസമാക്കിയതോടെ ഈ ബന്ധം കൂടുതൽ ദൃഢതരമാകുകയും കൂടെക്കൂടെ തമ്മിൽ കാണുകയും നാനാകാര്യങ്ങളെപ്പററി ആലോചിക്കുകയും പതിവായിരുന്നു. പല വിഷമഘട്ടങ്ങളും പ്രതിബന്ധങ്ങളും തരണം ചെയ്യാൻ തിരുമേനിയെ കാര്യമായ നിലയിൽ സഹായിക്കാൻ എനിക്കു് അന്നു സാധിച്ചിരുന്നു. ആവക ശ്രമങ്ങളുടെയും ഫലമായിട്ടാണു് തിരുവനന്തപുരത്തു് പള്ളിക്കും അരമനയ്ക്കും കത്തീഡ്രലിനും മഠത്തിനുമൊക്കെ സ്ഥലങ്ങൾ വാങ്ങാൻ സാധിച്ചതെന്നുള്ളതു് ഇന്നു് അധികം പേർക്കും അറിവുണ്ടായിരിക്കാനിടയില്ല.

തിരുമേനിയുടെ സഭാപ്രവേശത്തെത്തുടർന്നു് മദ്ധ്യതിരുവിതാംകൂറിലെ കത്തോലിക്കരല്ലാത്ത ക്രൈസ്തവരുടെ ഇടയിലുണ്ടായ വെപ്രാളത്തേയും എതിർപ്പിനെയും ഞാൻ മേൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആ വക അഭിപ്രായങ്ങൾ മര്യാദയുടെ സീമ ലംഘിച്ചു് ആഭാസത്തരത്തിലേക്കും അക്രമവാസനയിലേക്കും

തിരിഞ്ഞുതുടങ്ങിയപ്പോൾ എന്നെപ്പോലെ "പഴമക്കാരായ പുതുകത്തോലിക്കർ" അടങ്ങിയിരിക്കുന്നതു് ശരിയല്ലെന്നു് എനിക്കു തോന്നി. എൻെറ പേന ആ വഴിക്കും ചലിപ്പിക്കേണ്ടതു് എൻെറ ധർമ്മമാണെന്നു് എനിക്കു ബോദ്ധ്യം വന്നു. അതിൻെറ ഫലമായി, പുനരൈക്യത്തെ പൊതുവേയും ബഥനി തിരുമേനിമാരുടെയും അനുചരന്മാരുടെയും കത്തോലിക്കാസഭാപ്രവേശത്തെ പ്രത്യേകിച്ചും ആസ്പദമാക്കി അന്നു മാന്നാനത്തു നിന്നു് ദിനപത്രമായി നടത്തിയിരുന്ന നസ്രാണി ദീപികയിൽ ഞാൻ തുടരെ ലേഖനങ്ങൾ എഴുതുവാൻ തുടങ്ങി. വളരെയധികം വിസ്തരിച്ചും തൽസംബന്ധമായ നാനാ കാര്യങ്ങൾ ശക്തിയുക്തം പ്രതിപാദിച്ചും എതിർപ്പുകാരുടെ കള്ളപ്രസ്താവങ്ങളും കുതന്ത്രങ്ങളും ആഭാസത്തരങ്ങളും പച്ചയായി തുറന്നു കാട്ടിയും കത്തോലിക്കാസഭയുടെ കാതലായ വിശ്വാസങ്ങൾ എടുത്തു കാണിച്ചും എതിരാളികളുടെ വിതണ്ഡവാദങ്ങൾ തകർത്തും എതിർത്തവരുടെ സ്ഥാനമാനവലിപ്പം നോക്കാതെ അവരുടെ അപഥസഞ്ചാരം ശക്തിയായി വിമർശിച്ചുമുള്ളതായിരുന്നു എൻെറ ആ ലേഖനപരമ്പര. അവ പുറത്തു വന്നതോടെ എതിർപ്പുകാർക്കു് നിൽക്കക്കള്ളിയില്ലെന്നായി അവരുടെ നാണയത്തിൽ തന്നെ അങ്ങോട്ടും മതിയാവോളം കൊടുക്കാനാളുണ്ടെന്നുവന്നപ്പോൾ അവർ ഒട്ടടങ്ങി. അവരുടെ എതിർപ്പു് പിന്നെ ഏറെയും ലഘുലേഖകളും വാദോലകളും വഴിക്കു തിരിച്ചു വിട്ടു. ഇതുതന്നെയാണു് ഞാൻ പ്രധാനമായി ആഗ്രഹിച്ചതും. അവരുടെ ഏതുതരം കടലാസു് സമരത്തിനും ഞാൻ മാത്രമല്ല, ബഥനിയിൽപ്പെട്ടവരും ചങ്ങനാശ്ശേരിയിലെ കത്തോലിക്കാസമുദായത്തിൽപെട്ടവരുമായ അനേകം യുവകേസരികൾ മുന്നോട്ടുവന്നു. അവരും ലഘുലേഖകളും പ്രസ്താവനകളും കണക്കില്ലാതെ പുറത്തിറക്കി. ഉത്സാഹികളും സമുദായാഭിമാനികളുമായ ചങ്ങനാശ്ശേരിയിലെ ഏതാനും കത്തോലിക്കായുവജനങ്ങൾ ചേർന്നു് ഞാൻ ദീപികയിൽ തുടരെ എഴുതിയ ലേഖനപരമ്പര "മലങ്കരസഭയുടെ എക്സ്റേ" എന്ന പേരിൽ പുസ്തകത്തിൽ പുറത്തിറക്കി. ഇതിൻെറ അനവധി കോപ്പികൾ മദ്ധ്യതിരുവിതാംകൂറിലെ കത്തോലിക്കരല്ലാത്ത ക്രൈസ്തവരുടെ ഇടയിൽ ധാരാളമായി പ്രചരിപ്പിക്കുകയും ചെയ്തു. ഈ പുസ്തകത്തിനു് പിന്നീടു് പല പതിപ്പുകളും വേണ്ടിവന്നിട്ടുണ്ടു്.

ഈ കടലാസു് യുദ്ധത്തിനോടൊപ്പം, തിരുവല്ലാ മുതലായ ചില കേന്ദ്രങ്ങളിൽ കത്തോലിക്കരുടെ നേരേ പ്രകടമാക്കിയിരുന്ന അക്രമണവാസനയെ തടയുന്നതിനും ഞാൻ ശ്രമിച്ചിരുന്നു. അന്നു് എൻെറ പത്രത്തിനു് കത്തോലിക്കരല്ലാത്ത ക്രൈസ്തവരുടെ ഇടയിലും മററു സമുദായങ്ങളുടെ ഇടയിലും നല്ല പേരും നല്ല പ്രചാരവുമുണ്ടായിരുന്നു. പത്രം മുഖേന കത്തോലിക്കരുടെ അവകാശവാദങ്ങളാണു് ഞാൻ പ്രധാനമായി നടത്തിക്കൊണ്ടിരുന്നതെങ്കിലും, മറെറല്ലാ സമുദായങ്ങളുടെയും ന്യായയുക്തമായ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടിയും ഞാൻ വീറോടെ വാദിക്കാറുണ്ടായിരുന്നു. അവർ സഹിക്കുന്ന ഉപദ്രവങ്ങളും അപ്പോഴപ്പോൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു് പരിഹാരമുണ്ടാക്കാനും ഞാൻ ഉത്സാഹമായി ശ്രമിച്ചിരുന്നു. ഇതു കാരണം എൻെറ പത്രം ആഫീസ് എപ്പോഴും ആ സമുദായങ്ങളുടെയും ഒരു സങ്കേതമായിട്ടാണു് നിലകൊണ്ടിരുന്നതു്. അവരിൽ പലരും തിരുവനന്തപുരത്തു വരികയും എൻെറ ആഫീസിൽ താമസിക്കുകയും പതിവായിരുന്നു. ഇക്കൂട്ടത്തിൽ തിരുവല്ലായിലെ ചില പ്രമുഖരും ഉൾപ്പെട്ടിരുന്നു. അവരെല്ലാം എൻെറ ഉത്തമസുഹൃത്തുക്കളും എൻെറ അഭ്യുദയകാംക്ഷികളും എൻെറ പത്രത്തിൻെറ വരിക്കാരും ആയിരുന്നു. ആ സ്നേഹബന്ധംവച്ചു് തിരുവല്ലാവരെ ഒന്നുപോയി അവിടത്തെ സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കണമെന്നു് എനിക്കു തോന്നി. ഈ വിവരം തിരുവനന്തപുരത്തു എൻെറ ചില സ്നേഹിതന്മാരെ അറിയിച്ചപ്പോൾ, അവർക്കു അങ്കലാപ്പായി. എനിക്കു് എന്തെങ്കിലും അപകടം സംഭവിച്ചേക്കുമെന്നായിരുന്നു അവരുടെ ഭീതി. അപകടങ്ങളെ നേരിട്ടഭിമുഖീകരിക്കുക, അതിലൊക്കെ ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും ചാടി വീഴുക അക്കാലത്തു് എൻെറ ഒരു "ദുർവാസന" തന്നെയായിരുന്നു എന്നു പറയാം. തന്മൂലം പല ഏടാകൂടങ്ങളിലുംപെട്ടു് ചില പോറലുകളും പൊള്ളലുകളും ഒക്കെ എനിക്കു് അനുഭവപ്പെടേണ്ടതായും വന്നിട്ടുണ്ടു്. മേല്പറഞ്ഞ തരത്തിലുള്ള ചോരത്തിളപ്പു് കൂടെപ്പിറപ്പായിരുന്നതിനാൽ, സ്നേഹിതന്മാരുടെ ഉ

(ശേഷം 287-ാം പേജിൽ)

# അപ്പൊസ്തോലിക പിതാക്കന്മാരും അവരുടെ ചില സാക്ഷ്യങ്ങളും

(മോൺ. തോമസ്സ് വടശ്ശേരി എൽ. ഡി.)

(തുടർച്ച)

1. ദിദാക്കേ അഥവാ പന്ത്രണ്ടു അപ്പൊസ്തോലന്മാരുടെ ഉപദേശം.

### വി. കുർബാന

വി. കുർബാനയെ ആത്മാവിൻെറ ആഹാരവും പുതിയനിയമത്തിലെ ബലിയുമായി ദിദാക്കേ പരിഗണിക്കുന്നു. "കൃതജ്ഞതാപ്രകടനത്തെ സംബന്ധിച്ചാണെങ്കിൽ (വി. കുർബാനയെ സംബന്ധിച്ചാണെങ്കിൽ) ഇപ്രകാരം കൃതജ്ഞത പ്രകടിപ്പിക്കുവിൻ. ആദ്യമായി പാനപാത്രത്തെ സംബന്ധിച്ച്: ഞങ്ങളുടെ പിതാവേ! നിൻെറ ശിശുവായ യേശു മുഖേന ഞങ്ങൾക്കു നീ കാണിച്ചുതന്ന നിൻെറ ശിശുവായ ദാവീദിൻെറ പരിശുദ്ധമായ മുന്തിരിവള്ളിക്കുവേണ്ടി ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിനക്ക് എന്നേക്കും മഹത്വം. മുറിക്കപ്പെട്ട അപ്പത്തെ സംബന്ധിച്ച്: ഞങ്ങളുടെ പിതാവേ! നിൻെറ ശിശുവായ യേശുമുഖേന ഞങ്ങൾക്കു നീ കാണിച്ചുതന്ന ജീവനും ജ്ഞാനത്തിനും ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിനക്കു എന്നേക്കും മഹത്വം. വിഭജിക്കപ്പെട്ട ഈ അപ്പം (ഗോതമ്പുമണികളായി) മലമുകളിൽ ചിന്നിച്ചിതറിയിരുന്നു കൂട്ടിച്ചേർക്കപ്പെട്ട ഒന്നായിത്തീർന്നതു പോലെ നിൻെറ സഭയും ലോകത്തിൻെറ അതിർത്തികളിൽ നിന്നു നിൻെറ രാജ്യത്തിലേക്കു കൂട്ടിചേർക്കപ്പെടണമേ. എന്തുകൊണ്ടെന്നാൽ യേശുമിശിഹാ മുഖേന എന്നേക്കും നിൻെറതാകുന്നു മഹത്വവും ശക്തിയും. നിങ്ങളുടെ കൃതജ്ഞതാപ്രകടനത്തിൽനിന്നു (വി. കുർബാനയിൽ നിന്നു) കർത്താവിൻെറ നാമത്തിൽ സ്നാനം സ്വീകരിക്കാത്ത ആരും ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്യാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ ഇതേസംബന്ധിച്ചു പരിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുതെന്നു കർത്താവു പറഞ്ഞിട്ടുണ്ട്." (ദിദാക്കേ, 9, 1—5) "നിങ്ങൾ (വിശുദ്ധ കുർബാന) പൂർത്തിയാക്കിയശേഷം ഇപ്രകാരം കൃതജ്ഞത പ്രകടിപ്പിക്കുവിൻ: ഞങ്ങളുടെ പിതാവേ! ഞങ്ങളുടെ ഹൃദയങ്ങളിൽ നീ നിവസിപ്പിച്ച നിൻെറ പരിശുദ്ധനാമത്തിനുവേണ്ടിയും, നിൻെറ ശിശുമുഖേന ഞങ്ങൾക്കു നീ കാണിച്ചുതന്ന ജ്ഞാനത്തിനും വിശ്വാസത്തിനും മരണരാഹിത്യത്തിനുംവേണ്ടിയും നിനക്കു ഞങ്ങൾ നന്ദി പറയുന്നു. എന്നേക്കും നിനക്കു മഹത്വം. സർവ്വശക്തനായ നാഥാ! നിൻെറ നാമത്തെപ്രതി സകലത്തെയും നീ സൃഷ്ടിച്ചു. മനുഷ്യർ നിനക്കു നന്ദി പറയുന്നതിനു ഭക്ഷണപാനീയങ്ങൾ ആസ്വദിക്കുവാൻ അവർക്കു പ്രദാനം ചെയ്തു. ഞങ്ങൾക്കാകട്ടെ ആദ്ധ്യാത്മിക ഭക്ഷണവും പാനീയവും നിത്യജീവനും നിൻെറ ശിശുമുഖേന നീ നൽകി. സകലത്തിലും ഉപരിയായി നിനക്കു ഞങ്ങൾ നന്ദി പറയുന്നു. നീ ശക്തനാകുന്നു. നിനക്ക് എന്നേക്കും മഹത്വം. നാഥാ! നിൻെറ സഭയെ നീ ഓർക്കണമേ. എല്ലാ തിന്മകളിൽനിന്നും അതിനെ രക്ഷിക്കണമേ. നിൻെറ സ്നേഹത്തിൽ അതിനെ പൂർത്തീകരിക്കണമേ. അതിനെ ശുദ്ധീകരിക്കപ്പെട്ടതായി നാലു ഭാഗങ്ങളിലുമുള്ള വാതങ്ങളിൽനിന്നും അതിനു ഒരുക്കിയിരിക്കുന്ന രാജ്യത്തിലേക്കു നീ കൂട്ടിച്ചേർക്കണമേ. എന്തുകൊണ്ടെന്നാൽ ശക്തിയും മഹത്വവും എന്നേക്കും നിൻേറതാകുന്നു. അനുഗ്രഹം വരട്ടെ. ഈ ലോകം കടന്നുപോകും. ദാവീദിൻെറ ദൈവത്തിനു ഓശാന. ആരെങ്കിലും വിശുദ്ധനെങ്കിൽ അവൻ സമീപിക്കട്ടെ. അങ്ങനെ അല്ലാത്തവൻ പ്രായശ്ചിത്തം ചെയ്യട്ടെ. നമ്മുടെ നാഥൻ വരും. ആമ്മീൻ ഇഷ്ടമുള്ളപ്പോഴൊക്കെ ദീർഘദർശിമാരെ കൃതജ്ഞത പ്രകടിപ്പിക്കുവാൻ (വി. കുർബാന അനുഷ്ഠിക്കുവാൻ) അനുവദിക്കുവിൻ" (ദിദാക്കേ 10, 1—7)

കൂദാശ ചെയ്തശേഷവും വി. കുർബാനയിൽ അപ്പവും വീഞ്ഞും അതേവിധം ഇരിക്കുന്നെന്നു വിശ്വസിക്കുന്ന സഭക്കാർ സ്നാനം സ്വീകരിച്ച് പാപം ഏററുപറഞ്ഞവർക്കേ

അതിൽനിന്നു ഭക്ഷിക്കാൻ പാടുള്ളു എന്നും, പരിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുതെന്നും ദിദാക്കേയിൽ പറഞ്ഞിരിക്കുന്നതു ശ്രദ്ധിച്ചാലും.

### 3. ഞായറാഴ്ച ആചരണവും ബലിയും

''ഞായറാഴ്ചദിവസം നിങ്ങൾ ഒരുമിച്ചു കൂടുമ്പോൾ, നിങ്ങളുടെ ബലി നിർമ്മലമാകുന്നതിനു നിങ്ങളുടെ കുററങ്ങൾ ഏററുപറഞ്ഞശേഷം അപ്പം മുറിച്ചു കൃതജ്ഞത പ്രകാശിപ്പിക്കുവിൻ. നിങ്ങളുടെ ബലി മലിനപ്പെടാതിരിക്കുന്നതിനു തൻെറ കൂട്ടുകാരനോടു തർക്കമുള്ള ഏവനും രമ്യപ്പെടുന്നതുവരെ നിങ്ങളോടുകൂടെ ഒരുമിച്ചുകൂടാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ ഇപ്രകാരം കർത്താവിനാൽ അരുളിച്ചെയ്യപ്പെട്ടിരിക്കുന്നു: എല്ലാ സ്ഥലത്തും സമയത്തും നിർമ്മലമായ ബലി എനിക്കു അർപ്പിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ മഹാരാജാവാകുന്നു, എൻെറ നാമം പുറജാതികളുടെ ഇടയിൽ വിസ്മയനീയമാകുന്നു എന്നു കർത്താവു പറയുന്നു'' (ദിദാക്കേ, 14, 1—3).

പഴയ നിയമത്തിൽ കല്പിച്ചിട്ടുള്ളതുപോലെ ശനിയാഴ്ചയെയാണു ശുദ്ധമായി ആചരിക്കേണ്ടതെന്നും, ശനിയാഴ്ചയെ മാററി ഞായറാഴ്ചയെ ശുദ്ധമായി ആചരിക്കുന്ന ക്രൈസ്തവസഭകൾക്കെല്ലാം തെററു പററിയെന്നും, കോൺസ്റ്റൻറയൻ ചക്രവർത്തിയാണു ഞായറാഴ്ച ആചാരം നടപ്പിലാക്കിയതെന്നും സാബത്തുമിഷ്യൻ എന്ന ക്രൈസ്തവസഭക്കാർ പഠിപ്പിക്കുന്നു. വേദപുസ്തകം മാത്രമാണു എല്ലാ വിശ്വാസാചാരങ്ങൾക്കും അടിസ്ഥാനമെന്നു വാദിക്കുന്ന പ്രോട്ടസ്റ്റൻറു മാർത്തോമ്മാ മുതലായ സഭക്കാർക്കും വേദപുസ്തകത്തിൽനിന്നും സാക്ഷ്യം ഉദ്ധരിച്ചു പുതിയനിയമത്തിൽ ശനിയാഴ്ച മാററി ഞായറാഴ്ച ശുദ്ധദിനമാക്കിയതിനെ സ്ഥാപിക്കുവാൻ സാധിക്കയില്ല. സഭാപാരമ്പര്യത്തിൽ നിന്നല്ലാതെ ഇതിനു തെളിവില്ല. ആകയാൽ വിശ്വാസാചാരങ്ങളുടെ ഏകമായ അടിസ്ഥാനം വേദപുസ്തകം മാത്രമല്ല, സഭാപാരമ്പര്യവും കൂടിയാണെന്നു സമ്മതിക്കണം.

ഞായറാഴ്ചദിവസത്തിൻെറ പ്രത്യേകത പല വേദവാക്യങ്ങളിൽനിന്നും സ്പഷ്ടമാണ്. ധർമ്മപ്പിരിവു ഞായറാഴ്ചതോറും നടത്തുന്നതിനാണു വി. പൗലോസ് നിർദ്ദേശിക്കുന്നതു് (1 കൊറി. 16, 2) കർത്തൃദിവസത്തിൽ (ഞായറാഴ്ച) വി. യോഹന്നാൻ ആത്മപാരവശ്യത്തിൽ ആയിരിക്കെ അത്ഭുതകരമായ ദർശനം കണ്ടു (വെളി 1, 10) അപ്പോസ്തോലന്മാരുടെ കാലത്തുതന്നെ ശനിയാഴ്ചയെ മാററി ഞായറാഴ്ചയെ ശുദ്ധമായി ആചരിക്കുന്ന പതിവു ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടായിരുന്നെന്നാണു ദിദാ: സാക്ഷ്യം വഹിക്കുന്നതു്. ''ഞായറാഴ്ചദിവസം നിങ്ങൾ ഒരുമിച്ചുകൂടുമ്പോൾ'' എന്നീ വാക്കുകൾ അക്കാര്യമാണു വിശദമാക്കുന്നതു്. ക്രിസ്ത്വബ്ദം 150-നും 155നും മദ്ധ്യേ എഴുതപ്പെട്ട ''വിശ്വാസസമാധാനകരണം'' എന്ന ഗ്രന്ഥത്തിൽ രക്തസാക്ഷിയായ വി. ജസ്റ്റിൻ പറയുന്നതു് ''സൂര്യൻെറതു എന്നു പറയപ്പെടുന്ന ദിവസം (ഞായറാഴ്ച) പട്ടണങ്ങളിലും ഗ്രാമങ്ങളിലും അധിവസിക്കുന്ന എല്ലാവരും ഒരു സ്ഥലത്തു ഒരുമിച്ചുകൂടി വേദപുസ്തകം വായിക്കയും അപ്പവും വീഞ്ഞും കൂദാശ ചെയ്യുകയും ചെയ്യുന്നു'' എന്നാണ് (Apol 67, 8) ഞായറാഴ്ചയാണു ദൈവം അന്ധകാരത്തെയും പദാർത്ഥത്തെയും വേർതിരിച്ചു ലോകത്തെ സൃഷ്ടിച്ചതെന്നും, നമ്മുടെ രക്ഷകനായ യേശുമിശിഹാ മരിച്ചവരിൽനിന്നു ഉത്ഥാനം ചെയ്തതു ആ ദിവസം തന്നെയാണെന്നും വി. ജസ്റ്റിൻ തുടന്നു പറയുന്നു. ഏതായാലും കോൺസ്റ്റൻറയിൻ ചക്രവർത്തിക്കു വളരെ മുമ്പു തന്നെ (306—337) ഞായറാഴ്ചയെ ശുദ്ധമായി ആചരിക്കുന്ന പതിവ് ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടായിരുന്നെന്നും, അതിനു തക്കതായ കാരണങ്ങൾ അവക്കു അറിയാമായിരുന്നെന്നും തീർച്ചയാണ്. സോസൊമെൻ എന്ന സഭാചരിത്രകാരൻ സാക്ഷിക്കുന്നതുപോലെ കോൺസ്റ്റൻറയിൻ ചക്രവത്തി കൂലിവേല ചെയ്യുക, കോടതി കൂടുക മുതലായ പ്രവൃത്തികൾ ഞായറാഴ്ച ചെയ്യരുതെന്നു കർശനമായി കല്പിക്കുക മാത്രമാണു ചെയ്തതു് (Sozomen, Hist Eccl. 1, 8, 21) ഞായറാഴ്ചയെ ശുദ്ധദിനമാക്കിയതു് ഈ ചക്രവത്തിയല്ല.

പുതിയ നിയമത്തിൽ ബലിയില്ല, വി. കുർബാന സാക്ഷാൽ ബലിയല്ല, എന്നിങ്ങനെ പ്രോട്ടസ്റ്റൻറു സഭകളും അവയുടെ ഉപദേശം സ്വീകരിച്ച നമ്മുടെ നാട്ടിലെ മാർത്തോമ്മാസഭയും പഠിപ്പിച്ചുവരുന്നു. വി. കുർബാന സാക്ഷാൽ ബലിയാണെന്നു അർത്ഥം

വരുന്ന പദങ്ങളെല്ലാം യാക്കോബായ ഗ്രന്ഥങ്ങളിൽനിന്നും നീക്കിക്കളഞ്ഞിട്ടാണു മാർത്തോമ്മാക്കാർ ഉപയോഗിച്ചുവരുന്നത്. എന്നാൽ വി. കുർബാനയെ സാക്ഷാൽ ബലിയായി അപ്പൊസ്തോലിക കാലത്തുള്ള ക്രിസ്ത്യാനികൾ പരിഗണിച്ചിരുന്നെന്നു ദിദാക്കേ സാക്ഷ്യം വഹിക്കുന്നു. "ഞായറാഴ്ച ദിവസം നിങ്ങൾ ഒരുമിച്ചുകൂടുമ്പോൾ നിങ്ങളുടെ ബലി നിർമ്മലമാകുന്നതിനു നിങ്ങളുടെ കുററങ്ങൾ ഏററുപറഞ്ഞശേഷം അപ്പം മുറിക്കുവിൻ" എന്ന വാക്യത്തിൽനിന്നു വി. കുർബാന ബലിയാണെന്നുള്ള പുരാതന ക്രിസ്ത്യാനികളുടെ വിശ്വാസം വ്യക്തമാകുന്നു. "സൂര്യന്റെ ഉദയം മുതൽ അസ്തമനംവരെ എന്റെ നാമം പുറജാതികളുടെ ഇടയിൽ വലുതാകുന്നു. എല്ലാ സ്ഥലത്തും ബലിയുണ്ട്. നിർമ്മലമായ കാഴ്ച എനിക്കു അവിടെ അർപ്പിക്കപ്പെടുന്നു. എന്റെ നാമം പുറജാതികളുടെ ഇടയിൽ വലുതാകുന്നു എന്നു സൈന്യങ്ങളുടെ കർത്താവ് പറയുന്നു." (മലാഖി 1. 11) എന്നുള്ള മാലാഖി ദീർഘദർശിയുടെ വാക്യം ദിദാക്കേ ഉദ്ധരിച്ചു അതു പുതിയ നിയമത്തിൽ നിറവേറിയതായി പറയുന്നു. ഇതിൽനിന്നും വി. കുർബാന പുതിയനിയമത്തിൽ ക്രിസ്ത്യാനികളുടെ ഇടയിലുള്ള ബലിയാണെന്നു അപ്പൊസ്തോലികകാലം തുടങ്ങിയുള്ളവർ വിശ്വസിച്ചിരുന്നെന്നു തെളിയുന്നു.

## സഭയും ഭരണഘടനയും

നമ്മുടെ കർത്താവു ലോകത്തിൽ ഒരു സഭയെ മാത്രമേ സ്ഥാപിച്ചിട്ടുള്ളു എന്ന വിശ്വാസമാണു ദിദാക്കേയിൽ കാണുന്നത്. ഇന്നുള്ളതുപോലെ അനേകം സത്യസഭകളുണ്ടാകാമെന്നോ സഹോദരീസഭകളുണ്ടന്നോ ഉള്ള വിശ്വാസം ദിദാക്കേയിൽ കാണ്മാനില്ല. "വിഭജിക്കപ്പെട്ട ഈ അപ്പം (ഗോതമ്പുമണികളായി) മലമുകളിൽ ചിന്നിച്ചിതറിയിരുന്നതു കൂട്ടിചേർക്കപ്പെട്ടു ഒന്നായിത്തീർന്നതുപോലെ നിന്റെ സഭയും ലോകത്തിന്റെ അതിർത്തികളിൽനിന്നും നിന്റെ രാജ്യത്തിലേക്കു കൂട്ടിച്ചേർക്കപ്പെടണമേ". "നാഥാ! നിന്റെ സഭയെ നീ ഓർക്കണമെ....എല്ലാ തിന്മകളിൽനിന്നും അതിനെ രക്ഷിക്കണമെ. അതിനെ ശുദ്ധീകരിക്കപ്പെട്ടതായി നാലു ഭാഗങ്ങളിലുമുള്ള വാതങ്ങളിൽനിന്നു അതിനു ഒരുക്കിയിരിക്കുന്ന രാജ്യത്തിലേക്കു നീ കൂട്ടിച്ചേർക്കണമെ" ഈ പ്രാർത്ഥനകളിൽനിന്നു ലോകത്തിലെ സകല മനുഷ്യരുടെയും വിശുദ്ധീകരണത്തിനായി ക്രിസ്തു ഒരു സഭയെ മാത്രമേ സ്ഥാപിച്ചിട്ടുള്ളു എന്നും എല്ലാ മനുഷ്യരും ആ ഏക സഭയിൽ ചേർന്നാണു നിത്യരക്ഷ പ്രാപിക്കേണ്ടതെന്നുമുള്ള വിശ്വാസമാണു പുരാതനക്രിസ്ത്യാനികൾക്കു ഉണ്ടായിരുന്നതെന്നു മനസ്സിലാക്കാം.

## സഭാധികാരികൾ

സഭയിലെ അധികാരികളെ സാധാരണക്കാർ എന്നും അസാധാരണക്കാരെന്നും രണ്ടായി ദിദാക്കേയിൽ തരംതിരിച്ചിരിക്കുന്നു. സാധാരണക്കാർ എപ്പിസ്ക്കോപ്പന്മാർ (മെത്രാന്മാർ അഥവാ (അദ്ധ്യക്ഷന്മാർ) അഥവാ പ്രെസ്ബിററന്മാർ (മൂപ്പന്മാർ) ഡീക്കന്മാർ (ആറാം പട്ടക്കാർ) എന്നിങ്ങനെ രണ്ടു് ഇനത്തിൽ ഉൾപ്പെടുന്നു. സഭയുടെ ആദ്യകാലത്തു് എപ്പിസ്ക്കോപ്പന്മാർ (ഗ്രീക്കു് എപ്പിസ്കോപോയി) പ്രെസ്ബിററന്മാർ (ഗ്രീക്കു പ്രെസ്ബിററോയി) എന്നീ രണ്ടു പദങ്ങളും മെത്രാന്മാരെയും പട്ടക്കാരെയും സംബന്ധിച്ചു പരസ്പരം ഉപയോഗിച്ചിട്ടുണ്ടു്. ഇക്കാരണത്താലാണു വൈദികസ്ഥാനികൾ എപ്പിസ്ക്കോപ്പന്മാർ, ഡീക്കന്മാർ എന്നിങ്ങനെ രണ്ടേ ഉള്ളു എന്നു പറയുന്നതു്. ആദിമശതാബ്ദത്തിന്റെ അന്ത്യഘട്ടത്തോടുകൂടി അഥവാ രണ്ടാം ശതാബ്ദത്തിന്റെ ആരംഭത്തോടുകൂടി മാത്രമാണു ഈ പദങ്ങൾ ഇന്നുള്ള അർത്ഥത്തിൽ യഥാക്രമം മെത്രാന്മാരെയും പട്ടക്കാരെയും ഖണ്ഡിതമായി സൂചിപ്പിക്കുവാൻ തുടങ്ങിയതു്.

നടപടി 20, 17. 28-ൽ എഫേസൂസിലെ മൂപ്പന്മാരെ അദ്ധ്യക്ഷന്മാരെന്നു വിളിച്ചിരിക്കുന്നു. 1 പത്രോസ്. 5, 1, 2 യോഹ. 1, 3 യോഹ. 1-ൽ വി. പത്രോസും വി. യോഹന്നാനും തങ്ങളെത്തന്നെ യഥാക്രമം കൂട്ടുമൂപ്പൻ, മൂപ്പൻ എന്നു വിളിച്ചിരിക്കുന്നു. എങ്കിലും മൂപ്പന്മാർക്കെല്ലാം അപ്പൊസ്തോലന്മാരുടെ സ്ഥാനവും അധികാരവുമില്ലായിരുന്നെന്നു നമുക്കു അറിയാമല്ലോ. ഇതുപോലെ മൂപ്പന്മാരെല്ലാം മെത്രാന്മാരല്ലായിരുന്നു. എപ്പിസ്ക്കോപ്പന്മാരെയും ഡീക്കന്മാരെയും സംബന്ധിച്ചു ദിദാക്കേയിൽ ഇങ്ങനെ പറയുന്നു: "കർത്താവിനു യോഗ്യരും ശാന്തരും ദ്രവ്യാഗ്രഹമില്ലാത്തവരും സത്യവാന്മാരും പരിശോധിക്കപ്പെട്ടവരുമായ മനുഷ്യരെ നിങ്ങൾക്കു എപ്പിസ്ക്കോപ്പന്മാരായും ഡീക്കന്മാരായും തെരഞ്ഞെടുപ്പിൻ. അവർ ദീർഘദർശിമാരുടെയും മല്പാന്മാരുടെയും ശുശ്രൂഷ നിങ്ങൾക്കു

നടത്തുന്നു. അവരെ നിങ്ങൾ നിന്ദിക്കരുത്. അവർ ദീർഘദർശിമാരോടും മല്പാന്മാരോടും കൂടെ നിങ്ങളുടെ ഇടയിൽ ബഹുമാനിക്കപ്പെടണം'' (ദിദാക്കേ, 15, 1—2)

എപ്പിസ്കോപ്പന്മാരുടെയും ഡീക്കന്മാരുടെയും പ്രധാനപ്പെട്ട ജോലി ഞായറാഴ്ചത്തെ സമ്മേളനത്തെയും അപ്പം മുറിയ്ക്കുന്നതിനെയും സംബന്ധിച്ചായിരുന്നു. (ദിദാക്കേ 15, 1)

## അസാധാരണാധികാരികൾ

സഭയിലെ അസാധാരണാധികാരികൾ പരിശുദ്ധാത്മാവിന്റെ പ്രത്യേക വരങ്ങൾ പ്രാപിച്ചിരുന്നവരാണ്. സഭയുടെ ആരംഭകാലത്ത് ഇങ്ങനെയുള്ളവർ ധാരാളമുണ്ടായിരുന്നെന്നു നടപടിപുസ്തകത്തിൽനിന്നും വി. പൌലോസിന്റെ ലേഖനങ്ങളിൽനിന്നും മനസ്സിലാക്കാം. (നട. 2; 8; 10; 1 കൊറി. 12—14) അപ്പൊസ്തോലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കൾ എന്നീ മൂന്നു ഗണത്തിൽ ഉൾപ്പെടുത്താം, സഭയിലുള്ള അസാധാരണാധികാരികളെ.

## അപ്പൊസ്തോലന്മാർ

സുവിശേഷം പ്രചരിപ്പിക്കുന്നതിനും ദൈവരാജ്യം വ്യാപിപ്പിക്കുന്നതിനും ചുററി സഞ്ചരിച്ചിരുന്ന മിഷനറിമാരാണ അപ്പൊസ്തോലന്മാർ എന്നു വിളിക്കപ്പെട്ടിരുന്നവർ. സഭ സ്ഥാപിച്ചിരുന്നിടത്തു സന്ദർശനം നടത്തുമ്പോൾ ഒന്നോ രണ്ടോ ദിവസത്തിൽ കൂടുതൽ അവർ അവിടെ താമസിച്ചിരുന്നില്ല.

''നിങ്ങളുടെ അടുക്കൽ വരുന്ന എല്ലാ അപ്പോസ്തോലനും കർത്താവ് എന്നപോലെ സ്വീകരിക്കപ്പെടട്ടെ. ഒരു ദിവസം, ആവശ്യമെങ്കിൽ മറെറാരു ദിവസം കൂടിയല്ലാതെ അദ്ദേഹം താമസിക്കരുത്. മൂന്നു ദിവസം താമസിച്ചാൽ അദ്ദേഹം കപടപ്രവാചകനാണ്. സഞ്ചരിക്കുന്ന അപ്പോസ്തോലൻ തിരിച്ചു പോകുന്നതുവരെ അപ്പം അല്ലാതെ മറെറാന്നും സ്വീകരിക്കരുത്. പണം ആവശ്യപ്പെട്ടാൽ അദ്ദേഹം വ്യാജപ്രവാചനകാണ്. (ദിദാക്കേ, 11, 4—5)

ദിദാക്കേ എഴുതപ്പെട്ട കാലത്ത് വി. പൌലോസ്ശ്ലീഹായുടെ രണ്ടാം ലേഖനകാലത്ത് എന്നതുപോലെ (2 കൊറി. 11, 13) കള്ളശ്ലീഹന്മാരും വ്യാജോപദേഷ്ടാക്കളും ഉള്ള ഘട്ടമായിരുന്നു. ശരിയായ ഉപദേഷ്ടാക്കളെ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗങ്ങളും ദിദാക്കേയിൽ പറയുന്നുണ്ട്. അവ ഇതാകുന്നു: 1) ദിദാക്കേയിൽ പ്രസ്താവിക്കുന്നതിനു അനുരൂപമായ ഉപദേശങ്ങൾ (ദിദാക്കേ, 11, 1—2) 2) തങ്ങളുടെ ശുശ്രൂഷ നിറവേററുന്നതിനുള്ള തീവ്രമായ തീക്ഷ്ണത. സഭ സ്ഥാപിക്കപ്പെട്ട ഒരു സ്ഥലത്തു രണ്ടു ദിവസത്തിൽ കൂടുതൽ താമസിക്കാതിരിക്കുക (ദിദാക്കേ, 11, 5) 3) അപ്പൊസ്തോലിക പ്രവൃത്തി ചെയ്യുന്നതിൽ താല്പര്യവും ദാരിദ്രാരൂപിയും കാണിക്കുക (ദിദാക്കേ, 11, 6)

## ദീർഘദർശിമാർ

ദീർഘദർശിമാർ എന്നു വിളിക്കപ്പെട്ടിരുന്നവർ പരിശുദ്ധാത്മാവിന്റെ പ്രത്യേക വരത്താൽ ആത്മാവിൽ ദൈവവചനം പ്രസംഗിച്ചിരുന്നവരാണ് (ദിദാക്കേ, 11, 7)

ദൈവത്തിന്റെ അരൂപി ദൃശ്യമായ വിധം അവരിൽ പ്രവർത്തിച്ചിരുന്നതിനാൽ സമുന്നതമായ ഒരു സ്ഥാനം അവർക്കു സഭയിൽ ലഭിച്ചിരുന്നു. അപ്പം മുറിച്ചു വി. കുർബാന അനുഷ്ഠിക്കുന്നതിനു അവർക്കു പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. 'ഇഷ്ടമുള്ളപ്പോഴെല്ലാം കൃതജ്ഞത പ്രകടിപ്പിക്കുവാൻ (വി കുർബാന അനുഷ്ഠിക്കുവാൻ) നിങ്ങൾ ദീർഘദർശിമാരെ അനുവദിക്കുവിൻ'' (ദിദാക്കേ, 10, 7) ഒരാൾ ദീർഘദർശിയാണെന്നു അറിഞ്ഞുകഴിഞ്ഞാൽ അദ്ദേഹത്തെ പരിശോധിക്കുവാൻ ആർക്കും അധികാരമില്ല ''ആത്മാവിൽ സംസാരിക്കുന്ന യാതൊരു പ്രവാചകനെയും നിങ്ങൾ പരീക്ഷിക്കുകയോ വിവേചിക്കയോ ചെയ്യരുത്......ഈ പാപം ക്ഷമിക്കപ്പെടുകയില്ല'' (ദിദാക്കേ, 11, 7)

ദീർഘദർശിക്കു ഭക്ഷണത്തിനും ദശാംശത്തിനും അവകാശമുണ്ട്. (ദിദാക്കേ, 13, 1; 13, 3) കൃഷി, ആടുമാടുകൾ, അപ്പം. വീഞ്ഞ്, എണ്ണ, പണം വസ്ത്രം മുതലായവയിൽ നിന്നെല്ലാം അവർക്കു ദശാംശം കൊടുക്കണം. എന്തുകൊണ്ടെന്നാൽ അവർ നിങ്ങളുടെ പ്രധാനാചാര്യന്മാരാണ്'' (ദിദാക്കേ, 13, 5—7)

ദീർഘദർശിമാർ സഭയിലെ സാധാരണ അധികാരികൾ അല്ലായിരുന്നു. എന്തുകൊണ്ടെന്നാൽ ദീർഘദർശിമാർ ഇല്ലാതെ സഭ സ്ഥാപിക്കയും ഭരണം നടത്തുകയും ചെയ്തിരുന്നതായി ഈ ഗ്രന്ഥത്തിൽ നിന്നു മനസ്സി

(ശേഷം 270-ാം പേജിൽ)

# മനുഷ്യൻ ആരാണ്?

## ക്രൈസ്തവതത്വചിന്തയിലൂടെ ഒരവലോകനം

(ഐസക്ക് കത്രൂർ)

പരമസത്യങ്ങൾ ബുദ്ധിയുടെ വെളിച്ചത്തിൽ മനുഷ്യനു മനസ്സിലാക്കിക്കൊടുക്കുകയാണ് തത്വചിന്തയുടെ ലക്ഷ്യം. പരീക്ഷണശാസ്ത്രങ്ങളും നിരീക്ഷണോപാധികളും ചെന്നെത്താത്ത ഒരു തലത്തിലാണ് തത്വചിന്ത ചരിക്കുന്നത്. ഇഹലോകവസ്തുക്കളിൽ വ്യാപൃതനായി, സാമ്പത്തിക സാമൂഹിക പ്രശ്നങ്ങളിൽ വീർപ്പുമുട്ടിക്കിടക്കുന്ന മനുഷ്യന്, ജീവിതത്തിന്റെ അർത്ഥവും അതിന്റെ ലക്ഷ്യവും മനസ്സിലാക്കിക്കൊടുത്ത് അവനെ പ്രകാശത്തിലേക്കും, സ്വാതന്ത്ര്യത്തിലേക്കും നയിക്കേണ്ട ചുമതല തത്വചിന്തക്കുണ്ട്. സാമ്പത്തികോന്നതിയും, ശാസ്ത്രപുരോഗതിയും ഉച്ചകോടിയിലെത്തിയിരിക്കുന്ന ആധുനികകാലത്ത്, ജീവിതത്തിന്റെ അന്ത്യമെന്തെന്നും ലോകജീവിതത്തിന്റെ അർത്ഥമെന്തെന്നും, കാട്ടിക്കൊടുത്തില്ലെങ്കിൽ, മനുഷ്യൻ അന്ത്യംവിട്ടു പ്രവർത്തിക്കുകയും അതിന്റെ അനന്തരഫലം ഭീകരമായിരിക്കുകയും ചെയ്യും. ലോകലക്ഷ്യത്തെപ്പററിയും മനുഷ്യാന്ത്യത്തെപ്പററിയുമുള്ള സത്യങ്ങൾ ഗ്രഹിക്കുന്നതിനുള്ള ശ്രമത്തിൽ ചിന്തകന്മാർ വിവിധങ്ങളായ നിഗമനങ്ങളിലെത്തിച്ചേർന്നിട്ടുണ്ട്. ചില പ്രധാന തത്വചിന്തകൾ മനുഷ്യനെപ്പററി എന്തുപറയുന്നുവെന്നു കണ്ടിട്ടു ക്രൈസ്തവ തത്വശാസ്ത്രത്തിലേക്കു നമുക്കു കടക്കാം.

### ഹൈന്ദവ തത്വചിന്തയിൽ മനുഷ്യനുള്ള സ്ഥാനം

ഏക യാഥാർത്ഥ്യം പരമസത്തയാണെന്നും മറേറതൊന്നും അതിന്റെ പ്രത്യക്ഷീകരണങ്ങളു (manifestations) മാണെന്നും പഠിപ്പിക്കുന്നു ഹൈന്ദവചിന്ത. ഈയൊരു വീക്ഷണഗതിയിൽ മനുഷ്യനുള്ള സ്ഥാനമെന്താണ്? മനുഷ്യന്റെ ആത്മാവും പ്രപഞ്ചാത്മാവും ഒന്നുതന്നെയാണ്. ഇവയെത്തമ്മിൽ വ്യത്യസ്തമായി വീക്ഷിക്കുന്നതത്രെ പാപം. പ്രപഞ്ചശക്തിയെക്കണ്ടെടുക്കുകയാണു മനുഷ്യന്റെ ലക്ഷ്യം. എന്നാൽ ഈ ശക്തി പ്രാപഞ്ചികജീവനാണ്. ആ ജീവൻ നമ്മുടെ ജീവനാണ്. ഈ ജീവനും മനുഷ്യവ്യക്തിയും സത്തയിൽ ഒന്നാണ്. ഇതാണത്രേ ഹിന്ദുമതത്തിന്റെ സർവ്വപ്രധാനമായ സന്ദേശം. കെ. എം. മുൻഷിയുടെ അഭിപ്രായത്തിൽ ഭാരതത്തിന്റെ ഔദ്യോഗിക സന്ദേശമിതാണ്. നമ്മുടെ വ്യക്തിത്വത്തെ യാഥാർത്ഥ്യമായി സങ്കല്പിക്കുന്നത് വെറും അജ്ഞതയാണ്; അതുകൊണ്ടു സ്വയം നിഷേധിച്ച് പ്രാപഞ്ചികസത്തയിൽ നമ്മെത്തന്നെ സ്ഥാപിക്കുക; അതാണു സന്മാർഗ്ഗം, അതാണു മനുഷ്യധർമ്മം. എന്നാൽ ഈ പ്രപഞ്ചജീവനാകട്ടെ വിജ്ഞാനമോ പുരുഷത്വമോ (Personality) ഒന്നുംതന്നെ ഇല്ലാത്ത ഒരു സത്തയാണ്. അങ്ങനെ അറിവും പുരുഷത്വവുമുള്ള മനുഷ്യന്റെ ആത്മാവ് ഈദൃശ ഗുണങ്ങളൊന്നുമില്ലാത്ത പ്രപഞ്ചാത്മാവിൽ ലയിക്കുന്നു. ഈ തത്വവിചാരത്തെ പലവിധത്തിൽ വിമർശിക്കാമെന്നിരിക്കിലും, നൂററാണ്ടുകളായി ഒരു ജനതതിയെ ഹൃദയവികാസത്തിനും ദൈവസായൂജ്യത്തിനുമായി ആഹ്വാനം ചെയ്യാൻ പര്യാപ്തമായ ആദ്ധ്യാത്മിക പ്രേരകശക്തി അതിനുള്ള വസ്തുത നാം വിസ്മരിക്കരുത്.

### മാർക്സിസത്തിലെ മനുഷ്യൻ

പ്രായോഗിക രംഗത്ത് മനുഷ്യന്റെ ഉൽകൃഷ്ടത വളരെയധികം ഉയർത്തിക്കാട്ടാൻ കമ്മ്യൂണിസ്ററുരാജ്യങ്ങൾ ശ്രമിക്കുന്നുണ്ടെങ്കിലും, താത്വികമായ പല തകരാറുകളുണ്ട് അവരുടെ തത്വചിന്തയിൽ. മാർക്സിസത്തിലെ മനുഷ്യൻ ഒരു സാമ്പത്തിക ജീവി (Economic being) മാത്രമാണ്. മനുഷ്യന്റെ സവിശേഷതക്കു സൂചകമെന്നോണം ഒരു ഉല്പാദകനോ (homo faber) യല്ലാതെ വിശേഷബുദ്ധിയും പുരുഷത്വവുമുള്ള ഒരു ബുദ്ധിജീവി (homo sapiens) യെ ചൂണ്ടിക്കാട്ടാൻ മാർക്സിസത്തിനു സാധിച്ചിട്ടില്ല. പദാർത്ഥ (matter) ത്തിനുപരിയായ ഒരു യാഥാർത്ഥ്യവും സമ്മതിക്കാത്തതിനാൽ, ശാശ്വതലക്ഷ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും, സ്വാതന്ത്ര്യവും സ്വതസിദ്ധാവകാശങ്ങളുമുള്ള ഒരു

ആത്മിക പുരുഷനു (Person) വിലയിരുത്തുവാൻ ഡയലക്ടിക്കൽ മററീരിയലിസത്തിനു സാദ്ധ്യമല്ല.

## അസ്തിത്വവാദം എന്തുപറയുന്നു

17 ഉം 18 ഉം നൂററാണ്ടുകളിൽ പ്രാബല്യത്തിലിരുന്ന യുക്തിവാദവും (Rationalism) ആശയവാദവും (idealism) മനുഷ്യൻെറ മഹത്വത്തിനു വിലകല്പിച്ചിരുന്നില്ല. ഈ ചിന്താഗതികൾക്കെതിരായി 'മനുഷ്യനെ രക്ഷിക്കുക' എന്ന പ്രശംസാർഹമായ ലക്ഷ്യത്തോടുകൂടി രംഗപ്രവേശംചെയ്ത ആധുനിക ചിന്താസരിത്താണ് അസ്തിത്വവാദം (existentialism). കീയർക്കഗോർട്ട്, ഹൈഡഗർ, സാർട്ടർ, മാർസൽ എന്നീ പ്രശസ്ത ചിന്തകരുമായി ബന്ധപ്പെട്ടിരിക്കുന്നു ഈതത്വചിന്ത. മനുഷ്യാസ്തിത്വത്തേപ്പററിയുള്ള പ്രശ്നങ്ങളാടാണ് ഈ ചിന്തകൾക്ക് വലിയ പ്രതിപത്തി. എന്നാൽ ഇവർ മനുഷ്യൻെറ അസ്തിത്വത്തിനു മാത്രം വിലകല്പിക്കുകയും, അവനു ദാർശനികമായ അടിസ്ഥാനവും, സാർത്ഥകതയും നൽകുന്ന അവൻെറ സാര (essence) ത്തിനു വിലകല്പിക്കാതിരിക്കുകയും ചെയ്യുന്നു. പ്രതിഭാസങ്ങളെ മാത്രമെ ഇവർ കണക്കിലെടുക്കുന്നുള്ളുവെന്നതാണിതിനു കാരണം. മനുഷ്യാസ്തിത്വത്തേയും അവൻെറ സ്വാതന്ത്ര്യത്തേയും പററി പ്രതിപാദിക്കയിൽ അസ്തിത്വവാദികൾ ബഹുമുഖങ്ങളായ പന്ഥാവുകളെ സ്വീകരിക്കുകയും വിവിധങ്ങളായ നിഗമനങ്ങളിലെത്തിച്ചേരുകയും ചെയ്യുന്നു. ചിലർ ദൈവാസ്തിത്വം അംഗീകരിയ്ക്കുന്നു. മററുചിലർ ലൗകിക യാഥാർത്ഥ്യങ്ങളിൽമാത്രം വിശ്വസിക്കുകയും ദൈവത്തെ നിരസിക്കുകയും ചെയ്യുന്നു. ഗബ്രിയേൽ മാർസൽ, ലവൽ (Laville) എന്നിവർ ഈശ്വരാസ്തിത്വം സമ്മതിക്കുന്ന അസ്തിത്വവാദികളാണ്. പല യൂറോപ്യൻ രാജ്യങ്ങളിലും ഇവക്കു പ്രചുരപ്രചാരം ലഭിച്ചിട്ടുണ്ട്. സാരനിരപേക്ഷകമായ ഒരു തത്വചിന്തയെവിഭാവനംചെയ്യുകയും ദൈവത്തോടു നേരിട്ടുള്ള സുഹൃദ്ബന്ധം പഠിപ്പിക്കുകയുമാണ് ഇവർ ചെയ്യുന്നതു്.

എന്നാൽ നിരീശ്വരരായ അസ്തിത്വവാദികൾ മനുഷ്യൻ ഈലോകത്തിനുവേണ്ടി മാത്രമുള്ളവനാണെന്നും അവൻെറ ലക്ഷ്യം ഭൗതികമാത്രമാണെന്നും വാദിക്കുന്നു. മനുഷ്യാന്ത്യം കബറിടമാണെന്നു ഹൈഡഗർ പറഞ്ഞു. നിരീശ്വരാസ്തിത്വവാദത്തിലെ മററൊരു പ്രധാനചിന്തകനായ ജാസ്പേർസ് (Jaspers) പറഞ്ഞതിതാണ് "സകലവസ്തുക്കളും പരിണമിക്കയാണ്. അതോടൊന്നിച്ച് ദുരിതംപിടിച്ച മനുഷ്യനും. സകലതും ചത്തൊടുങ്ങുന്നതു കാണുമ്പോൾ മനുഷ്യൻമാത്രം പ്രത്യാശിക്കുന്നു അവനു പരമാത്മാവിനെ പ്രാപിക്കാമെന്ന്. പക്ഷേ ഹതാശനായി അവനു മടങ്ങേണ്ടിവരും." നിരീശ്വരാസ്തിത്വവാദത്തിൻെറ തനിസ്വഭാവം വെളിപ്പെടുത്തിയതു സാർട്ടർ (J. P. Sartre) ആണ്. ആദ്യമായി ദൈവാസ്തിത്വത്തേയും പരമസത്യങ്ങളേയും മുഴുവനായി നിരാകരിയ്ക്കണം. പിന്നീടവശേഷിക്കുന്ന സത്ത സ്വാതന്ത്ര്യത്തോടുകൂടിയ മനുഷ്യവ്യക്തി. മനുഷ്യനു യഥാർത്ഥമായ സ്വാതന്ത്ര്യമുണ്ടാകണമെങ്കിൽ അവനെ ഭരിക്കുയോ, നിയന്ത്രിക്കയോചെയ്യുന്ന യാതൊരു സത്തയും ഇഹലോകത്തിലോ, പരലോകത്തോ ഉണ്ടായിരിക്കുവാൻ പാടില്ല. പക്ഷേ മനുഷ്യനു് ഈ വിധത്തിലുള്ള സ്വാതന്ത്ര്യം ഉണ്ടായാൽപോലും അവൻെറ ജീവിതത്തിനർത്ഥമില്ല. അവൻ ഇല്ലായ്മയിൽനിന്നുവന്നവനും ശൂന്യതയെ അനുധാവനംചെയ്യുന്നവനുമാണ്. അവൻെറ അനുവാദമില്ലാതെ അവൻ അസ്തിത്വത്തിൽ വന്നു. അവൻെറ സമ്മതമില്ലാതെ അവനു് അതിനെ ഉപേക്ഷിക്കുകയും വേണം. ഉപയോഗശൂന്യമായ ഒരു കഷ്ടപ്പാടാണ് മനുഷ്യൻെറ ജീവിതം. നിരീശ്വരാസ്തിത്വവാദത്തിൻെറ തനിഛായ! ഈ ചിന്താഗതിയുടെ അനന്തരഫലമോ? മനുഷ്യനു് ഈ ലോകവസ്തുക്കളെ അവൻെറ ഇഷ്ടംപോലെ ഉപയോഗിക്കാം; നിയമമില്ല, നിയന്ത്രണമില്ല. സംഹാരമോ സമാധാനമോ എന്തെങ്കിലുമാകാം. ഇത്തരമൊരു ചിന്താഗതി മനുഷ്യമനസ്സിലുണ്ടാക്കാവുന്ന പ്രതികരണങ്ങളെപ്പററി ഊഹിച്ചാൽ മാത്രം മതിയാകും.

## ക്രൈസ്തവ തത്വചിന്തയുടെ വെളിച്ചത്തിൽ

മനുഷ്യജീവിതത്തിൻെറ ലക്ഷ്യത്തെപ്പററിയും, ലോകത്തിൻെറ അർത്ഥത്തേപ്പററിയും, സമഗ്രമായും മനസ്സിനു സംതൃപ്തി നൽകത്തക്കവിധത്തിലും പ്രതിപാദിക്കുവാൻ ക്രൈസ്തവ തത്വചിന്തയ്ക്കു സാധിച്ചിട്ടുണ്ട്. ആവിഷ്കൃതസത്യങ്ങൾ എന്താദൃശസത്യങ്ങൾ ഗ്രഹിക്കുന്നതിനു് ഇതിലേ ചിന്തകൾക്ക് ഒരു ഉത്തമ മാർഗ്ഗദർശിയായിരുന്നുവെന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല. ഈ തത്വചിന്തയിലെ ഏററവും പ്രധാന ആശയങ്ങൾ

ദൈവവും, മനുഷ്യനും ലോകവുമാണ്. ക്രൈസ്തവ തത്വചിന്തയ്ക്ക് അടിത്തറപാകിയ വി. അഗുസ്തീനോസ് പറയുന്നത് ദൈവവും മനുഷ്യനുമായി ബന്ധമില്ലാത്തതും മനുഷ്യനെ ദൈവസ്നേഹത്തിനു പ്രേരിപ്പിക്കാത്തതുമായ അറിവ് ഉപയോഗശൂന്യമത്രെ എന്നാണ്. മറെറതൊരു തത്വചിന്തയേയും അപേക്ഷിച്ച്, മനുഷ്യനേയും അവൻെറ മഹത്വത്തേയുംപററി വസ്തുനിഷ്ഠമായും പൂർണ്ണമായും പ്രതിപാദിക്കുവാൻ സാധിച്ചിട്ടുള്ളത് ക്രൈസ്തവ ചിന്താഗതിക്കാണെന്നുള്ളത് തർക്കമററ സംഗതിയാണ്.

മനുഷ്യമഹത്വത്തിനു നിദാനമെന്നോണം അവൻെറ സത്തയ്ക്ക് കാരണം, അവൻെറ സ്രഷ്ടാവായ ദൈവമാണെന്നു ക്രൈസ്തവചിന്ത പഠിപ്പിക്കുന്നു. ഒരു വസ്തുവിന് സത്ത ഉണ്ടായിരിക്കണമെങ്കിൽ അതിനു സദാത്മകത (existibility) ഉണ്ടായിരിക്കണം. അതിൽ വൈരുദ്ധ്യത (Contradiction) ഉണ്ടായിരിക്കുന്നതു്. ഒരു വസ്തുവിനു സദാത്മകത ലഭിക്കുന്നതു് ദൈവികസാര (Divine essence) ത്തിൽ നിന്നാണെന്ന് ക്രൈസ്തവചിന്ത പഠിപ്പിക്കുന്നു. ദൈവികസാരത്തിൽനിന്നും സദാത്മകത ലഭിച്ചവസ്തു അനാദികാലം മുതൽ ഒരു പ്രത്യേക സാരമായി (essence) ദൈവികബുദ്ധിയിൽ സ്ഥിതിചെയ്തിരുന്നു. വസ്തുക്കൾക്ക് സാർത്ഥകതയും, ദാർശനികമായ അടിസ്ഥാനവും നൽകുന്നതു് ദൈവത്തിലുള്ള ഈ സാരമാണ് സൃഷ്ടികർമ്മ (Creation) ത്തിൽ ദൈവം തൻെറ സാരത്തിൽനിന്നും സദാത്മകത ലഭിച്ച ഈ രൂപങ്ങൾക്ക് ബാഹ്യാസ്തിത്വം നൽകുകയാണ് ചെയ്യുന്നതു്. ഈ വക കാര്യങ്ങൾ മനുഷ്യനെന്നതുപോലെ മറെറതൊന്നിനേപ്പററിയും പറയാവുന്നതാണ് എന്നാൽ മനുഷ്യനിലേ മനുഷ്യത്വത്തിനു നിദാനമായ അവൻെറ ആത്മാവിനെ ദൈവം നേരിട്ടുസൃഷ്ടിക്കുകയാണു ചെയ്യുന്നതു് പദാർത്ഥവാദികളായ പരിണാമസിദ്ധാന്തക്കർ രസിക്കുന്ന ഒരു സത്യമല്ല ഇതു്. ആത്മാവുൾപ്പെടെയുള്ള മനുഷ്യൻെറ പൂർണ്ണസത്ത പദാർത്ഥത്തിൻെറ പരിണാമഫലമാണെന്നു വാദിക്കുന്നു അവർ. അവർ ജാവായിലും പീക്കിംഗിലും ചില തലയോട്ടുകൾ കണ്ടുവത്രെ. തലയോട്ടുകൾ പലതിനിയും കാണും. പക്ഷേ അവ ഒന്നുകിൽ പൂർണ്ണവാനരൻേറതോ, അല്ലെങ്കിൽ പൂർണ്ണ മനുഷ്യൻെറതോ ആയിരിക്കും എന്നുമാത്രം. ഇതൊന്നും കാര്യമാക്കാതെ പരിണാമവാദികൾ ഉച്ചൈസ്തരം ഘോഷിക്കുന്നതു കേട്ടാൽതോന്നും, സംശയിക്കപോലും ചെയ്തുകൂടാത്ത വിശ്വാസസത്യമാണവർ ഉരുവിടുന്നതെന്ന്. ഇതുകേട്ട് ഒരുകൂട്ടർ വിധിക്കയുഴറുന്നു സഭയുടെ പഠിപ്പിക്കലെല്ലാം പഴഞ്ചനാണെന്നു്. പക്ഷേ പദാർത്ഥത്തിൻെറ പരിണാമത്തിൽനിന്നും രൂപം പ്രാപിക്കില്ല, മനുഷ്യാത്മാവ്. താത്വികമായി തെളിയിക്കാവുന്ന ഒരു സത്യമാണിതു്.

പ്രകൃതിയിൽനടക്കുന്ന ഏതൊന്നിനും അതിൻേറതായ കാരണമുണ്ടു്. കാരണങ്ങൾക്കനുസൃതമായാണ് ഏതൊന്നും സംഭവിക്കുന്നതു്. ഈ തത്വത്തിലധിഷ്ഠിതമായാണ് സകല ശാസ്ത്രങ്ങളും നിലകൊള്ളുന്നതു്. ജപ്പാനിലുണ്ടായ റേഡിയോപ്രസരത്തിൽനിന്നും ചൈന പൊട്ടിച്ച ബോംബിൻെറ ശക്തിമനസ്സിലാക്കാനും, ഇനീഷ്യൽവെലോസിററിയിൽനിന്നും സ്ഫുട്നിക്കിൻെറ വേഗതയും ഗതിയും അറിയാനും ശാസ്ത്രജ്ഞന്മാർക്ക് കഴിയും. കാരണങ്ങൾക്കനുസൃതമായി സകലതും ഭവിക്കുന്നതിനാൽ ഭാവിയിൽ പ്രപഞ്ചത്തിൽ സംഭവിക്കാനിരിക്കുന്ന പ്രതിഭാസങ്ങളെ വ്യക്തമായി പ്രവചിക്കുവാൻ സാധിക്കും. കാരണങ്ങളെ (Causes) അധികരിക്കുവാൻ കാര്യ(effect)ത്തിനു സാധിക്കുകയില്ല എന്നു പറഞ്ഞാൽ, ഈ തത്വംതന്നെ വേറൊരുവിധത്തിൽ പ്രഖ്യാപിക്കുന്നെന്നേയുള്ളു. കാര്യത്തിലുള്ള സകലതിനേയും വിഭദീകരിക്കുവാൻ കാരണത്തിനു കഴിയണം. ഈ തത്വത്തിൻെറ വെളിച്ചത്തിൽ മനുഷ്യൻെറ കാര്യമെടുക്കാം. പദാർത്ഥ(matter)ത്തിലില്ലാത്ത ഒന്നു മനുഷ്യനിലുണ്ടു് അവൻെറ ആത്മാവ്. ശരീരവും ആത്മാവും തമ്മിൽ സാരവത്തായ വ്യത്യാസം ഉണ്ടു്. ശരീരം സ്ഥലകാലസ്ഥിതമാണ്, ആത്മാവ് സ്ഥലകാലസീമകൾക്കതീതമാണ്. ശരീരം നാശോന്മുഖമാണ്, ആത്മാവ് അനശ്വരമാണ്. ഇങ്ങനെ പദാർത്ഥത്തിലുപരിയായ ഒരു ആത്മികസത്ത മനുഷ്യനിലുള്ളതിനാൽ, പദാർത്ഥപരിണാമത്തിൻെറ പരിണിതഫലമല്ല മനുഷ്യനെന്നും, അവൻെറ ആത്മാവിൻെറ ആവിർഭാവത്തിനു സൃഷ്ടികർമ്മം ആവശ്യമാണെന്നും തെളിയുന്നു. പരിണാമവാദം തെളിയിക്കാമെന്നു മോഹിക്കുന്നവർ തങ്ങൾ ഇരിക്കുന്ന ശാഖ വെട്ടാൻ ഉദ്യമിക്കുന്ന വിഢ്ഢികൾക്കുതുല്യമാണ്. കാര

ണം, ശാസ്ത്രം മുഴുവൻ കാരണതത്വ(Principle of Causality) ത്തിലധിഷ്ഠിതമാണ്. മനുഷ്യശരീരംതന്നെ വെറും സ്വാഭാവികപ്രവർത്തനങ്ങളാൽ മൃഗത്തിൽനിന്നും പരിണമിച്ചതാവാൻ സാദ്ധ്യമല്ലായെന്ന് നിഷ്പക്ഷമായി ഗവേഷണം നടത്തുന്നവർക്കു മനസ്സിലാകും. ദൈവകരങ്ങളാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നതിനേക്കാൾ, ബുദ്ധിയോ, വിവേകമോ ഇല്ലാത്തമൃഗത്തിൽനിന്നും പരിണമിച്ചവരാണു തങ്ങൾ എന്നതിൽ അഭിമാനംകൊള്ളാനൊരുക്കമുള്ള അധുനികചിന്തകരുടെ മനസ്ഥിതി വിചിത്രംതന്നെ.

## മനുഷ്യാന്ത്യം ദൈവമാണെന്നു ബുദ്ധിയിൽക്കൂടെയറിയാമോ?

മനുഷ്യൻെറ സത്തയ്ക്ക് അടിസ്ഥാനമെന്നതുപോലെ അവൻെറ അന്ത്യവും ദൈവംതന്നെയാണെന്ന് ക്രൈ. തത്വചിന്ത പഠിപ്പിക്കുന്നു. ഒരു വസ്തുവിൻെറ മഹത്വം. അതെന്തിനുവേണ്ടി ഉന്നയിക്കപ്പെട്ടിരിക്കുന്നുവെന്നതിൽ അടങ്ങിയിരിക്കുന്നു. മനുഷ്യാന്ത്യം ദൈവമാണെന്ന് ക്രൈസ്തവചിന്ത എങ്ങനെ തെളിയിക്കുന്നുവെന്നു നോക്കാം. ഒരു വസ്തു അതിൻെറ ലക്ഷ്യം സഫലീകരിക്കുന്നതു് അതിൻെറ പൂർണ്ണതയെ (Perfcetion) പ്രാപിച്ചുകൊണ്ടാണ്. ഒരു മൃഗത്തിൻെറ ലക്ഷ്യം അതു മനുഷ്യനുപയോഗപ്രദമായിത്തീരുക എന്നതാണ്. ശാരീരികവളർച്ചയിൽ വന്നെത്താത്ത ആ മൃഗത്തെക്കൊണ്ട് മനുഷ്യനുപയോഗമില്ലല്ലോ. ഒരു വസ്തു അതിൻെറ പൂർണ്ണതയിലെത്തിച്ചേരുമ്പോഴാണ് അതു് അതിൻെറ അന്ത്യവും സഫലീകരിക്കുന്നതു്. ഒരു വസ്തുവിൻെറ പൂർണ്ണതയെന്നാലെന്താണെന്ന് ഒന്നുകൂടെ വിശദീകരിച്ചുകൊള്ളട്ടെ. ഒരു വസ്തുവിനു സത്തയുണ്ടായിരിക്കണമെങ്കിൽ അതിനു സ്വാത്മകത ഉണ്ടായിരിക്കണമെന്നും., വസ്തുവിൻെറ സ്വാത്മകത ദൈവികസാരത്തിൽനിന്നുതന്നെ ലഭിക്കുന്നതാണെന്നും,ഓരോ വസ്തുവും ഒരുപ്രത്യേക സാരമായി ദൈവികബുദ്ധിയിൽ സ്ഥിതിചെയ്തിരുന്നുവെന്നും നാം കാണുകയുണ്ടായി. സൃഷ്ടിയിൽ ബാഹ്യസ്ഥിതി ലഭിക്കുന്ന വസ്തുവിൽ ദൈവിക ബുദ്ധിയിലുള്ള അതിൻെറ സാരത്തോടനുരൂപമുള്ള ആ സാരരൂപം (Substantial form)ഉണ്ട്. തന്നിൽത്തന്നെഉള്ള ഈ സാരരൂപത്തോടു തദാത്മ്യം പ്രാപിക്കുയാണ് ഒരു വസ്തുവിൻെറ ലക്ഷ്യം. ഇതുതന്നെയാണ് ആ വസ്തുവിൻെറ പൂർണ്ണതയും. ഒരു ഉദാഹരണംകൊണ്ട് വ്യക്തമാക്കാം.നാം ഒരു മാങ്ങായണ്ടി കുഴിച്ചിട്ടുന്നുവെന്നു വയ്ക്കുക. അതിൻെറ വളർച്ചയ്ക്കാവശ്യമായ സാഹചര്യങ്ങളെല്ലാമൊത്തുകിട്ടിയാൽ അതു് ഒരു മാവായിത്തീരും. ഈ മാങ്ങായണ്ടിയിൽത്തന്നെ ഒരു മാവുണ്ട്. അതുകൊണ്ടാണ് അതു ഒരു മാവായിത്തീരുന്നതു് വിത്തിനകത്തു് ഒളിച്ചിരിക്കുന്ന മാവിനോട് അതിൻെറ സാരരൂപത്തോടു താദാത്മ്യം പ്രാപിക്കുയാണ് ആ മാവിൻെറ അന്ത്യം. മനുഷ്യാ നീ നിന്നേത്തന്നെ അറിയുക, നീ പൂർണ്ണനാകുക എന്നൊക്കെ പറയുമ്പോൾ, മനുഷ്യനിൽ പ്രകൃതിനാഥൻ നിക്ഷേപിച്ചിരിക്കുന്ന, അവനിൽനിന്നും ദൈവം പ്രതീക്ഷിക്കുന്നവിധത്തിലുള്ള ആ പൂർണ്ണ മനുഷ്യനെ കണ്ടെടുക്കുക, അവനോട് അനുരൂപനാകുക, എന്നാണ് നാം അർത്ഥമാക്കുന്നതു്. സ്വഭാവത്തിൻെറ പൂർത്തീകരണമാണ് പൂർണ്ണത. ഓരോ വസ്തുവിനും അതിൻേറതായ ഒരു സ്വഭാവമുണ്ട്. ഒരു സസ്യത്തിനു് അതിൻേറതായ സ്വഭാവവും, മൃഗത്തിന് അതിൻെറ സ്വഭാവവും ഉണ്ട്. ഈ സ്വഭാവമാണ് പൂർത്തീകരിക്കപ്പെടേണ്ടതു്. മനുഷ്യനുമുണ്ട് പ്രത്യേകമായ ഒരു സ്വഭാവം. ബുദ്ധിയും മനസ്സുമുൾക്കൊള്ളുന്ന ആത്മാവാണ് മനുഷ്യൻെറ പ്രത്യേക സ്വഭാവത്തിനു നിദാനം. അതിനാൽ മനുഷ്യനു പൂർത്തീകരിക്കുവാനുള്ളതു് അവൻെറ ബുദ്ധിയേയും, മനസ്സിനേയുമാണ്.

(തുടരും)









# പാശ്ചാത്യസഭയും പൌരസ്ത്യസഭയും* തമ്മിൽ യോജിക്കരുതോ?

(ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ)

ക്രിസ്തീയസഭ ഒന്നായിരിക്കണമെന്നാണ് ക്രിസ്തുവിന്റെ ആഗ്രഹം. എന്തെന്നാൽ അതു ക്രിസ്തുവിന്റെ ശരീരമായിട്ടാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഇന്ന് "ഏക സഭയിലും ഞാൻ വിശ്വസിക്കുന്നു" എന്ന് ഏററു പറയുന്നവർപോലും പല നേതാക്കന്മാരുടെ കീഴിൽ പല സഭകളായി പിരിഞ്ഞു നടന്നുവരികയാണ്. പൌരസ്ത്യസഭയിൽപെട്ട യാക്കോബായക്കാർ ആദ്യത്തെ ആറു നൂററാണ്ടുകാലവും ഗ്രീക്ക് ഓത്തഡോക്സ്കാർ ആദ്യത്തെ പത്തു നൂററാണ്ടുകാലവും പാശ്ചാത്യസഭയുമായി യോജിച്ചു നടന്നുവന്നവരാണ്.

യാക്കോബായക്കാർ പാശ്ചാത്യസഭയുമായി യോജിച്ചുനടന്നുവന്നവരാണെന്ന് തെളിയിക്കുന്ന അനേകം രേഖകളുണ്ട്. കത്തോലിക്കരുടെ 21 പൊതു സൂന്നഹദോസുകളിൽപെട്ട നിഖ്യാ, കുസ്തന്തീനോപ്പോലീസ്, എപ്പേസൂസ് എന്നീ ആദ്യത്തെ മൂന്നു പൊതു സൂന്നഹദോസുകൾ യാക്കോബായസഭക്കാർ സ്വീകരിക്കുന്നുണ്ട്. ലോകത്തിന്റെ നാലു ഭാഗങ്ങളിലായി നാലു പാത്രിയർക്കീസന്മാരുണ്ടായിരിക്കണമെന്നും അവരിൽ തലവനും നേതാവും റോമിലെ മാർപാപ്പാ ആയിരിക്കണമെന്നും ഉള്ള അതിപുരാതന നിയമം ഇന്നും യാക്കോബായക്കാരുടെ ഹൂദായ കാനോനിൽ കിടപ്പുണ്ട്. മാർപാപ്പാമാരായ യൂലിയോസിന്റെയും ക്സ്യസ്തോസിന്റെയും കുർബാനതക്സാകൾ ഇന്നും യാക്കോബായക്കാർ ഉപയോഗിച്ചുവരുന്നുണ്ട്. എ. ഡി. 91 മുതൽ 100 വരെ മാർപാപ്പായായിരുന്ന ക്ലീമീസിനേയും 337 മുതൽ 352 വരെ റോമ്മാ മാപ്പാപ്പായായിരുന്ന യൂലിയോസിനെയും യാക്കോബായ ഓത്തഡോക്സ്കാർ ഇന്നും അവരുടെ കുർബാനയിലെ അഞ്ചാം തുബ്ദേനിൽ ഓർക്കുകയും ആ പരേത പിതാക്കന്മാരുടെ പ്രാത്ഥനാസഹായം അഭ്യത്ഥിക്കുകയും ചെയ്യുന്നുണ്ട്. ഏക സ്വഭാവവാദംകൊണ്ടാണ് യാക്കോബായക്കാർ വേർപെട്ടതെന്നു പറയാറുണ്ടെങ്കിലും ആ വേദവിപരീതം അവരുടെ ഗ്രന്ഥങ്ങളിൽ കാണ്മാനില്ല. ഇവയിൽനിന്നും ഇതുപോലെയുള്ള മററു അനേകം രേഖകളിൽ നിന്നും ആദ്യത്തെ ആറു നൂററാണ്ടു കാലത്തേക്ക് യാക്കോബായ ഓർത്തഡോക്സ്സഭ റോമാസഭയുമായുള്ള ഐക്യതയിലും കൂട്ടായ്മയിലും ഇരുന്നിരുന്നു എന്ന് വ്യക്തമായി കാണാവുന്നതാണ്.

അതുപോലെതന്നെ ഗ്രീക്ക് ഓത്തഡോക്സ് സഭക്കാരും ആദ്യത്തെ പത്തു നൂററാണ്ടു കാലത്തേക്ക് റോമാസഭയുമായി ഐക്യതയിലും യോജിപ്പിലും ഇരുന്നിരുന്നുവെന്ന് തെളിയിക്കുന്ന രേഖകൾ ആ സഭയിലും കാണാനുണ്ട്. ആദ്യത്തെ ഏഴു സാവ്വത്രികസൂന്നഹദോസുകളെ അവർ സ്വീകരിക്കുന്നുണ്ട്. വി. കുർബാനയെക്കുറിച്ചും മാതാവിനെക്കുറിച്ചും ഓത്തഡോക്സുകാർക്കുള്ള വിശ്വാസം റോമൻ കത്തോലിക്കരുടേതുതന്നെയാണ്. കൽക്കിദൂനാസൂന്നഹദോസിനെ കത്തോലിക്കരെപോലെ ഗ്രീക്ക് ഓത്തഡോക്സുകാരും സ്വീകരിച്ചുവരുന്നു.

റോമ്മാസഭ, ഗ്രീക്ക് ഓത്തഡോക്സുസഭ, സിറിയൻ ഓത്തഡോക്സ് (യാക്കോബായ) സഭ എന്നീ മൂന്നു സഭാവിഭാഗങ്ങളും പൂവ്വകാലത്തു യോജിച്ചു നടന്നുവന്നിരുന്നു എന്ന് ഈ സഭകളുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളിൽ പൊതുവെ കാണുന്ന ഐകരൂപ്യങ്ങളും, സാദൃശ്യങ്ങളും വിളിച്ചറിയിക്കുന്നുണ്ട്. ഈ സഭകൾ തമ്മിൽ പിരിഞ്ഞു ആയിരത്തിൽപരം വർഷങ്ങളായി അന്യോന്യബന്ധം യാതൊന്നും ഇല്ലാതെ അതാതിന്റെ വ്യക്തിത്വം പാലിച്ചുകൊണ്ട് നടന്നുവന്നിട്ടും വിശ്വാസസംഗതികളിൽ കാതലായ വൈപരീത്യങ്ങളൊന്നും കടന്നുകൂടീട്ടില്ല. അതിൽനിന്നും വിശ്വാസാചാരങ്ങളെക്കുറിച്ചുള്ള തക്കമോ മാത്സൎയ്യമോ അല്ല ഈ സഭകളെ തമ്മിൽ വേർതിരിച്ചതെന്ന് വ്യക്തമായി കാണാം.

* ഈ ശിർഷകത്തിൽ പൌരസ്ത്യസഭ എന്നു വിവക്ഷിക്കുന്നത് കത്തോലിക്കാസഭയുമായി യോജിപ്പിലല്ലാത്ത പൌരസ്ത്യസഭകളെയാണ്.

എന്നാൽ എന്തു കാരണത്താലാണ് ഇവർ തമ്മിൽ വേർപെട്ടുപോയതെന്നു് നോക്കാം. നാലാം നൂററാണ്ടിൽ കുസ്തന്തീനോസ് ചക്രവത്തി റോമ്മാസാമ്രാജ്യത്തെ തൻെറ രണ്ടു മക്കൾക്കായി വിഭജിച്ചുകൊടുത്തു. പാശ്ചാത്യവിഭാഗത്തിനു് റോമ്മായും പൌരസ്ത്യവിഭാഗത്തിനു് കോൺസ്റ്റാൻറിനോപ്പിളും തലസ്ഥാനങ്ങളായി. കാലാന്തരത്തിൽ ഈ സാമ്രാജ്യങ്ങൾ തമ്മിൽ വഴക്കടിച്ചുതുടങ്ങി. രണ്ടു സ്ഥലത്തേയും ചക്രവത്തിമാരും ചക്രവത്തിനിമാരുമെല്ലാം ക്രിസ്ത്യാനികളായിരുന്നു. അതിനാൽ ഈ സാമ്രാജ്യമാത്സര്യത്തിൽ അവരുടെ പ്രജകളായ ക്രിസ്ത്യാനികളും ഭാഗഭാക്കുകളായിതീൎന്നു. ഈ സാമ്രാജ്യങ്ങളുടെ പേരിനൊപ്പിച്ചു പാശ്ചാത്യസാമ്രാജ്യത്തിലെ ക്രിസ്ത്യാനികളെ പാശ്ചാത്യസഭക്കാരെന്നും പൌരസ്ത്യസാമ്രാജ്യത്തിലെ ക്രിസ്ത്യാനികളെ പൌരസ്ത്യസഭക്കാരെന്നും വിളിച്ചുപോന്നു. ആദ്യകാലത്തു സഭാസംബന്ധമായി ചില ചെറിയ സംഗതികളിൽ ഇവർ തമ്മിൽ വാദപ്രതിവാദങ്ങളുണ്ടായിട്ടുണ്ടു്. എങ്കിലും ഒരു വീട്ടിലെ സഹോദരന്മാർ തമ്മിലുള്ള വഴക്കു് അവരുടെ പിതാവു് പറഞ്ഞുതീക്കുന്നതുപോലെ മാർപാപ്പാമാർ ഈ വാദപ്രതിവാദങ്ങളെല്ലാം പറഞ്ഞുതീർത്തുകൊണ്ടും മററുള്ളവർ അതനുസരിച്ചു നടന്നുകൊണ്ടും പോന്നിരുന്നു.

കാലം കുറേക്കൂടി കഴിഞ്ഞപ്പോൾ പാശ്ചാത്യസഭ അതിൻെറ ഭരണത്തിൽ ചില കേന്ദ്രീകരണങ്ങൾ ഉണ്ടാക്കി. ജനായത്തഭരണം, രാജഭരണം, പാർലമെൻറു് ഭരണം, ആദിയായ വിവിധ രാജ്യഭരണതന്ത്രങ്ങളെല്ലാം യൂറോപ്പിലാണുണ്ടായതു്. ഈ രാജ്യങ്ങളിലെല്ലാം മാർപാപ്പായുടെ കീഴിലുള്ള രൂപതകളും ഉണ്ടായിരുന്നു. വിവിധ രാജ്യഭരണസമ്പ്രദായത്തിൽപെട്ടു് പാശ്ചാത്യസഭ പലതായി ഭിന്നിച്ചുപോകാതിരിപ്പാൻ അതിൻെറ ഭരണത്തിനു് ചില നിയമങ്ങളുണ്ടാക്കി, റോമ്മാപാത്രിയക്കീസായ മാർപാപ്പായുടെ കീഴിൽ സഭാഭരണം കേന്ദ്രീകരിക്കേണ്ടതായിവന്നു. അതിലേക്കു് പല ചട്ടങ്ങളും നടപടികളും അവർ ക്രോഡീകരിക്കുകയും ചെയ്തു.

കേന്ദ്രീകരിക്കപ്പെട്ട ഈ സഭാനിയമങ്ങൾ, മാർപാപ്പായുമായുള്ള ഇടപാടിലിരുന്ന പൌരസ്ത്യസഭകളേയും ബാധിച്ചുതുടങ്ങി. ആകയാൽ അവർ ഈ കേന്ദ്രീകരണത്തിൽ വൈരസ്യം പ്രദർശിപ്പിച്ചു. ഈ കേന്ദ്രീകരണം പാശ്ചാത്യരാജ്യങ്ങളുടെയും പത്രോസിൻെറ സിംഹാസനത്തിൻെറയും മറ പിടിച്ചുകൊണ്ടു് കിഴക്കൻ സഭകളുടെമേൽ ആധിപത്യം സ്ഥാപിക്കുന്നതിനുള്ള റോമ്മാപാത്രിയക്കീസിൻെറ ഒരു കയ്യേററമായി ഗ്രീക്കു് ഓർത്തഡോക്സ്കാർ വ്യാഖ്യാനിക്കുകയും ആ കേന്ദ്രീകരണത്തെ നഖശിഖാന്തം എതിർക്കുകയും ചെയ്തു. വല്ല തക്കസംഗതികളുമുണ്ടായാൽ കേട്ടു തീരുമാനിക്കുന്നതിനുള്ള അധികാരമല്ലാതെ അതിൽ കൂടുതലായൊന്നും പത്രോസിൻെറ സിംഹാസനത്തിനില്ലെന്നും, പത്രോസല്ല മററു ശ്ലീഹന്മാരെ വാഴിച്ചതെന്നും അതിനാലിത്തരമൊരു കേന്ദ്രീകരണമാവശ്യമില്ലെന്നും പറഞ്ഞു പൌരസ്ത്യസഭക്കാർ തങ്ങളുടെ എതിർപ്പിനെ ന്യായീകരിച്ചുകൊണ്ടുമിരുന്നു.

തൽസമയം പാശ്ചാത്യസഭയാകട്ടെ പൌരസ്ത്യരുടെ ഈ എതിർപ്പിനെ അധിക്ഷേപിക്കുകയും അതു ക്രിസ്തുവിനോടും പത്രോസിൻെറ സിംഹാസനത്തോടും ഉള്ള ധിക്കാരപരമായ ഒരു അവഹേളനമാണെന്നു് കുററം പറയുകയും ചെയ്തുകൊണ്ടിരുന്നു. പൌരസ്ത്യചക്രവത്തിമാർ ഇതിനെ പിറകിൽനിന്നു പിൻതാങ്ങുകയും പാശ്ചാത്യസഭയേയും മാർപ്പാപ്പയേയും ശപിച്ചു പിൻതിരിയുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അന്നു രാജ്യങ്ങൾ തമ്മിൽ മാത്സര്യത്തിലായിരുന്നതിനാൽ ഈ വാദങ്ങൾ സൌഹാർദ്ദപരമായി ഒന്നു് പറഞ്ഞുതീർക്കുവാൻ മാർപാപ്പായ്ക്കു് അവസരം ലഭിക്കാതെയുമായി. അങ്ങിനെ പാശ്ചാത്യസഭയേയും പൌരസ്ത്യസഭയേയും തമ്മിൽ ബന്ധിച്ചിരുന്ന കണ്ണി പൊട്ടിപ്പോകയും ചെയ്തു.

ഇന്നാകട്ടെ ഇത്തരം പ്രതിബന്ധങ്ങളൊന്നുമില്ല. ഭൂലോകത്തിലുള്ള നാനാരാജ്യങ്ങളും സമുദായങ്ങളും ജനവിഭാഗങ്ങളുമെല്ലാം അവരവരുടെ നിലനില്പിനും പരിപുഷ്ടിക്കും വേണ്ടി ഐക്യപ്പെടുവാൻ പരിശ്രമിക്കുന്ന കാലവുമായിരിക്കുന്നു. ഇത്തരുണത്തിൽ ക്രിസ്തീയസഭ വീഴാതിരിക്കുകയും ആക്രമിക്കപ്പെടാതിരിക്കയും ചെയ്യണമെങ്കിൽ അവരും യോജിപ്പിനായി പരിശ്രമിക്കേണ്ടതാണു്. പോരെങ്കിൽ ഐക്യത്തിനുള്ള വഴി വിസ്താരമായി തുറന്നുകിടക്കുകയും ചെയ്യുന്നു.

ഈ സഭാഭിന്നത ദൈവം അനുവദിച്ചതെന്തുകൊണ്ടാണെന്നു് ചോദിക്കുന്നവരുണ്ടു്.

ദൈവമക്കളുടെ ഐക്യത ദൈവത്തിന്റെ കാര്യം മാത്രമല്ല. അതു മനുഷ്യന്റെ കാര്യവും കൂടിയാണു്. ദൈവത്തോടു മനുഷ്യൻ സഹകരിക്കാതിരുന്നാൽ ഒരു യോജിപ്പും ഉണ്ടാകുകയില്ല. അതിനാൽ വന്നുപോയ തെറ്റുകൾ രണ്ടു കൂട്ടരും അന്യോന്യം ഏറ്റുപറഞ്ഞു് ക്ഷമായാചനനടത്തി മേലാൽ ഒരു സഭയായിത്തീരുന്നതിനാലോചിക്കേണ്ടതാണു്. അതിനുള്ള എല്ലാ സൗകര്യങ്ങളും ഉപാധികളും ഇന്നു അനുകൂലമായി വന്നിട്ടുമുണ്ടു്.

അധികാരകേന്ദ്രീകരണം അനാവശ്യമാണെന്നുള്ള ഓത്തഡോക്സുകാരുടെ വാദഗതി ഗ്രീക്കു് ഓത്തഡോക്സുസഭയുടെ ഭരണചക്രത്തെതന്നെ തകർത്തു. എക്യുമനിക്കൽ പാത്രിയർക്കീസെന്ന പേരു് കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസിനുണ്ടെങ്കിലും അതനുസരിച്ചു പ്രവർത്തിപ്പാൻ അദ്ദേഹത്തിന്റെ കീഴിലുള്ള പാത്രിയർക്കീസന്മാരിൽ ഭൂരിഭാഗവും കൂട്ടാക്കുന്നില്ലെന്നാണു് കാണുന്നതു്. കഴിഞ്ഞ വർഷം റോഡ്സ്ദ്വീപിൽ എക്യുമനിക്കൽ പാത്രിയർക്കീസു് വിളിച്ചു കൂട്ടിയ സുന്നഹദോസിനു് പകുതി പാത്രിയർക്കീസന്മാരും ഹാജരായില്ല എന്നുള്ളതു് എല്ലാവരും അറിഞ്ഞിട്ടുള്ളതാണല്ലോ. ഇതിനെ പരിഹരിക്കുന്നതിനുള്ള നിയമങ്ങളൊന്നും അവർക്കില്ല. അതുണ്ടാക്കുവാനവരുടെ ഇപ്പോഴത്തെ നിലയ്ക്കു സാദ്ധ്യവുമല്ല.

ആറാം നൂറാണ്ടിൽ പിരിഞ്ഞ പൗരസ്ത്യസഭക്കാരെയെല്ലാം ഏകോപിപ്പിക്കുവാൻ എത്യോപ്യൻ ചക്രവർത്തി എത്യോപ്യയിൽ ഒരു സുന്നഹദോസു് വിളിച്ചുകൂട്ടി. യാക്കോബായ പാത്രിയർക്കീസും അർമ്മേനിയാക്കാരും അലക്സാന്ത്രിയാക്കാരുമെല്ലാം അതിൽ സംബന്ധിച്ചു. നമ്മുടെ കാതോലിക്കാബാവാതിരുമേനിയും മററും ക്ഷണമനുസരിച്ചുപോയി അതിൽ സംബന്ധിക്കുകയും ചെയ്തു. ഒരു പൊതു വൈദികസിമ്മനാരിയുണ്ടാക്കണമെന്നു് എല്ലാവരും കൂടി പാസാക്കി പിരിഞ്ഞു. എങ്കിലും അതിനുതന്നെയും മുൻകൈ എടുത്തു് പ്രവർത്തിക്കുവാൻ ആരും ഇല്ലാതെയാണിരിക്കുന്നതു. എത്യോപ്യൻഭാഷയിലുള്ള പഠനം സുറിയാനിക്കാർക്കും സുറിയാനിഭാഷയിലുള്ള പഠനം എത്യോപ്യക്കും ആവശ്യമില്ലെന്നാണു് ഇരു കൂട്ടരുടേയും അഭിമതം. പാശ്ചാത്യസഭക്കു് ഒരു ഭരണകേന്ദ്രീകരണം ഉള്ളതുപോലെ പൗരസ്ത്യസഭക്കാരും മാർപാപ്പായെ തലവനാക്കി ഓരോ ഭരണക്രമം രൂപീകരിക്കണം. അതു സഭക്കൊരു ഭൂഷണമായിരിക്കയും ചെയ്യും. മാർപാപ്പാ ക്രിസ്തുവിന്റെ വികാരിയും പത്രോസിന്റെ പിൻഗാമിയും സഭയുടെ ഏകഅടിസ്ഥാനമായിരിപ്പാൻ ക്രിസ്തുവിനാൽ നിയമിക്കപ്പെട്ടയാളുമാണു്. ആകയാൽ അദ്ദേഹം എല്ലാ ക്രിസ്ത്യാനികൾക്കും പിതാവായിരിക്കേണ്ടതാണു്.

പാശ്ചാത്യസഭക്കാർ അവരുടെ സഭാഭരണം ശക്തിപ്പെടുത്തി കേന്ദ്രീകരിച്ചതിനാൽ അന്യ രാജ്യങ്ങളിലേക്കു് മിഷനറിമാരെ അയക്കുന്നതിനും അവിടെയെല്ലാം സുവിശേഷം പരത്തുന്നതിനും രൂപതകൾ സ്ഥാപിച്ചു് മെത്രാന്മാരെ നിയമിക്കുന്നതിനും അവക്കു സാധിച്ചു. ഭരണകേന്ദ്രീകരണവും സുവിശേഷവേലയും ഇല്ലാതെ കിടന്നിരുന്ന പൗരസ്ത്യസഭകളുടെ മൂക്കിനു കീഴെപോലും ലത്തീൻ പള്ളികൾ സ്ഥാപിതമായി. ഇപ്പോൾ ലത്തീൻ പള്ളികൾ ഇല്ലാത്ത സ്ഥലമില്ലെന്നു തന്നെ പറയാം.

പൗരസ്ത്യസഭകൾ തുടങ്ങിയതു അപ്പോസ്തലന്മാരും അവരുടെ അനന്തരഗാമികളുമാണു്. പൗരസ്ത്യരുടെ മഹത്തായ സത്യവിശ്വാസവും സംസ്കാരവുമെല്ലാം ശ്ലീഹന്മാരിൽ നിന്നു ലഭിച്ചിട്ടുള്ളതാണു്. പാശ്ചാത്യസഭയിൽ നിന്നല്ല പൗരസ്ത്യർക്കതു ലഭിച്ചതു്. ഈ വിശ്വാസവും സംസ്കാരവും ഇന്നും അവർ ഏറെക്കുറെ പാലിച്ചുവരുന്നുമുണ്ടു് പാശ്ചാത്യസഭ നട്ടുവളർത്തിയതല്ല പൗരസ്ത്യസഭാസംസ്കാരം. അവരുടെ മിഷ്യൻവേലയുടെ ഫലമായിട്ടല്ല പൗരസ്ത്യസഭയുണ്ടായതു്. ക്രൈസ്തവപാരമ്പര്യവും വിശ്വാസവും പൗരസ്ത്യസഭക്കു് പാശ്ചാത്യരേക്കാൾ പൂർവ്വീകമായിതന്നെയുണ്ടു്. പൗരസ്ത്യർ ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവും ആരാധനപരവും ആയ എല്ലാ കാര്യങ്ങളും അവരുടെ പിതൃസ്വത്തിൽനിന്നു് അനുഭവിച്ചുപോന്നിട്ടുമുണ്ടു്. ഇവയിൽ ചിലതു പാശ്ചാത്യരുടേതിൽനിന്നും വ്യത്യസ്തമായിരുന്നിട്ടുപോലും പാശ്ചാത്യസഭ അതിനെ അപലപിക്കുകയോ എതിർക്കുകയോ ചെയ്തിട്ടുമില്ല.

എന്നാൽ സഭയുടെ പൊതുവായ ഐക്യത്തിനുവേണ്ടി നമ്മുടെ കത്താവു നിയമിച്ചാക്കിയ പത്രോസിന്റെ സിംഹാസനത്തോടുള്ള ബന്ധം വിട്ടുകയും പത്രോസിന്റെ പിൻഗാമിയെക്കൂടി ഉൾപ്പെടുത്തിയുള്ള ഭരണം

നാം സ്വീകരിക്കാതിരിക്കുകയും ചെയ്തതിന്റെ ദുഷ്യഫലം വളരെയുണ്ട്. മാർപാപ്പായെ സ്വീകരിച്ചുകൊണ്ടുള്ള ഭരണഘടന നാം ഉണ്ടാക്കുന്നതായാൽ ക്രിസ്തീയചൈതന്യം പരത്താൻ മലങ്കരസുറിയാനിക്കാർക്ക് ഭാഗ്യമുണ്ടാകും. ഈ കാര്യത്തിൽ നാം പാശ്ചാത്യസഭയെ അനുകരിക്കുകതന്നെ വേണം. അങ്ങിനെ ആകുമ്പോൾ അവരെ കണ്ടുപഠിക്കാവുന്നതായ ചില സംഗതികൾ നമുക്കും നമ്മെ കണ്ടുപഠിക്കാവുന്നതായ ചില സംഗതികൾ അവക്കും ഉണ്ടായിരിക്കും. ഇങ്ങനെ രണ്ടു സഭകളും കൂടി യോജിക്കുന്നതു് ക്രിസ്തീയ സഭക്കു് പൊതുവെ കൂടുതൽ ഉന്നതിക്കും ശ്രേഷ്ഠതക്കും കാരണമായിതീരുകയും ചെയ്യും. എന്നാൽ ഇതേപ്പററി ഉണന്നു ചിന്തിക്കാതെ പൌരസ്ത്യസഭകളെല്ലാം അവരവരുടെ വൃത്തങ്ങൾക്കകത്തിരുന്നു നിത്യവൃത്തി സുഖമായി കഴിഞ്ഞുവരികയാണ്.

ഇങ്ങനെ പത്രോസിന്റെ സിംഹാസനത്തോടു വേർപെട്ടു കഴിച്ചുകൂട്ടിയതിന്റെ തീരാനഷ്ടം എന്തായിരുന്നു എന്നു പുറകോട്ടു ഒന്നു തിരിഞ്ഞു നോക്കിയാലറിയാം. ഏഴാം നൂററാണ്ടിലുണ്ടായ ഇസ്ലാമതം പൌരസ്ത്യസഭകളുടെ കേന്ദ്രസ്ഥാനങ്ങളായ യറുശലേം, അന്ത്യോഖ്യാ, കോൺസ്റ്റാൻറിനോപ്പിൾ, അലക്സാന്ത്രിയാ, അർമേനിയാ, പലസ്തീനാ, പേർഷ്യാ, മുതലായ പ്രധാന സ്ഥാനങ്ങളെല്ലാം ഒന്നൊഴിയാതെ പിടിച്ചടക്കുകയും അവിടെയുള്ള ക്രിസ്ത്യാനികളിൽ ഭൂരിഭാഗത്തേയും അവർ മഹമ്മദീയരാക്കുകയും ചെയ്തു. ഇപ്പോൾ മഹമ്മദീയരുടെ അട്ടക്കൽപഞ്ചപുഛമടക്കിനിന്നു് അവരുടെ അനുവാദം വാങ്ങിയെങ്കിലേ പൌരസ്ത്യസഭക്കാക്ക് പൊതു ആരാധനയും പ്രാത്ഥനയും നടത്തുവാൻ സാധിക്കുകയുള്ളു എന്ന മട്ടിൽ ചെന്നവസാനിച്ചിരിക്കുകയാണ്. അതിനെ തട്ടി നീക്കുവാൻ പൌരസ്ത്യസഭക്കാക്കു് ഇതുവരെയും സാധിച്ചിട്ടില്ല. ഇപ്പോഴത്തെ നിലയിൽ ഇനിയും സാധിക്കുമെന്നാശിപ്പാനും നിവൃത്തിയില്ല. പത്രോസിന്റെ സിംഹാസനത്തോടുള്ള പൌരസ്ത്യസഭക്കാരുടെ നിസ്സഹകരണം ക്രിസ്തുവിന്റെ ക്രമീകരണത്തോടുള്ള ധിക്കാരപരമായ ഒരു നടപടിയായി പാശ്ചാത്യസഭക്കാർ വ്യാഖ്യാനിച്ചതു അത്ര തെററിപ്പോയിട്ടില്ലെന്നു ഈ അനുഭവം വച്ചു നോക്കുമ്പോൾ നാം സമ്മതിക്കേണ്ടിവരുന്നു.

പത്രോസിന്റെ സിംഹാസനവുമായുള്ള ബന്ധം ഒരു കൂട്ടുകച്ചവടഏർപ്പാടിലെ മാനേജരുടെ സ്ഥാനംപോലെ മാത്രമേ പൌരസ്ത്യർ കണക്കാക്കുന്നുള്ളു. അതു ഒട്ടും ശരിയല്ല. ശ്ലീഹന്മാരെല്ലാവരും കൂടിയല്ല പത്രോസിനു സഭയുടെമേൽ പരമാധികാരം കൊടുത്തതു്. "ബർയോനാശിമോനേ, നീ ഭാഗ്യവാൻ. നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളവാതിലുകൾ അതിനെ വിജയിക്കുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു തരും എന്നുംമററും കല്പിച്ചതു ക്രിസ്തു തന്നെയാണ്. ആകയാൽ പത്രോസിന്റെയും തന്റെ പിൻഗാമിയായ മാർപാപ്പായുടെയും സ്ഥാനത്തെപ്പററിയും അതിന്റെ പ്രാധാന്യത്തെപ്പററിയും നമ്മുടെ ജനത്തെ ഗ്രഹിപ്പിക്കേണ്ട ചുമതല നമ്മുടെ മെത്രാന്മാക്കും വൈദികർക്കുമുണ്ടു്. പത്രോസിന്റെ പരമാധികാരം ക്രിസ്തീയ വിശ്വാസമാകുന്ന പിതൃസ്വത്തിനെ സംരക്ഷിക്കുവാൻവേണ്ടി നല്കപ്പെട്ടിട്ടുള്ളതാണ്.

റോമ്മാസഭയെന്നറിയപ്പെടുന്ന ലത്തീൻ സഭക്കും പൌരാണികത്വമുണ്ടു്. പത്രോസും പൌലൂസും ആണ് അതിന്റെ തലത്തൊട്ടപ്പന്മാർ എന്നതു പൌരസ്ത്യസഭക്കാർ മറന്നുകളയരുതു്. ഈ രണ്ടു സഭക്കാരും കൂടി ഒന്നിച്ചു ചേർന്നാൽ ക്രൈസ്തവസഭ പൂവ്വാധികം പൂർണ്ണതപ്പെടുന്നതല്ലാതെ അതു ആക്കും ഹാനികരമായിതീരുന്നതല്ല.

പാശ്ചാത്യസഭയുമായി കൂട്ടു പിടിച്ചാൽ പൌരസ്ത്യരുടെ പാരമ്പയ്യങ്ങളും ആചാരാനുഷ്ഠാനങ്ങളും നഷ്ടപ്പെട്ടുപോകുമെന്നു് വാദിക്കുന്നവരുണ്ടു്. അവർ പൌരസ്ത്യസഭയെ അപകടത്തിൽ നിന്നു രക്ഷിപ്പാനല്ലാ അതിൽ ചാടിക്കുവാനാണു ശ്രമിക്കുന്നതു്. മാർപാപ്പായുമായി മലങ്കരസുറിയാനിക്കാർ വേർപെട്ടു നിന്നതിന്റെ അനുഭവം നോക്കിയാൽ അതു ഗ്രഹിക്കാവുന്നതാണ്. സഹോദരമെത്രാന്മാരെ തമ്മിൽ രമ്യപ്പെടുത്തി നിറുത്തുന്നതിനായി നമ്മുടെ കത്താവു നിയമിച്ചാക്കിയ പൊതു തലവനാണ് പത്രോസ്. അദ്ദേഹത്തിന്റെ പിൻഗാമിയെ നിഷേധിച്ചതുമൂലം മലങ്കരസുറിയാനിസഭയിലെ മെത്രാന്മാർ തമ്മിലുള്ള വഴക്കു പറഞ്ഞുതീർക്കുവാൻ ഒരു പൊതുപിതാവില്ലാതെയായി.

അതിനാൽ അവർ വിജാതീയകോടതികളെ അഭയം തേടേണ്ടിവന്നു. ആ കോടതി

കൾ കഴിവതും നീതിപാലനം നടത്തിയെങ്കിലും അതു സഭയുടെ ശിഥിലീകരണത്തിനാണു വഴി തുറന്നതു്. മുടക്കുമൂലം പട്ടത്വം പോകുമെന്നും ഇല്ലെന്നും ഉള്ള വാദത്തിനു് അക്രൈസ്തവകോടതികൾക്കു് എന്തു തീരുമാനം ചെയ്യുവാൻ സാധിക്കും? വി. പൌലൂസുതന്നെയും അപലപിച്ചിരിക്കുന്ന ഈ വിജാതീയ കോടതി കയററം മൂലം മലങ്കര ക്രിസ്ത്യാനികൾ, അഞ്ചൂക്കാർ, സി. എം. എസ്സ്കാർ, മാർത്തോമ്മാക്കാർ, ഓത്തഡോക്സ്കാർ എന്നിങ്ങനെ വിവിധ ഭാഗങ്ങളായി പിരിഞ്ഞുപോകാനാണിടയായതു്. പരിതാപകരമായ ഈ വേർപാടിൽ ഖേദിച്ചിരിക്കുമ്പോൾ പോലും മാർപാപ്പായോടടുക്കരുതെന്നു നാരദമന്ത്രവുമായി വരുന്നവരോടു എന്താണു മറുപടി പറയേണ്ടതു്!

മാർപാപ്പായുമായുള്ള പുനരൈക്യം ലത്തീൻകരണമാണെന്നു് കുററം പറയുന്നവരുണ്ടു്. സത്യം അറിഞ്ഞുപറയുന്ന അഭിപ്രായമല്ലാ അതു്. പൌരസ്ത്യർ അവരുടെ പാരമ്പര്യവും ആരാധനക്രമങ്ങളും പലിച്ചുകൊണ്ടു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു മാർപാപ്പാമാർ തന്നെ പൌരസ്ത്യരെ ആഹ്വാനം ചെയ്തിട്ടുണ്ടു്. മലങ്കര അന്ത്യോഖ്യൻ റീത്തുകാർ അങ്ങനെ പുനരൈക്യപ്പെട്ടു നടന്നുവരുന്നവരാണല്ലോ. ഈ ആരോപണം അയഥാർത്ഥമാണെന്നും അങ്ങിനെയൊരു ഭയപ്പാടിനാവശ്യമില്ലെന്നും 35 വർഷത്തെ അനുഭവത്തിൽനിന്നു് അവർ സാക്ഷിക്കുകയും ചെയ്യുന്നു. ഇതിൽ കൂടുതലായി എന്താണുവേണ്ടതു്.

ഇത്തരമൊരു സമീപനത്തിനു ആരാണു മുൻകൈ എടുത്തു പ്രവർത്തിക്കേണ്ടതെന്നു ഇനിയും ചോദിച്ചിട്ടു കാര്യമില്ല. മാർപാപ്പാ തന്നെ അതിനു മുൻകൈ എടുത്തു പ്രവർത്തിച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേഹം മാമൂലുകളെയെല്ലാം സധീരം തട്ടിമാററിക്കൊണ്ടു് യറുശലേം സന്ദർശനംനടത്തിയ അവസരത്തിൽ ഗ്രീക്കു് ഓത്തഡോക്സ് പാത്രിയർക്കീസിനെ കാണുകയും ഐക്യത്തിനുവേണ്ട ആഹ്വാനം നടത്തുകയും ചെയ്തിരിക്കുന്നു. അതുപോലെ തന്നെ മാർപാപ്പാ ബോംബെയിൽ വരികയും തന്റെ പ്രതിനിധിയെ അയച്ചു നമ്മുടെ കാതോലിക്കാബാവാ തിരുമേനിയേയും മററും ക്ഷണിച്ചുകൊണ്ടുപോകുകയും യോജിപ്പിനുള്ള തന്റെ അഭിലാഷം അദ്ദേഹത്തെ ധരിപ്പിക്കുകയും ചെയ്തു എന്നുള്ള കാര്യം എല്ലാവർക്കും അറിവുള്ളതാണല്ലോ. ഇനിയും ഇതിലേക്കു് വേണ്ടതു പ്രവർത്തിക്കേണ്ടതു ഗ്രീക്കു് ഓത്തഡോക്സ്കാരുടെയും മലങ്കരഓത്തഡോക്സ്സഭയുടെയും ചുമതലയാണു്. യോജിക്കുന്നതിനു് എന്നെല്ലാം കാര്യങ്ങളിലാണു ഉറപ്പു ലഭിക്കേണ്ടതെന്നു് പറയേണ്ടതും ഇവരുടെ കടമയായിട്ടാണിരിക്കുന്നതു്.

''ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്നെടുത്തു് അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കേൾപ്പിക്കും'' (മത്താ. 21: 43) എന്നു് കർത്താവു് ഒരിക്കൽ കല്പിക്കുകയുണ്ടായി. യഹൂദപുരോഹിതന്മാരെയും അവരുടെ ശാസ്ത്രജ്ഞന്മാരെയും വീക്ഷിച്ചുകൊണ്ടാണു കർത്താവു് അങ്ങനെ കല്പിച്ചതു്. പത്രോസിന്റെ സിംഹാസനവും യഹൂദപ്രാബല്യമുണ്ടായിരുന്ന യറുശലേം അന്ത്യോഖ്യാ മുതലായ സ്ഥലങ്ങളിൽ നിന്നെടുത്തു പുറജാതികളുടെ പട്ടണമായ റോമ്മായിലേക്കു് മാററി സ്ഥാപിച്ചതും റോമ്മാസഭ വളരെ കഷ്ടതകളും പ്രയാസങ്ങളും സഹിച്ചു ക്രിസ്തുവിന്റെ സുവിശേഷം ലോകമൊക്കെയും വ്യാപിപ്പിച്ചതും നാം ഓത്തിരിക്കേണ്ടതാണു്. ആകയാൽ യറുശലേം, അന്ത്യോഖ്യാ,കോൺസ്റ്റാൻറിനോപ്പിൾ എന്നിവിടങ്ങളിലെ ഓത്തഡോക്സ് സഭകൾ എന്തു ചെയ്യുന്നു എന്നു ഇൻഡ്യയിലുള്ള മലങ്കരഓർത്തഡോക്സ്സഭ നോക്കിയിരിക്കേണ്ട ആവശ്യമില്ല. നാം അവർക്കൊരു വഴി കാട്ടിയായി പ്രവർത്തിക്കുകയാണു വേണ്ടതു്.

വിദേശങ്ങളിൽ പഠിക്കാൻ പോകുന്ന നമ്മുടെ കുട്ടികൾക്കു് അവിടങ്ങളിൽ നമ്മുടെ പള്ളികളും മെത്രാന്മാരും മററും ഉണ്ടായിരിക്കുമെന്നുള്ള സംഗതി നമുക്കു് ആശ്വാസകരമായിരിക്കുകയും ചെയ്യും.

കഥയില്ലാത്ത വാദങ്ങൾ പുറപ്പെടുവിച്ചു് സമയം ദീർഘിപ്പിക്കയാണെങ്കിൽ നമ്മിൽ ഓരോരുത്തനും അവനവന്റെ ആത്മരക്ഷയുടെ കാര്യം നോക്കേണ്ടതാണു്. മററുള്ളവരെ പഴിപറഞ്ഞു് ദൈവത്തിന്റെ മുമ്പാകെ സ്വയം നീതീകരിക്കാമെന്നു വിചാരിക്കരുതു. 'പിതാവേ, നീയും ഞാനും ഒന്നായിരിക്കുന്നതുപോലെ ഇവരും നമ്മിൽ ഒന്നാകണമെ'' എന്നു പ്രാർത്ഥിച്ച ക്രിസ്തുയേശുവിനെ സ്നേഹിക്കുന്ന എല്ലാ സഭാംഗങ്ങളും സഭാഐക്യത്തിനുവേണ്ട ഒത്താശകളെല്ലാം ചെയ്യേണ്ടതാണു്. അതിലേക്കുവേണ്ട സൽബുദ്ധിയും വിവേചനവും എല്ലാവർക്കും ഉണ്ടാകുവാൻ കർത്താവിനോടു നമുക്കു് പ്രാർത്ഥിക്കാം.

# യാക്കോബായ സഭയും ക്രിസ്തീയ പുനരൈക്യവും

## (ഫാദർ തോമസ് മണ്ണഞ്ചേരി)

ക്നാനായ കത്തോലിക്കാസഭയുടെ വാർഷിക സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട് ഈ അടുത്ത കാലത്ത് കാതോലിക്കാബാവാ ശ്രദ്ധേയമായ ചില ആശയങ്ങൾ വെളിപ്പെടുത്തുകയുണ്ടായി. പടർന്നുപന്തലിച്ച മുന്തിരിവള്ളിയിലെ വിഭിന്നശിഖരങ്ങൾ എന്നപോലെ ക്രിസ്തുവിൻെറ ശരീരത്തിലെ വിവിധ അവയവങ്ങളാണ് ക്രൈസ്തവ സഭാംഗങ്ങളെന്നും ''ഏക ഇടയനും ഏക തൊഴുത്തും'' എന്ന വിശാലലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ക്രൈസ്തവസഭകൾ പ്രവർത്തിക്കണമെന്നും തിരുമേനി പറഞ്ഞു. തിരുമേനി തുടർന്ന് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി. ''കത്തോലിക്കാസഭയും യാക്കോബായസഭയും തമ്മിൽ കാതലായ വിശ്വാസഭിന്നതകൾ ഇല്ല. ഇതു് സമാധാനത്തിൻെറ കാലമാണ്. ജാതിചിന്തകൾക്കതീതമായി നാം പ്രവർത്തിക്കണം. ക്രിസ്തുവിനു ജാതിചിന്തകൾ ഇല്ലായിരുന്നു. ജോൺ മാർപ്പാപ്പാതിരുമേനിയും പോൾമാർപ്പാപ്പാതിരുമേനിയും സഭാഐക്യത്തിനും സമാധാനത്തിനും മഹത്തായ യത്നങ്ങൾ നടത്തിയിട്ടുണ്ട്. പോൾമാർപ്പാപ്പാതിരുമേനി ബോംബയിൽവച്ച് അത്യധികമായ സ്നേഹവാത്സല്യത്തോടെയാണ് എന്നെ സ്വീകരിച്ചതു്. ഇന്നും ഞാൻ അഭിമാനപൂർവ്വം അതു സ്മരിക്കുന്നു. അദ്ദേഹം എനിക്കു ഒരു കുരിശു് സമ്മാനിക്കുകയുണ്ടായി'' മാർപ്പാപ്പാതിരുമേനി സമ്മാനിച്ച കുരിശു് ബാവാതിരുമേനി ഉയർത്തി കാണിച്ചപ്പോൾ സദസ്യർ ഹർഷാരവം മുഴക്കി.

കത്തോലിക്കാബാവായുടെ മേൽ വിവരിച്ച പ്രസംഗം തെളിയിക്കുന്നതു് തിരുമേനി ക്രിസ്തീയ പുനരൈക്യത്തെ ആത്മാർത്ഥമായി അഭിലഷിക്കുന്നു എന്നാണ്. പോൾ മാർപാപ്പാ തിരുമേനിയുമായി ബോംബയിൽവെച്ചു നടന്ന കൂടിക്കാഴ്ചയെ അദ്ദേഹം അത്യധികം വിലമതിക്കുന്നതായി അറിയിച്ചിട്ടുണ്ടല്ലോ. സകലമാന അകത്തോലിക്കാസഭകളേയും മാർപ്പാപ്പാ സ്നേഹപൂർവ്വം കത്തോലിക്കാസഭയിലേക്കു ക്ഷണിച്ചുകൊണ്ടാണിരിക്കുന്നതു്. കത്തോലിക്കരും യാക്കോബായക്കാരും തമ്മിൽ വിശ്വാസം സംബന്ധിച്ചു കാതലായ യാതൊരു ഭിന്നതയും ഇല്ലെന്നു് കാതോലിക്കാബാവാ പ്രസ്താവിച്ചിട്ടുള്ള ഭാഗം പ്രത്യേകം ശ്രദ്ധേയമാണ് ''ഏകവും പരിശുദ്ധവും കാതോലികവും അപ്പസ്തോലികവും ആയ സഭയിൽ ഞാൻ വിശ്വസിക്കുന്നു'' എന്നുള്ള നിഖ്യാ വിശ്വാസപ്രമാണത്തെ കത്തോലിക്കരും യാക്കോബായക്കാരും തുല്യനിലയിൽ സ്വീകരിക്കുന്നു. വിശുദ്ധ കുർബാനയിലെ ക്രിസ്തുവിൻെറ യഥാർത്ഥ സാന്നിദ്ധ്യത്തെ കത്തോലിക്കരെപ്പോലെ യാക്കോബായക്കാരും യാതൊരു തർക്കവും കൂടാതെ വിശ്വസിക്കുന്നു. വിശുദ്ധ കുർബാന ബലിയും കൂദാശയും ആണെന്നുള്ളതിനെപ്പററി കത്തോലിക്കരെപ്പോലെതന്നെ യാക്കോബായക്കാർക്കും യാതൊരു സംശയവും ഇല്ല. കത്തോലിക്കാ വൈദികർ ദിവ്യബലി അർപ്പിക്കുന്നതുപോലെ യാക്കോബായ വൈദികരും ദിവ്യബലി അർപ്പിച്ചുകൊണ്ടിരിക്കുന്നു തിരുസഭക്കു സിദ്ധിച്ചിരിക്കുന്ന പാപമോചനാധികാരത്തെയും രഹസ്യകുമ്പസാരത്തിൻെറ ആവശ്യത്തേയും കത്തോലിക്കരും യാക്കോബായക്കാരും നിസ്സംശയമായി വിശ്വസിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. ക്രിസ്തു മനുഷ്യവർഗ്ഗത്തിൻെറ രക്ഷക്കും വിശുദ്ധീകരണത്തിനും വേണ്ടി ഏഴു കൂദാശകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ആ കൂദാശകളെല്ലാം കൃപാവരത്തിൻെറ മാർഗ്ഗങ്ങളാണെന്നും കത്തോലിക്കരും യാക്കോബായക്കാരും തർക്കരഹിതമായി സമ്മതിച്ചുകൊണ്ടാണിരിക്കുന്നതു്. ക്രിസ്തീയ വിവാഹത്തിൻെറ അലംഘനീയമായ നിലയേയും വിവാഹമോചനവും ഭാര്യയോ ഭർത്താവോ ജീവിച്ചിരിക്കുമ്പോൾ പുനർവിവാഹവും നിഷിദ്ധമാണെന്നും കത്തോലിക്കരെപ്പോലെ യാക്കോബായക്കാരും സമ്മതിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. യാക്കോബായക്കാർ ഒരു പൊതുസൂനഹദോസ് എന്ന നിലയിൽ കാൽച്ചെഡോനിയാ സൂനഹദോസിൻെറ പ്രാമാണ്യത്തെ നിഷേധിക്കുന്നുവെങ്കിലും കേരളത്തിലെ യാക്കോബായക്കാർ ഒരിക്കലും ഏകസ്വഭാവവാദം' സ്വീകരിച്ചിട്ടില്ലായെന്നാണ് ദിവംഗതനായ

തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനി പ്രസ്താവിച്ചിട്ടുള്ളതു്. ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും എന്ന രണ്ടു വിഭിന്ന സ്വഭാവങ്ങൾ ഉണ്ടെന്നും എന്നാൽ ക്രിസ്തുവിൽ ദൈവമായ ഒരാൾ മാത്രമേയുള്ളുവെന്നും കത്തോലിക്കരെപ്പോലെ കേരളത്തിലെ യാക്കോബായക്കാരും വിശ്വസിച്ചുകൊണ്ടാണിരിക്കുന്നതു്. ക്രിസ്തുവിൽ ദിവ്യത്വവും മനുഷ്യത്വവും തമ്മിൽ കലർച്ച ഉണ്ടായിട്ടില്ലെന്നും ദിവ്യത്വവും മനുഷ്യത്വവും ഉള്ളവനായ ക്രിസ്തു ഏകവ്യക്തിമാത്രമാണെന്നും ഉള്ളതാണു് കേരളത്തിലെ യാക്കോബായക്കാരുടെ വിശ്വാസമെന്നാണു് യാക്കോബായ റിക്കാട്ടുകളെ ആധാരമാക്കി മാർ ഈവാനിയോസു തിരുമേനി വ്യക്തമാക്കിയിട്ടുള്ളതു്. ഇതുതന്നെയാണു് കത്തോലിക്കരുടെ വിശ്വാസവും എന്നതു് തർക്കമററകാര്യമാണല്ലോ.

ദൈവമാതാവിനോടുള്ള അതിരററ ഭക്തി ബഹുമാനങ്ങളാണല്ലോ പ്രോട്ടസ്റ്റൻറുകാരുടെ പുനരൈക്യത്തിനു് ഒരു തടസ്സമായി ഉന്നയിക്കപ്പെടാറുള്ളതു്. എന്നാൽ യാക്കോബായക്കാർ ദൈവമാതൃഭക്തിയിൽ ഒട്ടും പിന്നോക്കമല്ലെന്നു മാത്രമല്ല, അവരുടെ ഔദ്യോഗിക ഗ്രന്ഥങ്ങൾ തെളിയിക്കുന്നതു്. ദൈവമാതൃഭക്തി അവരുടെ ഇടയിൽ കത്തോലിക്കരുടേതിനേക്കാൾ വളരെയധികം പുരോഗമിച്ചിട്ടുണ്ടെന്നുമാണു്. ദൈവമാതാവിൻെറ നിത്യകന്യകത്വത്തെ യാക്കോബായക്കാർ നിസ്സംശയം വിശ്വസിക്കുന്നു. ദൈവമാതാവിനു് സിദ്ധിച്ചിട്ടുള്ള അതുല്യവും മഹനീയവും ആയ സ്ഥാനവിശേഷങ്ങളെ യാക്കോബായക്കാർ സമ്മതിക്കുകയും കന്യകാമാതാവിനെ അവരുടെ പ്രാർത്ഥനാക്രമങ്ങളിൽ വളരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. യാക്കോബായക്കാരുടെ അനേകം പ്രാർത്ഥനകൾ കന്യകാമാതാവിൻെറ മാദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ടാണു് സമാപിക്കാറുള്ളതു്. കത്തോലിക്കരേപ്പോലെ യാക്കോബായക്കാരും 'നന്മനിറഞ്ഞമറിയമേ' എന്ന നമസ്കാരം ചൊല്ലി ദൈവമാതാവിനെ അനുദിനം സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്തുകൊണ്ടാണിരിക്കുന്നതു്. കത്തോലിക്കരെപ്പോലെ യാക്കോബായക്കാരും ദൈവമാതാവിൻെറ അമലോത്ഭവത്തിൽ വിശ്വസിക്കുന്നവരാണെന്നു് തെളിയിക്കുവാൻ കഴിയും. പിറവം യാക്കോബായപ്പള്ളിയിലെ ഭിത്തിയിൽ യാക്കോബായസഭ അംഗീകരിച്ചിട്ടുള്ള പെരുനാളുകളുടെ പട്ടിക ചേർത്തിട്ടുള്ളതിൽ ഡിസംബർ എട്ടാം തീയതി 'തമ്പുരാനെ പെററയമ്മയെ ഗർഭം ധരിച്ച പെരുനാൾ, എന്നു രേഖപ്പെടുത്തിയിട്ടുള്ളതു് കാണാൻ കഴിയും. ഇതുതന്നെയാണു് കത്തോലിക്കാസഭ സ്വീകരിച്ചിട്ടുള്ളതും പ്രഖ്യാപിച്ചിട്ടുള്ളതുമായ അമലോത്ഭവത്തിരുനാൾ. ദൈവമാതാവിൻെറ 'സ്വർഗ്ഗാരോപണത്തെ'പ്പററി യാക്കോബായസഭയുടെ പുരാതന വിശ്വാസം എന്താണെന്നു് റോമിൽനിന്നും ചോദ്യമുണ്ടായപ്പോൾ പ. കന്യകാമാതാവിൻെറ സ്വർഗ്ഗാരോപണത്തെ നിസ്സംശയം വിശ്വസിക്കുന്നുവെന്നു അനേകം പുരാതനരേഖകൾ ഉദ്ധരിച്ചുകൊണ്ടു് മാർ ഈവാനിയോസു് തിരുമേനി തെളിയിക്കുകയുണ്ടായി.

ഇനി മാർപ്പാപ്പായുടെ പരമാധികാരത്തെപ്പററിയാണു് പ്രസ്താവിക്കുവാനുള്ളതു്. മാർപ്പാപ്പായുടെ പരമാധികാരവും യാക്കോബായസഭ വിശ്വസിക്കുന്നതായി അവരുടെ പ്രധാന നിയമഗ്രന്ഥമായ ഹൂദായകാനോൻ വെളിപ്പെടുത്തുന്നുണ്ടു്. ഹൂദായ കാനോൻ എട്ടാം കേപ്പാലയോനിൽ ഇങ്ങനെ വായിക്കുന്നു. "ഭൂലോകത്തിൻെറ നാലു ഭാഗങ്ങൾ അനുസരിച്ചു് നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. അവരുടെ കൂട്ടത്തിൽ ഉന്നതശ്രേഷ്ഠാധികാരി റോമ്മാപാത്രിയർക്കീസായിരിക്കണം." ഇതിനും പുറമേ യാക്കോബായക്കാർ അംഗീകരിക്കുന്ന ഒരു മുഖ്യരേഖയായ നിഖ്യാസൂനഹദോസിൻെറ അറബി കാനോൻ 44-ാം കാനോനായിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ഒരു പാത്രിയർക്കീസിനു് തൻെറ കീഴുള്ള ജനങ്ങളുടെമേൽ അധികാരമുള്ളതുപോലെ റോമ്മാപാത്രിയർക്കീസിനു് സകലമാന പാത്രിയർക്കീസന്മാരുടെമേലും അധികാരമുണ്ടായിരിക്കണം. എന്തെന്നാൽ രക്ഷിക്കപ്പെട്ട ജനത്തിന്മേലും അവരുടെ സകല പള്ളികളിന്മേലും അയാൾ മിശിഹായുടെ വികാരിയായിരിക്കുന്നു."

ഈ വക രേഖകളുടെ വെളിച്ചത്തിൽ യാക്കോബായക്കാർക്കു് കത്തോലിക്കാസഭയുടെ വിശ്വാസം സ്വീകരിക്കാൻ യാതൊരു പ്രയാസവും ഉണ്ടാകുന്നതല്ലെന്നു് നിസ്സംശയമായി തെളിയുന്നു. യാക്കോബായസഭയേപ്പോലെ വിശ്വാസകാര്യങ്ങളിൽ കത്തോലിക്കാസഭയോടു ഏററവും അടുത്തു നില്ക്കുന്ന സഭക

ളെ ലോകത്തിൽ വേറെ ഒരിടത്തും കാണാൻ സാധിക്കുന്നതല്ലാ. യാക്കോബായക്കാർ ഇത്ര ദീർഘകാലമായി കത്തോലിക്കാസഭയിൽ നിന്നു് അകന്നു നിൽക്കാൻ ഇടയായതിനെ പ്പററി നാം അതിയായി ദുഃഖിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ പോൾ മാർപാപ്പാ യാക്കോബായക്കാരെയെല്ലാം കത്തോലിക്കാസഭയിലേക്ക് സസന്തോഷം ക്ഷണിച്ചുകൊണ്ടിരിക്കുകയാണു്. യാക്കോബായക്കാരുടെ പുനരൈക്യം സംബന്ധിച്ചുണ്ടായിരുന്ന സകല പ്രതിബന്ധങ്ങളും ഇപ്പോൾ നീക്കിയിരിക്കുകയാണു്. കേരള യാക്കോബായസഭയുടെ മേലദ്ധ്യക്ഷനായ കാതോലിക്കാബാവായും ശേഷം മെത്രാന്മാരെല്ലാവക്കും പുനരൈക്യത്തിന്റെ ആവശ്യം ഇപ്പോൾ ബോദ്ധ്യപ്പെട്ടിരിക്കുകയാണല്ലോ.

പുനരൈക്യത്തിന്റെ കാര്യത്തിൽ വിജയപൂർവ്വം പ്രവത്തിച്ച മഹാനും പണ്ഡിതനും പുണ്യശ്ലോകനും ആയ മാർ ഈവാനിയോസ് തിരുമേനി കാലം ചെയ്തിട്ടു പന്ത്രണ്ടു സംവത്സരങ്ങൾ പൂത്തിയാകുന്ന സന്ദർഭമാണല്ലോ ഇതു്. കേരളത്തിലെ യാക്കോബായക്കാരെയെല്ലാം കത്തോലിക്കാസഭയുടെ ഐക്യത്തിലേക്കു കൂട്ടിക്കൊണ്ടുവരണമെന്നുള്ളതു് തന്റെ ജീവിതത്തിന്റെ മുഖ്യലക്ഷ്യമായിട്ടാണു് അദ്ദേഹം കരുതിയിരുന്നതു്. യാക്കോബായസഭയിലെ പ്രബുദ്ധരും സംസ്കാരസമ്പന്നരുമായ ജനങ്ങളെല്ലാം മാർ ഈവാനിയോസു് തിരുമേനിയുടേയും ഇന്നത്തെ കാതോലിക്കാബാവാതിരുമേനിയുടേയും അഭിലാഷം അനുസരിച്ചു് കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെടുന്ന കാര്യം അവരുടെ മുഖ്യമായ ആവശ്യവും കടമയും ആയി കരുതേണ്ടതാണു്. പ്രോട്ടസ്റ്റൻറുസഭകളെപ്പോലെ കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെടുന്നതിനു് യാക്കോബായക്കാർക്കു കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങൾ യാതോരുവിധത്തിലും പ്രതിബന്ധങ്ങളായി നിൽക്കുന്നില്ലെന്നുള്ള കാര്യം മുകളിൽ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. കത്തോലിക്കരെപ്പോലെ ഒരേ സമുദായമായി നിൽക്കേണ്ടവരും തോമ്മാശ്ലീഹായുടെ മക്കൾ എന്നുള്ള സ്ഥാനത്തിനു് കത്തോലിക്കരെപ്പോലെ അർഹരുമായ യാക്കോബായ സഹോദരങ്ങൾ സത്യസഭാമാതാവായ കത്തോലിക്കാസഭയുടെ മടിയിൽ കാലവിളംബമെന്യ വന്നുചേരുമെന്നുള്ള പ്രതീക്ഷയോടുകൂടി ഈ ലേഖനം സമാപിപ്പിച്ചുകൊള്ളുന്നു.

# ചോദ്യോത്തരപംക്തി

**ചോദ്യം.**— "പാപം ചെയ്ത രൂബേലിനു മൃഗങ്ങളുടെ രക്തത്താൽ മോശ ജീവൻ നല്കി എങ്കിൽ വിശ്വാസികളായ മരിച്ചപോയവക്കുവേണ്ടി കഴിക്കപ്പെടുന്ന മിശിഹായുടെ ജീവനുള്ള ബലിയാൽ അവർ എത്രയോ അധികം ജീവനും പാപമോചനവും പ്രാപിക്കും" എന്നു് വിശുദ്ധ കുർബാനക്രമത്തിലെ ഒരു പ്രാത്ഥനയിൽ കാണുന്നുണ്ടല്ലോ. ഇതിൽ പറയുന്ന രൂബേൽ ആരാണു്? അദ്ദേഹം ചെയ്ത പാപം എന്താണു്? അദ്ദേഹത്തിനു മോശ ജീവൻ കൊടുത്തതായി എവിടെ പറഞ്ഞിരിക്കുന്നു?

**ഉത്തരം:**— ഇതിലെ രൂബേൽ യാക്കോബിൻെറ ഭാര്യ ലേയായുടെ ആദ്യജാതനായ രൂബൻ തന്നെയാണു്. (ഉല്പ: 29: 32) പ്രോട്ടസ്റ്റൻറു ബൈബിളിൽ രൂബൻ എന്നും സുറിയാനി ബൈബിളിൽ രൂബേൽ എന്നും കൊടുത്തിരിക്കുന്ന പേരു് ഒരാളിൻേറതുതന്നെയാണെന്നു് പ്രോട്ടസ്റ്റൻറു ബൈബിളും സുറിയാനിബൈബിളും കൂടി എടുത്തുവച്ചു് താഴെപ്പറയുന്ന വാക്യങ്ങൾ പരിശോധിച്ചു നോക്കിയാലറിയാം. ഉല്പ: (35: 22-23) (37: 21) (46: 9) (49: 3) പുറ: (6: 14) സംഖ്യ (1: 21) (2: 10) (7: 30) (13: 5) (32: 2) (32: 25) ആവർത്തനം (33: 6) വേദപുസ്തകത്തിൽ ഒരാൾക്കു് ഒന്നിലധികം പേരുകൾ ഉണ്ടാകുന്നതും ഭാഷവ്യത്യാസം കൊണ്ടു് പേരിനു രൂപവ്യത്യാസം ഭവിക്കുന്നതും ചിലടത്തു കാണാവുന്നതാണു്.

ഈ രൂബൻ യാക്കോബിൻെറ വെപ്പാട്ടിയായ ബിൽഹായോടുകൂടെ ശയിച്ചു എന്നതാണു് അദ്ദേഹത്തിൻെറ പാപം. (ഉല്പ: 35: 22) അതു് യാക്കോബറിഞ്ഞു. "രൂബൻ വെള്ളംപോലെ അസ്ഥിരതയുള്ളവൻ. അവൻ ശ്രേഷ്ഠതപ്പെടുകയില്ല എന്തെന്നാൽ അവൻ തൻെറ പിതാവിൻെറ കട്ടിലിൽ കയറി അശുദ്ധമാക്കി" (ഉല്പ: 49: 4) എന്നു പറഞ്ഞു. ഇതുകൊണ്ടു് രൂബൻ നാശാർഹനും ശാപാർഹനും ആയിത്തീന്നുവെന്നു് എല്ലാവരും പരിഗണിച്ചു. എന്നാൽ മററു ചില കാര്യങ്ങളിൽ രൂബേൽ നല്ലവനായിരുന്നു. സഹോദരന്മാർ യൗസേഫിനെക്കൊല്ലാൻ ശ്രമിച്ചപ്പോൾ അതിനെ തടഞ്ഞു് യൗസേപ്പിനെ രക്ഷിച്ചതു് രൂബേലായിരുന്നു. (ഉല്പ: 37: 21) ധാന്യം വാങ്ങാൻ മിസ്രേമിലേക്കു പോകുന്നതിനു് ബന്യാമിനേക്കൂടി അയച്ചാൽ യാതൊരപകടവും കൂടാതെ ബന്യാമിനെ തിരികെ കൊണ്ടുവരാമെന്നുള്ളതിനു് യാക്കോബിൻെറ അടുക്കൽ ജാമ്യം കൊടുത്തതു് രൂബേലാണു്. (ഉല്പ: 42: 37)

ഒടുവിൽ യൗസേപ്പിൻെറയും മററും ക്ഷണമനുസരിച്ചു് മിസ്രേമിലേക്കു പോയ യാക്കോബിൻെറ കുടുംബത്തോടു ചേർന്നു് രൂബേലും മക്കളും കൂടി മിസ്രേമിലേക്കു് പോയി. അവിടെവച്ചു് രൂബേൽ മരിച്ചു. മോശയുടെ കാലത്തു് യുദ്ധം ചെയ്യത്തക്ക ഇരുപതു വയസ്സിൽ കൂടുതൽ പ്രായമുള്ള രൂബേലിൻെറ മക്കൾ നാല്പത്തിആറായിരത്തി അഞ്ഞൂറു പേരുണ്ടായിരുന്നെന്നു് സംഖ്യാ പുസ്തകത്തിൽ കാണുന്നു. (സംഖ്യ 1: 21) മിസ്രേമിലെ അടിമക്കാലത്തു് ഇസ്രായേൽക്കാക്കു് യാതൊരുവിധ ദൈവാരാധനക്കും സ്വാതന്ത്ര്യമില്ലായിരുന്നു. മിസ്രേമിലെ വിഗ്രഹാരാധന കണ്ടുപഠിക്കാതിരിക്കുന്നതിനു് അതവർക്കു് സഹായകമായിത്തീന്നു.

രൂബേൽ മരിച്ചു് നാനൂറു സംവത്സരം കഴിഞ്ഞാണു് മോശ വരുന്നതു്. മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽക്കാർ മിസ്രേം വിടുകയും സീനായി മലയിൽവച്ചു് ദൈവകല്പനയും ദൈവാരാധനക്കുള്ള സകല ഏർപ്പാടുകളും ദൈവത്തിൽ നിന്നും കൈക്കൊള്ളുകയും ചെയ്തു. ഇസ്രായേലിലെ ആദ്യജാതന്മാക്കുവേണ്ടി പലതരം മൃഗബലികൾ നടത്തുകയും പ്രധാനാചാര്യൻ ധരിക്കുന്ന എപ്പോദിൽ അവരുടെ പേരുകൾ കൊത്തുകയും കൂടാരപ്പെരുനാളിൽ ആണ്ടുതോറും നാലാം ദിവസത്തെ മൃഗബലികളും മററും രൂബേൽ ഗോത്രക്കാർ കഴിക്കുകയും ചെയ്തിരുന്നു. (സംഖ്യ 7: 30-35) ഈവിധ ബലികൾ മൂലം രൂബേൽ ശാപത്തിൽനിന്നും നാശത്തിൽനിന്നും രക്ഷിക്കപ്പെട്ടു ജീവൻ പ്രാപിച്ചതായി ആവത്തനപുസ്തകത്തിൽനിന്നു വ്യക്തമായി ഗ്രഹിക്കാം. അവിടെയാം ഇങ്ങനെ

വായിക്കുന്നു. "റൂബേൻ മരിക്കാതെ ജീവനോടിരിക്കട്ടെ. അവൻെറ ആണുങ്ങൾ സംഖ്യയിൽ വർദ്ധിക്കട്ടെ" എന്നു മോശ പറഞ്ഞു. ആവർത്തനം (33: 6) മൃഗങ്ങളുടെ ബലിമൂലം മോശ റൂബേലിനു് ശാപമോക്ഷം നൽകി എന്നു് പറയുന്നതു് ഈ പ്രസ്താവിച്ച വാക്യം മൂലമാണു്. മാത്രമല്ല, യോർദാനു് കിഴക്കുവശമുള്ള സ്ഥലങ്ങൾ പിടിച്ചു് രണ്ടരഗോത്രത്തിനു് വിഭജിച്ചുകൊടുത്തപ്പോൾ അതിൽ ഒരു വീതം റൂബൻ ഗോത്രക്കാർക്കു് അവകാശമായി കൊടുക്കുകയുംകൂടി ചെയ്തു. അതിനാലാണു് മരിച്ചുപോയ റൂബേലിനു മൃഗത്തിൻെറ ബലിയാൽ മോശ ജീവൻ നല്കി എങ്കിൽ ആ ബലിയുടെ സാക്ഷാൽ പൊരുളായ ക്രിസ്തുവിൻെറ ബലിയാകുന്ന കുർബാനയാൽ നമ്മുടെ പരേതർ എത്രയോ അധികം ജീവൻ പ്രാപിക്കും എന്നു കുർബാനക്രമത്തിൽ എഴുതിയിരിക്കുന്നതു്.

**ചോദ്യം:** നാം പരേതർക്കുവേണ്ടി പ്രാർത്ഥിച്ചാൽ വല്ല ഫലവുമുണ്ടാകുമോ? നന്മയെങ്കിലും തിന്മയെങ്കിലും അവർ ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇനിയും അതിൻെറ കൂലി പ്രാപിക്കുകയല്ലാതെ അതിനു വ്യത്യാസം വരുത്തുവാൻ ആർക്കെങ്കിലും കഴിയുമോ?

**ഉത്തരം:—** എല്ലാ മനുഷ്യരും ദൈവകല്പന ലംഘിച്ചു തെററിൽ വീണവരാണു്. നീതിമാൻ ആരുമില്ല. ഒരുത്തൻപോലുമില്ല. പരേതർക്കുവേണ്ടി നാം കഴിക്കുന്ന പ്രാർത്ഥനയും പ്രായശ്ചിത്തവും പരിഗണിക്കാതെ അവനവൻ ചെയ്ത പ്രവർത്തികൾ മാത്രം കണക്കാക്കിയാണു് കൂലി നല്കുന്നതെങ്കിൽ രക്ഷപെടുന്നവരായി ആരും കാണുകയില്ല. മനുഷ്യകുലത്തിനു് ഏക രക്ഷകനേയുള്ളു. അതു ക്രിസ്തുവാണു്. (നട: 4: 12) ആദാം മുതൽ ക്രിസ്തുവരെയുള്ള പരേതരുടെ തെററിനു് ക്രിസ്തുവിൻെറ യാഗം പ്രായശ്ചിത്തമായി തീരുന്നില്ലെങ്കിൽ ക്രിസ്തു അവർക്കു് രക്ഷകനായി തീരുന്നില്ല. ക്രിസ്തുവിൻെറ കുരിശുമരണം പരേതർക്കുവേണ്ടിയുള്ള ശ്രാർദ്ധകുർബാനകൂടിയായിരുന്നു എന്നു് ഇതിൽനിന്നു് ഗ്രഹിക്കാം. രാവിലെ വേലയ്ക്കുവന്നവർക്കും പതിനൊന്നാം മണിക്കു വേലയ്ക്കു വന്നവർക്കും ഒരുപോലെ കൂലി കൊടുക്കുന്നതിൽ പരാതിപ്പെട്ടവരോടു ക്രിസ്തു മറുപടി പറയുന്നതു് എനിക്കുള്ളവയെക്കൊണ്ടു് എൻെറ മനസ്സുപോലെ ചെയ്യുവാൻ എനിക്കു അവകാശമില്ലേയോ. ഞാൻ നല്ലവനായതുകൊണ്ടു് നിൻെറ കണ്ണു കടിക്കുന്നുവോ എന്നായിരിക്കും (മത്താ. 20: 15) നമ്മുടെ പരേതർക്കുവേണ്ടി നാം കഴിക്കുന്ന പ്രാർത്ഥനകൾ, ദാനധർമ്മങ്ങൾ, വി. കർമ്മങ്ങൾ ആദിയായവകൾ കൊണ്ടു് ദൈവത്തിനു് നമ്മുടെമേൽ മനസ്സലിവുണ്ടായാൽ നമ്മുടെ പരേതരുടെ തെററിനു പ്രായശ്ചിത്തമായി യേശുവിൻെറ പാപപരിഹാരയാഗം സ്വീകരിച്ചുകൊണ്ടു് അവരെ രക്ഷിക്കുവാൻ ദൈവത്തിനു കഴിയും. ആദാം മുതൽ ക്രിസ്തുവരെയുള്ള പരേതപിതാക്കന്മാർക്കുവേണ്ടിയും കൂടെയായിരുന്നു ക്രിസ്തു വീണ്ടെടുപ്പുതർപ്പമായി മരിച്ചതു്. ആ സ്ഥിതിക്കു് നമ്മുടെ പരേതർക്കുവേണ്ടി നമുക്കൊന്നു പ്രാർത്ഥിച്ചുകൂടായോ? അതു പാടില്ലെന്നു് പറയുന്നതു ക്രിസ്തു കാണിച്ചിരിക്കുന്ന ദൃഷ്ടാന്തത്തിനു് വിരുദ്ധമാണു്.

(പീലിപ്പോസ് റമ്പാൻ)


**For favours received**



**Inserted by**
Miss. Rosamma Mathew
Koduppana, Chemmani,
KONNI.

# ലീജിയൻ ഒരിടവകവികാരിയുടെ വീക്ഷണത്തിൽ

## ഓരോ ഇടയനും സേവനസന്നദ്ധമായ ഒരു സൈന്യം.

(റവ. ഡോ. ജോർജ്ജ് പാലത്തുമ്പാട്ട്)

ലീജിയൻ ഓഫ് മേരി കേരളാസെനാത്തുസിന്റെ ആഭിമുഖ്യത്തിൽ 1965 ആഗസ്റ്റ് 15-നു പാലായിൽവച്ചു നടത്തുന്ന ലീജിയൻ രജതജൂബിലിയാഘോഷത്തിന്റെ പശ്ചാത്തലത്തിൽ, ലീജിയൻ പ്രേഷിതസംഘടനയെ കേരളത്തിലെ ഓരോ വൈദികനും ഓരോ വിശ്വാസിയും ശരിക്കു വിലയിരുത്തുവാൻ സഹായിക്കുന്ന ഈ ലേഖനം ഒരമേരിക്കൻ വൈദികസുഹൃത്തിന്റെ കത്തിലെ പ്രസക്തഭാഗമാണെന്നു പ്രസ്താവിക്കുവാൻ സന്തോഷമുണ്ട്. ആത്മാക്കൾക്കുവേണ്ടി ദാഹിക്കുന്ന ദൈവസ്നേഹികൾക്കു് ലീജിയൻസംഘടനയെ അകമഴിഞ്ഞു് സ്നേഹിക്കാതിരിക്കാൻ സാദ്ധ്യമല്ല എന്നും ഇതിൽനിന്നു് വ്യക്തമാകുന്നുണ്ട്. ആ വൈദികസത്തമന്റെ അനുഭവസാക്ഷ്യം നമുക്കു ശ്രവിക്കാം.

ലീജിയൻ ഓഫ് മേരി എന്ന സംഘടനയുടെ ഒരു ഗ്രൂപ്പു തുടങ്ങി പ്രവർത്തനമാരംഭിക്കുന്നതിനു് ഉത്സാഹശാലികളായ എന്റെ കുറെ ഇടവകാംഗങ്ങൾക്കു് മനസ്സില്ലാമനസ്സോടെ ഞാൻ അനുവാദം നല്കിയ ആ സൗഭാഗ്യദിനത്തിൽ ആദ്ധ്യാത്മികമായ ഒരണുബോംബ് എന്റെ ഇടവകയിൽ ഇടുകയായിരുന്നു ഞാൻ. ഇടവകയിൽ 'പുതിയതു' വല്ലതും ഇറക്കുമതി ചെയ്യാൻ തുടങ്ങുന്നവരോടു് ഏതൊരു ഇടവകവികാരിക്കും സ്വാഭാവികമായി തോന്നാറുള്ള പ്രതികരണമാണു് ആദ്യം എന്നിലുമുണ്ടായതെന്നു സമ്മതിക്കുന്നു. പണ്ടേതന്നെ ഇടവക സംഘടനകൾ കുന്നുകൂടി കിടക്കുന്നിടത്തു് ഒന്നുകൂടി പടച്ചുവിടുന്നതു് ബുദ്ധിപൂർവ്വകമല്ലെന്നെനിക്കു തോന്നി. സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ള ഏതെങ്കിലുമൊരു പ്രേഷിതസംഘടനയിൽ ചേർന്നു പ്രവർത്തിച്ചാൽ ഇടവകാംഗങ്ങളുടെ പ്രേഷിതാഭിരുചിയെ ഉദ്ദീപിപ്പിക്കാൻ സാധിക്കുമല്ലോ എന്നു ഞാൻ വിചാരിച്ചു. ലീജിയൻ ഓഫ് മേരിയെപ്പററി അപ്പോഴെല്ലാം എനിക്കുണ്ടായിരുന്ന അപര്യാപ്തമായ ധാരണയാണിങ്ങനെ ചിന്തിക്കാൻ എന്നെ പ്രേരിപ്പിച്ചതെന്നു് ഇപ്പോൾ എനിക്കു തികച്ചും ബോദ്ധ്യമായിരിക്കുന്നു.

### അതിശ്രേഷ്ഠമായ ഒരു പ്രേഷിത സംഘടന.

എന്റെ അറിവിൽപെട്ടിടത്തോളം നിലവിലുള്ള സകല ഇടവകസംഘടനകളിലുംവച്ചു് എനിക്കിന്നു് ഏററം പ്രിയംകരമായതാണു് ലീജിയൻ എന്നു പറയാൻ ഞാൻ ഒട്ടും സംശയിക്കുന്നില്ല. ലീജിയനെപ്പററി അറിയാവുന്ന ഒരിടവകവികാരിയോടു് "അച്ചാ, ലീജിയന്റെ നേരെ അങ്ങയുടെ പ്രതീകരണം എന്താണെ"ന്നു ചോദിക്കുന്നതു്, "അച്ചാ, ദിവ്യജനനി അങ്ങയുടെ ഇടവകയിൽ പ്രത്യക്ഷപ്പെട്ടു, ആത്മാക്കളെ നേടുന്നതിനു് അങ്ങേ സഹായിച്ചുകൊണ്ടു് വേല ചെയ്യുന്നതിൽ അങ്ങേക്കുള്ള പ്രതികരണമെന്താണെന്നു്" ചോദിക്കുന്നതിനു് തുല്യമാണു്. കാരണം, ഓരോ ലീജിയൻ അംഗവും പരിശുദ്ധമാതാവിന്റെ അത്യഗാധമായ എളിമയേയും അതിന്മേൽ ബലിഷ്ഠമായി കെട്ടിപ്പടുത്തിട്ടുള്ള സുകൃതങ്ങളേയും അനുകരിക്കുവാനും മനുഷ്യന്റെ എല്ലാ ജീവിതതുറയിലേക്കും രക്ഷയുടെ ദൗത്യം എത്തിക്കുന്നതിനും പരിശ്രമിക്കുന്നു. തന്റെ ഓരോ അംഗത്തേയും വിശുദ്ധീകരിക്കുന്ന കാര്യത്തിൽ ലീജിയൻ അചഞ്ചലമായ വിധത്തിൽ പ്രതിജ്ഞാബദ്ധയാണു്. തന്റെ കത്തോലിക്കത്വത്തിന്റെ ഉത്തരവാദിത്വം എത്രമാത്രമെന്നു് സുസ്പഷ്ടമായ അറിവുള്ളതിനാൽ ലീജിയനംഗത്തിനു് വിശുദ്ധി പ്രാപിക്കാനുള്ള ആഗ്രഹം അകററി നിർത്തുക സാദ്ധ്യമല്ല. ആത്മാക്കൾക്കുവേണ്ടി തങ്ങളുടെ ഇടയനോടൊന്നു ചേർന്നു് പ്രേഷിതവേല ചെയ്യുന്ന രീതികൊണ്ടതവർ തെളിയിക്കുന്നു. എന്റെ അനുഭവത്തിൽ, ലീജിയൻപോലെ കാര്യക്ഷമതയും പ്രബുദ്ധതയുമുള്ള പ്രേഷിതശാഖയില്ലാത്ത ഒരിടവക, ജീവൻപോലെ പ്രാധാന്യമുള്ള ഒന്നിന്റെ അഭാവം അനുഭവിക്കുന്നു എന്നു തീർത്തു പറയാവുന്നതാണു്.

## ഇടയനും ആട്ടുകുട്ടികൾക്കും ഇടയ്ക്കുള്ള കണ്ണി.

എന്റെ ലീജിയൻ ഘടകം ആരംഭിക്കുമ്പോൾ ഇടവകയിൽ 750 കുടുംബങ്ങളേ ഉണ്ടായിരുന്നുള്ളു. ഈ കുടുംബങ്ങളെപ്പറ്റി എനിക്കു് സാമാന്യം നല്ലവണ്ണം അറിയാമായിരുന്നു എന്നാണു് ഞാൻ വിചാരിച്ചിരുന്നതു്. ക്രമമായി അംഗസംഖ്യ തിട്ടപ്പെടുത്തുന്ന രീതി ഞാൻ തുടർന്നിരുന്നില്ലെങ്കിലും റിക്കാർഡുകളെല്ലാം കാലാനുസൃതമായി സൂക്ഷിക്കുന്ന കാര്യത്തിൽ കഴിവിന്റെ പരമാവധി പരിശ്രമിച്ചിട്ടുണ്ടു്. എന്നാൽ ക്രമേണ ലീജിയനിൽക്കൂടിയാണു് എനിക്കു മനസ്സിലായതു്, എന്റെ ഇടവകാംഗങ്ങളുടെ ആവശ്യങ്ങളേയും പ്രശ്നങ്ങളേയും പറ്റി കേവലം ഉപരിപ്ലവമായ ഒരറിവായിരുന്നു എനിക്കുണ്ടായിരുന്നതെന്നു്. ആറു വർഷം മുമ്പു് ഇടവകയിൽ ലീജിയൻ തുടങ്ങിയപ്പോൾ ഉണ്ടായിരുന്നതിൽനിന്നു് ഇടവക ബാഹ്യമായി അധികമൊന്നും വളർന്നിട്ടില്ല. പക്ഷേ, ഇന്നു് ഇടവകയിൽ ക്രമമായി കുമ്പസാരിച്ചു് വി. കർബാന സ്വീകരിക്കുന്നവരുടെ സംഖ്യ നാലിരട്ടിയായി വർദ്ധിച്ചിട്ടുണ്ടു്. കത്തോലിക്കാസ്കൂളുകളിൽ പ്രവേശിക്കാൻ എന്തെങ്കിലും സാദ്ധ്യതയുള്ള എല്ലാ കത്തോലിക്കാകുട്ടികളും കത്തോലിക്കാസ്കൂളുകളിൽ തന്നെ പ്രവേശിച്ചുകഴിഞ്ഞു. കൂടാതെ അമ്പതിൽപരം വഴിപിഴച്ച വിവാഹങ്ങൾ നേരെയാക്കുകയും ആശീർവദിക്കുകയും ചെയ്തിട്ടുണ്ടു്. വീടാംതോറുമുള്ള ലീജിയൻ പ്രവർത്തനഫലമായിരുന്നു ഇവ. എന്റെ ഇടവകയിലെ ഓരോ വീട്ടും ആണ്ടിൽ കുറഞ്ഞതു് രണ്ടു പ്രാവശ്യമെങ്കിലും ഞാനും എന്റെ ലീജിയനംഗങ്ങളും സന്ദർശിക്കുന്നുണ്ടു്.

## അനുഭവസാക്ഷ്യം മുൻവിധികളെ തുരത്തുന്നു.

ഞങ്ങൾ ലീജിയൻ തുടങ്ങിയതു് ആദ്യം അത്ര ശരിയായിട്ടൊന്നുമായിരുന്നില്ല. ഏതാണ്ടു രണ്ടു വർഷത്തേക്കു് ഞാനശ്ശേഷം വിശ്വസിച്ചിരുന്നില്ല, ലീജിയൻ അധികം നീണ്ടു നില്ക്കുന്ന ഒരു പ്രസ്ഥാനമായിരിക്കുമെന്നു്. ആദ്യത്തെ അതിന്റെ അംഗങ്ങൾ ഇടവകക്കാരിൽ ഏറ്റം നല്ലവരോ, ഏറ്റം വിശ്വസ്തരോ ആയിരുന്നില്ലെന്നുള്ളതും എന്റെ ശ്രദ്ധയിൽ പെട്ടിരുന്നു. ഇതുകൊണ്ടൊക്കെ മറ്റു പല 'ആദർശ'പരിപാടികൾക്കു് സംഭവിച്ചതുപോലെ ഇതും ക്രമേണ വാടി ക്ഷയിച്ചുപോകുമെന്നാണു് ഞാൻ വിചാരിച്ചതു്. അതിനാൽ ആദ്യമായി ഞാൻ ലീജിയനു് ഒരു ജോലി നിർദ്ദേശിച്ചുകൊടുത്തപ്പോൾ (ഇടവകയിലുള്ള ഓരോ വീട്ടും സന്ദർശിക്കുക എന്ന ജോലി) യാതൊരത്ഭുതവും കാണാൻ ഞാൻ കാത്തിരുന്നില്ല. ലീജിയനെപ്പറ്റി അന്നെനിക്കുണ്ടായിരുന്ന അന്ധതയിൽ ഇന്നു് എനിക്കു് അത്ഭുതം തോന്നുന്നു.

സാധാരണക്കാരായ എന്റെ ഇടവകാംഗങ്ങളിൽ ലീജിയൻ അംഗത്വം സ്വീകരിച്ചവർ സുശിക്ഷിതരും തീക്ഷ്ണമതികളുമായ പ്രേഷിതരായിത്തീർന്നു. ഒരു സൈന്യമെന്ന സംജ്ഞയ്ക്കു് അക്ഷരാർത്ഥത്തിൽ യോഗ്യതയുള്ള ലീജിയന്റെ അംഗങ്ങൾ മറിയത്തോടും സഭയോടുമുള്ള അവരുടെ അഗാധമായ ഭക്തിയിൽ കൂടി ഒരുത്തമ സൈനികനാവശ്യമായ സകല സുകൃതങ്ങളും പരിശീലിക്കുകയും പരിപോഷിപ്പിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നു. നിർദ്ദേശിക്കപ്പെട്ട ജോലി നിർവ്വഹിക്കുന്നതിനു് തങ്ങളുടെ വ്യക്തിപരമായ പല താല്പര്യങ്ങളും ത്യജിച്ചും സഹിച്ചും ഞാൻ നിർദ്ദേശിക്കുന്ന എല്ലാ വേലകളും സസന്തോഷം എന്റെ ലീജിയനംഗങ്ങൾ നിർവഹിക്കുന്നതായിട്ടാണു് കാണുന്നതു്. ഞായറാഴ്ചകളിൽ മാത്രം ഉച്ച കഴിഞ്ഞു് കുറെ വിശ്രമസമയം ലഭിച്ചിരുന്നതു്, ഭവനവാതുക്കലുള്ള മണിയടിക്കായി മാത്രം നാലു മാസക്കാലം ഉപേക്ഷിച്ച മൂന്നു പുരുഷന്മാരായ സൈനികരെ എനിക്കറിയാം. സ്ത്രീകളുടെ പ്രസീദിയത്തിലെ അഞ്ചംഗങ്ങൾ തങ്ങളുടെ കുട്ടികളെ സ്കൂളിൽ അയച്ച ശേഷം ആഴ്ചതോറും മൂന്നു ദിവസം പ്രേഷിതവേല ചെയ്തിരുന്നു. നാഴികമണിയുടെ സൂചി പ്രവർത്തിക്കുന്ന കണിശത്തോടുകൂടി ക്ഷീണിതരായ എല്ലാ ലീജിയൻ യോദ്ധാക്കളും പ്രസീദിയത്തിന്റെ പ്രതിവാരസമ്മേളനത്തിനായി പാരിഷ്ഹാളിൽ, തങ്ങളുടെ

രാജ്ഞിയായ മറിയത്തിനു ചുറ്റും കൂടി പ്രാർത്ഥിക്കുകയും പ്രവർത്തനറിപ്പോർട്ടു് സമർപ്പിക്കുകയും, അവിടെനിന്നും ക്രിസ്തുവിനും അങ്ങേ വാഴ്ത്തപ്പെട്ട മാതാവിനും വേണ്ടി മറ്റൊരാഴ്ചകൂടി വേല ചെയ്യാനാവശ്യമായ ആദ്ധ്യാത്മികശക്തി സമാർജ്ജിക്കുകയും ചെയ്യുന്നു.

## ക്രിസ്തുവിനെ ഓരോ മുക്കിലും മൂലയിലും കൊണ്ടുചെല്ലുന്നവർ.

എന്റെ ലീജിയനംഗങ്ങൾ ആക്രമിച്ചു മുന്നേറുകയായിരുന്നു; കർത്താവിന്റെ ജോലി നിർവഹിക്കുകയായിരുന്നു, അല്ലാതെ അതേപ്പറ്റി സംസാരിച്ചു സമയം കളയുകയല്ലായിരുന്നു. ഒട്ടും ഒച്ചപ്പാട്ടുണ്ടാക്കാതെയുള്ള ഈ മുന്നേറ്റത്തിന്റെ നേട്ടങ്ങളിൽ അവർ ഒരിക്കലും അഹങ്കരിച്ചിരുന്നില്ല. മറിയം എപ്രകാരം തന്റെ അത്ഭുതാവഹമായ നേട്ടങ്ങളിൽ പ്രശംസിക്കാതിരുന്നോ അതുപോലെ. എങ്കിലും എന്തൊരു ആന്തരിക സന്തോഷമാണെന്നോ അവർ അനുഭവിക്കുന്നത്! അവർ പഠിപ്പിച്ചു മാനസാന്തരപ്പെടുത്തിയ വ്യക്തികൾക്ക് ജ്ഞാനസ്നാനം നല്കപ്പെട്ടപ്പോൾ, വീണ കത്തോലിക്കർ വീണ്ടും കുമ്പസ്സാരത്തിനും വി. കുർബാനസ്വീകരണത്തിനും അണയുന്നതു കണ്ടപ്പോൾ. അവാച്യമായ സന്തോഷമാണവർ അനുഭവിച്ചിരുന്നത്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും വ്യത്യസ്ഥനിലവാരം പുലർത്തുന്ന എന്റെ ലീജിയനംഗങ്ങൾ ക്രിസ്തുവിനെ എന്റെ ഇടവകയുടെ ഓരോ മുക്കിലും മൂലയിലും, ഓരോ ഹൃദയത്തിലും എത്തിച്ചുകൊണ്ട് സഹരക്ഷകരായിത്തീരുന്ന കാഴ്ച എത്രമാത്രം ആശ്വാസകരമായ ഒന്നാണ്! ദൈവവരപ്രസാദത്തിന്റെ ഒരു നിരന്തരപ്രവാഹം തന്നെ എന്റെ ഇടവകയിൽ അനുഭവപ്പെട്ടുതുടങ്ങി. അതിന്റെ ഉറവിടമോ? എന്റെ ഓരോ ലീജിയനംഗവുമായിരുന്നു!

## എല്ലാവരേയും നേടുന്നതിന് എല്ലാവർക്കും എല്ലാമാകുന്നു.

ലീജിയനംഗങ്ങൾവഴി ആദ്യമൊക്കെ യാദൃശ്ചികമായും പിന്നീട് ക്രമമായും ഓരോ കുടുബത്തേയും അതിന്റെ പ്രശ്നങ്ങളേയും പററി പ്രത്യേകം പ്രത്യേകം എനിക്കു റിപ്പോർട്ട് ലഭിക്കുവാൻ തുടങ്ങി. രണ്ടു വർഷമായി വി. കുർബാനയ്ക്ക് അണയാതിരുന്ന ഒരു ഗൃഹനാഥ വരപ്രസാദത്തോടുള്ള അവളുടെ എതിർപ്പാകുന്ന ഉരുക്കുകോട്ടയെ തകർത്ത് പള്ളിയിൽ വന്നു. രണ്ടു ലീജിയൻ സഹോദരികൾ സെൻസസ് എടുക്കുന്നതിന് ആ വീടു സന്ദർശിച്ച അവസരത്തിൽ അവരുടെ പ്രശ്നങ്ങൾ സസന്തോഷം കേട്ട് സസ്നേഹം അവ കൈകാര്യം ചെയ്തതായിരുന്നു അവരുടെ തിരിച്ചുവരവിനുണ്ടായ കാരണം. ഇടവകവികാരിയെ സമീപിച്ച് തന്റെ തെററുകളെപ്പററി പശ്ചാത്താപം നിറഞ്ഞ ഒരു കുമ്പസ്സാരം നടത്തുന്നതിനും അവർ ആ സ്ത്രീയെ പ്രേരിപ്പിച്ചു. രോഗിയും വയോവൃദ്ധനുമായ മറെറാരു കുടുംബനാഥൻ "അച്ചനെ ശല്യപ്പെടുത്തു"ന്നതിലുള്ള വൈമനസ്യത്താൽ വി. കുർബാന സ്വീകരിക്കണമെന്നു പറയാൻ ഭയമായിരുന്നു. പക്ഷേ 'ശല്യപ്പെടുത്തലിൽ' ഇടവകവികാരിക്ക് ആനന്ദമേയുള്ളു എന്നു അയാൾക്കു മനസ്സിലാക്കിക്കൊടുത്ത ലീജിയനംഗങ്ങൾ അയാളുടെ യഥാർത്ഥ സുഖക്കേടായ മന്ദജീവിതത്തിൽ നിന്നു് അയാളെ രക്ഷപെടുത്തുകയായിരുന്നു. ഇടവകയുടെ അതൃത്തിപ്രദേശത്തുള്ള മൂന്നു വീടുകളിലെ കുട്ടികൾ വേദപാഠക്ലാസ്സിൽ സംബന്ധിക്കാറില്ലെന്നും അതിന്റെ കാരണം വാഹനസൗകര്യമില്ലായ്മയാണെന്നും ലീജിയനംഗങ്ങളിൽകൂടി മനസ്സിലാക്കാൻ സാധിച്ചു. ഇതും ഇതുപോലെയുള്ള നൂറുനൂറു കാര്യങ്ങളും ലീജിയനംഗങ്ങൾ എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നതുമൂലം എന്റെ ഇടവകാംഗങ്ങളുടെ ആദ്ധ്യാത്മികനന്മക്കാവശ്യമായവ അപ്പോഴപ്പോൾ അവർക്കെത്തിച്ചുകൊടുക്കുന്നതിനും അങ്ങനെ പ്രേഷിതപ്രവീണനായ വി. പൗലോസപ്പോസ്തലനെ അനുകരിച്ച് എല്ലാവർക്കും എല്ലാമാകുന്നതിനും എന്റെ ലീജിയനംഗങ്ങൾ വഴി എനിക്കു സാധിക്കുന്നു!

## അളവററ നന്മയും സ്നേഹവുമാണ് ലീജിയന്റെ പ്രത്യയശാസ്ത്രം

ഒരാത്മാവിന്റെ അനന്തമായ വിലയെപ്പററിയുള്ള സജീവശ്രദ്ധയാണ് ലീജിയനെ അടക്കി ആവരണം ചെയ്തിരിക്കുന്ന അരൂപി. എന്റെ ലീജിയനംഗങ്ങളിലൊരാളായ ഒരു വക്കീൽ നാലു വർഷങ്ങളായി ദിവസം രണ്ടു പ്രാവശ്യം 153 മണിജപം ചൊല്ലുന്നതിൽ ഒന്നു തന്റെ സഹജീവിയായ ഒരു വക്കീലിന്റെ മാനസാന്തരത്തിനുവേണ്ടിയായിരുന്നു എന്ന രഹസ്യം ഒരു മാസം മുമ്പ് മാത്രമാണ് എനിക്കു മനസ്സിലായതു്. കഴിഞ്ഞ മാസം ഇടവകപ്പള്ളിയിൽ വച്ച് മാമോദീസാ സ്വീകരിച്ച് സഭാംഗമായ ഒരഭിഭാഷകന്റെ തലതൊട്ടപ്പനായി ലീജിയനംഗമായ എന്റെ മേല്പറഞ്ഞ വക്കീൽ നില്ക്കുന്ന കാഴ്ച എന്നെ കോരിത്തരിപ്പിച്ചു.

# പാത്രിയർക്കീസ് കർദ്ദിനാളാകണമോ?

**തോമസ് പണിക്കർ പൂനാ.**

**"ഞാൻ അനുസരിക്കണം, ബാക്കി കാര്യങ്ങൾ ദൈവം നോക്കിക്കൊള്ളും" മാക്സിമോസ് നാലാമൻ തിരുമേനി കർദ്ദിനാൾ സ്ഥാനം സ്വീകരിച്ചുകൊണ്ട് പറഞ്ഞ വാക്കുകളാണിവ.**

1965- ജനുവരി 22-ാം തീയതി, പോൾ മാർപ്പാപ്പാ കർദ്ദിനാൾ സംഘത്തിൽ 27-പേരെക്കൂടി ഉൾപ്പെടുത്തിയതിൽ ആദ്യത്തേത് മെൽക്കൈറ്റു് പാത്രിയർക്കീസായ മാക്സിമോസ് നാലാമൻ തിരുമേനിയാണെന്ന വിവരം പുറത്തായി സഭാകാര്യങ്ങളിൽ അത്ര അധികം കടന്നു ചിന്തിക്കാത്തവർ അതിൽ വളരെ സന്തോഷിച്ചുകാണും എന്നാൽ മെൽക്കൈറ്റുറീത്തിൽപ്പെട്ട മിക്ക വൈദികരും മെത്രാന്മാരും ഇതിൽ ആശ്ചര്യപ്പെടുകയാണു് ചെയ്തതു്. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ഉന്നതങ്ങളിൽ ഒരു കോളിളക്കത്തിനുതന്നെ ഇതു കാരണമായി. മാർപ്പാപ്പാ പുതിയ കർദ്ദിനാളന്മാരെ നാമനിർദ്ദേശം ചെയ്തതുതന്നെ ചിലർക്കു നിരാശയ്ക്കു വഴി കൊടുത്തു. സൂനഹദോസ് പിതാക്കന്മാരുടെ അഭിലാഷത്തിനു് എതിരായിട്ടാണു് ഈ നടപടി എന്നാണു് പലരുടെയും അഭിപ്രായം. നിലവിലുള്ള അംഗങ്ങളുടെ കാലശേഷം കർദ്ദിനാൾസംഘം ഒരു സ്വാഭാവിക മരണമടയാൻ അനുവദിക്കപ്പെടുമെന്നാണു് അവർ കരുതിയതു്. റോമൻ അതിർത്തികൾക്കുള്ളിൽ ഒതുങ്ങിനില്ക്കാതെ സാർവ്വത്രികസഭയിലെ മെത്രാന്മാരിൽനിന്നു് തെരഞ്ഞെടുത്ത ഒരു എപ്പിസ്കോപ്പൽസെനറ്റു്, മാർപ്പാപ്പായെ സഹായിക്കുവാനായി, രൂപീകരിക്കപ്പെടുമെന്നാണു് ചിലർ സ്വപ്നം കണ്ടതു്! സൂനഹദോസിന്റെ കഴിഞ്ഞ സമ്മേളനത്തിൽവച്ചു് മെത്രാന്മാരുടെ സംഘാത്മകത്വം (Episcopal Collegiality) വമ്പിച്ച ഭൂരിപക്ഷത്തോടെ അംഗീകരിക്കപ്പെട്ട നിലയ്ക്കു് അവരുടെ ആഗ്രഹം ന്യായീകരിക്കപ്പെടാവുന്നതാണു്.

പാത്രിയർക്കീസ് മാക്സിമോസിനെ തന്റെ പുതിയ സ്ഥാനലബ്ധിയിൽ അഭിനന്ദിക്കുന്നതിനു് ആളുകൾ മടിച്ചു. കാരണം, അവർക്കറിയാമായിരുന്നു, ഇതിനുമുമ്പു് മൂന്നു പ്രാവശ്യം ചുമന്ന തൊപ്പി അദ്ദേഹത്തിനു് വാഗ്ദാനം ചെയ്തിരുന്നതാണു എന്നു്. പക്ഷേ, അപ്പോഴെല്ലാം അദ്ദേഹം നിരസിക്കുകയാണു് ചെയ്തതു്. "കിഴക്കിന്റെ ഒരു പാത്രിയർക്കീസ് റോമിലെ ഒരു ഇടവക വൈദികനാകുന്നതെന്തിനു്"? അദ്ദേഹം ചോദിക്കുമായിരുന്നു. 1962-ൽ ഭാഗ്യസ്മരണാർഹനായ ജോൺ മാർപ്പാപ്പാ പരസ്യമായിട്ടു് മെൽക്കൈറ്റു് റീത്തിൽപ്പെട്ട ഒരു മെത്രാനോടു് പറഞ്ഞു. "ഞാൻ നിങ്ങളുടെ പാത്രിയർ

---

ഇതുപോലെയുള്ള സംഭവപരമ്പരകൾ തെളിയിക്കുന്നതു്, ലീജിയൻ വെറുമൊരാദർശലോകമല്ല, പ്രത്യുത അനുദിന ജീവിതയാഥാർത്ഥ്യങ്ങളുമായി മല്ലടിച്ചു നല്ല ഫലം പുറപ്പെടുവിക്കുന്ന, നല്ല ക്രിസ്ത്യാനികളെ വാർത്തെടുക്കുന്ന, ഒരു പ്രേഷിത സംഘടനയാണെന്നാണു്. നാം വിശുദ്ധരായിരിക്കണമെന്നുള്ള ദൈവതിരുവിഷ്ടം നമ്മുടെ ജീവിതത്തിൽ ഒരു യാഥാർത്ഥ്യമാക്കുമെങ്കിൽ, ഇഹത്തിൽ ദൈവമഹത്വത്തിനും ആത്മാക്കൾക്കുംവേണ്ടി ചെയ്യാവുന്ന നന്മകൾക്കു് ഒരു പരിധിയുമില്ല. ഇതാണു് ലീജിയന്റെ പ്രത്യയശാസ്ത്രം. ഇതിന്റെ വിജയമോ, ലീജിയൻ വളരെയധികം നിഷ്ക്കർഷിക്കുന്ന വിവേകം, അനുസരണം, എളിമ, പരസ്നേഹം എന്നീ സുകൃതങ്ങളിൽ ആണു് നിക്ഷിപ്തമായിരിക്കുന്നതു്.

എനിക്കു കടം തന്നിരിക്കുന്ന തന്റെ സൈന്യവിഭാഗത്തിനുവേണ്ടി ഒരിടയന്റെ സകല ഉത്തരവാദിത്വത്തോടുകൂടി ഈ ദിവ്യാംബികക്കു് സദാ നന്ദി പറയുവാൻ ഞാനൊരിക്കലും മുടക്കം വരുത്തുകയില്ല. ഈ സൈന്യശാഖയുടെ സഹായത്തോടുകൂടി സാദ്ധ്യമെന്നെനിക്കു് സ്വപ്നം കാണാൻപോലും പാടില്ലാതിരുന്ന പലതും ഇന്നെനിക്കു് ദൈവരാജ്യത്തിനുവേണ്ടി നിർല്ലോഭം ചെയ്യാൻ സാധിക്കുന്നു. "കൃപ നിറഞ്ഞവളേ! നിനക്കു സ്തുതി!"

—o—

ക്കീസിനു് കർദ്ദിനാൾ സ്ഥാനം കൊടുക്കുവാൻ നിശ്ചയിച്ചു. പക്ഷേ, എന്തു ചെയ്യാം! അദ്ദേഹം നിരസിക്കുകയാണു് ചെയ്തതു്.''

## കർദ്ദിനാൾസ്ഥാനം.

മാക്സിമോസ് നാലാമൻ തിരുമേനി സൂനഹദോസിലെ ചർച്ചകളിൽ സജീവമായി പങ്കെടുത്തു് പ്രശസ്തിയാർജ്ജിച്ച ഒരസാധാരണ വ്യക്തിയാണു്. ആധികാരികമായി, നിർഭയനായി അദ്ദേഹം നടത്തിയ ഉഗ്രവിമർശനങ്ങൾ പാശ്ചാത്യചിന്താഗതിക്കാരായ പല യാഥാസ്ഥിതികരും ഒരിക്കലും സ്വാഗതം ചെയ്തിരുന്നില്ലെന്നതു് ഒരു വസ്തുതയാണെങ്കിലും പലതും അവർ നിശബ്ദമായെങ്കിലും അംഗീകരിക്കേണ്ടിവന്നു. സൂനഹദോസിന്റെ ഔദ്യോഗികഭാഷ ലത്തീൻ ആണെങ്കിലും അദ്ദേഹം ഫ്രഞ്ചിലാണു് സംസാരിച്ചതു്. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ഹസ്തതാഡനത്തോടെയാണു് സൂനഹദോസ് പിതാക്കന്മാർ സ്വാഗതം ചെയ്തതെന്നതും പ്രസ്താവ്യമത്രേ. കർദ്ദിനാൾസ്ഥാനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം സൂനഹദോസിലെ ഒരു സമ്മേളനത്തിൽ തിരുമേനി വെളിപ്പെടുത്തി. കർദ്ദിനാൾ സ്ഥാനം റോമാസഭയുടെ ഒരു സ്ഥാപനമാണു്. ആ രൂപതയുടെ മെത്രാൻ എന്ന നിലയിൽ മാർപ്പാപ്പായെ സഹായിക്കുന്നവരാണു് കർദ്ദിനാളന്മാർ. അത്മായരെയും വൈദികരെയും മെത്രാന്മാരെയും ഇതിനായി നിയോഗിച്ചിരുന്നു. പാരീസിനെപ്പോലെ പല വലിയ രൂപതകൾക്കും ഇങ്ങിനെ ഒരു ഉപദേശകസമതി ഉണ്ടായിരുന്നു. റോമിലേതു മാത്രം ഇപ്പോഴും നിലനില്ക്കുന്നു. അതിന്റെ പ്രാധാന്യം വർദ്ധിച്ചതോടെ അത്മായക്കു് ആ സ്ഥാനം നല്കാതായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉന്നതനിലയിലുള്ള മെത്രാപ്പോലീത്തന്മാരെ കർദ്ദിനാൾ സ്ഥാനത്തേക്കു് ഉയർത്തിയെങ്കിലും അവർ റോമിലെ വൈദികസമൂഹത്തിന്റെ (Roman clergy) അംഗങ്ങളായിരിക്കും. അവർക്കു റോമിൽ സ്ഥാനിക ദേവാലയങ്ങളുമുണ്ടു്. അതായതു് ന്യൂയോർക്കിലെ ഒരു മെത്രാപ്പോലീത്ത കർദ്ദിനാൾ സ്ഥാനത്തേക്കു് നാമനിർദ്ദേശം ചെയ്യപ്പെട്ടാൽ അതു് റോമിലെ ഏതെങ്കിലുമൊരു ദേവാലയത്തിന്റെ വൈദികനോ, ശെമ്മാശനോ എന്ന സ്ഥാനത്തിലായിരിക്കും. ഇക്കാരണത്താലാണു് മാർപ്പാപ്പായെ തെരഞ്ഞെടുക്കുന്നതിൽ കർദ്ദിനാളന്മാർ മാത്രം പങ്കുകൊള്ളുന്നതു്. റോമിലെ വൈദികസമൂഹം-കർദ്ദിനാൾസംഘം-റോമാരൂപതയുടെ മെത്രാനെ തെരഞ്ഞെടുക്കുന്നു. അദ്ദേഹം തന്നെ മാർപ്പാപ്പായായി വാഴിക്കപ്പെടുന്നു.

അതായതു് കർദ്ദിനാൾ സ്ഥാനം വെറുമൊരു റോമൻ വിജയലഹരി (Triumphalism) മാത്രമാണു്. ഇതു് മാർപ്പാപ്പായുടെ അധികാരപ്രകടനം പോലുമല്ല. കാരണം ഈ ബഹുമതി റോമിലെ മെത്രാനെന്ന നിലയിൽ മാർപ്പാപ്പാ നല്കുന്നതാണു്. ഇതുകൊണ്ടാണു് മാക്സിമോസ് തിരുമേനി പറയുന്നതു് കർദ്ദിനാൾസ്ഥാനം ഈ നിലയിൽ പൗരസ്ത്യ പാത്രിയർക്കീസുമാർക്കു് ഒട്ടും യോജിച്ചതല്ലെന്നു്. അവർ ശ്ലൈഹിക സിംഹാസനങ്ങളിൽ ആത്മാക്കളുടെ ഇടയന്മാരാണു്. മാർപ്പാപ്പായും പടിഞ്ഞാറിന്റെ പാത്രിയർക്കീസാണു്. പാത്രിയർക്കീസ് സ്ഥാനം സാർവ്വത്രികസഭയിൽ (റോമാസഭയിൽ മാത്രമല്ല) അതിപുരാതനകാലം മുതൽക്കേ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു സ്ഥാപനമാണു്. (Decree on Catholic oriental ch. a.7) സഭാഭരണത്തിൽ പൗരസ്ത്യ പാത്രിയർക്കീസുമാരും പാശ്ചാത്യ പാത്രിയർക്കീസിന്റെ സഹകാരികളാണു്. അതുകൊണ്ടു് മാർപ്പാപ്പാ കഴിഞ്ഞാൽ സഭയിൽ ആദ്യത്തെ സ്ഥാനം പൗരസ്ത്യപാത്രിയർക്കീസുമാർക്കാണു്. കർദ്ദിനാളന്മാർക്കല്ല

സാർവ്വത്രികസഭയെ ഭരിക്കുവാൻ മാർപ്പാപ്പായെ സഹായിക്കേണ്ടതു് ശ്ലൈഹികസംഘത്തിന്റെ പിൻഗാമികളായ മെത്രാന്മാരുടെ സംഘമാണു്. അല്ലാതെ റോമിലെ വൈദികസമൂഹമല്ല. റോമൻക്കൂരിയാ ശ്ലൈഹികസംഘത്തിന്റെ സ്ഥാനം വഹിക്കരുതു്. ആ സ്ഥാനം അവരുടെ പിൻഗാമികളായ മെത്രാന്മാരിലാണു് നിലകൊള്ളുന്നതു്. ഈ സംഗതി വിശദീകരിച്ചു് വേണ്ട നടപടികൾ എടുക്കേണ്ടതു് സൂനഹദോസിന്റെ ഒരു അടിയന്തിര ചുമതലയാണെന്നു് മാക്സിമോസ് തിരുമേനി ഊന്നിപ്പറഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ, കർദ്ദിനാൾസ്ഥാനവും, ഇൻറർനൺഷ്യയോയും മററും 'സഭയുടെ സൌന്ദര്യമുള്ള വദനത്തെ മറയ്ക്കുന്ന നിഴലുകളാണു്.'

## വെറും ഉത്കർഷേച്ഛയല്ല.

ഈ കാരണത്താലാണു്, പാത്രിയർക്കീസുമാരുടെ സ്ഥാനം യഥാസ്ഥാനത്തു കൊണ്ടുവ

തുന്നതിന് മെൽക്കൈറ്ററുറീത്തുകാർ 1958 മുതൽ ശ്രമിച്ചതു്. 1963-ഒക്ടോബറിൽ മാർപ്പാപ്പായുടെ ഇടപെടലോടെ ഒരു സന്ധിയിലെത്തി. സൂനഹദോസിൻെറ ഒന്നാം സമ്മേളനത്തിൽ കർദ്ദിനാളന്മാർക്കു പിറകിലായിരുന്ന പാത്രിയർക്കീസുമാർക്കു് രണ്ടാം സമ്മേളനത്തിൽ കർദ്ദിനാളന്മാർക്ക് എതിരേയുള്ള സ്ഥാനത്തു് ഇരിപ്പിടം കൊടുത്തു.

അത്യധികം വിനയശാലിയും ലളിതസ്വഭാവിയുമായ മാക്സിമോസ്സ് തിരുമേനി സ്ഥാനവലിപ്പത്തിൻെറ പേരിൽ കലഹിക്കുന്നയാളല്ല. ലക്ഷക്കണക്കിനുള്ള ഓർത്തഡോക്സുകാരെക്കുറിച്ചാണു് അദ്ദേഹം ആകുലചിന്തനാകുന്നതു്. ശ്ലൈഹിക സിംഹാസനങ്ങളിൽ പിൻഗാമികളായി ഭരണം നടത്തുന്ന പാത്രിയർക്കീസുമാർ റോമിലെ വൈദികസമൂഹത്തിനു പിറകിൽ വരുന്നതു് അവർക്കു സ്വീകാര്യമല്ല. കത്തോലിക്കരുടെ ഇടയിൽ മാത്രമുള്ള ഒരു കാര്യമായിരുന്നെങ്കിൽ സ്ഥാനവലിപ്പം ഒരു പ്രശ്നമാകുമായിരുന്നില്ല. എന്നാൽ ഇതു് കത്തോലിക്കരേയും അകത്തോലിക്കരെയും ബാധിക്കുന്ന ഒരു സംഗതിയാണു്. സൂനഹദോസിൻെറ ഒന്നാം സമ്മേളനത്തിൽ ആഗതരായ റഷ്യൻ ഓർത്തഡോക്സ് നിരീക്ഷകർ വെളിപ്പെടുത്തിയ ഒരു കാര്യം ഇവിടെ പ്രസ്താവ്യമാണു്. അവർ പറഞ്ഞു "ഞങ്ങൾ തിരിച്ച് റഷ്യയിൽ ചെല്ലുമ്പോൾ ജനങ്ങൾ ചോദിക്കുന്നതു് പരമാധികാരത്തെപ്പററിയോ അപ്രമാദിത്വത്തെപ്പററിയോ സൂനഹദോസ്സ് എന്തു പറഞ്ഞു വെന്നല്ല, പ്രത്യുത പൗരസ്ത്യകത്തോലിക്കാ പാത്രിയർക്കീസുമാരുടെ സൂനഹദോസിലെ സ്ഥാനമെന്താണു്" എന്നായിരിക്കും.

## ഞാൻ അനുസരിക്കണം.

സ്ഥിതിഗതികൾ ഇങ്ങനെയൊക്കെയാണെങ്കിലും പോൾ മാർപ്പാപ്പാ മാക്സിമോസ്സ് തിരുമേനിയേയും മററു രണ്ടു പാത്രിയർക്കീസുമാരേയും കർദ്ദിനാളന്മാരാക്കാൻ തന്നെ തീരുമാനിച്ചു. അവർ വൈമനസ്യത്തോടെയാണെങ്കിലും അതു് സ്വീകരിക്കുകയും ചെയ്തു. എന്താണു് അവരെ ഇതിനു് നിർബന്ധിച്ചതു്?! കോപ്ററിക്കു് റീത്തിലെ ഒരു മെത്രാൻ പറഞ്ഞതിങ്ങനെയാണു് "നമ്മുടെ പാത്രിയർക്കീസിനു് പ. പിതാവിനെ തെരഞ്ഞെടുക്കുന്നതിൽ സ്ഥാനമുണ്ടെന്നു നമ്മുടെ ആളുകളോടു് പറയുകയാണെങ്കിൽ അവർ എത്ര സന്തോഷവാന്മാരായിരിക്കും!" പക്ഷേ പാത്രിയർക്കീസിനു പാത്രിയർക്കീസെന്ന നിലയിൽ പ. പിതാവിനെ തെരഞ്ഞെടുക്കുന്നതിനു് അവകാശം കൊടുക്കാമായിരുന്നു. വെറും പാശ്ചാത്യമായ ഒരു സ്ഥാനമഹിമ കൊടുക്കേണ്ടായിരുന്നു.

മാക്സിമോസ്സ് തിരുമേനിയുടെ കീഴിൽ ഭരണം നടത്തുന്ന ഈജിപ്ററിലെ വികാരിയായ ഏലിയാസ്സ് സോഗ്ബി മെത്രാപ്പോലീത്താ, മാക്സിമോസ് തിരുമേനി കർദ്ദിനാൾ സ്ഥാനം സ്വീകരിച്ചതിൽ പ്രതിഷേധിച്ച് സ്ഥാനം രാജിവച്ചു. സാർവ്വത്രികസഭയിലെ ഒരു ഉന്നത സ്ഥാനമായി സൂനഹദോസിൽ പോലും അംഗീകരിക്കപ്പെട്ടിട്ടുള്ള പാത്രിയർക്കീസു സ്ഥാനത്തുനിന്നും കർദ്ദിനാൾ സ്ഥാനത്തേക്കു നിയമിക്കുന്നതു യാതൊരു 'പ്രൊമോഷനു'മല്ലെന്നാണു് അദ്ദേഹത്തിൻെറ വാദം. കർദ്ദിനാൾ സ്ഥാനത്തേക്കുള്ള നിയമനം വഴി പാത്രിയർക്കീസുസ്ഥാനത്തിൻെറ പ്രാധാന്യം കുറയുകയാണെന്നും, മാർപ്പാപ്പായെ സഹായിക്കുന്നതിനുള്ള ഭരണസംഘത്തിൽ പൗരസ്ത്യ പാത്രിയർക്കീസുമാർ അംഗങ്ങളാകുന്ന പക്ഷം അതു് പാത്രിയർക്കീസ് സ്ഥാനം വഴിയായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഇത്തരുണത്തിൽ കർദ്ദിനാൾ സ്ഥാനത്തേക്കുള്ള നിയമനം ഒരു വലിയ ആഘാതമായിട്ടാണു് മാക്സിമോസ്സ് തിരുമേനിക്കു തോന്നിയതു്. കുറച്ചുദിവസത്തേക്കു് അദ്ദേഹം വ്യാകുലചിത്തനായി കാണപ്പെട്ടു. ആദ്യം അദ്ദേഹം നിയമനം നിരസിക്കുകയാണു് ചെയ്തതു്. മെത്രാന്മാരുടെ ഒരു സൂനഹദോസ്സ് വിളിച്ചുകൂട്ടുകയും മാർപ്പാപ്പായിക്കു നീണ്ട ഒരു എഴുത്തയക്കുകയും ചെയ്തു. ഫെബ്രുവരി 11-ാം തീയതി മാർപ്പാപ്പായിൽനിന്നും മറുപടി വന്നു. 'അതിൻെറ സാരമിതാണു്. "നമുക്കു് നിങ്ങളെക്കൊണ്ടു് ആവശ്യമുണ്ടു്. ഇപ്പോഴത്തെ സ്ഥിതിഗതികളിൽ നിങ്ങളെ നാം കർദ്ദിനാളന്മാരാക്കണം. പിന്നീടു് നമുക്കു് സ്ഥിതിഗതികൾ ഭേദപ്പെടുത്താം" ഫെബ്രുവരി 18-ാം തീയതി കിട്ടിയ മറെറാരു സന്ദേശത്തിൽ ഇങ്ങനെ പറയുന്നു. "സഭയിന്നു് ഒരു വ്യതിയാനത്തിലാണു് കർദ്ദിനാൾ സ്ഥാനം സാർവ്വത്രികസഭയിലെ ഒരു പദവിയാകുകയാണു്. പാത്രിയർക്കീസിനു പാത്രിയർക്കീസെന്ന നിലയിൽ സഭാഭരണത്തിൽ പങ്കുകൊള്ളാം. എന്നാൽ പൊതുജനമനോഭാവത്തിനു് വേണ്ട മാററം ഇതുവരെയും സംഭവിച്ചിട്ടില്ല." നീണ്ട മൗനത്തി

നുശേഷം മാക്സിമോസ് തിരുമേനി പറഞ്ഞു.

"സംശയമെന്യേ മാർപ്പാപ്പാ എന്നെ പ്രീതിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. റോമാസഭയിലെ ഏററവും ഉന്നതസ്ഥാനം പൗരസ്ത്യപാത്രിയർക്കീസുമാർക്കു നൽകിയാൽ അതു ക്രൈസ്തവൈക്യത്തിനു സഹായകമായിരിക്കുമെന്നു് അദ്ദേഹം വിശ്വസിക്കുന്നു. എൻെറ എതിർവാദങ്ങൾ അദ്ദേഹത്തിനറിയാം എങ്കിലും എന്നെ കർദ്ദിനാളാക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു. ഞാൻ അനുസരിക്കണം. ബാക്കി കാര്യങ്ങൾ ദൈവം നോക്കിക്കൊള്ളും." തിരുമേനിയുടെ അനുസരണയും വിനയവും ദൈവസംരക്ഷണയിലുള്ള അടിയുറച്ച വിശ്വാസവും പ്രശംസനീയമാണു്. ഫെബ്രുവരി 25-നു മുമ്പു് മാർപ്പാപ്പാ മാക്സിമോസ് തിരുമേനിയുമായി ഒരു രഹസ്യ സംഭാഷണം നടത്തിയെന്നാണു് അറിയപ്പെടുന്നതു്.

## മാക്സിമോസ് തിരുമേനിയുടെ ആശങ്കകൾ.

കർദ്ദിനാളായാൽ പൗരസ്ത്യപാത്രിയർക്കീസിനെ റോമൻ കൂരിയായിലെ ഒരു ഉന്നത സ്ഥാനിയായി മാത്രമേ കത്തോലിക്കാസഭ കരുതുന്നുള്ളുവെന്നു് ഓത്തഡോക്സുകാർ തെററിദ്ധരിക്കുമെന്നാണു് അദ്ദേഹത്തിൻെറ മുഖ്യ ഭയം. സഭയുടെ നേതാക്കൾ നിർഭയരായി സംസാരിക്കേണ്ട ഈ സന്ദർഭത്തിൽ പുതിയ സ്ഥാനം തന്നെ മൗനപ്പെടുത്തുമെന്നാണു് മററൊരാശങ്ക. കൂടാതെ കർദ്ദിനാൾ സ്ഥാനത്തിൽ അന്തർലീനമായിരിക്കുന്ന രാജകീയ വേഷഭൂഷാദികൾ സ്വന്തം തപസ്യജീവിതത്തിനും കഷ്ടപ്പെടുന്ന ആളുകളുടെ ഇടയിലുള്ള തൻെറ ഇടയജോലിക്കും വിഘാതമായിരിക്കുമെന്നും അദ്ദേഹം ഭയപ്പെടുന്നു.

## പാത്രിയർക്കീസെന്നും പാത്രിയർക്കീസുതന്നെ.

കർദ്ദിനാളന്മാരുടെ ചുവപ്പുകുപ്പായത്തിൻെറ ഒരു നാരുപോലും താൻ ധരിക്കുകയില്ലെന്നു് മാക്സിമോസ് തിരുമേനി പ്രഖ്യാപിക്കുകയുണ്ടായി. അന്ത്യോക്യായുടെയും കിഴക്കിൻെറഒക്കെയും പാത്രിയർക്കീസായ മാക്സിമോസു നാലാമൻ എന്നു അദ്ദേഹം അറിയപ്പെട്ടും. അത്യാവശ്യമെങ്കിൽ റോമാസഭയുടെ കർദ്ദിനാളെന്നുകൂടി കൂട്ടിച്ചേർക്കാം. മൗനമായിരിക്കാൻ അദ്ദേഹം നിശ്ചയിച്ചിട്ടില്ല. സഭയുടെ നന്മ ആവശ്യപ്പെടുന്നെങ്കിൽ തുടർന്നു സംസാരിക്കും. സഭ അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, സത്യത്തെ ഭയപ്പെടുന്നില്ല. കാല്യനക്കലിനെ (Servility) യാണു് ഭയപ്പെടുന്നതു്.

## വാത്സല്യത്തിൻെറ മകുടോദാഹരണം

മാക്സിമോസ് തിരുമേനി ഒരു പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു. "പാത്രിയർക്കീസുമാർക്കു കർദ്ദിനാൾസ്ഥാനം നൽകാൻ ചെയ്ത നിശ്ചയം പൗരസ്ത്യരോടു പോൾ മാർപ്പാപ്പായിക്കുള്ള സ്നേഹത്തിൻെറ മറെറാരു മകുടോദാഹരണമാണു്. കിഴക്കിനോടുള്ള തൻെറ വാത്സല്യം സ്ഥാനാരോഹണം കഴിഞ്ഞു് അധികം താമസിയാതെ വ്യക്തമായി. ജെറുസലേമിലേക്കുള്ള തീർത്ഥയാത്രയും പൗരസ്ത്യസഭകളുടെ നേതാക്കന്മാരുമായുള്ള കൂടിക്കാഴ്ചകളും മറെറന്തിനെയാണു് സൂചിപ്പിക്കുന്നതു്?"

"പാത്രിയർക്കീസുമാർ കർദ്ദിനാളന്മാരാകുന്നതോടെ കർദ്ദിനാൾസംഘം ഒരു പുതിയ ഘട്ടം ആരംഭിക്കുന്നതാണു്. ഇതു് അവസാനത്തെ ഘട്ടമാകണമെന്നില്ല. ഇനിയും വ്യതിയാനങ്ങൾ ഉണ്ടായേക്കാം. പാത്രിയർക്കീസുമാർക്കു റോമിൽ സ്ഥാനികദേവാലയങ്ങൾ ഉണ്ടായിരിക്കുകയില്ല. പാത്രിയർക്കൻസിംഹാസനത്തിൻെറ സ്ഥാനത്തിലായിരിക്കും അവർ കർദ്ദിനാളന്മാരാകുന്നതു്. പൗരസ്ത്യപാത്രിയർക്കീസുമാരെ ഈ പുതിയ ചുമതലയിലേക്കു് മാർപ്പാപ്പായുടെ സന്മനസ്സു് ക്ഷണിച്ചിരിക്കുന്ന നിലയ്ക്കു് അവർക്കു സാർവ്വത്രികസഭയുടെ ഭരണത്തിൽ കൂടുതൽ വ്യാപകമായ നിലയിൽ പങ്കു കൊള്ളാൻ സാധിക്കും." തിരുമേനി തുടർന്നു. "പ്രത്യേകിച്ചു്. മാർപ്പാപ്പായുടെ ഈ പുതിയ നീക്കം എക്യുമേനിക്കൽ പ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കു് നല്ലതാണെന്നു നാം കരുതുന്നു. അഥവാ ഇതു് ക്രൈസ്തവൈക്യത്തെ പ്രോത്സാഹിപ്പിക്കുന്നെങ്കിൽ ന. കർത്താവിനോടും പ. പിതാവിനോടും നന്ദി പ്രകടിപ്പിക്കാതിരിക്കാൻ നമുക്കു സാദ്ധ്യമല്ല."

## മാർപ്പാപ്പായുടെ അഭിപ്രായം.

ജനുവരി 27-ാം തീയതി പുതിയ കർദ്ദിനാളന്മാരുടെ പേരുകൾ ഔദ്യോഗികമായി വെളിപ്പെടുത്തിക്കൊണ്ടു് മാർപ്പാപ്പാ ഇപ്രകാരം പറഞ്ഞു. "എണ്ണത്തിൽ കൂടുതൽ വരു

ത്തി, കർദ്ദിനാൾ സംഘത്തിന്റെ കാര്യക്ഷമത വദ്ധിപ്പിക്കണമെന്നല്ല നമ്മുടെ ആഗ്രഹം. സൂനഹദോസിന്റെ അവസാനത്തോടുകൂടി കുറെ കർദ്ദിനാളന്മാരെ കൂടി വാഴിക്കുവാൻ നാം ആഗ്രഹിക്കുന്നു. അവരുടെ എണ്ണം സഭയുടെ ശരിയായ ആവശ്യത്തിന്റെ പരിധിയിൽ നിർത്തുവാൻ നാം ശ്രമിക്കുന്നതാണു്. സഭയുടെ സാർവ്വത്രികത തെളിഞ്ഞു കാണത്തക്കവിധമായിരിക്കും നമ്മുടെ നീക്കം. റോമിന്റെ മതിൽക്കെട്ടുകൾക്കുള്ളിൽ മാത്രം നിൽക്കാതെ മററുള്ള സംസ്കാരങ്ങൾക്കും പാരമ്പര്യങ്ങൾക്കും മൂല്യങ്ങൾക്കും പ്രതിനിധാനം കൊടുക്കുവാൻ നമ്മാലാവുന്നത്ര ശ്രമിക്കുന്നതാണു്. സഭാഭരണത്തിൽ നമ്മെ സഹായിക്കുന്നതിനു് നമ്മുടെ സഹോദരന്മാരായ മെത്രാന്മാരോടു നാം ആവശ്യപ്പെട്ടു. കാരണം കത്തോലിക്കാസഭ ഒരു അടച്ച കൂടിനെപ്പോലെയാകരുതു്. ക്രിസ്തുവിന്റെ സഭ വിവിധ മൂല്യങ്ങൾക്കായി തുറന്നിടണം. ഏകത്വവും സാർവ്വത്രികതയും അധികാരവും സാഹോദര്യവും ഒരേ സമയത്തു് അതിലുണ്ടായിരിക്കും''

## സ്ഥാനാരോഹണചടങ്ങുകൾ

ഫെബ്രുവരി 25-ാം തീയതി നടന്ന ചടങ്ങുകളിൽ പാത്രിയർക്കീസുമാർക്കു് അവർ അർഹിക്കുന്ന ബഹുമാനങ്ങൾ നൽകുന്നതിനു് വളരെ ശ്രദ്ധിക്കുകയുണ്ടായി. പത്രോസിന്റെ ദേവാലയത്തിലേക്കുള്ള ഘോഷയാത്രയിൽ മുൻപന്തിയിൽ നിന്നതു് പാത്രിയർക്കീസുമാരാണു്. അവർ കറുത്ത കുപ്പായമാണു് ധരിച്ചിരുന്നതു്. കർദ്ദിനാളന്മാരുടെ വേഷഭൂഷാദികളൊന്നും അണിഞ്ഞില്ല. ലത്തീനിൽ സുവിശേഷം വായിച്ചുകഴിഞ്ഞപ്പോൾ മാക്സിമോസ് തിരുമേനി അതു് ഗ്രീക്കിൽ വായിച്ചു. മാർപ്പാപ്പായ്ക്കു് അനുസരണം വാഗ്ദാനം ചെയ്തപ്പോൾ അദ്ദേഹവും മററു പാത്രിയർക്കീസുമാരും നിൽക്കുകയായിരുന്നു. ഒരു മുട്ടു മടക്കിയുള്ള ആചാരവും കൈമുത്തലും അവർ നടത്തിയില്ല. മററുള്ളവരോടു് ''ഭാഗ്യപ്പെട്ട പത്രോസിനും, അദ്ദേഹത്തിന്റെ പിൻഗാമികളായ മാർപ്പാപ്പാമാർക്കും നിങ്ങൾ വിധേയത്വം (Submission) അനുസരണയും സഹകരണയും വാഗ്ദാനം ചെയ്യുന്നുവോ?'' എന്നു് മാർപ്പാപ്പാ ചോദിച്ചപ്പോൾ പാത്രിയർക്കീസുമാരോടു് 'വിധേയത്വ'മെന്നതിനു പകരം 'സാഹോദര്യം' (Fraternity) വാഗ്ദാനം ചെയ്യുന്നുവോ എന്നാണു് ചോദിച്ചതു്. പുതിയ കർദ്ദിനാളന്മാരുടെ പേരിൽ മാക്സിമോസ് തിരുമേനിയാണു് കൃതജ്ഞതാപ്രകടനം നടത്തിയതു്. ഫ്രഞ്ചിലാണെന്നു് പറയേണ്ടതില്ലല്ലോ! പുതിയ കർദ്ദിനാളന്മാർക്കു് ഓരോ മോതിരവും ബിറേററായും മാർപ്പാപ്പാ നൽകി. പാത്രിയർക്കീസുമാർ അവ വാങ്ങിയെങ്കിലും അണിഞ്ഞില്ല. മുഴുവൻ സമയവും കറുത്ത തൊപ്പിയാണു് ഉപയോഗിച്ചതു്. സഭാചരിത്രത്തിലാദ്യമായി ചുമന്ന തൊപ്പി പത്രോസിന്റെ ദേവാലയത്തിൽവച്ചു് കൊടുക്കുന്ന പതിവു് പ. പിതാവു് നിർത്തലാക്കി.

പാത്രിയർക്കീസുമാർ കർദ്ദിനാൾ മെത്രാന്മാർ എന്ന ഉന്നത പദവിയുള്ളവരായിരിക്കും. ഇപ്പോഴത്തെ കാനോൻ നിയമപ്രകാരം പാത്രിയർക്കീസുമാരുടെ സ്ഥാനം ഏതാണ്ടു് നൂറു പേർ കഴിഞ്ഞതാണു്. ഈ നിലയിൽ പൗരസ്ത്യരായ കത്തോലിക്കരുമായുള്ള ഐക്യം വളരെ എളുപ്പമല്ല. ഓർത്തഡോക്സുകാർ മാർപ്പാപ്പായുടെ ഈ പുതിയ നീക്കത്തെ വേറൊരുതരം ലത്തീനീകരണമായിട്ടാണു് കണക്കാക്കുന്നതു്. പക്ഷേ പാത്രിയർക്കീസ് മാക്സിമോസ് പറയുന്നതു് അദ്ദേഹം റോമാസഭയുടെ കർദ്ദിനാളാണെന്നാണു്. കർദ്ദിനാൾ സംഘത്തിനു് വ്യാപകമായ ഒരർത്ഥം ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. സൂനഹദോസിൽ അദ്ദേഹം ആവശ്യപ്പെട്ട ഒരു സെനററായി കർദ്ദിനാൾ സംഘം രൂപാന്തരപ്പെട്ടുത്താമെന്നു് മാർപ്പാപ്പാ മാക്സിമോസ് തിരുമേനിയോടു് വാഗ്ദാനം ചെയ്തിട്ടുള്ളതായിട്ടാണു് അറിയുന്നതു്. ഇതു് തീർച്ചയായും സഭൈക്യത്തെ സഹായിക്കും. സഭയുടെ പുരാതനാചാരത്തെ മാനിച്ചു് പാത്രിയർക്കീസുമാരുടെ അധികാരാവകാശങ്ങൾ വീണ്ടെടുക്കാതെ ഓർത്തഡോക്സുകാരുമായുള്ള സംഭാഷണം കൊണ്ടു് വലിയ പ്രയോജനമില്ല. വത്തിക്കാൻ സൂനഹദോസിന്റെ പൗരസ്ത്യസഭകളെക്കുറിച്ചുള്ള ഡിക്രി ഇതിനു് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്നുള്ളതു് ചാരിതാർത്ഥ്യജനകമാണു്.

# ഐക്യകാഹളം അഥവാ എക്യുമെനിസം

## വ്യത്യസ്ഥങ്ങളായ വിശ്വാസാചാരങ്ങളിൽ നിൽക്കുന്ന വിഭിന്ന വിഭാഗങ്ങളെ ഒരു മാലയിൽ കൊരുത്ത പുഷ്പങ്ങൾ കണക്ക് അണി ചേർക്കുന്നതിനുള്ള യജ്ഞം

(ബി. ജി. വെട്ടിക്കാട്ട്)

ഈ നൂറ്റാണ്ടിലെ പ്രാമാണികമായൊരു സംഭവം തന്നെയാണു രണ്ടാം വത്തിക്കാൻ കൗൺസിൽ. ആധുനിക ലോകത്തിനതു തിരുമുൽക്കാഴ്ചയണച്ചിട്ടുള്ള സംഭാവനകൾ അനവദ്യസുന്ദരങ്ങളാണ്. ഐക്യത്തിൻെറ അപ്രതിഹതമായ ആവേശം അതു സൃഷ്ടിച്ചുവിട്ട ഒന്നത്രെ.

സഭയിൽ അത്യത്ഭുതകരമായ ചില പരിവർത്തനങ്ങൾ അടുത്ത കാലത്ത് സംഭവിച്ചിരിക്കുന്നു. എല്ലാസഭകളിലും സമൂഹങ്ങളിലും നവജാതമായ ഈ പരിവർത്തനസരിത്തിനെ ദൈവശാസ്ത്രജ്ഞർ എക്യുമെനിസമെന്നു വിളിക്കുന്നു.

### ഒരു വാടാമലർ

ആധുനിക ചിന്താപ്രസ്ഥാനത്തിൻെറ മൂലകന്ദം യവനസംസ്കാരത്തിലാണല്ലോ. ആ യവനഭാഷയിൽ മൊട്ടിട്ടു വിരിഞ്ഞു വികസിച്ചു സൗരഭ്യം വാരി വിതറുന്ന 'എക്യുമെനിസം' എന്ന മനോഹര പദത്തിൻെറ അക്ഷരാത്ഥം സാർവ്വത്രികമെന്നാണ്. വ്യത്യസ്ഥങ്ങളായ വിശ്വാസാചാരങ്ങളിൽ നിൽക്കുന്ന വിഭിന്നവിഭാഗങ്ങളെ ഒരു മാലയിൽ കൊരുത്ത മഞ്ജുളപുഷ്പങ്ങൾ പോലെ അണി ചേർക്കുന്നതിനുള്ള സുമുഖയജ്ഞം എന്ന് ഏററം ലളിതമായി നമുക്കിതിനെ നിർവ്വചിക്കാമെന്ന് തോന്നുന്നു.

പദനിർവ്വചനത്തിൻെറ സാധുത എങ്ങനെ കിടന്നാലും ശരി നമ്മെ സംബന്ധിച്ചിടത്തോളം അതല്ലല്ലോ കാതൽ. നിർവ്വചനങ്ങളുടെ യോജ്യായോജ്യതയും സാർവ്വജനീനതയുമെല്ലാം ദൈവശാസ്ത്രവിശാരദന്മാരുടെ തീരുമാനത്തിനുതന്നെ നമുക്കു വിടുക. സാധാരണക്കാരുടെ കണ്മുട്ടത്തിൽ ഏറെക്കാര്യമായിട്ടുള്ളതു കുറെ വസ്തുതകളാണ്. അവയ്ക്കാണു മുൻതൂക്കമെപ്പോഴും.

### വേരോടിക്കണം.

ഐക്യവിചിന്തനങ്ങളിന്നു ധാരാളം. ഐക്യോന്മുഖമായിട്ടുള്ള സംഭാഷണങ്ങളും പ്രസിദ്ധീകരണങ്ങളും പായുകയാണെമ്പാടും. പക്ഷേ, ഇവയിലേറിയ കൂറും ഇന്നു് കേവലം ദൈവശാസ്ത്രജ്ഞന്മാരും മതനേതാക്കളും പണ്ഡിത ശ്രേഷ്ഠരും ഉന്നതശീർഷരും മാത്രമുൾക്കൊള്ളുന്ന ഒരു പരിമിതവൃത്തത്തിൽ തന്നെ സംഘാതനൃത്തം വയ്ക്കുകയാണെന്നു കാണാം.

ഒന്നിപ്പിൻെറ ശംഖധ്വനി മാർപ്പാപ്പായോ, മെത്രാന്മാരോ, വൈദികരോ, കന്യാസ്ത്രീകളോ മാത്രം മുഴക്കേണ്ട ഒന്നല്ല. ഐക്യത്തിൻെറ ഊട്ടും പാവും പാകേണ്ടതു സാധാരണ ഇടവകകളിലെ പാവപ്പെട്ട ജനങ്ങളിലാണ്. അല്മയരിലാണ് അതിൻെറ അലകും പിടിയും പണിയേണ്ടതു്. അവിടെയാണ് ഐക്യത്തിൻെറ വേരുകളോടിക്കേണ്ടതു്. അപ്പസ്തോലൻെറ ഉദീരണം ശ്രവിച്ചാലും—''അവർ തെരഞ്ഞെടുക്കപ്പെട്ട ജനതയാണ് രാജകീയ പൗരോഹിത്യമുണ്ട്. വിശുദ്ധ ജനപദമാണ്''. [1] ഐക്യത്തിൻെറ വിശ്വാത്മകഭാവം (Cosmic Aspect) കൈവരേണ്ടതു അല്മയരിലൂടെയാണ്. ''അല്ല, അല്മയർതന്നെയാണു സഭ''. [2] അവരിലൂടെയാണ് ക്രിസ്തുവിൻെറ ലോകസാന്നിധ്യം—ചരിത്രപരമായ അനസ്യൂത സാന്നിദ്ധ്യം, അവിടുത്തെ സാമൂഹികസചേതനത്വം അനേ്യയാഥാർത്ഥ്യവൽക്കരിക്കപ്പെടുക. വളക്കൂറുള്ള ആ മണ്ണിൽ വേണം ഐ

[1] 1 st. Peter 2/9

[2] Layman not only of belonging to the church but of being the Church''— Pope pius XII.

ക്യം കുമ്പിയററി പടർന്നു പന്തലിച്ച് പുഷ്പിച്ച് ഫലമണിയാൻ, നൂറും അഞ്ഞൂറും മേനി വിളവിറുത്തെടുക്കാൻ.

### ഒരു കടം കഥ

ഈ വഴിയിൽ കുറെയേറെ പ്രകാശധോരണി വാരി വിതറാൻ പോരുന്നൊരു പ്രാമാണികപ്രകാശനമാണ് ഗുസ്താവ്‌വിജിൽ എസ്. ജെയുടേതു്.

വിജിൽ പറയുന്നു— "അന്നന്നത്തെ പരിതോവസ്ഥകൾക്കൊത്തു ഞാൻ നീങ്ങുകയാണ്. കനത്ത പ്ളാനിംഗുകളൊന്നും നാളെയെപ്പററി എനിക്കില്ല. വലിയ വിവേചനാപരിഗണനകളൊന്നും കൂടാതെ വിശ്വാസികളോടെല്ലാം ഞാൻ ഇടപഴകുന്നുണ്ട്. വിദ്യാവിഹീനരായ വീട്ടമ്മമാരോടുപോലും എനിക്കൊരു കഥ പറയാനുണ്ട്. എല്ലാത്തരം ആളുകളോടും എല്ലാ ചേരിയിൽപ്പെട്ടവരോടും, കർഷകരോടും, പടയാളികളോടും, വണിഗ്വരനോടും, ഭിഷഗ്വരനോടും, നേതാക്കളോടും, അനുയായികളോടും എനിക്കതു പറയണം."

വിജിൽ തുടരുകയാണ്— "ക്രിസ്തുവിന്റെ കഥ—ക്രിസ്തു മാത്രമായ ഒരു കടംകഥ— അതൊന്നു മാത്രമാണെനിക്കു പറയാനുള്ളതു്. അക്കഥാകഥനം ഇന്നപ്രതിഹതമായും മുന്നേറണം. ആ കടംകഥയുടെ കുരുക്കുകളഴിക്കുകയാണു നമുക്കു വേണ്ടതു്. ബൈബിളാണു കഥാഗ്രന്ഥം. അതിലെ ഓരോ രംഗങ്ങളും ഓരോ ഈരടികളും എങ്ങനെ എവിടെയെല്ലാം വിചിന്തനം ചെയ്യപ്പെട്ടുന്നുവെന്ന ആഴമേറിയ പരമാർത്ഥങ്ങൾ അതിന്റെ ഉൾക്കാഴ്ചകളിലേയ്ക്കാഴ്ന്നിറങ്ങി യഥാതഥയിൽ നാം ബോധപ്പെടണം. ഏതൊരുവിധ ഐക്യത്തിനും മുൻപേ ഈ കഥാകഥനത്തിന്റെ ഐക്യമാണു നേടേണ്ടതു്. സമ്പൂർണ്ണ ഐക്യത്തിന്റെ ഉറപ്പേറിയ അച്ചാരവും രക്ഷയുടെ ഉജ്ജ്വലമാർഗ്ഗദീപവുമാണതു്. ഇത്രയുമായാൽ പിന്നെയെല്ലാം പരിശുദ്ധാത്മാവിന്റെ കരങ്ങൾ ദൈവപരിപാലനാക്രമത്തിൽ വരുത്തിക്കൊള്ളും. വീണ്ടും വിസ്തരിച്ചൊരു ഭാഷ്യം വേണ്ടാത്ത വണ്ണം സ്ഫടികസ്ഫുടവും ലളിതസുന്ദരവും ഹൃദയമാധുരിയുമാണീ വാക്കുകൾ.

### കുഷിംഗ്പദ്ധതി.

ഒരു എക്യുമെനിസ്റ്റ് വിദഗ്ധനായ കാർഡിനൽ കുഷിംഗിനെ ഈ വസ്തുത നിരവധി പ്രൊട്ടസ്റ്റന്റുകാരോടും ക്രൈസ്തവേതരരോടും സംസാരിക്കാൻ പ്രേരിപ്പിച്ചു.

ഫലിതസമ്രാട്ടായ അദ്ദേഹം ഒരിക്കൽ പെറുവിലെ ലീമായിൽകിട്ടിയ അത്യാഘോഷമായവരവേൽപുമഹോത്സവത്തിൽ പറഞ്ഞു:— "നമ്മുടെ തമ്പുരാൻ കർത്താവ് ഒരു കഴുതപ്പുറത്തു കയറി ജറുസലേം നഗരത്തിൽ പ്രവേശിച്ചു. ഇന്നവിടുന്ന് മറെറാരു കഴുതയുടെ പുറത്തു് കയറി ലീമായിൽ പ്രവേശിച്ചിരിക്കുന്നു. ആ കഴുതയിതാ നിങ്ങളുടെ മുമ്പിൽ. ആ കഴുത മററാരുമല്ല, ഞാൻ തന്നെ. എനിക്കു നിങ്ങളുടെ ഭാഷ തീരെവശമില്ല. ഒരേയൊരുഭാഷ മാത്രമേ, എനിക്ക് അറിയാവൂ. സ്നേഹത്തിന്റെ കർമ്മഭാഷ. എന്റെ സ്നേഹമിതാ മുഴുവനോടെ നിങ്ങൾക്ക്." എഴുപതിലേയ്ക്കു പദമൂന്നിയിരിക്കുന്ന ഈ കർദ്ദിനാൾ 23-ാം ജോൺ പാപ്പായുടെ പൈതൃകം അപ്പടിപേറിയിരിക്കുകയാണ്. സഭയെ കാലത്തിനൊത്തു മുന്നേററാനുറച്ചിരിക്കുന്ന തലപ്പത്തെ മുന്നണിപ്പടയാളികളിലൊരുവനാണദ്ദേഹം. കാർഡിനലിന്റെ കലശലായ ഈ അന്ത:ശ്ചോദനത്തിൽ നിന്നുരുത്തിരിഞ്ഞതാണ് കുഷിംഗ് പദ്ധതിയെന്ന പേരിൽ പ്രഖ്യാതമായ അദ്ദേഹത്തിന്റെ സരളചിന്തകൾ.

കർമ്മമണ്ഡലത്തിലാണദ്ദേഹത്തിനു നേതൃതപമേറെയും. ചിന്താമണ്ഡലത്തിലല്ല. വേദാന്തചിന്തയിൽ താനത്ര പ്രഗൽഭനല്ലെന്ന് അദ്ദേഹം പലവുരു തുറന്നു പറഞ്ഞിട്ടുണ്ട്. ദൈവശാസ്ത്രജ്ഞന്മാർക്കുള്ള അതിസൂക്ഷ്മനിർദ്ദേശങ്ങളെന്നതിനേക്കാളുപരി സാധാരണക്കാരുടെ പ്രായോഗികമേഖല പുഷ്ടിച്ചു പുഷ്കലമാക്കാൻ പോരുന്ന ഒരുക്കൂട്ട കൈത്തിരികളാണവ. വേർപാടിനെ അരക്കിട്ടുറപ്പിക്കുന്ന ലോലലോലങ്ങളെങ്കിലും സ്വാധീനപ്രധാനങ്ങളായ കുറെ പ്രശ്നങ്ങളുടെ പരിഹാരം കണ്ടെത്തലിലേയ്ക്കു നമ്മെ കൈപിടിച്ചു നടത്തും.

ക്രൈസ്തവസഹോദരരെ ഭിന്ന ചേരികളിൽ അണിചേർത്തിരിക്കുന്നതു് വിശ്വാസത്തിന്റെ താത്വികതലത്തിലെന്നതിനേക്കാളുപരി ദൈവശാസ്ത്രേതരവസ്തുതകളാണെന്നു്, മുൻവിധിയെ പുറം തള്ളിക്കഴിഞ്ഞപ്പോൾ ഇരു കൂട്ടർക്കുമിതാ ബോധ്യമായിക്കൊണ്ടിരിക്കുന്നു. ഇത്തരമൊരൈക്യാന്തരീക്ഷ സൃഷ്ടിയാണിന്നത്തെ നമ്മുടെ മഹത്തായ മിഷനും മഹോന്നത ദൈവവിളിയും. ആധുനികലോക

# സേവനം ഒരു മധുരസംഗീതം

(എൻ. കെ. ജോർജ്ജ് എം. എ.)

ചാറിച്ചാറിപ്പെയ്യുന്ന മഴ. എന്നിട്ടും ആനിക്കാട്ട് സെൻറ് മേരീസ് പള്ളി മൈതാനത്തിൽ ആയിരക്കണക്കിനാളുകൾ തിങ്ങിക്കൂടിയിരുന്നു. മഴയുടെ ചുവട്ടിൽ കുടയും നിവർത്തി അവർ നിലകൊള്ളുകയാണ്. പ്രസംഗവേദിയിലേയ്ക്കു കയറുമ്പോൾ ആകെയൊരു അമ്പരപ്പനുഭവപ്പെട്ടു. ആദ്യമായിട്ടാണ് ഒരു സർവ്വമതസമ്മേളനത്തിൽ സംസാരിക്കേണ്ടിവന്നിരിക്കുന്നത്. അതും പ്രശസ്തരായ മതചിന്തകന്മാരുടെ കൂട്ടത്തിൽ. ഞാൻ അല്പമൊന്നൊതുങ്ങി പ്ലാററ്ഫോമിൻെറ ഒരരുകിൽ ചുരുങ്ങി.

സമ്മേളനം ഉൽഘാടനം ചെയ്യാൻ എത്തിയിരുന്നത് ബ. ടി. എസ്. അബ്രഹാം കോർ എപ്പിസ്കോപ്പായായിരുന്നു. വത്തിക്കാൻ കൗൺസിലിൽ ഒരു നിരീക്ഷകനായി സംബന്ധിക്കുകകൂടി ചെയ്തു സമുന്നതനായ ഒരു യാക്കോബായ വൈദികൻ. നന്നേ നരച്ചുകഴിഞ്ഞ ആ ആചാര്യൻെറ പ്രസംഗമാരംഭിച്ചതോടെ മഴ മാറിത്തുടങ്ങി. കറുത്ത കുടകൾ ചുരുങ്ങി. വെളിച്ചം പരന്ന ആ പരിസരമാകെ ഉൽഘാടകൻെറ ശബ്ദഗാംഭീര്യത്തിനു വഴങ്ങിനിന്നു. വിനീതനായ ഒരു തീർത്ഥാടകനെപ്പോലെ ഞാൻ ശ്രദ്ധിച്ചിരുന്നു.

---

വുമായി, ക്രിസ്തുവിൻെറ പഠനങ്ങളിൽ ദൃഢാധിഷ്ഠിതമായ പരസ്പരബഹുമാനത്തോടെ അമോഘവും നറും നിർമ്മലവുമായ സ്നേഹസാഗരത്തിൽ നിന്നും അണപൊട്ടി പ്രവഹിക്കുന്ന ഉപവിയുടെ ഒരു സംസാരസംസർഗ്ഗത്തിനു (Dialogue with the contemporary world) കാലം കലവറ കൂടാതെ മുറവിളികൂട്ടുന്നു.

—ം—

ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനി ഒരിക്കൽ പറഞ്ഞ ഒരു വലിയ കാര്യത്തിലൂന്നിക്കൊണ്ടായിരുന്നു അദ്ദേഹത്തിൻെറ തുടക്കം. സംഗതി ഇതാണ്; അഭിവന്ദ്യതിരുമേനി യാക്കോബായ മെത്രാപ്പോലീത്തായായിരിക്കുന്ന കാലം ഇടവകവികാരിയായിക്കഴിയുന്ന ഒരു വൈദികൻ അഭിവന്ദ്യ തിരുമേനിയെ കാണാനെത്തി. ഒരു പരാതിയും പേറികൊണ്ടായിരുന്നു അദ്ദേഹത്തിൻെറ വരവ്. വന്നപാടേ അതങ്ങു പറഞ്ഞു: ഇടവകഭരണം നന്നേ വിഷമമാണെന്ന്.

വികാരിയച്ചൻെറ ആവലാതികേട്ട തിരുമേനി ശാന്തത വിടാതെ മറുപടി നൽകി: "ശരിയാണച്ചാ, ഭരിക്കാൻ വലിയ പ്രയാസമാണ്; പക്ഷേ സേവിക്കാനാണെങ്കിലോ വളരെ എളുപ്പവും" എന്ന്.

ആനിക്കാട്ടെ യോഗം കഴിഞ്ഞ് തിരികെ പോരുമ്പോൾ ഞാനോർത്തുകൊണ്ടിരുന്നത് ആ മഹത്തായ ഉത്തരത്തെക്കുറിച്ചാണ്. പിന്നീട് അതേക്കുറിച്ച് കൂടുതൽ കൂടുതൽ ചിന്തിക്കാനുള്ള അവസരങ്ങളുണ്ടായി. ഭരിക്കാൻ വേണ്ടി 'സന്നദ്ധ'രായിറങ്ങിയവർ വിരളുകയും വെപ്രാളം കാണിക്കുകയും ചെയ്യുന്നതു കാണേണ്ടിവന്നു. അപ്പോഴൊക്കെ ആ വലിയ തിരുമേനിയുടെ അനുശാസനത്തെക്കുറിച്ച് നാമെത്രതന്നെ അജ്ഞരല്ലാ എന്നോർത്തു ലജ്ജിക്കാതിരിക്കാൻ കഴിഞ്ഞില്ല.

സി. വി. രാമൻപിള്ളയുടെ "ധർമ്മരാജാ" എന്ന നോവലിൽ ചന്ത്രക്കാരൻ എന്നൊരു കഥാപാത്രമുണ്ട്. എല്ലാററിനേയും തകർത്ത് ശരിക്കൊന്നു ഭരിച്ചേച്ചു താനടങ്ങു എന്ന പിടിവാശിക്കാരനാണയാൾ. ഒരു കണക്കാലോചിച്ചാൽ ഇന്നു ചന്ത്രക്കാരന്മാരല്ലേ കൂട്ട

തൽ. പല വേഷത്തിലും ഭാവത്തിലും അവർ മാറി മാറി പ്രത്യക്ഷപ്പെട്ടുന്നുവെന്ന് ഒരു ഭേദമേയുള്ളു. ഭരിച്ച് പ്രതാപം കാണിക്കുവാനാണ് ഓരോരുത്തർക്കും വ്യഗ്രത. തങ്ങൾ ഭരിക്കാൻവേണ്ടി പിറന്നവരാണെന്നു പോലും അക്കൂട്ടർ ഭാവിച്ചുകളയും.

കത്തോലിക്കാസഭയിൽ ഈ ഭരണഭ്രമത്തിന് എന്തു സ്ഥാനമാണുള്ളത്? ക്രൈസ്തവപുണ്യത്തിനുതന്നെ കടകവിരുദ്ധമാണീ പ്രവണതയെന്നതാണ് ശരിയായ കാര്യം. എളിമയുടേയും സേവനത്തിന്റെയും മാർഗ്ഗമാണ് ക്രിസ്തുനാഥൻ ഉപദേശിച്ചതന്നത്. അവിടത്തെ ത്യാഗമോഹനമായ ജീവിതം കൊണ്ട് അതു ദൃഷ്ടാന്തീകരിക്കുകയും ചെയ്തു. പക്ഷേ അവിടത്തെ അനുയായികളെന്ന് അവകാശപ്പെടുന്ന നാമെങ്ങാൻ ആ മഹത്തായ സന്ദേശത്തിനു ചെവികൊടുക്കാറുണ്ടോ? രോഗികളെ ശുശ്രൂഷിക്കുന്നവരും, ആത്മാക്കളെ രക്ഷിക്കുന്നവരും, സഹോദരങ്ങൾക്കുവേണ്ടി കഷ്ടതയനുഭവിക്കുന്നവരും അപഹാസ്യരായിത്തീരുന്ന ചുററുപാടാണ് ഇന്നുള്ളത്. അതൊക്കെ ഭരിക്കാൻ കൊള്ളാത്തവർക്കു മാത്രമായുള്ള കാര്യങ്ങളായി തള്ളപ്പെടുകയും ചെയ്യുന്നു. എവിടെയും ഭരിക്കാനുള്ള ബദ്ധപ്പാടുകൾ നാം കാണുന്നു. സേവനത്തിന്റെ ശബ്ദമാണെങ്കിൽ എങ്ങോ പേടിച്ചൊളിച്ചിരിക്കുകയുമാണ്.

നമ്മുടെ മതാനുശാസനങ്ങളുടെ നേർക്കുള്ള കനത്ത ഒരവഹേളനമായി ഇതിനെ കരുതാതിരിക്കാനാവില്ല. യഥാർത്ഥമായ കത്തോലിക്കാ വിശ്വാസത്തിൽനിന്നുള്ള ആധുനിക മനുഷ്യന്റെ അകൽച്ചയാണ് ഇതു കുറിക്കുന്നത്. നാം ചെയ്യുന്നതെന്തും ദൈവമഹത്വത്തിനുവേണ്ടിയായിരിക്കണമെന്നതാണ് നമ്മുടെ വിശ്വാസപ്രമാണം. കൂടുതൽ കൂടുതൽ ഉത്തരവാദപ്പെട്ട രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനിടവരുമ്പോൾ ദൈവഹിതമനുസരിച്ച് അധികമായി സേവനമനുഷ്ഠിക്കുവാനുള്ള അവസരം ലഭിച്ചതായി കരുതേണ്ടിയുമിരിക്കുന്നു. അല്ലാതെ സ്വന്തം പ്രഭാവം പ്രദർശിപ്പിക്കാനുള്ള പണ്ടാരവക വസ്തുവൊന്നുമല്ല അത്. ഈ പരമാർത്ഥതയുമായി പൊരുത്തപ്പെടാൻ തയ്യാറാകാതെ എല്ലാമങ്ങു ഭരിച്ചു നിരപ്പാക്കാൻ നടക്കുന്നവർ തങ്ങളുടെ മൂഢസ്വർഗ്ഗത്തിൽനിന്നു തല കുത്തി വീഴുമെന്നതു തീർച്ചയാണ്. അപ്പോഴും സേവനത്തിന്റെ മധുരസംഗീതം മുഴങ്ങിക്കൊണ്ടേയിരിക്കും.

—o—

**For favours received**



**Inserted by**
Miss. Rosamma Mathew
Koduppana, Chemmani,
KONNI.

# ധ്യാനചിന്തകൾ

(വി. സി. ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പ)

## ഭക്തിമാർഗ്ഗം

II

### ദൈവതത്വം

ദൈവം ആരു്? സർവ്വജഗത്തിൻെറയും ഉത്ഭവവും നിലനിൽപ്പും അന്ത്യലയനവും ആരിൽനിന്നാണോ ഉണ്ടാകുന്നതു് ആ ആദി കാരണം തന്നെയാണു് ദൈവം. സർവ്വശക്തൻ (Omnipotent) സർവ്വജ്ഞൻ (omniscient) സർവ്വവ്യാപി (omnipresent) ശാശ്വതൻ (Infinite Truth) നിർമ്മലൻ (Infinite goodness) പ്രേമസ്വരൂപൻ (Infinite Love സർവ്വരൂപരിപൂർണ്ണൻ (Infinite Beauty). വാക്കുകളെക്കൊണ്ടു വർണ്ണിക്കുവാൻ കഴിയാത്ത സദ്ചിദാനന്ദൻ. സദ്ചിദാനന്ദൻ എന്ന നാമം വേദാന്തത്തിൽ പറയുന്ന ഒരു സംസ്കൃതപദമാണു്. അതു കടം വാങ്ങിയെന്നേയുള്ളു. സത്തു് = സത്തായുള്ളവൻ (Life) ചിദ് = ജ്ഞാനമായുള്ളവൻ. (Light) ആനന്ദൻ = പ്രേമംമൂലം സദാ ആനന്ദത്തിൽ സ്ഥിതിചെയ്യുന്നവൻ (Love). ബിഷപ്പ് ഫുൾടൻഷീൻ പരിശുദ്ധ ത്രിത്വത്തെ Life, Light, Love എന്ന ഗുണമൂർത്തികളായി പറഞ്ഞിട്ടുള്ളതിനാൽ ആ ആശയം ഞാൻ സദ്ചിദാനന്ദനിൽ ലയിപ്പിച്ചു പറയുന്നതാണു്. ഈറേന്മാർക്കും മാലാഖമാർക്കും അദൃശ്യനായവൻ എന്നു് പിതാവിനെ സംബന്ധിച്ചു് വി. കുർബാനയിലുപയോഗിക്കുന്ന ഒരു സെദ്റായിൽ പറയുന്നുണ്ടു്. അങ്ങനെയെങ്കിൽ ദൈവം തൻെറ സത്താവസ്ഥയിൽ മനുഷ്യർക്കു ശരീരത്തിലിരിക്കുന്ന കാലത്തോളം അദൃശ്യൻ തന്നെ. അദൃശ്യമായസത്തിൻെറ വചനത്തെയാണു് (Expression of Word) പുത്രൻ എന്നു നാം വിളിക്കുന്നതു്. പുത്രൻ തന്നെയാണു് മനുഷ്യാവതാരം ചെയ്തതു്. അങ്ങനെ നമുക്കു കാണാവുന്ന ദൃശ്യാവസ്ഥയിൽ ദൈവം പ്രത്യക്ഷനായി. സത്താവസ്ഥയിൽ ദൈവത്തെ അറിയണം അഥവാ ദർശിക്കണം. അതാണു് കൈവല്യം (Beatific vision) സ്വർഗ്ഗത്തിലെ പ്രഥമവും പ്രധാനവുമായ നിത്യാനന്ദം എന്നു പറയുന്നതു് ഈ സത്തായ ദൈവത്തെ അറിഞ്ഞു് ബോധാതീതാവസ്ഥയിലുണ്ടാകുന്ന ദർശനമാണു്. അതു ലോകത്തിൽ വച്ചുണ്ടാകുന്നതല്ല. ഈ കൈവല്യപദവിയിലെത്തുന്നതു പുത്രനായ ദൈവം വഴിയാണു്. പിതാവിലേക്കുള്ള മാർഗ്ഗം പുത്രനാണെന്നു് പുത്രൻ തന്നെ പറഞ്ഞിട്ടുണ്ടു്. "വഴിയും സത്യവും ജീവനും ഞാനാകുന്നു എന്നിൽക്കൂടിയല്ലാതെ ഒരുത്തനും എൻെറ പിതാവിൻെറ അടുക്കൽ വരുന്നില്ല." യോഹ. 14:6. അതിനാൽ യേശുക്രിസ്തുവിനെ ആദ്യം സമീപിക്കണം. അദ്ദേഹത്തോടു് ഒന്നായിത്തീരുമ്പോൾ അദ്ദേഹത്തിലുള്ള പിതാവിനോടും ഒന്നാകും. "ഞാനും പിതാവും ഒന്നാകുന്നു" യോഹ. 10:30. യോഹന്നാൻ 14-ാം അദ്ധ്യായം മുതൽ 17-ാം അദ്ധ്യായംവരെ ശ്രദ്ധിച്ചു പഠിക്കുക.

സത്തായിരിക്കുന്ന ദൈവം നിത്യനായിരിക്കുന്നപോലെ ദൈവത്തിൻെറ പ്രകാശമാകുന്ന (The Word) ദൈവപുത്രനും അനാദ്യന്തനാകുന്നു. ആ അനാദ്യന്തദൈവപുത്രനാണു് ചരിത്രത്തിൽ യേശുക്രിസ്തു എന്ന നാമത്തിൽ പ്രത്യക്ഷനായതു്. പിതാവായ ദൈവത്തിൻെറ സൃഷ്ടിസ്ഥിതിസംഹാരശക്തിയെല്ലാം ദൈവപുത്രനും ഉണ്ടു്.

ദൈവം എന്തുചിന്തിക്കുന്നു എന്ന ചോദ്യത്തിനുത്തരം തന്നെപ്പററിത്തന്നെ ചിന്തിക്കുന്നുവെന്നത്രേ. ദൈവത്തിൻെറ ചിന്തയിൽനിന്നുളവായിക്കൊണ്ടിരിക്കുന്ന മൂർത്തിത്വമാണു് പുത്രനായ ദൈവം. ചിന്തിച്ചവനാരോ അവൻ തന്നെ പിതാവായ ദൈവം. പിതാവു് എന്നും പുത്രനെന്നും പറയുന്നതു് ഈ വിധമാണെന്നു് നമുക്കു് ധ്യാനിക്കാവുന്നതത്രേ. ഏകദൈവത്തിലെ രണ്ടുഭാവങ്ങളായ രണ്ടു മൂർത്തിത്വങ്ങളാണു് പിതാവും പുത്രനും. പിതാവു് തന്നിൽനിന്നും സദാ ഉളവായിക്കൊണ്ടിരിക്കുന്ന ആ ജ്യോതിസ്സാകുന്ന പുത്രനെസ്നേഹിക്കുന്നു. പുത്രനും തന്നെ സദാ ജനിപ്പിക്കുന്ന പിതാവിനെ സ്നേഹിക്കുന്നു. ഈ

# "സ്നിഗ്ദ്ധപ്രകാശമേ എന്നെ നയിക്ക!"

[കാർഡിനൽ ന്യൂമന്റെ സുപ്രസിദ്ധകവിതയുടെ "Lead Kindly Light" ആദ്യഭാഗം]

**തർജ്ജമ: ഡി. അയ്യനേത്ത്**

സ്നിഗ്ദ്ധപ്രകാശമേ! എന്നെ നയിക്ക നീ
മുഗ്ദ്ധമാമന്ധത മൂടിടുമ്പോൾ
മുമ്പോട്ടു മുമ്പോട്ടു കൊണ്ടുപോയീടുക
അൻപിനാലെന്നെയും കൈവിടാതെ
കൂരിരുൾ തിങ്ങിന രാത്രിയണഞ്ഞല്ലോ
ദൂരസ്ഥമാണെന്റെ വാസഗേഹം
മാമകപാദം പരിരക്ഷിച്ചീടുക
കാൽച്ചുവടോരോന്നു നീങ്ങീടട്ടെ!
ഇവ്വിധമായിരുന്നില്ല ഞാൻ മുമ്പിനാൽ
യാചിച്ചതില്ല നിൻ നേതൃത്വവും

പാത കണ്ടീടാനും കൈവരിച്ചീടാനും
പാരം കൊതിച്ചു ഞാനന്നെന്നാലും
മുമ്പോട്ടു മുമ്പോട്ടു കൊണ്ടുപോയീടുക
അൻപിനാലെന്നെയും കൈവിടാതെ
ജീവിതമോടിയുമീർഷ്യാഭാവങ്ങളും
ആവോളമെന്നെ വിവശനാക്കി
ഗർവ്വിനാൽ മാനസം സംഭരിതമായി
ഓർമ്മിക്കവേണ്ടൊട്ടും ഭൂതകാലം
നിൻശക്തിയിന്നോളമെന്നെ സംരക്ഷിച്ചു
നിർണ്ണയമായതു നിത്യംവേണം.

---

സ്നേഹത്തിന്റെ പൂർത്തീകരണമത്രേ പ. റൂഹാ. ഇങ്ങനെ ഏകദൈവത്തിൽ മൂന്നു മൂർത്തിത്വങ്ങൾ നാം കാണുന്നു. അതിനാലത്രേ ത്രിയേകദൈവം എന്നു പറയുന്നത്.

യേശുക്രിസ്തുവഴിയായി ദൈവത്തിന്റെ ആഴത്തിലേക്കും ഉച്ചാവസ്ഥയിലേക്കും നാം ചെന്നു പററണം. ക്രിസ്തു നമ്മുടെ രക്ഷിതാവും കർത്താവും ആകുന്നു. ക്രിസ്തുവിൽ ഒന്നായി ചേരുന്നതിനാൽ ക്രിസ്തുവഴിയായി പിതാവിനോടും ഒന്നായി ചേരുന്നു. ദൈവത്തിന്റെ സ്നേഹമായ പ. റൂഹായിലും നാം തന്മൂലം വാസം ചെയ്യുന്നു. ഇങ്ങനെ ഒരുവിധത്തിൽ പറഞ്ഞാൽ ദൈവസ്വഭാവത്തിലുള്ള ഐക്യത്താൽ നാം ദൈവങ്ങളായിത്തീരുന്നുവെന്നു പറയാം. അതാണ് നമ്മുടെ ദൈവവൽക്കരണം (Transformation of soul) ഈ ഐക്യമാണ് പരമലക്ഷ്യം. യോഹ. 17:21-ൽ "എന്റെ പിതാവെ നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ അവരും നമ്മിൽ ഒന്നാകേണ്ടതിനുതന്നെ." എന്നു പറഞ്ഞിരിക്കുന്നു. ഈ ദൈവസാക്ഷാൽക്കാരം ലോകത്തിൽവച്ച് ഒരു ഉയന്ന പടിവരെ എത്താം. വി. ത്രേസ്യാ പുണ്യവതിയുടെ അഭ്യന്തരഹർമ്മ്യം 7-ാം സദനം വായിച്ചുനോക്കുക. ഈ ദൈവസാക്ഷാൽക്കാരം ഉണ്ടാകുമ്പോൾ നമ്മിൽ ദൈവത്തെ മറച്ചുവച്ചിരിക്കുന്ന തിരശ്ശീലകൾ മാറുകയാണു ചെയ്യുന്നത്. ഈ തിരശ്ശീലകൾ മാററിയാൽ ദൈവദർശനം ലോകത്തിൽവച്ച് കിട്ടാവുന്നിടത്തോളം അനുഭവത്തിലാക്കാം. അതു കൈവല്യപദത്തിന്റെ അച്ചാരമാണ്. നാം ദൈവത്തിൽ ആയാലും ദൈവം സ്രഷ്ടാവും നാം സൃഷ്ടിയും എന്നുള്ള അവസ്ഥ മാറുന്നില്ല. നമ്മുടെ വ്യക്തിത്വത്തിന്റെ ബോധം നശിക്കാതെ ദൈവത്തിൽ ലയിച്ചിരിക്കുന്ന പ്രേമസംപൂർണ്ണമായ ഒരവസ്ഥയാണ് കൈവല്യപദമെന്ന് നമുക്ക് ധ്യാനിക്കാം. ആ സ്ഥാനത്തെത്തുന്നതുവരെ ലോകത്തിൽവച്ചോ, ലോകം വിട്ടശേഷമോ, ശുദ്ധീകരസ്ഥലത്തിൽകൂടെ കടന്നുപോകേണ്ടിവരും. എന്നാൽ ഈ ലോകത്തിൽവച്ചുതന്നെ ശുദ്ധീകരകാലം അവസാനിപ്പിച്ച് കൈവല്യം ശരീരവിയോഗസമയത്ത് പ്രാപിക്കണമെന്നുള്ളതായിരിക്കണം നമ്മുടെ ലക്ഷ്യം. നമ്മെത്തന്നെയും ജഗത്തിനെയും വിസ്മരിച്ച് ദൈവമാകുന്ന പരമാത്മാവിൽ നമ്മുടെ ജീവാത്മാവ് ലയിച്ചിരിക്കുന്ന ഒരു ഘട്ടം വരാവുന്നതാണ്. അദ്ധ്യാത്മികജീവിതം രണ്ടാംഭാഗം അവസാനം പറയുന്ന അദ്ധ്യാത്മിക വിവാഹം അതാണ്. ഇങ്ങനെ അനന്തമായ സത്ത ഇന്ദ്രിയവിഷയങ്ങളായ ലൗകികവസ്തുക്കളെക്കാൾ അനുഭവമായി ചിലക്കു തീരാറുണ്ട്. ധ്യാനം അവിടംവരെ ഉയരണം.

(തുടരും)

# "മലകളിളകിലും മനമിളകാ"

## (റവ. ഫാദർ ഡാനിയൽ അയ്യനേത്ത് M. A., L. D., L. Ph.)

"നവീകരണപ്രസ്ഥാനചരിത്രം" എന്ന സുപ്രസിദ്ധഗ്രന്ഥം രചിച്ച വില്യം കോബേ എന്ന അമേരിക്കൻ പണ്ഡിതൻ ഒരിക്കൽ ഒരു കത്തോലിക്കാവൈദികനെ സന്ദർശിക്കുകയുണ്ടായി. സുദീർഘവും ഹൃദ്യവുമായ ഒരു സംഭാഷണത്തിന്റെ അന്ത്യത്തിൽ വൈദികൻ ആത്മാർത്ഥത തികഞ്ഞ സ്വരത്തിൽ കോബേയോട് ഇപ്രകാരം പറഞ്ഞു: "മിസ്റ്റർ കോബേ, നവീകരണപ്രസ്ഥാനചരിത്രം രചിച്ച താങ്കൾക്ക് എങ്ങനെ ഒരകത്തോലിക്കനായി ജീവിക്കാൻ കഴിയുന്നെന്ന കാര്യം എന്നെ വിസ്മയിപ്പിക്കുന്നു." കോബേ ശാന്തനായി മറുപടി നല്കി:- "ബഹുമാനപ്പെട്ട അച്ചാ, ഒരു സംഗതിയിൽ ഞാനും അത്ഭുതപ്പെട്ടുകയാണ്." "അതെന്ത്"? അച്ചൻ ഉദ്വേഗപൂർവ്വം തിരക്കി. കോബേ പറഞ്ഞു:- "അറിയുക, മാനസാന്തരപ്പെടുക, ഇവ രണ്ടും രണ്ടു കാര്യങ്ങളാണെന്ന് വേദശാസ്ത്രജ്ഞനായ ഒരു വൈദികനറിഞ്ഞുകൂടാത്തതത്ഭുതം തന്നെ."

സഭാചരിത്രത്തെക്കുറിച്ചു വസ്തുനിഷ്ഠമായ പഠനം നടത്തിയ വില്യം കോബേയ്ക്ക് കത്തോലിക്കാസഭയുടെ യഥാർത്ഥരൂപം ശരിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. എന്നിരുന്നിട്ടും അദ്ദേഹം മാനസാന്തരപ്പെട്ട് കത്തോലിക്കാസഭയിൽ ചേർന്നില്ല. ഒരു പ്രോട്ടസ്റ്റൻറുകാരനായിത്തന്നെ തുടന്നു ജീവിക്കുകയാണു ചെയ്തതു്. കോബേയെപ്പോലുള്ള അനേകായിരം ആളുകൾ അകത്തോലിക്കാസഹോദരരുടെ ഇടയിൽ കണ്ടെന്നു വരാം. ചെങ്കോലുകൾ ഒടിഞ്ഞുതകന്നിട്ടും, സിംഹാസനങ്ങൾ മറിഞ്ഞുവീണിട്ടും, കാലത്തിന്റെ പോക്കിൽ ലോകം കീഴ്മേൽ മറിഞ്ഞിട്ടും, ഇരുപതു നൂററാണ്ടത്തെ മഹത്തായ പാരമ്പര്യവും പേറിക്കൊണ്ട് അചഞ്ചലമായി നിലകൊള്ളുന്ന ഏകസ്ഥാപനമായ കത്തോലിക്കാസഭയെ ഉജ്ജ്വലത്തായ ഭാഷയിൽ പ്രകീർത്തിച്ച ചരിത്രകാരനായ മെക്കാളിപോലും മാനസാന്തരപ്പെട്ട കത്തോലിക്കനായില്ല. മെക്കാളി, കോബേ, തുടങ്ങിയ ചരിത്രപണ്ഡിതന്മാരോടൊപ്പം പാണ്ഡിത്യമില്ലാത്തവരാണെങ്കിലും കത്തോലിക്കാസഭയെക്കുറിച്ചും അതിന്റെ ആന്തരികവും ബാഹ്യവുമായ സൗന്ദര്യത്തെക്കുറിച്ചും വേണ്ട ധാരണയുള്ള അനേകം അകത്തോലിക്കാസഹോദരങ്ങൾ നമ്മുടെ ചുററുമുണ്ടെന്നതൊരു പരമാർത്ഥം മാത്രമത്രേ. അവരുടെ ആത്മാർത്ഥതയെ ചോദ്യംചെയ്യാൻ തുനിയുന്നതു ശരിയല്ല. കാരണം പറയാം. "ഒരു വേദശാസ്ത്രജ്ഞൻ ഒരു നിരീശ്വരനായി ജീവിച്ചെന്നുവരാം". ഈ പ്രസ്താവനയിൽ വല്ല പൊരുത്തക്കേടുമുണ്ടോ? ഇല്ലെന്നാണു തോന്നുന്നതു്. ദൈവത്തെക്കുറിച്ചും ദൈവികകാര്യങ്ങളെക്കുറിച്ചും അറിവുള്ളവനാണു വേദശാസ്ത്രജ്ഞൻ. ദൈവത്തിന്റെ അസ്തിത്വം യുക്തിയുക്തം തെളിയിക്കാൻ അയാൾക്കു പ്രയാസവുമില്ല എന്നാൽ ഒരു സംഗതി അറിയുന്നതും തെളിയിക്കുന്നതും മററും,ഒരു കാര്യം. അതിനെക്കുറിച്ചു ബോദ്ധ്യംവന്നു് തദനുസൃതമായി ജീവിക്കുന്നതു് മറെറാരു കാര്യം. ഈ നിലയിൽ നോക്കുമ്പോൾ മുമ്പുകണ്ട പ്രസ്താവന പൂർണ്ണമായും തെററാണെന്നു പറഞ്ഞുകൂടാ.

ഡമാസ്കസിലേക്കു പോയ ശൗലും എമ്മാവോസിലേക്കു പോയ ശിഷ്യരും വേദഗ്രന്ഥപരിചയമുള്ളവരായിരുന്നു. എന്നിട്ടും അവക്കു ക്രിസ്തുവിനെക്കുറിച്ചു ശരിയായി അറിയാൻ കഴിഞ്ഞില്ല. ക്രിസ്തുതന്നെ അവരിൽ മാററം വരുത്തേണ്ടിവന്നു. അങ്ങനെ ശൗൽ പൌലോസും ഭീരുക്കളായശിഷ്യർ രക്തസാക്ഷികളായി മരിക്കത്തക്ക വിശ്വാസസ്ഥൈര്യം പ്രാപിച്ചവരുമായിത്തീന്നു. ഡമാസ്കസിലേക്കുള്ള ആ വഴിയിൽ ആരംഭിച്ച ആ മാനസാന്തരകൃത്യം ഇരുപതു നൂററാണ്ടുകളായി ക്രിസ്തു തന്റെ സഭയിൽ അനുവത്തിച്ചുപോരുന്നു. ന്യൂമാൻ, ചെസ്റ്റേർട്ടൻ, ബെല്ലോക്ക്, ലൺ, ഗിബൺസ്, മാനിങ്ങ്, മാരിറെറയിൻ, നോക്സ്, ഇവാനിയോസു തിരുമേനി തുടങ്ങിയ പ്രഗത്ഭരും പണ്ഡിതരുമായ നൂറു നൂറു മഹാന്മാരുടെ മാനസാന്തരചരിത്രം പരിശോധിക്കുക. അഗാധമായ അറിവു മാത്രമാണോ അവരെ സത്യമാർഗ്ഗത്തിലെത്തിച്ചതു്? പാണ്ഡിത്യം ഒരു ചൂണ്ടുപലകയായി വത്തിച്ചതേയുള്ളു. സാക്ഷാൽ ദൈവ

വരപ്രസാദമാണ് അവരുടെ മാനസാന്തരം സാധിച്ചതെന്നവർ തന്നെ തുറന്നു സമ്മതിച്ചിട്ടുണ്ട്. "ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവത്തിന്റെ കൃപാവരംമൂലമാണ്." അപ്പോസ്തലനായ വിശുദ്ധ പൗലോസിന്റെ വാക്യം അവരുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളമെത്ര അന്വർത്ഥമാണ്!

"കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ വേലക്കാർ വൃഥാ പണിയെടുക്കുന്നു" എന്ന വേദവാക്യം മാനസാന്തരവേലയിലേർപ്പെട്ടിരിക്കുന്നവരെല്ലാം സദാ അനുസ്മരിക്കേണ്ടതാണ്. ഒരു ഉന്നതമായ കോട്ട ഇടിച്ചു നിരത്തുന്നതിനോ, സൈന്യാധിപനെ കുഴിച്ചിക്കെട്ടുന്നതിനോ, വിശിഷ്ടമായ ഒരു സൗധം പടുത്തുയർത്തുന്നതിനോ, തീരെ അസാദ്ധ്യമല്ല. എന്നാൽ ഒരു മനുഷ്യന്റെ മനസ്സുമാററാൻ ലോകത്തിലുള്ളവരെല്ലാം ശ്രമിച്ചാലും സാദ്ധ്യമല്ലെന്നു പറയാം. അതുകൊണ്ടാണ് ഒരു ചൊല്ലുള്ളത് "മലകളിളകിലും മനമിളകാ."

കത്തോലിക്കാസഭയിലെ ഒരു മികച്ച പണ്ഡിതനും ഉജ്ജ്വലവാഗ്മിയുമായിരുന്ന ബോസ്വേ ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി "സംശയനിവാരണംവരുത്താൻ മാത്രം ആളുകൾ എന്റെയടുത്തു വന്നാൽ മതി. മാനസാന്തരപ്പെടണമെന്നുള്ളവർ ഫ്രാൻസിസ് സാലസിന്റെ പക്കൽ ചെല്ലട്ടെ." തന്റെ നലംതികഞ്ഞ പാണ്ഡിത്യവും അതുല്യമായ വാചാലതയും കൊണ്ട് ആരേയും മാനസാന്തരപ്പെടുത്താമെന്ന് ബോസ്വേ വ്യാമോഹിച്ചില്ല. പ്രാർത്ഥനവഴിയുള്ള ദൈവികപ്രചോദനത്തിൽക്കൂടി വിശുദ്ധ ഫ്രാൻസിസ് സാലസ് മാനസാന്തരം സാധിക്കുമെന്നാണ് ബോസ്വേ അഭിപ്രായപ്പെട്ടത്. അത് തികച്ചും ശരിയാണുതാനും. ഒരു കന്യകാമഠത്തിന്റെ നാലുഭിത്തികൾക്കുള്ളിൽ ഏതാനും വർഷം ഒതുങ്ങി കഴിഞ്ഞ വിശുദ്ധ കൊച്ചുത്രേസ്യാ പ്രാർത്ഥനാവഴി നടത്തിയ മാനസാന്തരചരിത്രം നമുക്കറിവുള്ളതാണല്ലോ. ഒരു മികച്ച പണ്ഡിതനും വാഗ്മിയുമായ ഫുൾട്ടൻഷീൻ എന്ന അമേരിക്കൻ മെത്രാൻ തന്റെ ജീവിതത്തിലെ ഒരു അനുഭവകഥ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരുണത്തിൽ അത് പ്രസ്താവയോഗ്യമാണെന്നു തോന്നുന്നു. ഒരിക്കൽ, അപഥസഞ്ചാരിയായ ഒരു യുവാവ് മോൺസിഞ്ഞോർ ഷീനിന്റെ മുററത്തു വന്നു നിന്നു. അദ്ദേഹം ആഗതനോട് ആഗമനോദ്ദേശമെന്താണെന്നു ആരാഞ്ഞു. മാതാവിന്റെ നിർബന്ധപ്രകാരം അവിടെ ചെന്നതാണെന്നും മാതാവശ്യപ്പെട്ടതുപോലെ കുമ്പസാരം നടത്താൻ താനുദ്ദേശിക്കുന്നില്ലെന്നും ആ യുവാവ് നീരസത്തോടെ പറഞ്ഞശേഷം പെട്ടെന്ന് പിന്തിരിഞ്ഞു നടന്നുതുടങ്ങി. താമസിയാതെ അയാൾ തിരികെ വരുമെന്നു മോൺസിഞ്ഞോർ ഉറക്കെ വിളിച്ചുപറഞ്ഞു. അതിനുശേഷം അദ്ദേഹം ചാപ്പലിൽ പ്രവേശിച്ച് ഉദ്ദേശം ഒരു മണിക്കൂർ വിശുദ്ധ കുർബാനയുടെ മുമ്പിൽ പ്രാർത്ഥനാനിരതനായി കഴിച്ചുകൂട്ടി. ആ പ്രാർത്ഥനമൂലമുള്ള വരപ്രസാദത്തിന്റെ പ്രചോദനം ആ യുവാവിൽ മാററം വരുത്തി. മോൺസിഞ്ഞോർഷീൻ പ്രാർത്ഥനകഴിഞ്ഞു പുറത്തുവന്നപ്പോൾ യുവാവ് കണ്ണീരോടെ നില്ക്കുന്നതുകണ്ടു. ഒരു നല്ല കുമ്പസാരം നടത്തുന്നതിന് അയാൾ ഒട്ടും താമസിച്ചില്ല. ഇതുപോലെയുള്ള സംഭവകഥകളനേകം കണ്ടെടുന്നു വരാം.

ഇപ്രകാരം മാനസാന്തരത്തിന്റെ യഥാർത്ഥസ്വഭാവം മനസ്സിലാക്കുന്നവർ ദൈവത്തിൽ കൂടുതൽ കൂടുതലായി ആശ്രയിക്കും. സ്വന്തം സാമർത്ഥ്യത്തേക്കാൾ ദൈവവരപ്രസാദത്തിന്റെ പ്രവർത്തനത്തെ വിലമതിക്കും. എത്രയദ്ധ്വാനിച്ചിട്ടും ചിലപ്പോൾ പ്രത്യക്ഷമായ ഫലം കണ്ടെടുന്നു വരില്ല. അപ്പോൾ ഒട്ടും നിരാശപ്പെടേണ്ട കാര്യമില്ല. എന്റെ യിടവക, എന്റെ റീത്ത്, എന്റെ രൂപത എന്നീ സങ്കുചിത പരിഗണനകൾ ദൂരെത്തള്ളി സഭയുടെ പൊതുവായ നന്മയെ ലാക്കാക്കി പ്രവർത്തിക്കാൻ ഈ ചിന്ത പ്രചോദനം നൽകാതിരിക്കുകയില്ല. മാനസാന്തരപ്രവർത്തനം ദൈവത്തിന്റെ കാര്യമാണെന്നു പറഞ്ഞു അലംഭാവമനസ്ഥിതിയോടെ നിഷ്ക്രിയരായിരിക്കണമെന്നല്ലിപറഞ്ഞതിന്റെയർത്ഥം.

പ്രസംഗിച്ചായാലും എഴുതിയായാലും, ചർച്ചകൾ നടത്തിയായാലും സത്യവിശ്വാസം പരത്താൻ ആങ്ങേയററം നാം പരിശ്രമിക്കുകതന്നെ വേണം. സഭയുടെ ചിന്തയ്ക്കനുസരണമായി എക്യുമേനിസം വളർത്തേണ്ടതും നമ്മുടെ കടമതന്നെ. എന്നുവച്ച് ഒരു സുപ്രഭാതത്തിൽ സകലരേയും മാനസാന്തരപ്പെടുത്തിക്കളയാമെന്നു വ്യാമോഹിക്കുന്നത് മൗഢ്യം. "എല്ലാം ദൈവത്തിലാണെന്നു വിശ്വസിച്ചു പ്രാർത്ഥിക്കുക; എല്ലാം എന്നെ ആശ്രയിച്ചാണെന്നു ചിന്തിച്ചു പ്രവർത്തിക്കുക" എന്ന

ഇഗ്നേഷ്യസ് ലയോളയുടെ വാക്യം നാം മുദ്രാവാക്യമായി സ്വീകരിക്കേണ്ടിയിരിക്കുന്നു. പ്രാർത്ഥനയും പ്രവൃത്തിയും ആവശ്യമാണ്. എന്നാൽ പ്രാർത്ഥന ഏറിയിരിക്കണം. എന്തെന്നാൽ ഓരോ മാനസാന്തരത്തിന്റെയും പിന്നിൽ വരപ്രസാദപ്രവർത്തനത്തിന്റെ ഒരു ദീർഘചരിത്രം കാണും. പ്രാർത്ഥന വഴിയത്രേ വരപ്രസാദം പ്രവർത്തിക്കുന്നത്.

നമ്മുടെ ചുറ്റുമുള്ള അകത്തോലിക്കരുടേയും അക്രൈസ്തവരുടേയും പുനരൈക്യത്തിനും മാനസാന്തരത്തിനുംവേണ്ടി നാം ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. അത് മഹത്തായ ഒരു കാര്യമാണുതാനും. സഹോദരസ്നേഹത്തിന്റെ ഏറ്റവും ഉൽകൃഷ്ടമായ വശം ഒരുവന്റെ ആത്മരക്ഷയിൽ സഹകരിക്കുകയാണെന്നു നമുക്കറിയാം. അതിനാൽ ജീവിതശുദ്ധിക്കും ആത്മരക്ഷയ്ക്കും ആവശ്യമായ തിരുസഭാപ്രവേശനത്തിനു ഒരുവനെ സഹായിക്കാൻ കഴിയുന്നെങ്കിൽ അതൊരു ധന്യമായ കാര്യം തന്നെ. തീക്ഷ്ണമായി പ്രാർത്ഥിക്കുകയും ആത്മാർത്ഥമായി പ്രയത്നിക്കുകയും ചെയ്യുക നമ്മുടെ കടമ. ''ഞാൻ നട്ടു, അപ്പോളോ നനച്ചു, ഫലം നല്കുന്നത് ദൈവം.'' വിശുദ്ധ പൗലോസിന്റെ ഈ വാക്യം നമുക്കു മാർഗ്ഗനിർദ്ദേശം തരും. മാനസാന്തരവേലയുടെ പേരിൽ ഇന്നു പലയിടത്തും നടക്കുന്ന കടിപിടികളും, കോലാഹലങ്ങളും, എടുത്തുചാട്ടങ്ങളും സ്ഥായിയായ ഫലം പുറപ്പെടുവിക്കാത്തതിന്റെ കാരണം ഇനിയും അജ്ഞാതമല്ല.

കാര്യങ്ങൾ ശരിയായി ഗ്രഹിക്കാൻ കഴിയുന്ന ചിലയാളുകളുടെ മക്കടമുഷ്ടിപിടിത്തം നമ്മെ വിസ്മയിപ്പിക്കും. എങ്കിലും തുടന്നു പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. എപ്പോഴാണ് വരപ്രസാദത്തിന്റെ പ്രചോദനമുണ്ടായി അവർ മാനസാന്തരപ്പെടുന്നതെന്നു നമുക്കറിഞ്ഞുകൂടാ. ഉറച്ച പ്രീശനായി ജീവിച്ച ശൗൽ ഉറച്ച ക്രൈസ്തവനായി മാറിയല്ലോ. അതുപോലെ ഉറച്ച അകത്തോലിക്കാസഹോദരങ്ങളും ഉറച്ച കത്തോലിക്കരായിത്തീരുന്ന ദിവസം വിദൂരത്തിലല്ല. മനുഷ്യനു അസാദ്ധ്യമായത് ദൈവത്തിനു സാദ്ധ്യമാണ്. ''നിന്റെ രാജ്യം വരണമേ'' എന്ന നമ്മുടെ പ്രാർത്ഥന സഫലമാകാതിരിക്കുകയില്ല.

**For favours received. Inserted by**





Miss Sosamma Simon
Kugler Hospital
Guntur. (A. P.)

(23൯-ാം പേജിൽനിന്നും തുടർച്ച)

ലാക്കാം. "ദീർഘദർശിമാർ ഇല്ലെങ്കിൽ ദരിദ്രർക്കു കൊടുക്കുവിൻ" എന്നു ദിദാക്കേ 13, 4-ൽ പറയുന്നു. അപ്പൊസ്തോലന്മാരിൽ നിന്നു വ്യത്യസ്തരായി ഒരു സ്ഥലത്തു കൂടുതൽ കാലം താമസിക്കുന്നതിനും ക്രിസ്തീയ സമൂഹത്തെ ഉറപ്പിക്കുന്നതിനും ഭക്ഷണത്തിനും അവർക്കു അവകാശമുണ്ടായിരുന്നു. (ദിദാക്കേ 13, 1) ദിദാക്കേയുടെ ഉപദേശങ്ങൾക്കു വിപരീതമായി പഠിപ്പിക്കാത്തവനും (ദിദാക്കേ, 11, 1—2) കർത്താവിൻെറ സന്മാർഗ്ഗങ്ങൾ ഉള്ളവനും, പ്രസംഗിക്കുന്നവ പ്രയോഗത്തിൽ വരുത്തുന്നവനും (ദിദാക്കേ, 11, 8, 10) പണം ആഗ്രഹിക്കാത്തവനും (ദിദാക്കേ, 11, 9; 12) ശരിയായ പ്രവാചകനാണു്.

## ഉപദേഷ്ടാവു്.

ഉപദേഷ്ടാവു് എന്നു വിളിക്കപ്പെട്ടുന്നയാൾ പ്രവാചകനെപ്പോലെ ദൈവവചനം പ്രസംഗിക്കുന്നവനെങ്കിലും ആത്മാവിൽ സംസാരിക്കുന്നവനല്ല. വിശ്വാസികളെ നിയന്ത്രിക്കുന്നതിനുള്ള ജ്ഞാനമുള്ളവനായിരിക്കണം ഇദ്ദേഹം. പ്രവാചകനെപ്പോലെ ഉപദേഷ്ടാക്കളും ബഹുമാനിക്കപ്പെടണം. (ദിദാക്കേ, 15, 2) വേലക്കാരൻ ഭക്ഷണത്തിനു അർഹനായതുപോലെ ഇവരും ഭക്ഷണത്തിനു അർഹരത്രെ (ദിദാക്കേ, 13, 2)

സഭയുടെ ആരംഭകാലത്തു് മെത്രാന്മാർ, വൈദികർ മുതലായ അധികാരികൾ സഭയിൽ ഇല്ലായിരുന്നെന്നും, എല്ലാവർക്കും ഒരേ അധികാരമാണു ഉണ്ടായിരുന്നതെന്നും പൌരോഹിത്യത്തെ നിഷേധിക്കുന്ന ബ്രദറൺ, പെന്തിക്കോസ്തി, സാബത്തുമിഷ്യൻ, രക്ഷാസൈന്യം ആദിയായ ചില സഭക്കാരുടെ ഉപദേശങ്ങൾക്കു നേരേ വിപരീതമാണു ദിദാക്കേയിൽ കാണുന്ന ഈ സാക്ഷ്യങ്ങൾ.

## ലോകാവസാനത്തെ സംബന്ധിച്ചുള്ള ഉപദേശങ്ങൾ.

ഉപസംഹാരമായി ദിദാക്കേ 16-ാം അദ്ധ്യായത്തിൽ നൽകുന്നതു ലോകാവസാനത്തെ സംബന്ധിച്ചുള്ള ഉപദേശങ്ങളാണു്. ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലും വി. പൌലോസിൻെറ ലേഖനങ്ങളിലും കാണുന്ന വിവരങ്ങൾ സാരാംശപ്രകാരം എടുത്തുപറയുകയാണു ഈ അദ്ധ്യായത്തിൽ. അവയിൽ പ്രധാനപ്പെട്ടതു് താഴെ പറയുന്നവയാണു്.

1) "നമ്മുടെ കർത്താവു വരുന്ന സമയം നിങ്ങൾക്കു അറിഞ്ഞുകൂടാ" (ദിദാക്കേ, 16,1)

2) കർത്താവിൻെറ വരവിനു മുമ്പു ഉണ്ടാകുന്ന അടയാളങ്ങൾ; കപടപ്രവാചകന്മാരും ജനങ്ങളെ വഞ്ചിക്കുന്നവരും വർദ്ധിക്കും; കുഞ്ഞാടുകൾ ചെന്നായ്ക്കളായി രൂപാന്തരപ്പെടും; സ്നേഹം വിദ്വേഷമായി മാറും; ലോകത്തെ വഞ്ചിക്കുന്നവൻ ദൈവപുത്രനായി കാണപ്പെട്ടു് അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യും; ലോകം അവൻെറ കരങ്ങളിൽ ഏല്പിക്കപ്പെടുകയും, ഇതിനു മുമ്പു ചെയ്തിട്ടില്ലാത്ത ദുഷ്പ്രവൃത്തികൾ അവൻ ചെയ്യുകയും ചെയ്യും; വളരെപ്പേർ ഇടറൽപ്പെടുകയും നശിക്കുകയും ചെയ്യും. സത്യത്തിൻെറ അടയാളങ്ങൾ പ്രത്യക്ഷീഭവിക്കും; സ്വർഗ്ഗം തുറക്കപ്പെടും, കാഹളധ്വനി കേൾക്കപ്പെടും.

3) മരിച്ചവരുടെ ഉയിർപ്പു്.

4) വാനമേഘങ്ങളിൽ കർത്താവു സകല വിശുദ്ധന്മാരോടുകൂടി എഴുന്നെള്ളിവരും. (ദിദാക്കേ, 16)

ചില സഭക്കാർ ഓരോ യുദ്ധം വരുമ്പോഴും ലോകാവസാനത്തിൻെറ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയതായി പറയാറുണ്ടു്. ഇങ്ങനെ പല യുദ്ധങ്ങൾ വന്നിട്ടും ലോകം അവസാനിച്ചില്ല! ലോകാവസാനത്തിൻെറ ഖണ്ഡിതമായ സമയം മുമ്പു കൂട്ടി ആർക്കും പറയുവാൻ സാധിക്കയില്ലെന്നത്രെ ദിദാക്കേ പഠിപ്പിക്കുന്നതു്.

# ദൈവമാതാവും ഓർത്തഡോക്സ് സഭയും (തുടർച്ച)

## "കൃപനിറഞ്ഞമറിയമേ, നിനക്കു സമാധാനം"

### റവ. ഫാ. എം. വി. ജോർജിന്റെ 'മലങ്കരസഭാ' ലേഖനത്തിനു മറുപടി.

[റവ. ഫാ. സി. എ. എബ്രഹാം
എം. എ. ബി. ഡി., ബി. ലിററ്. (ഓക്സൺ)]

## II

ഫാ. ജോർജിന്റെ ലേഖനത്തിൽ ശേഷിക്കുന്നതു് രണ്ടു കാര്യങ്ങളാണു്. ഒന്നു് കൃപ നിറഞ്ഞ മറിയം എന്നതിന്റെ ദുർവ്യാഖ്യാനം. രണ്ടു്, ദൈവമാതാവിനെപ്പററിയുള്ള കത്തോലിക്കാ—ഓർത്തഡോക്സ് വിശ്വാസസത്യങ്ങൾക്കെതിരായുള്ള പുതിയ ചില വാദമുഖങ്ങൾ. ഇവയെല്ലാം ക്രമമായി മറുപടി പറയാം.

'കൃപനിറഞ്ഞ മറിയമേ' എന്ന മാലാഖായുടെ സംബോധനക്കു് (ലൂ. 1: 28) ഫാ. ജോർജ്ജ് നൽകുന്ന വ്യാഖ്യാനം ഇപ്രകാരമാണു്: "അമലോത്ഭവത്തിനെതിരായുള്ള ശക്തിയേറിയ തെളിവാണു് ഈ വാക്യം. എന്തെന്നാൽ ന്യൂനതയോ അനർഹതയോ (അതായതു പാപം) ഉള്ളിടത്താണു് കൃപ നൽകുന്നതു്. മറിയാമിനു കൃപ ലഭിച്ചതുകൊണ്ടു് അവളിൽ പാപം ഉണ്ടായിരുന്നു എന്നു ധരിക്കണം. മറിയാം അമലോത്ഭവയായിരുന്നെങ്കിൽ കൃപ ലഭിക്കേണ്ടയാവശ്യമോ അതിനുള്ള അർഹതയോ അവൾക്കില്ലായിരുന്നേനെ."

ഈ വ്യഖ്യാനത്തിന്റെ ചില ന്യൂനതകൾ എന്റെ ആദ്യത്തെ കുറിപ്പിൽ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. 'കൃപനിറഞ്ഞ മറിയം' എന്ന ഒരു പദപ്രയോഗമല്ല അമലോഭവത്തിന്റെ അടിസ്ഥാനമെന്നും എന്നാൽ അമലോത്ഭവത്തിനെതിരായ തെളിവായി അതിനെ ഫാ. ജോർജ് വ്യാഖ്യാനിച്ചതു സാഹസമായിപ്പോയി എന്നും ഞാൻ പറഞ്ഞിരുന്നു. എന്റെ ഒന്നാമത്തെ വിമർശനം ഇതായിരുന്നു: A) 'മാലാഖ വരുന്നതിനു മുമ്പുതന്നെ മറിയാം കൃപ നിറഞ്ഞവളായിരുന്നു. 'ഇപ്പോൾ കൃപകൊണ്ടു നിറയ്ക്കപ്പെട്ടവൾ' എന്നോ ഭാവിയിൽ കൃപകൊണ്ടു നിറയ്ക്കപ്പെടാനിരിക്കുന്നവൾ' എന്നോ അല്ല മാലാഖാ പറഞ്ഞതു്. മാലാഖാ വരുന്നതിനു മുമ്പു കൃപ ലഭിച്ചെങ്കിൽ അതെപ്പോളാണെന്നു് ഫാ. ജോർജ്ജിനു തെളിയിക്കാമോ?' എന്റെ ഈ ചോദ്യത്തിനു ഫാ. ജോർജ്ജ് തന്നിരിക്കുന്ന മറുപടി താഴെ ചേർക്കുന്നു:

"ദൈവമാതാവു് സ്വമാതാവിന്റെ ഗർഭപാത്രത്തിൽ ജനിക്കും മുമ്പാണു കൃപനിറഞ്ഞതെന്നാണു് ബ. അച്ചൻ വിശ്വസിക്കുന്നതെന്നു വന്നെങ്കിലേ ജന്മപാപരഹിതമായ അമലോത്ഭവ സിദ്ധാന്തം നിലനിൽക്കൂ. അങ്ങനെയാണെങ്കിൽ ദൈവമാതവു് ജനിക്കും മുമ്പെ ഉണ്ടായിരുന്നു എന്നും അപ്പോൾ സൃഷ്ടിയല്ലാ എന്നും വിശ്വസിക്കേണ്ടയോ? അതോ എല്ലാ ആത്മാക്കളെയും നേരത്തെ സൃഷ്ടിച്ചുവച്ചിരിക്കുകയാണെന്ന ഗ്രീക്കു ചിന്താഗതിയാണോ അച്ചന്റേതു്? അതോ ദൈവമാതാവിനു മാത്രം ജനിക്കും മുമ്പുള്ള അവസ്ഥയുണ്ടായിരുന്നോ?............ജനിക്കുമ്പോൾ കൃപ നിറഞ്ഞു എന്നു പറയുന്നതിൽ നന്നു് ജനിപ്പിച്ചവർക്കു കൃപ നിറഞ്ഞു എന്നു പറയുന്നതായിരിക്കും. അങ്ങനെ ദൈവമാതാവിന്റെ മാതാപിതാക്കൾ അമലോത്ഭവരാകണം. അങ്ങനെ പുറകോട്ടു് ആദാം വരെ പോകയും ആദാമ്യവീഴ്ചതന്നെ ഇല്ലാതാകയും ചെയ്യണം."

ഫാ. ജോർജ്ജിന്റെ മറുപടിയിൽ ശ്രദ്ധേയമായ ഒന്നാമത്തെ കാര്യം 'എപ്പോൾ കൃപ നിറഞ്ഞു?' എന്ന എന്റെ ചോദ്യത്തിനു് അദ്ദേഹം മറുപടി പറഞ്ഞിട്ടേയില്ലെന്നുള്ളതാണു്. ഒരു വലിയ മറയത്തരം പറഞ്ഞിട്ടു് അതിന്മേൽ പല മറയത്തരങ്ങൾ താങ്ങിനിർത്താനാണു് അദ്ദേഹത്തിന്റെ പരിശ്രമം. ദൈവമാതാവു് മാതൃഗർഭത്തിൽ ജനിക്കുന്നതിനുമുമ്പു കൃപ നിറഞ്ഞവളായി എന്നു സമ്മതിച്ചെങ്കിലേ അമലോത്ഭവ വി

ശ്വാസം നിലനിൽക്കുകയുള്ളു എന്നു് ഫാ. ജോജ്ജ് ആദ്യമെ അങ്ങു തീരുമാനിച്ചു. അതിനുശേഷം ഗംഭീരചോദ്യങ്ങൾ ചോദിക്കുകയായി. മാതാവു് ജനിക്കുന്നതിനുമുമ്പു് മാതാവുണ്ടോ? ജനിക്കുന്നതിനു മുമ്പുണ്ടായിരുന്നെങ്കിൽ സൃഷ്ടിയല്ലെന്നു വരികയില്ലേ? ഗ്രീക്കു ചിന്താഗതിയാണോ ഏബ്രഹാം അച്ചനു്?

അബദ്ധം പറയാനുള്ള അസാധാരണ കഴിവു് പ്രകടിപ്പിക്കുന്നതിനുമുമ്പു് അമലോത്ഭവത്തെപ്പററിയുള്ള സഭയുടെ പ്രഖ്യാപനം ബ. അച്ചൻ ഒന്നു വായിച്ചുനോക്കേണ്ടതായിരുന്നു.

“അനുഗ്രഹീതയായ കന്യകമറിയാം സ്വമാതാവിൻെറ ഗർഭത്തിൽ ഉത്ഭവിച്ച ആദ്യനിമിഷം മുതൽ (From the first moment of her Conception) ദൈവത്തിൻെറ പ്രത്യേക കൃപയാലും നൽവരത്താലും മനുഷ്യകുലരക്ഷകനായ യേശുക്രിസ്തുവിൻെറ രക്ഷണ്യപുണ്യത്തെ പ്രതിയും (In view of the merits of Jesus Christ) ജന്മപാപത്തിൻെറ എല്ലാ കറയിൽനിന്നും വിമുക്തയായി സംരക്ഷിക്കപ്പെട്ടു.”

ഇതു ശ്രദ്ധിച്ചു വായിച്ചുനോക്കിയിരുന്നെങ്കിൽ ‘മാതാവു് ജനിക്കുന്നതിനുമുമ്പു് മാതാവുണ്ടോ? എന്നും മററും ഫാദർ ജോജ്ജ് ചോദിച്ചുപോവുകയില്ലായിരുന്നു. ഉത്ഭവിക്കുന്നതിനുമുമ്പു കൃപ ലഭിച്ചെങ്കിലേ അമലോത്ഭവമാവുകയുള്ളു എന്നുള്ളതു് കത്തോലിക്കാവിശ്വാസമല്ല, ഫാ. ജോർജ്ജിൻെറ അഭിപ്രായമാണു്. അതദ്ദേഹംതന്നെ സൂക്ഷിച്ചുകൊണ്ടാൽ മതി!

ദൈവമാതാവിൻെറ മാതാപിതാക്കൾ അമലോത്ഭവമുള്ളവരായിരുന്നെങ്കിലേ ദൈവമാതാവിനു് അമലോത്ഭവമുണ്ടാകുകയുള്ളു എന്നതാണു് ഫാ. ജോജ്ജിൻെറ വെറൊരു വാദം. എത്ര ബാലിശമാണീ വാദം! മാതാപിതാക്കളിൽനിന്നു സ്വാഭാവികമായി മക്കൾക്കു ലഭിക്കാവുന്ന ഒന്നാണു് അമലോത്ഭവമെങ്കിൽ അച്ചൻെറ വാദം ശരിയായിരിക്കും. ലോകചരിത്രത്തിൽ ഒരു സ്ത്രീ മാത്രമേ ദൈവമാതാവായിട്ടുള്ളു. അതുല്യമായ ഈ പദവിയിലേക്കു ദൈവം മുൻകൂട്ടി നിശ്ചയിച്ചു തിരഞ്ഞെടുത്ത സ്ത്രീക്കു മാത്രമായി ദൈവം നൽകിയ പ്രത്യേക കൃപാവരമാണു് അമലോത്ഭവമെങ്കിൽ ആ കൃപാവരം ആദാംവരെ പുറകോട്ടുള്ള എല്ലാ തലമുറകൾക്കും ഉണ്ടായിരിക്കണമെന്നു പറയുന്നതു് പരമാബദ്ധമല്ലേ? ദൈവമാതാവിൻെറ കന്യകാത്വത്തിൽ വിശ്വസിക്കാത്ത ഒരാൾ “കന്യകയായ മറിയം ഗർഭം ധരിക്കണമെങ്കിൽ അവളുടെ അമ്മയും അമ്മയുടെ അമ്മയും അങ്ങനെ പുറകോട്ടു് ഹവ്വാവരെയുള്ള എല്ലാവരും കന്യകമാരായിരുന്നേ മതിയാവൂ” എന്നു പറയുന്നതുപോലെ അബദ്ധജടിലമാണു് ഫാ. ജോർജ്ജിൻെറ വ്യാഖ്യാനം. കുരുടൻ ആനയെ തപ്പിനോക്കി അഭിപ്രായം തട്ടിവിടുന്നതുപോലെ സഭയുടെ ഉപദേശത്തെപ്പററി അഭിപ്രായം പറഞ്ഞാൽ ആക്കെന്തു പ്രയോജനമാണുള്ളതെന്നു ഫാ. ജോർജ്ജ് ചിന്തിക്കണം.

ദൈവമാതാവു സൃഷ്ടിയല്ലയോ, അതോ ദൈവമാതാവിനു ജനിക്കും മുമ്പുള്ള അവസ്ഥ (Pre-existence) ഉണ്ടായിരുന്നുവോ? ആത്മാക്കളെ റെഡിമെയ്ഡ് ആയിട്ടു വച്ചിരിക്കുന്നു എന്ന ഗ്രീക്കു ചിന്തയാണോ ഏബ്രഹാം അച്ചനുള്ളതു് എന്നെല്ലാം ഫാ. ജോർജ്ജ് ചോദിച്ചിരിക്കുന്നു. മറുപടി പറയാം. ദൈവമാതാവു സൃഷ്ടിതന്നെ. ദൈവത്തിൽനിന്നു ലഭിച്ചതല്ലാതെ മാതാവിനു സ്വയമായി മഹത്വമൊന്നുമില്ല. ഉത്ഭവിക്കും മുമ്പുള്ള അവസ്ഥയും ദൈവമാതാവിനില്ലായിരുന്നു. എന്നാൽ ദൈവദൃഷ്ടിയിലും മനുഷ്യരക്ഷയ്ക്കായുള്ള ദൈവത്തിൻെറ പ്ളാനിലും ദൈവമാതാവു തൻെറ ജനനത്തിനു മുമ്പുതന്നെ ഉണ്ടായിരുന്നു എന്നും പറയാം. നമുക്കു് അസ്തിത്വമുള്ളതുകൊണ്ടല്ല ദൈവം നമ്മെ അറിയുന്നതു്. ദൈവം നമ്മെ അറിയുന്നതു കൊണ്ടാണു് നമുക്കു് അസ്തിത്വമുണ്ടാകുന്നതു്. ദൈവപുത്രൻെറ മനുഷ്യാവതാരം കേവലം യാദൃശ്ചികസംഭവമായിരുന്നില്ല. ദൈവപരിപാലനയിൽ ദീർഘനാളത്തെ ഒരുക്കം അതിനുണ്ടായിരുന്നു. മറിയാം ദൈവമാതാവായതും യാദൃശ്ചികമായിട്ടായിരുന്നില്ല. ആദിമ മാതാപിതാക്കന്മാരെ ദൈവം ശിക്ഷിച്ചപ്പോൾതന്നെ തിന്മയുടെ മേലുള്ള വിജയവും ദൈവം വാഗ്ദത്തം ചെയ്തിരുന്നു. (ഉല്പ: 3: 15) “സ്ത്രീയുടെ സന്തതി സർപ്പത്തിൻെറ തലയെ ചതയ്ക്കും.........” സുവിശേഷത്തിൻെറ മുൻകൂട്ടിയുള്ള ദർശനമായിട്ടാണു് ഈ വാക്യത്തെ ക്രിസ്ത്യാനികൾ സ്വീകരിച്ചുപോരുന്നതു്. അതുകൊണ്ടാണു്

ഈ വാക്യത്തിന് Protoevangelium (ഒന്നാമത്തെ സുവിശേഷം) എന്നു വേദശാസ്ത്രജ്ഞന്മാർ പേരു കൊടുത്തിരിക്കുന്നത്. 'സ്ത്രീയുടെ സന്തതി' ക്രിസ്തുവാണെങ്കിൽ 'സ്ത്രീ' ദൈവമാതാവാണെന്നു സമ്മതിക്കണമല്ലോ. മനുഷ്യരക്ഷയ്ക്കായുള്ള ദൈവിക പ്ലാനിന്റെ ഭാഗം തന്നെയാണു ദൈവമാതാവിന്റെ തിരഞ്ഞെടുപ്പ് എന്നുള്ളതിനു തെല്ലും സംശയമില്ല.

ഫാ. ജോർജ്ജിനോ എനിക്കോ സ്വമാതാവിനെ തിരഞ്ഞെടുക്കുവാൻ സാധിക്കുകയില്ല! എന്നാൽ ദൈവപുത്രനു മാതാവാകാനുള്ള സ്ത്രീയെ മുൻകൂട്ടി തിരഞ്ഞെടുക്കുവാൻ ദൈവത്തിനു സാധിക്കുമായിരുന്നു. "ആദിമുതലെ പിതാവായ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവളായ പരിശുദ്ധ കന്യക" എന്നാണല്ലോ യാക്കോബായ വൈദികർക്കുള്ള പ്രാർത്ഥനാക്രമത്തിൽ മാതാവിനെ വിവരിച്ചിരിക്കുന്നത്. (ശനിയാഴ്ച രാത്രി ഒന്നാം കൗമാ.) "ദൈവമാതാവാകുവാൻ മുൻകൂട്ടി നിർദ്ദേശിച്ച തിരഞ്ഞെടുക്കപ്പെട്ടവൾ" എന്നും യാക്കോബായ പ്രാർത്ഥനയിൽ മാതാവിനെ വിശേഷിപ്പിക്കുന്നുണ്ട്. (പെങ്കീസാനമസ്കാരം- ഏലിശ്ശുബായുടെ അട്ടുക്കലേയ്ക്കുള്ള യാത്ര- രാത്രി രണ്ടാം കൗമായുടെ പ്രുമിയോൻ.) ഇതൊക്കെ ഗ്രീക്കു ചിന്താഗതിയാണൊ അതോ ഓർത്തഡോക്സ് ചിന്താഗതിയാണോ?

ഓർത്തഡോക്സ് വേദശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായ ഫാദർ ഫ്ളോറോവ്സ്കിയുടെ ശിഷ്യനാണുതാനെന്ന് ഫാ. ജോർജ്ജ് അഭിമാനപൂർവ്വം തന്റെ ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ദൈവമാതാവിന്റെ മുൻകൂട്ടിയുള്ള തിരഞ്ഞെടുപ്പിനെപ്പററിയും ജനനത്തെപ്പററിയും ഫാ. ഫ്ളോറോവ്സ്കി പറയുന്നതുകേൾക്കുക :

"By the *eternal election or pre-destination* to serve in the Mystery of the Incarnation Mary was in a sense set apart and given a unique privilege and position in the whole of mankind, nay in the whole of creation.........And in a certain sense even *the Nativity of our Lady itself belongs to the mystery of salvation*.........We must assume that she was fit for that awful office of the Mother of the Lord and that *she was prepared by God for her exceptional calling*." [The Mother of God-ed. by E. L. Mascall–1949 Dacre Press, London, S.W.I.-p. 55]

"മനുഷ്യാവതാരരഹസ്യത്തിൽ പങ്കാളിയാകാൻവേണ്ടിയുള്ള ദൈവത്തിന്റെ നിത്യമായ തിരഞ്ഞെടുപ്പും മുൻ നിർണ്ണയവുംമൂലം മറിയാം പ്രത്യേകം വേർതിരിക്കപ്പെട്ടുകയും, മനുഷ്യരാശിയിൽ എന്നല്ല സർവസൃഷ്ടികളിലും അതുല്യമായ പദവിയും സ്ഥാനവും അവൾക്കു നൽകപ്പെട്ടുകയും ചെയ്തു... ഒരർത്ഥത്തിൽ മാതാവിന്റെ ജനനം തന്നെ മനുഷ്യരക്ഷാരഹസ്യത്തിന്റെ ഒരു ഭാഗമാണു്......അവതരിച്ച കർത്താവിന്റെ മാതാവായിരിക്കുക എന്ന മഹനീയവും സംഭ്രമജനകവുമായ ജീവിതപദവിക്ക് മറിയാം യോഗ്യയായിരുന്നു എന്നും, ആ പ്രത്യേകസ്ഥാനത്തേയ്ക്കായി ദൈവത്താൽ അവൾ ഒരുക്കപ്പെട്ടിരുന്നു എന്നും നാം വിശ്വസിക്കേണ്ടിയിരിക്കുന്നു."

ഒരു പ്രമുഖ റഷ്യൻ ഓർത്തഡോക്സ് വേദശാസ്ത്രജ്ഞനായിരുന്ന ബുൾഗാക്കോവിന്റെ (Sergius Bulgakov) സാക്ഷ്യംകൂടെ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ :

"The Blessed Virgin was manifestly sanctified by the Holy Ghost from the very moment of her conception." [The Wisdom of God, London, 1937-Quoted in Devotion to the Blessed Virgin (Burns & Oates) by Hilda Graef-p. 100]

'വിശുദ്ധ കന്യക ഗർഭത്തിൽ ഉരുവായ അതേനിമിഷംമുതൽ തന്നെ സ്പഷ്ടമായും പരിശുദ്ധ റൂഹായാൽ അവൾ ശുദ്ധീകരിക്കപ്പെട്ടു.'

മുകളിൽ കൊടുത്തിരിക്കുന്ന അഭിപ്രായങ്ങൾ ഫാ. ജോർജ്ജ സ്വീകരിക്കുമോ എന്നറിയാൻ കൗതുകമുണ്ട്. അവ അദ്ദേഹത്തിനു സ്വീകാര്യമല്ലെങ്കിൽ ഉദ്ധരണികൾക്കുള്ളിൽ മാത്രം എഴുതാവുന്ന ഓർത്തഡോക്സിയേ അദ്ദേഹത്തിനവകാശപ്പെടാൻ അർഹതയുള്ളു!

ആംഗ്ലിക്കൻ സഭയിലെ (Church of England) പ്രാമാണികനായ വേദശാസ്ത്രജ്ഞൻ, Dr. E. L. Mascall ന്റെ അഭിപ്രായവും കൂടെ ഫാ. ജോർജിന്റെ അറിവിനായി ഇവിടെ ഉദ്ധരിക്കുന്നു : "If Mary was

to be a worthy dwelling-place for the Divine Word, it is surely reasonable to suppose that she must be pure in every respect, and not merly in every respect but one. She must, therefore, be free from the effect of original sin and this involves a special interposition of the grace of God." [The Mother of God- p. 46]

"വചനമായ ദൈവത്തിനു യോഗ്യമായ വാസസ്ഥലമായിരിക്കുന്നതിന് മറിയാം സർവ്വപ്രകാരേണയും (സമ്പൂർണ്ണമായി) വിശുദ്ധയായിരിക്കണം (വെടിപ്പുള്ളവളായിരുന്നു) എന്നു വിചാരിക്കുന്നതാണ് നിശ്ചയമായും യുക്തിക്കു ചേരുന്നത്, അല്ലാതെ ഒരു കാര്യത്തിലൊഴികെ മററെല്ലാക്കാര്യങ്ങളിലും അവൾ വിശുദ്ധയായിരുന്നു എന്നു വിചാരിക്കുന്നതല്ല. അതുകൊണ്ട് അവൾ ജന്മപാപത്തിൻെറ ഫലത്തിൽനിന്നു് (സ്വാധീനത്തിൽനിന്നു്) വിമുക്തയായിരുന്നേ മതിയാവൂ. ഇതിനു ദൈവകൃപയുടെ ഒരു പ്രത്യേക പ്രവത്തനം (ഇടപെടൽ) ആവശ്യമായിട്ടുണ്ട്."

ഫാ. ജോർജിൻെറ ലേഖനത്തിലേയ്ക്കു നമുക്കു തിരിച്ചു പോകാം. 'കൃപനിറഞ്ഞ മറിയം' എന്നുള്ളതു് മറിയാമിൽ പാപമുണ്ടായിരുന്ന എന്നതിൻെറ തെളിവായി അവതരിപ്പിക്കുന്നതിനുമുമ്പ് പാപമുണ്ടെങ്കിൽ മാത്രമേ കൃപ ലഭിക്കുകയുള്ളൂ എന്നു ഫാ. ജോർജ് തെളിയിക്കണം എന്നു് എൻെറ കുറിപ്പിൽ ആവശ്യപ്പെട്ടിരുന്നു. 'പാപം വദ്ധിച്ചിടത്തു കൃപയും വദ്ധിച്ചു' (റോമ. 5:20) എന്നു കാണുന്നതുകൊണ്ടു് പാപമില്ലെങ്കിൽ കൃപയുമില്ല എന്നു പറയുന്നതു് എത്രയോ തെററാണ്. പാപപരിഹാരകൃപമാത്രമാണോ കൃപ? പാപത്തിൽനിന്നും സംരക്ഷിക്കപ്പെടുന്നതിനുള്ള കൃപ നൽകുവാൻ ദൈവത്തിനു കഴിവില്ലെന്നാണോ ഫാ. ജോർജ്ജ് വിശ്വസിക്കുന്നതു്? ചെളിയിൽ വീണുപോയ കുഞ്ഞുങ്ങളെ കഴുകി വെടിപ്പാക്കുന്ന ഒരു മാതാവ് ചെളിയിൽ വീഴാതെ ഒരു കുഞ്ഞിനെ സൂക്ഷിക്കുന്നു എന്നു പറഞ്ഞാൽ ഫാ. ജോർജിനു് അതു വിശ്വസിക്കുവാൻ സാധിക്കുമോ എന്തോ!

(B) കൃപ കാണുന്നിടത്തെല്ലാം പാപം ഉണ്ടായേ മതിയാവൂ എന്നില്ലെന്നു തെളിയിക്കാൻ വി. വേദപുസ്തകത്തിൽനിന്നു മൂന്നുദാഹരണങ്ങൾ ഞാൻ കൊടുത്തിരുന്നു. (1) ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ചപ്പോൾ ദൈവം അവരെ പ്രകൃത്യാതീതമായ പദവിയിലേയ്ക്കുയർത്തുകയും Sanctifying grace അഥവാ സ്ഥിരവരപ്രസാദം അവക്കു നൽകുകയും ചെയ്തു. [പാപംമൂലം ഈ വരപ്രസാദം അവക്കു നഷ്ടപ്പെട്ടു ഈ നഷ്ടമാണു് മാമോദീസാമൂലം പരിഹരിക്കപ്പെടുന്നതു്. മാമോദീസായിൽ നമുക്കു ലഭിക്കുന്ന ഈ കൃപാവരം ദൈവമാതാവു് സ്വമാതൃഗർഭത്തിൽ ഉരുവായ നിമിഷത്തിൽതന്നെ അവൾക്കു ദൈവം നൽകി എന്നാണു് അമലോത്ഭവത്തിൻെറ അത്ഥം.] ആദിമ മാതാപിതാക്കന്മാക്ക് പാപം ചെയ്യുന്നതിനു മുമ്പു കൃപലഭിച്ചിരുന്നു എന്നു് എല്ലാ ക്രിസ്ത്യാനികളും വിശ്വസിക്കുന്നു. അപ്പോൾ കൃപകാണുന്നിടത്തെല്ലാം പാപമുണ്ടായിരിക്കണമെന്നു് എങ്ങനെ പറയാനൊക്കും? ഈ ഉദാഹരണവും ഈ ചോദ്യവും ഫാ. ജോളജ് തൻെറ ലേഖനത്തിൽ സ്പർശിക്കാതെ മനപൂർവ്വം വിട്ടുകളഞ്ഞു!

അദ്ദേഹം വിശദീകരണം നൽകിയിരിക്കുന്ന മററു രണ്ടു വേദഭാഗങ്ങൾ പരിശോധിക്കാം. 1) യേശുക്രിസ്തുവിനെപ്പററി "ദൈവത്തിൻെറ കൃപയും അവൻെറമേലുണ്ടായിരുന്നു"- "യേശു......കൃപയിലും വളന്നുവന്നു" (ലൂ. 2:40, 52) എന്നു കാണുന്നതുകൊണ്ട് യേശുക്രിസ്തുവിൽ പാപമുണ്ടായിരുന്നിരിക്കണം എന്നു പറയുന്നതു് അബദ്ധമല്ലയെന്നു ഞാൻ ചോദിച്ചിരുന്നു. ഫാ. ജോർജിൻെറ ലേഖനത്തിൽ എൻെറ ചോദ്യം വളച്ചൊടിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു. "ലൂ. 2:40,52 എന്നീ വാക്യങ്ങൾ ഉദ്ധരിച്ചിട്ട് നമ്മുടെ കത്താവിനും കൃപനിറഞ്ഞു എന്നും അതുകൊണ്ടു കത്താവിനും ജന്മപാപം കാണണമെന്നുമാണ് എബ്രഹാം അച്ചൻെറ വാദം. ഈ വാദത്തിൽ ആക്കും കാണാവുന്ന ന്യൂനത കത്താവിനെയും മാതാവിനെയും ഒരുപോലെയെന്നമട്ടിൽ താരതമ്മ്യപ്പെടുത്തുന്ന വേദശാസ്ത്രപ്പിശകാണ്...കൃപയെന്ന വാക്കിന് സന്ദർഭം നോക്കാതെയും ആരെക്കുറിച്ചു പറഞ്ഞിരിക്കുന്നു എന്നു നോക്കാതെയും അത്ഥം കല്പിക്കുന്നതാണു വേറൊരു ന്യൂനത."

കൃപയെന്നുകേൾക്കുന്നയുടനെ അവിടെ പാപമുണ്ട് എന്നുപറഞ്ഞു ചാടുന്നതു തെററാണെന്നു കാണിക്കാൻ മാത്രമാണു് യേശുക്രിസ്തു കൃപയിൽ വളന്ന കാര്യം ഞാൻ എടുത്തു പറഞ്ഞതു്. എൻെറ വാദങ്ങൾക്കു മറുപടി

പറയാതെ അവയെ ദുർവ്യാഖ്യാനം ചെയ്യുകയും വികലമാക്കുകയുമാണ് ഫാ. ജോർജ് ചെയ്തിരിക്കുന്നത്. അദ്ദേഹത്തിന്റെ മറുപടി കണ്ടാൽ യേശുക്രിസ്തുവിനു ജന്മപാപമുണ്ടായിരുന്നു എന്നു തെളിയിക്കുകയായിരുന്നു എന്റെ ഉദ്ദേശമെന്നു തോന്നിപ്പോകും! മാതാവും കർത്താവും ഒരുപോലെയാണെന്നു ഞാൻ ധരിച്ചിരിക്കുന്നു എന്നു വരുത്താനും ഫാ. ജോർജ് ശ്രമിച്ചിട്ടുണ്ട്. ഈ എഴുത്താപ്പുറം വായിക്കലും മററും വല്ല മാക്കാംകുന്നു കൺവൻഷനിലോ മററോ ആയാൽ കേൾവിക്കാർ ഫാ. ജോർജിനെ പുകഴ്ത്തിയേക്കാം. എന്നോടിതു വേണ്ടായിരുന്നു!

ആരെക്കുറിച്ചു പറഞ്ഞിരിക്കുന്നു എന്നു നോക്കി വേണം 'കൃപ'യുടെ അർത്ഥം ഗ്രഹിക്കാൻ എന്നു ഫാ. ജോർജ് പറഞ്ഞിട്ടുണ്ട്. എന്റെയും ഫാ. ജോർജിന്റെയും അമ്മമാരെക്കുറിച്ചല്ല, ദൈവമാതാവിനെപ്പററിയാണ് "കൃപനിറഞ്ഞവൾ" എന്നു പറഞ്ഞിരിക്കുന്നത്. സകല വിശുദ്ധന്മാരെക്കാളും മാലാഖമാരെക്കാളും ഉയന്നിരിക്കുന്നവളും, ആദിമുതലേ ദൈവം മുൻകൂട്ടി നിർണ്ണയിച്ച് ദൈവപുത്രന്റെ മാതാവാകാൻ തിരഞ്ഞെടുത്തവളും, സ്വർഗ്ഗസ്ഥനായ ദൈവപുത്രനു ഭൂമിയിൽ വരുമ്പോൾ വസിക്കാൻ ഒരുക്കപ്പെട്ട രണ്ടാമത്തെ സ്വർഗ്ഗവും, സകല സൗന്ദര്യവും നിറഞ്ഞിരിക്കുന്നവളും നിർമ്മലയായ കന്യകയും, ദൈവപുത്രനിൽ ഇപ്പോഴും സ്ഥിതിചെയ്യുന്ന മനുഷ്യത്വം താൻ ആരിൽനിന്ന് സ്വീകരിച്ചുവോ ആ മാതാവുമാണ് ഇവിടെ പ്രതിപാദ്യവിഷയം. ദൈവപുത്രൻ തന്റെ രക്ഷിതാവു മാത്രമല്ല തന്റെ മകൻ കൂടിയായിരിക്കാൻ ലോകചരിത്രത്തിൽ ഒരിക്കലായി ഭാഗ്യം ലഭിച്ചവളും, ആദ്യത്തെ ആദാംമൂലം വന്ന വീഴ്ചയിൽ പങ്കാളിയായിരുന്ന ഹവ്വായുടെ സ്ഥാനത്ത് രണ്ടാമത്തെ ആദാമായ ക്രിസ്തുമൂലമുള്ള രക്ഷയിൽ പങ്കാളിയാകുവാനും പുതിയ സൃഷ്ടിയുടെ ആരംഭമായിരിക്കുവാനും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട നിത്യകന്യകയും സത്യമാതാവുമാണ് ഇവിടെ പ്രതിപാദ്യവിഷയം. ആ ദൈവമാതാവിനെ ആരംഭംമുതൽ ദൈവകൃപ വലയംചെയ്തിരുന്നു എന്നാണു കത്തോലിക്കാവിശ്വാസം. ദൈവമാതാവിൽ പാപമുണ്ടായിരുന്നതുകൊണ്ടാണ് കൃപ കൊടുക്കേണ്ടിവന്നത് എന്നു ഫാ. ജോർജ് ശഠിക്കുന്നത് ദൈവീകകാര്യങ്ങളെ വിവേചിച്ചറിയുവാനുള്ള മനസ്സില്ലായ്മയെ കാണിക്കുന്നു എന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു.

2) താഴ്മയുള്ളിടത്ത് (പാപമുള്ളിടത്തു മാത്രമല്ല) ദൈവകൃപ ലഭിക്കുന്നു എന്നു കാണിക്കുന്നതിന് ചില വേദഭാഗങ്ങൾ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. (സദൃശ. 3: 34; ലൂ. 1:48; യാക്കോ. 4:6; 1 പ. 5:6). ഇതിൽ ഒരു വാക്യം മാത്രം തിരഞ്ഞെടുത്ത് അതിനൊരു ദുർവ്യാഖ്യാനം നൽകുകയാണ് ഫാ. ജോർജ് ചെയ്തിരിക്കുന്നത്. (ലൂ. 1:48) "അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കൊണ്ടിരിക്കുന്നു; കണ്ടാലും, സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പുകഴ്ത്തും." ഈ വാക്യത്തിൽ അമലോത്ഭവത്തിനു തെളിവില്ലെന്നാണ് ഫാ. ജോർജ് പ്രഖ്യാപിക്കുന്നത്. ഉണ്ടെന്നു ഞാൻ പറഞ്ഞതേയില്ല! പാപമുണ്ടെങ്കിലേ കൃപ ലഭിക്കുകയുള്ളൂ എന്നുള്ള ഫാ. ജോർജിന്റെ അഭിപ്രായം ഖണ്ഡിക്കുന്നതിന് മൂന്നു വേദപുസ്തകത്തെളിവുകൾ ഞാൻ എടുത്തുകാണിച്ചു; അതിലൊന്നാണ് ഈ വാക്യം. ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ അമലോത്ഭവവിശ്വാസം തെളിയിക്കുക എന്നതായിരുന്നു എന്റെ ഉദ്ദേശം എന്ന മട്ടിലാണു ഫാ. ജോർജിന്റെ പോക്ക്! മറുപടി പറയാൻ സാധിക്കാത്ത വാദങ്ങളെ വളച്ചൊടിച്ചു വികലമാക്കിയിട്ട് ഇല്ലാത്ത വാദങ്ങൾക്കു മറുപടി പറയുന്നത് വളരെ പഴഞ്ചനായ ഒരടവാണ്. അതു ഫാ. ജോർജിന്റെ നിലയ്ക്കു ചേർന്നതല്ല. അദ്ദേഹം പറയുന്നതു കേൾക്കുക: "താഴ്മയെ നോക്കിക്കണ്ടു എന്നു പറഞ്ഞിരിക്കുന്നത് നിഷ്പാപപൂർണ്ണതയെ നോക്കിക്കണ്ടു എന്നയർത്ഥത്തിലാണെന്നു ബ. എബ്രഹാമച്ചൻ ധരിച്ചിരിക്കുന്നതുപോലെ തോന്നുന്നു." അങ്ങനെയൊന്നും എബ്രഹാമച്ചൻ ധരിച്ചിട്ടില്ല. മറുപടിപറയാൻ സൗകര്യമുണ്ടാക്കാൻവേണ്ടി ഞാൻ പറയാത്തതു പറഞ്ഞു എന്നൊന്നും വ്യാഖ്യാനിക്കാതിരുന്നാൽ ഞാൻ നന്ദിയുള്ളവനായിരിക്കും. ലൂ. 1:48 നു ഫാ. ജോർജ് സ്വന്തം വ്യാഖ്യാനം നൽകുന്നുണ്ട്. "അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടു" എന്ന വാക്യം ഫാ. ജോർജ് പൊരുളുതിരിക്കുന്നത് ഇങ്ങനെയാണ്: "എന്റെ ജന്മപാപത്താഴ്മയെ വകവയ്ക്കാതെ വെറും സാധാരണവ്യക്തിയായ എനിക്ക് ദൈവപുത്രനെ വഹിപ്പാൻ കൃപ നൽകി." ഇവിടെ ജന്മപാപത്തെപ്പററിയു

# "നമുക്കുപോകാം"

## (എൻ. സി. ഉമ്മച്ചൻ, ഹരിപ്പാട്)

വിളവുകൾ തിങ്ങും വയലുകളിൽ
വിളവുകൾ കൊയ്യാനാളില്ല
വയലിൻനാഥൻ നമ്മെയിതാ,
വിരവോടങ്ങു വിളിക്കുന്നു.

സുവിശേഷത്തിൻ സൂക്തങ്ങൾ
സകലജനത്തിനുമേകീടാൻ,
അന്ധതതിങ്ങും ഹൃത്തുകളിൽ
ബന്ധുരമാം പ്രഭ വീശീടാൻ;

ആയിരമായിരമാത്മാക്കൾ
ആതുരരായി മേവുമ്പോൾ
ആശ്വാസത്തേ നൽകീടാൻ,
ആനന്ദത്തിന്നമൃതേകാൻ;

"ക്രൈസ്തവകാഹള"മിബ്‌ഭുവിൽ
നിസ്തുലമായി മുഴക്കീടാൻ,
ക്രൈസ്തവജനതതിയൊന്നാകാൻ
ക്രിസ്തുവിൻ വിളി നാം കേട്ടീടാം.

പുതിയൊരു ക്രൈസ്തവചൈതന്യം
പാരിനുനല്കാം പോയീടാം,
പുനരൈക്യത്തിൻ പൊന്നലകൾ
പാരിടമാകെയുയർത്തീടാം.

---

ള്ള സൂചന ഫാ. ജോർജിനു് എവിടെനിന്നു കിട്ടി എന്നുള്ളതു് ദുർഗ്രഹമായിരിക്കുന്നു. തൊട്ടന്നതിനെല്ലാം ദുർവ്യാഖ്യാനമേ കൊട്ടുള്ളു എന്നു് അദ്ദേഹത്തിനു നിർബന്ധമുള്ളതുപോലെ തോന്നുന്നു! ഗംഭീരമായ ഒരു ചോദ്യവും ഫാ. ജോർജ്ജ് എന്നോടു ചോദിച്ചിട്ടുണ്ട്. "താഴ്മയുള്ളവളായി ജീവിച്ചതു് അമലോത്ഭവം കൊണ്ടാണെന്നു മാതാവു രേഖപ്പെടുത്തിയിട്ടുണ്ടോ?" ഇല്ലച്ചോ ഇല്ല. അഥവാ മാതാവു് അങ്ങനെ വല്ലതും ചെയ്തുപോയിരുന്നെങ്കിൽ തന്നെ അതിനെ ദുർവ്യാഖ്യാനം ചെയ്യാൻ ഫാ. ജോർജിനു സാധിക്കും എന്നു ഞാൻ സമ്മതിച്ചേററു പറയുന്നു! ഒരു ചെറിയ സംശയം ശേഷിക്കുന്നതു് അങ്ങോട്ടും ചോദിച്ചുകൊള്ളട്ടെ. മാതാവു പരിശുദ്ധാത്മാവിനാൽ ഗർഭിണിയായതിനു ശേഷമെങ്കിലും പാപമില്ലാത്തവളായിരുന്നു എന്നും മതാവു നിത്യകന്യകയായിരുന്നു എന്നും ഫാ. ജോർജ്ജ് വിശ്വസിക്കുന്നുണ്ടെന്നു ഞാൻ ധരിക്കുന്നു. ഇതു രണ്ടും മാതാവു് എവിടെയെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടോ എന്നറിയാൻ താല്പര്യമുണ്ടു്.

ഫാ. ജോർജിൻെറ ലേഖനത്തിൽ കക്കശമായ ഭാഷ ഉപയോഗിച്ചിരിക്കുന്നതു് "എബ്രഹാം അച്ചനോടുള്ള സ്നേഹക്കുറവുകൊണ്ടല്ല, പ്രതിപാദ്യവിഷയത്തോടുള്ള വെറുപ്പുകൊണ്ടാണു". എന്നു ഫാ. ജോർജ്ജ് പറഞ്ഞിട്ടുണ്ടു്. കക്കശമായ ഭാഷ ഉപയോഗിക്കുന്നതിൽ എനിക്കു പരാതിയൊന്നുമില്ല, മറുപടികാണുമ്പോൾ ഇങ്ങോട്ടു പരാതി പറയാതിരുന്നാൽ മതി! എന്നാൽ ഒരുകാര്യം അപേക്ഷാപൂർവ്വം ഞാൻ സമർപ്പിക്കട്ടെ. എബ്രഹാം അച്ചനെ വേണമെങ്കിൽ വെറുത്തുകൊള്ളുക; ദൈവമാതാവിനെപ്പററിയുള്ള ദൈവികസത്യങ്ങളെ വെറുക്കരുതു്. "For truth is hated where it is not loved" "സത്യം സ്നേഹിക്കപ്പെടാത്തിടത്തു് സത്യം വെറുക്കപ്പെടുന്നു" എന്നു Wordsworth പറഞ്ഞതു് വളരെ ശരിയാണു്. ദൈവമാതാവിനെപ്പററിയുള്ള സത്യങ്ങൾ ഗ്രഹിക്കുന്നതിനു് മാതാവിനോടു് ഒരു പ്രത്യേക മമത ദൈവം നമ്മിലുളവാക്കുകയും നമ്മുടെ വീക്ഷണം ശുദ്ധീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

(തുടരും)

*NOTE*:

ദൈവമാതാവിൻെറ സ്ഥാനം ത്രിത്വത്തോടുകൂടെയാണോ—മാതാവിനു് ഉയിപ്പും ന്യായവിധിയുമില്ലേ—മാതാവിനു അമലോത്ഭവം നൽകുന്നതു പക്ഷപാതമല്ലേ—യാക്കോബായ തക്സായിൽ മാതാവിനുവേണ്ടിയുള്ള പ്രാത്ഥനയില്ലേ—തോമസ് അക്വിനാസിനെ കത്തോലിക്കർ തള്ളിക്കളയാമൊ—എന്നീചോദ്യങ്ങളുടെ മറുപടിയും ഓത്തഡോക്സ് പണ്ഡിതന്മാരുടേയും യാക്കോബായ പാത്രിയക്കീസിൻെറയും മററുംസാക്ഷ്യങ്ങളും അടുത്ത ലക്കത്തിൽ.

# മിശിഹായുടെ ത്രിവിധ അധികാരങ്ങളും വിശ്വാസികളും

**(ഫാദർ സാമുവൽ തുണ്ടിയിൽ)**

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ മഹത്തായ സംഭാവനകളിൽ ഒന്ന് അത്മായർക്കു സഭയിലുള്ള സ്ഥാനവും മാഹാത്മ്യവും എന്താണെന്നു വ്യക്തമാക്കിയതാണ്. ഇതുമൂലം അത്മായർക്കു പുതുതായി എന്തെങ്കിലും സ്ഥാനം സഭയിൽ ലഭിച്ചു എന്ന് അർത്ഥമില്ല. സഭയുടെ സജീവഘടകമാണ് അൽമായർ; അത്മായരില്ലാതെ സഭയില്ല. ഈ വസ്തുത നാം കുറെയൊരുകാലമായി അവഗണിച്ചുകളഞ്ഞു എന്നുമാത്രം. ആദിമ സഭാചരിത്രം പ്രമുഖരായ അത്മായരെക്കൊണ്ട് പ്രശോഭിതമാണ്. അജ്ഞതയിലും അസാന്മാർഗ്ഗികതയിലും മുഴുകിക്കിടന്ന പേഗൻ സംസ്കാരത്തെ ഉടച്ച് ക്രിസ്തീയമൂശയിലിട്ടു വാർത്തു ഒരു നവീനസംസ്കാരം സഭ കരുപ്പിടിപ്പിച്ചതു് വെറും പന്ത്രണ്ടു ശ്ലീഹന്മാരുടെ പ്രവർത്തനംമൂലം മാത്രമായിരുന്നില്ല. പരിശുദ്ധരും പ്രഗൽഭരുമായ അത്മായരുടെ സഹായസഹകരണത്തോടുകൂടിയത്രേ ഈ മഹാകൃത്യം നിർവ്വഹിക്കപ്പെട്ടതു്. സഭയ്ക്കു മികച്ച സംഭാവനകൾ നൽകിയിട്ടുള്ള സഭാപിതാക്കന്മാർ പലരും അത്മായരായിരുന്നു. വി. ജസ്റ്റിൻ, താഷ്യൻ, അത്തനാഗോറസ് മുതലായവർ ഈ ഗണത്തിൽ ഉൾപ്പെടുന്നു. വി. അപ്രേം തന്റെ മരണത്തിനു കുറച്ചുനാൾ മുമ്പ് ആറാംപട്ടം സ്വീകരിച്ചെങ്കിലും അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട പുസ്തകങ്ങൾ എല്ലാം തന്നെ ഒരു അത്മായനായിരിക്കുമ്പോൾ എഴുതിയിട്ടുള്ളതാണ്. കൂടാതെ ബോസിയസ് (Boetius) വി. തോമസ്മൂർ, വി. ബെനഡിക്ട് മുതലായ അത്മായപ്രമുഖർ സഭയുടെ അരുമ സന്താനങ്ങളായിരുന്നു. അത്മായർക്കു സഭയിലുണ്ടായിരുന്ന സ്ഥാനം കാലത്തിന്റെ കറക്കത്തിൽ അവഗണിക്കപ്പെട്ടു. ഒരു സ്ഥാപനം (Institution) എന്ന നിലയിൽ സഭയ്ക്കു കൂടുതൽ പ്രാധാന്യം നൽകപ്പെട്ടു. വിവിധങ്ങളായ ഉദ്ദേശ്യങ്ങൾക്കായി ലോകത്തിൽ പല സ്ഥാപനങ്ങളും സംഘടനകളും ഉള്ളതുപോലെ തിരുസഭയും ഒരു സംഘടനയായിമാത്രം വീക്ഷിക്കപ്പെട്ടു. ഈ സംഘടനയിൽ വലിയ ചുമതലയോ ഉത്തരവാദിത്വമോ ഇല്ലാത്ത അംഗങ്ങളായി അൽമായർ പരിണമിച്ചു. ഈ മനോഭാവത്തിനു മാററം വരുത്തി, അത്മായർക്കു ചിന്തിക്കുവാനും സഭാകാര്യത്തിൽ പ്രവർത്തിക്കുവാനുമുള്ള വഴി തുറന്നുകൊടുക്കുകയാണ് സൂനഹദോസ് ചെയ്തതു്.

ലോകത്തെ സമുദ്ധരിക്കാൻ ലോകത്തിൽ തന്നെ ജീവിക്കുന്ന പുതിയ ഇസ്രായേലാണ് തിരുസഭ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം. വെറും ഉപരിപ്ലവമായി മാത്രം ചിന്തിക്കേണ്ട ഒരു സത്യമല്ല ഇതു്. "ഒരു പുരോഹിതരാജത്വവും വിശുദ്ധ ജനവുമായി" (പുറപ്പാട് 19:6) യഹോവ നമ്മെ തിരഞ്ഞെടുത്തിരിക്കുകയാണ്. ക്രിസ്ത്യാനികളുടെ മാഹാത്മ്യം ഈ പശ്ചാത്തലത്തിന്റെ വെളിച്ചത്തിലാണ് തെളിഞ്ഞുകാണുന്നതു്. തിരഞ്ഞെടുക്കപ്പെട്ട ഗണത്തിൽ വ്യത്യസ്തമായ ചുമതലയും പദവിയും ഉള്ളവരുണ്ട്. 'അത്മായർ' എന്ന പദംകൊണ്ട് സൂനഹദോസ് വിവക്ഷിക്കുന്നതു്, മാമോദീസായാൽ ക്രിസ്തുവിന്റെ മൗതികശരീരത്തിൽ അംഗത്വം സ്വീകരിച്ചവരും അതേസമയം വിശുദ്ധ പട്ടത്വമോ വ്രതവാഗ്ദാനമോ മൂലം പ്രത്യേകമായ വിധത്തിൽ ആത്മസമർപ്പണം ചെയ്യാത്തവരുമാണ്. 'ദെ എക്ലെസിയാ' എന്ന സുപ്രധാന 'ഡിക്രി'യിൽ അത്മായരെപ്പററി പ്രതിപാദിക്കുന്ന ഒരദ്ധ്യായമുണ്ട്. ദൈവത്തിന്റെ ജനമെന്നനിലയിൽ അവർക്കുള്ള സ്ഥാനവും കടമകളും എന്താണെന്ന് സവിസ്താരം പ്രസ്തുതഭാഗം പ്രതിപാദിക്കുന്നു. അവകാശങ്ങൾക്കു വേണ്ടി മുറവിളികൂട്ടുകയും അതേസമയം കടമകളെപ്പററി മൗനം ദീക്ഷിക്കുകയും ചെയ്യുന്ന ലോകത്തിലാണ് നാം ഇന്നു ജീവിക്കുന്നതു്. ഓരോരുത്തനും തന്റെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു എന്നുള്ള പരാതി പറയുന്നുണ്ട്. എന്നാൽ സ്വന്തം കടമകൾ എങ്ങനെ താൻ നിർവ്വഹിക്കുന്നു എന്ന കാര്യത്തെപ്പററി

ആരും ഒന്നും പറഞ്ഞുകേൾക്കുന്നില്ല. കടമകളില്ലാതെ അവകാശങ്ങളില്ല. ഈ യാഥാർത്ഥ്യം ക്രിസ്ത്യാനികൾ ശരിയായി മനസ്സിലാക്കണം. അൽമായക്ക് സഭയിലുള്ള മാഹാത്മ്യത്തെപ്പറ്റി പ്രസ്താവിക്കുന്നതിനോടൊപ്പം എന്താണ് അവരുടെ കടമകളെന്നും സൂനഹദോസ് ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ കടമകൾ ഉത്തമമായവിധം നിറവേററുന്നതിന് തിരുസഭയുടെ യഥാർത്ഥസ്വഭാവത്തെപ്പററി നാം ബോധവാന്മാരായിരിക്കണം; തിരുസഭയും നാമും തമ്മിലുള്ള ബന്ധം എപ്രകാരമുള്ളതാണെന്ന് അറിഞ്ഞിരിക്കണം.

സഭയെക്കുറിച്ച് രണ്ടുരീതികളിലുള്ള മനോഭാവം വച്ചുപുലർത്തുന്ന അൽമായരെ കാണാം. ഭൂരിപക്ഷംപേരും ഇതിൽ ഏതെങ്കിലും ഒന്നിന്റെ മറവിലായിരിക്കും ജീവിക്കുന്നതു്. അതായതു് തിരുസഭയെ ഒരു വലിയ സ്ഥാപനമായി മാത്രം വീക്ഷിക്കുക. സഭയ്ക്കു് മഹത്തായ സ്ഥാപനങ്ങളുണ്ട്, പാരമ്പര്യമുണ്ട്. ഇവയുടെയെല്ലാം മനോഹാരിത കണ്ട് ആനന്ദിക്കുക. അതിലുപരിയായി ഈ കൂട്ടർക്ക് ഒന്നും ചെയ്വാനില്ല. ആദ്യമായി പട്ടണം കണ്ടിട്ട് തിരിച്ചുമടങ്ങുന്ന ഗ്രാമവാസിയെപ്പോലെയാണ് ഇക്കൂട്ടർ. പട്ടണത്തിൽ ബ്രഹ്മാണ്ഡങ്ങളായ സൗധങ്ങളും വിസ്തൃതമായ പൂന്തോട്ടങ്ങളും വിശാലമായ നഗരവീഥികളും കണ്ട് ആ ഗ്രാമവാസി ആശ്ചര്യഭരിതനാകുന്നു. എന്നാൽ ആ നഗരവാസികളുടെ സംഭവബഹുലമായ ജീവിതത്തെപ്പററിയോ പ്രശ്നങ്ങളെപ്പററിയോ യാതൊന്നുമറിയാതെ അവൻ മടങ്ങുന്നു. ഈ രീതിയിൽ സഭയെ കാണുന്നവർ ഒരു തണുത്ത നിഷ്പക്ഷ മനോഭാവം വച്ചു പുലർത്തുന്നു. വേറൊരുകൂട്ടർ തിരുസഭയെ ഒരു രക്ഷാസങ്കേതമായിമാത്രം കരുതുന്നു. കടലിൽ ജീവിക്കുന്ന ചിപ്പിജീവികളെപ്പോലെയാണ് ഇവർ. ഇത്തരം ജീവികൾ സ്വരക്ഷാർത്ഥം അതിനെ ആവരണംചെയ്യുന്ന കൂട്ടിലേക്ക് തല വലിക്കുന്നു. അതുപോലെ താല്കാലികമായ ചില്ലറ ആനുകൂല്യങ്ങളും സൗകര്യങ്ങളും സഭയിൽനിന്നു ലഭിക്കുന്നതിന് അവർ തിരുസഭയെ ഉപയോഗിക്കുന്നു. അതിലുപരിയായ നിലയിൽ സഭയെ അവർ കരുതുന്നില്ല. സഭയുമായി അവക്ക് അഭേദ്യമായ എന്തെങ്കിലും ബന്ധമുണ്ടെന്നുള്ള അവബോധം അവക്കില്ല. ഈ വീക്ഷണം മാറണം. ഇതാണ് സൂനഹദോസ് നമ്മോട്ട് ഉത്ബോധിപ്പിക്കുന്നതു്.

തെരഞ്ഞെടുക്കപ്പെട്ട ജനമാണ് തിരുസഭ. സഭയുടെ തലയായ ക്രിസ്തു പുരോഹിതനും രാജാവും ഉപദേഷ്ടാവും ആകുന്നു. മാമോദീസാ സ്വീകരണത്തോടുകൂടി ഓരോ ക്രിസ്ത്യാനിയും ഈ ത്രിവിധ അധികാരത്തിൽ ഭാഗഭാക്കായിത്തീരുന്നു. ഒരു പുരോഹിതന്റെ പ്രധാന ചുമതല ബലിസമർപ്പണമാണ്. തന്റെയും ജനത്തിന്റെയും പാപങ്ങൾക്കവേണ്ടി പുരോഹിതൻ ബലി സമർപ്പിക്കുന്നതായി പഴയനിയമം സാക്ഷിക്കുന്നു. അബ്രഹാം മുതൽ ഇസ്രായേൽ ജനതയുടെ ചരിത്രം മുഴുവനിലും ദർശിക്കുന്ന ബലികൾ എല്ലാം യഥാർത്ഥപുരോഹിതനായ ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട ബലിയെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. മൃഗങ്ങളുടെ രക്തംകൊണ്ടു നടത്തിയ സമാധാനബലിയുടെ സ്ഥാനത്തു് മിശിഹാ സ്വന്തം രക്തം ചിന്തി നിത്യബലിയർപ്പിച്ചു. യഹോവയുടെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ അർപ്പിച്ച ബലികൾ കാൽവരിയിലെ യാഗത്തിന്റെ നിഴലായിരുന്നു. കാൽവരിയിലെ അനശ്വരയാഗം ശ്ലീഹന്മാർവഴി തിരുസഭയിൽ അഭംഗുരം തുടരുന്നു.

മിശിഹാ രാജാവാകുന്നു. ഈ സത്യം ക്രിസ്തു പീലാത്തോസിന്റെ മുമ്പിൽവച്ച് സധൈര്യം പ്രസ്താവിച്ചതാണ്. "അതെ, ഞാൻ രാജാവാകുന്നു. ഇതിനായിട്ടു ഞാൻ ജനിച്ചിരിക്കുന്നു. സത്യത്തെപ്പററി സാക്ഷിപ്പെടുത്തുന്നതിനായിട്ട് ഞാൻ ലോകത്തിൽ വരികയും ചെയ്തിരിക്കുന്നു. സത്യത്തിൽ നിന്നുള്ള ഏവനും എന്റെ സ്വരം കേൾക്കുന്നു" (യോഹ. 18:37). എന്നാൽ ക്രിസ്തുവിന്റെ രാജകീയ മഹിമ ഈ ലോകത്തിന്റേതായ അധികാരത്തിൽ നിലകൊള്ളുന്നതല്ല. ഈ ലോകത്തിൽ ആരംഭിച്ച് കാലത്തിന്റെ അവസാനത്തിൽ പൂർത്തീകരിക്കപ്പെടുന്ന ദൈവരാജ്യമാണ് അങ്ങയുടെ ലക്ഷ്യം. ക്രിസ്തു പുരോഹിതനും രാജാവും മാത്രമായിരുന്നില്ല. സർവ്വോപരി, ഉപദേഷ്ടാവുംകൂടിയായിരുന്നു. സകല പ്രവചനവും പ്രവാചകന്മാരും വരുവാനിരിക്കുന്ന മിശിഹായെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. 'ദൈവത്തിന്റെ വാഗ്ദാനങ്ങളെല്ലാം മിശിഹായിൽ നിറവേറി. (2 കൊരന്ത്യർ. 1:20) താൻ സത്യം തന്നെയാ

യിരുന്നു. തന്നിൽക്കൂടി വെളിപ്പെടുത്തപ്പെട്ട സത്യം സകലക്കും ലഭിക്കണമെന്നു താൻ ആഗ്രഹിച്ചു. ഓരോ ക്രിസ്ത്യാനിയും സത്യത്തിൽ നിലകൊള്ളണം. ആ സത്യം മററുള്ളവക്കു പറഞ്ഞുകൊടുക്കണം. കാരണം, നാം മിശിഹായുടെ അരൂപിയിൽ അഭിഷേകം ചെയ്യപ്പെട്ട്, ഇതിനുവേണ്ടി ഒരുക്കപ്പെട്ടവരാണ്. "നിങ്ങൾക്കു പരിശുദ്ധനിൽനിന്നു അഭിഷേകം ലഭിച്ചിട്ടുണ്ട്......അവനിൽനിന്നും നിങ്ങൾക്കു ലഭിച്ചിട്ടുള്ള അഭിഷേകം നിങ്ങളോടുകൂടി ഇരിക്കുമെങ്കിൽ ഒരു മനുഷ്യനും നിങ്ങളെ പഠിപ്പിക്കുവാൻ ആവശ്യം നേരിടുകയില്ല. മറിച്ച് ദൈവത്തിൽനിന്നുള്ള അഭിഷേകം എന്നതുപോലെ അതു സകലകാര്യങ്ങളെക്കുറിച്ചും നിങ്ങളെ പഠിപ്പിക്കും." (1 യോഹ. 2: 23, 27) "ആചാര്യത്വം നിർവഹിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട വംശവും വിശുദ്ധ ജനവുമായി" വി. പത്രോസ് ശ്ലീഹാ സംബോധനചെയ്യുന്നത് സഭയിലെ വൈദികസമൂഹത്തെ മാത്രമല്ലാ, ക്രിസ്തുവിൽ മാമോദീസാ സ്വീകരിച്ച എല്ലാവരേയുമാണ്.

മുകളിൽ പ്രസ്താവിച്ചതിൽനിന്നും അൽമായർ ക്രിസ്തുവുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാണല്ലോ. അത്മായർ സഭയിൽ നിർജ്ജീവമായി നിലകൊള്ളേണ്ട ഘടകമല്ല; അപ്രധാന വ്യക്തികളുമല്ല. അവർ സഭയുടെ ജീവനാണ്. മിശിഹായുടെ ത്രിവിധ അധികാരങ്ങൾ അവരിൽക്കൂടെ പ്രകടമാകേണ്ടതാണ്.

മിശിഹായുടെ ത്രിവിധാധികാരങ്ങൾ ലഭിച്ചിരിക്കുന്ന ഓരോ അത്മായനിലും തെളിഞ്ഞു കാണേണ്ട കടമകൾ എന്താണെന്ന് പരിശോധിക്കാം. സംസാരശക്തിയില്ലാത്ത ജന്തുക്കളെ കൊന്നു നല്കപ്പെട്ട ബലിയല്ല ദൈവത്തിനു സ്വീകാര്യം. "കാളകളുടേയും കോലാടുകളുടേയും രക്തത്തിനു പാപങ്ങൾ ശുദ്ധീകരിക്കുവാൻ സാധിക്കുകയില്ല. പാപങ്ങൾക്കുവേണ്ടിയുള്ള ദഹനബലികൾ നീ ആവശ്യപ്പെടുന്നുമില്ല" (എബ്രാ. 10: 4, 6). ദൈവം നമ്മിൽനിന്നു് ആഗ്രഹിക്കുന്നത് വെറും ബാഹ്യമായ സമർപ്പണമല്ല. അവിടുന്നു് ആവശ്യപ്പെടുക മൂകജന്തുക്കളുടേയും വെറും പദാർത്ഥങ്ങളുടേയും സമർപ്പണമല്ല; വിവേകമുള്ള മനുഷ്യഹൃദയങ്ങളുടെ സമർപ്പണമാണ് ദൈവത്തിനു സ്വീകാര്യബലി. സ്വയം സമർപ്പണത്തിലൂടെ ലോകത്തെ രക്ഷിച്ച മിശിഹായുടെ നിത്യപുരോഹിതത്വത്തിലാണ് ഓരോ അത്മായനും ഭാഗഭാഗിത്വമുള്ളത്. മിശിഹായുടെ ഈ ബലി ഓരോ അത്മായനിലും അനവരതമാകണം. വി. അഗസ്റ്റീനോസിന്റെ ഭാഷയിൽ "സമ്പൂർണ്ണബലി നാം തന്നെയാണ്. രക്ഷിക്കപ്പെട്ട ജനത്തിനു് ദൈവത്തോടുണ്ടായിരിക്കേണ്ട ഐക്യത്തിന്റെ സാഫല്യമാണ് യഥാർത്ഥബലി" ഓരോ ക്രിസ്ത്യാനിയുടേയും ജീവിതം തുടർച്ചയായുള്ള ബലി സമർപ്പണമായിരിക്കണം. നമ്മുടെ ജീവിതം സങ്കീർണ്ണമാണ്. വ്യത്യസ്തങ്ങളായ ചുമതലകളും ഉത്തരവാദിത്വങ്ങളും നമുക്കു നിർവഹിക്കേണ്ടതുണ്ട്. പല ക്ലേശങ്ങളാൽ ബന്ധിതമാണ് ജനനം മുതൽ മരണംവരെയുള്ള നമ്മുടെ ജീവിതം. എന്നാൽ നമ്മുടെ ജീവിതവിജയം അടങ്ങിയിരിക്കുന്നത് ജീവിതത്തിലെ ഓരോ നിമിഷത്തേയും ജീവിതചുമതലകളേയും ഏകീകരിച്ച് ക്രിസ്തീയലക്ഷ്യത്തിലേക്ക് കൊണ്ടുവരുന്നതിലാണ്, ഒരു സമ്പൂർണ്ണബലിയായി പകത്തുന്നതിലാണ്. വേദനയുടെ നിമിഷങ്ങൾ, കുടുംബജീവിതത്തിലുണ്ടാകുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ഇവയെല്ലാം സഹനത്തിന്റെ ബലിവേദിയിൽ നിത്യം അർപ്പിക്കപ്പെടാവുന്ന സുന്ദരവസ്തുക്കളാണ്. കൂടാതെ, നമ്മുടെ സഹോദരലക്ഷങ്ങളുടെ വേദനകളിൽ നാം ആത്മാർത്ഥമായി സഹതപിക്കണം. വെറും ക്രിയാത്മകമല്ലാത്ത പൊള്ളയായ സഹതാപമനോഭാവമല്ല ഇവിടെ വിവക്ഷിതം. നമ്മുടെ സഹോദരങ്ങളിൽ ഒരുഭാഗം ദാരിദ്ര്യമനുഭവിക്കുമ്പോൾ, പീഡിപ്പിക്കപ്പെടുമ്പോൾ അവർ തങ്ങളുടെ പൗരോഹിത്യകർമ്മം അനുഷ്ഠിക്കുകയാണെന്നു നാം ഓർക്കണം. "നിങ്ങളെക്കുറിച്ചുള്ള പീഡകളിൽ സന്തോഷിക്കുകയും മിശിഹായുടെ ഞെരുക്കങ്ങളുടെ കുറവിനെ......ആ സഭയാകുന്ന അവന്റെ ശരീരത്തെ പ്രതി എന്റെ ശരീരത്തിൽ ഞാൻ പരിഹരിക്കുകയും ചെയ്യുന്നു" (കൊലോസ്യർ 1:24,25) എന്നുള്ള വി. പൗലോസിന്റെ വാക്കുകൾ ഓരോ ക്രിസ്ത്യാനിയുടെയും ജീവിതത്തിൽ പ്രായോഗികമാകണം. രാജകീയപുരോഹിതവർഗ്ഗത്തിലെ അംഗമായ ക്രിസ്ത്യാനിയുടെ ജീവിതം വെറും ഉപരിപ്ലവമായിരിക്കരുത്, ലോകത്തിന്റെ ഒഴുക്കിൽ പെടുകയുമരുത്. പ്രത്യുത നിർമ്മലതയും നീതിയും പ്രകാശിക്കുന്ന ദൈവിക

സ്നേഹത്തിന്റെ ബലിവസ്തുവായി അതു മാറണം. അപ്പോൾ ഓരോരുത്തന്റേയും രാജകീയ പൗരോഹിത്യം അതിന്റെ ലക്ഷ്യം പ്രാപിക്കും.

വിശുദ്ധ ലിഖിതം ക്രിസ്ത്യാനിയുടെ പൗരോഹിത്യവും രാജത്വവും ബന്ധപ്പെടുത്തിയാണു സംസാരിക്കുന്നതു്. ക്രിസ്തുവിന്റെ രാജ്യം സത്യത്തിലും നീതിയിലും, സ്നേഹത്തിലും സമാധാനത്തിലും അധിഷ്ഠിതമാണ്. ക്രിസ്ത്യാനിയുടെ രാജത്വവും ലൗകികമല്ലാ, ആദ്ധ്യാത്മികമാണ്. മിശിഹാ പാപത്തേയും മരണത്തേയും ജയിച്ചു തന്റെ പിതാവിന്റെ മഹിമയിലേക്ക് പ്രവേശിച്ചു. സകലവും തന്റെ അധികാരസീമയിൽ ഉൾക്കൊള്ളുന്നു. ''അവൻ സകലവും അവന്റെ പാദങ്ങളുടെ കീഴിലാക്കിയിരിക്കുന്നു.'' (1 കോറിന്ത്യർ 15:26) ക്രിസ്ത്യാനിയിൽ ഈ രാജകീയമഹിമ വെളിപ്പെടേണ്ടതു് സ്വശരീരം ആത്മനിഗ്രഹത്താൽ പാപത്തിന്റെ ആധിപത്യത്തിൽ നിന്നും വിമോചിക്കുന്നതിലാണ്. ശരീരം ആത്മാവിനും ആത്മാവു് ദൈവത്തിനും വിധേയമായിരിക്കണം. അപ്പോൾ ക്രിസ്ത്യാനി രാജകീയശ്രേഷ്ഠതയും ആഭിജാത്യവും, സ്വാതന്ത്ര്യവും പ്രദർശിപ്പിക്കും. ആദ്യമനുഷനായ ആദം സൃഷ്ടവസ്തുക്കളുടെ രാജാവായിരുന്നു. പാപത്തോടുകൂടി സൃഷ്ടിയിലുണ്ടായിരുന്ന സമനില നഷ്ടപ്പെട്ടു. ഈ സമനില പുന:സ്ഥാപിക്കേണ്ട ചുമതല ഓരോ ക്രിസ്ത്യാനിക്കുമുള്ളതാണ്. അങ്ങനെ ഈ ''സൃഷ്ടം തന്നെയും, ക്ഷയത്തിന്റെ അടിമത്വത്തിൽ നിന്നും ദൈവമക്കളുടെ മഹത്വത്തിന്റെ സ്വാതന്ത്ര്യത്തിലേക്കു് വിട്ടുതലാക്കപ്പെടണം'' (റോമ. 8:21)

ക്രിസ്ത്യാനിയുടെ രാജത്വം ഈ ആന്തരിക സ്വാതന്ത്ര്യത്തിൽ മാത്രമല്ല അടങ്ങിയിരിക്കുന്നതു്. സകല സൃഷ്ടവസ്തുക്കളുടെ മേലും മനുഷ്യനു് രാജാവിനടുത്ത ആധിപത്യമുണ്ട്. ''നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു് അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ'' (ഉല്പത്തി 1: 28) എന്നു ദൈവം ആദ്യമനുഷ്യനോടു കല്പിച്ചതാണ്. ഇതിൽ നിന്നും, മാനുഷികസുസ്ഥിതിക്കുവേണ്ടി എല്ലാ ഭൗമികവസ്തുക്കളെയും സംസ്കരിച്ചു് ഉപയോഗപ്പെടുത്തുവാനുള്ള അധികാരം മനുഷ്യനു നൽകപ്പെട്ടു. ശാസ്ത്രീയവും സാങ്കേതികവുമായ വിജ്ഞാനമേഖലകൾ മനുഷ്യപുരോഗതിയെ സഹായിക്കണം. സാമൂഹ്യഭദ്രതയെ മെച്ചപ്പെടുത്തണം. ക്രിസ്ത്യാനിയുടെ പരമമായ അന്ത്യം ദൈവരാജ്യം പ്രാപിക്കുകയാണെങ്കിലും സാമൂഹ്യ സുസ്ഥിതിയെ അവഗണിക്കാൻ പാടില്ല. ജീവിതത്തിലെ യാതൊരു രംഗത്തിൽ നിന്നും ഒരു ക്രിസ്ത്യാനി ഒഴിഞ്ഞുമാറി നിൽക്കരുതു്. ജീവിതത്തിലെ മർമ്മപ്രധാനങ്ങളായ മേഖലകൾ സഭാശത്രുക്കൾക്കു് വിട്ടുകൊടുത്തിട്ടു് സ്വന്തം കാര്യം മാത്രം നോക്കി ഒരു ഒഴിഞ്ഞ കോണിൽ ജീവിക്കുകയല്ല ക്രിസ്തീയത്വം. വിശാലമായ ലോകത്തെ ഒന്നായി കണ്ടുകൊ

**For Favours Recieved**



**Inserted by**

Thresiamma,
Mundethu House,
P. O. Kattoor.

# ആരാധിക്കുന്നു ഞാൻ

(ചാരുംമൂട്ട്)

(മാരകാകളി)

മർത്ത്യനോടൊത്തു വസിക്കുവാൻ സ്വർഗ്ഗംവി-
ട്ടെത്തിയ ദൈവമാം മർത്ത്യൻ
സ്നേഹക്കുദാശയിലത്യുജ്ജ്വൽഭാവത്തെ
ഗോപനം ചെയ്തു വസിപ്പൂ!

ഇല്ലായ്മയിൽനിന്നഖിലവും സൃഷ്ടിച്ച
സ്വർല്ലോകനാഥൻ തൃക്കയ്യിൽ
അപ്പവും വീഞ്ഞുമെടുത്ത്, "ഇതിതെൻ
മാംസവും
രക്തവുമെന്നരുൾചെയ്തു.
വാങ്ങി ഭക്ഷിക്കുവിൻ! നിത്യജീവന്നിവ
ജീവൻെറ ജീവന"മെന്നും.
ദ്രാക്ഷാരസമാക്കിപ്പച്ചവെള്ളത്തിനെ
മാററിയ കന്യകാപുത്രൻ,—
അപ്പത്തെ വർദ്ധിപ്പിച്ചൊട്ടേറെ മർത്ത്യരെ
മൃഷ്ടാന്നംതീററിയ നാഥൻ!

ദൈവമേ, ദിവ്യകാരുണ്യമേ, ഞങ്ങളെ
സ്വർഗ്ഗത്തിലെത്തിക്കുവാനായ്
ഞങ്ങളോടൊത്തുവസിച്ചു നീ ഞങ്ങൾക്കു
ഭക്ഷണമായി ഭവിപ്പൂ!

ആശ്വാസമേകുവാ,നാനന്ദമേകുവാ,-
നീശോ വിളിക്കുകയല്ലേ,
സക്രാരിയിൽ സദാ സന്നിധിചെയ്തു മൺ
മക്കൾക്കു സ്വാഗതമോതി.

നിൻ കാരുണ്യാകർഷണം സ്നേഹരൂപമേ,
നിൻകലെന്നെയണയ്ക്കട്ടെ!
എൻെറ കഴിവൊക്കെയൊട്ടുമെൻ ദൈവമേ,
നിന്നെ ഞാനാരാധിക്കട്ടെ!

ആരാധിക്കുന്നു ഞാൻ ദൈവമേ,
യെൻ ദിവ്യ-
കാരുണ്യനാഥനാമങ്ങേ,
ആശീർവദിച്ചാലുമാമഗ്നനാകുവാ-
നീ ദിവ്യാനന്ദത്തിലെന്നും

---

ണ്ട് മററുള്ളവരുടെ വേദനകൾ നമ്മുടെ വേദനകളായും അവരുടെ സന്തോഷം നമ്മുടേതായും കാണാനുള്ള വിശാലവീക്ഷണവും ഉൽകൃഷ്ടമനോഭാവവും തമ്മിൽ വളരുകതന്നെ വേണം. സാമൂഹ്യഭദ്രതയ്ക്കുവേണ്ടി ഓരോ അത്മായനും അങ്ങേയററം ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ രണ്ടാംവത്തിക്കാൻ സൂനഹദോസ് ഉൽബോധിപ്പിക്കുന്നു. ഇതുകൂടാതെ ധാർമ്മികമൂല്യത്തിലും ദൈവസ്നേഹത്തിലും അധിഷ്ഠിതമായ ഒരു സമുദായം കരുപ്പിടിപ്പിക്കാൻ ഓരോ അത്മായനും ബാധ്യസ്ഥനാണ്. സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതിയിൽ സഹായിക്കുകയും എല്ലാ വിജ്ഞാനമേഖലകളുടെ വികസനത്തിനായി ശ്രമിക്കുകയും ചെയ്യുമ്പോൾ ക്രിസ്ത്യാനി തൻെറ രാജകീയ പദവി ഉപയോഗപ്പെടുത്തുകയാണ്.

മിശിഹായോടുകൂടി ഓരോ ക്രിസ്ത്യാനിയും ഉപദേഷ്ടാവാണ്. ക്രിസ്തുവാണ് ജീവനും സത്യവും വെളിച്ചവും, താനാണ് ജീവനിലേക്കുള്ള വാതിൽ-ഇപ്രകാരമുള്ള നിത്യസത്യങ്ങൾ മിശിഹാ പലപ്രാവശ്യം ജനങ്ങളോടു പരസ്യമായിപ്രസംഗിച്ചു. ഈ ദൗത്യം ലോകത്തോടു പ്രസംഗിക്കുവാനുള്ള ചുമതല സഭയെ അവിടന്ന് ഭരമേല്പിച്ചു. സഭ മിശിഹായുടെ മൗതികശരീരമാണ്. മിശിഹാ സഭയുടെ തലയും നാം ആ ശരീരത്തിലെ അംഗങ്ങളുമാണ്. ശരീരത്തിൻെറ അവയവങ്ങൾ വഴിയായിട്ടുവേണം രക്ഷയുടെ ദൗത്യം മററുള്ളവരിൽ എത്തിച്ചുകൊടുക്കുവാൻ. നാം മിശിഹായുടെ സാക്ഷിത്വത്തിനായി നിൽക്കുമ്പോൾ വേണ്ടതായ കൃപാവരം താൻ നമുക്ക വാഗ്ദാനം ചെയ്തിട്ടുണ്ട് (മർക്കോസ് 13:11). നാം ക്രിസ്തുവിനെ പ്രസംഗിക്കാതെ മററുള്ളവർ എങ്ങനെ അറിയും. അതുകൊണ്ടാണ് വി. പൗലോസ് ചോദിക്കുന്നത് "കേട്ടിട്ടില്ലാത്തവൻ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും" (റോമ. 10:14) ഉപദേശംകൊണ്ടും അതിനു പരിയായി ക്രിസ്തീയ ജീവിതവിശുദ്ധികൊണ്ടും മിശിഹായുടെ നാമം പ്രസംഗിക്കപ്പെടണം. ഓരോക്രിസ്ത്യാനിയുടേയും ശരീരവും മനസ്സും മററുള്ളവരെ ദൈവത്തിലേക്ക് ഉയർത്തുവാനുള്ള ഉപകരണമായിരിക്കണം.

ഇങ്ങനെ മിശിഹായുടെ ത്രിവിധ അധികാരങ്ങളിൽ ഭാഗഭാക്കാകുന്നവരായ നാം നമ്മുടെ ജീവിതംവഴി മിശിഹായെ ലോകത്തിനു കാണിച്ചുകൊടുക്കുക, മിശിഹായുടെ സഭയുടെ വളർച്ചയ്ക്കുവേണ്ടി അനവരതം യത്നിക്കുക.

# നവീകരണം ഒരു സനാതന പ്രതിഭാസം

(വി. പി. ആലപ്പാട്ട്)

കെട്ടുറപ്പുള്ള ഒരു ജീവൽശക്തിയായി നിലകൊള്ളുകയാണിന്നും തിരുസ്സഭ. എക്കാലവും അങ്ങനെതന്നെയായിരുന്നു. പക്ഷേ, എന്നും പട്ടും വളയും നേടിയല്ല അവൾ ജീവിച്ചതു്. തീയിൽ കുരുത്തു; ചോരയിൽ വളർന്നു. നെടിയ ചാർജ്ജുഷീററുകൾ മേൽക്കോയ്മകളുടെ മേശപ്പുറങ്ങളിൽ അവൾക്കെതിരായി നിരന്നിട്ടുണ്ടു്. കൊടിയ വഞ്ചനകൾ ഒക്കാപ്പുറത്തും. എങ്കിലും അവളെന്നും യൗവ്വനയുക്തയായിത്തന്നെ പ്രതിഭാസിക്കുന്നു; രണ്ടായിരത്തോളം വയസ്സുള്ള ഇന്നും. മുട്ടിനു് മുട്ടിനു് ചെങ്കോലുകളുയരുന്നതും ദശനങ്ങൾ തല പൊക്കുന്നതും വന്ന പാടേ മണ്ണടിയുന്നതും എല്ലാം അവൾ കണ്ടിട്ടുണ്ടു്. അവളെ അമ്പേ തറ പററിക്കുവാൻ എത്രയെത്ര കൂററൻ ശക്തികൾ ആഞ്ഞടിച്ചു? പക്ഷേ, അവയൊക്കെ ചൂളിപ്പോയി. കൈയോടെ വാരി നിലത്തടിക്കുവാൻ കോപ്പുകൂട്ടിയവർ മുണ്ടും കുത്തിതിരിഞ്ഞു നടക്കേണ്ടിവന്നു. വൈഷമ്യങ്ങളും വൈതരണികളും ഇവ്വിധമുണ്ടായിട്ടും അവൾക്കൊരു നഷ്ടവും വന്നില്ല. അടിക്കല്ലിനു് ഒരിളക്കവും പററിയില്ല. കേട്ടുപാടോ? ഒട്ടുമില്ല. അങ്കം വെട്ടാനും അടിയറ പറയിക്കാനും അവൾ മിനക്കെട്ടിട്ടില്ല. കലവറ കൂടാതെ സഹായിക്കുവാനും കൈകൊടുത്തുയർത്തുവാനുമേ യത്നിച്ചിട്ടുള്ളൂ. അതേ, സ്നേഹിക്കുവാനും സേവിക്കുവാനും മാത്രം. ഇതൊന്നും പരത്തിക്കുറിച്ചതല്ല, പരമാർത്ഥം നിരത്തിയെന്നു മാത്രം.

ഈ അംണ്ടും തന്റേടവും സഭയ്ക്കെങ്ങനെ കൈവന്നു? സ്വയം നവീകരിക്കുവാൻ അവളെന്നും തത്രപ്പെട്ടതുകൊണ്ടാണെന്നു ഒതുക്കിപ്പറയാം. നവീകരണം അഥവാ ഊർജ്ജ്വൽക്കരണം-- കാലത്തിന്റെ തുടിപ്പുകളുമായി ഇണങ്ങിച്ചേർന്നു് സ്വയം പ്രബുദ്ധമാക്കാനുള്ള അഭിനിവേശം സഭയുടെ കൂടപ്പിറപ്പാണു്. സങ്കുചിതമായി ചിന്തിക്കുന്നവർ ഒരു പക്ഷേ അതു ഇന്നിന്റെ മാത്രം പ്രത്യേകതയായി കണക്കിലെടുത്തേക്കും. എന്നാൽ പരമാർത്ഥം അതല്ല. സഭയുടെ കഴിഞ്ഞ ജീവിതത്തിലെ അനുദിനാനുഭവങ്ങളിൽ മുന്തി നില്ക്കുന്ന ഒരു വസ്തുതയാണു് നവീകരണം. ആദ്യത്തെ പന്തക്കുസ്തായിൽ അതു വേരുറച്ചു. പിന്നീടതങ്ങു് പടർന്നു പന്തലിക്കുവാനും തുടങ്ങി. അങ്ങനെ ആ പന്തക്കുസ്ത ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. കാരണം കാൾറാനർ പറയുന്നപോലെ "സഭ വെറുമൊരു വസ്തുവല്ല. ഭാവാത്മകത്വം തന്നെയാണു്; ഇഹത്തിലെ മനുഷ്യജീവികളിൽ നിരന്തരം നവീകൃതമായിക്കൊണ്ടിരിക്കുന്ന ഒരു സംഭവം" ("Mission and Grace Vol. I, P. 176)

## വിവിധ വീക്ഷണങ്ങൾ

പ്രപഞ്ചശാസ്ത്രപരമായ ഒരു കാഴ്ചപ്പാടാണു് ഗ്രീക്കുകാരുടെയിടയിൽ നവീകരണം സംബന്ധിച്ചു് ഉണ്ടായിരുന്നതു്. പ്രപഞ്ചത്തിന്റെ പുതുരൂപം കൊള്ളലിലും മനുഷ്യത്വത്തിന്റെ, പ്രപഞ്ചശാസ്ത്രപരമായി നിയതമായ പുതുക്കലിലും നവീകരണം അടങ്ങിയിരിക്കുന്നുവെന്നു് അവർ കരുതിപ്പോന്നു. സേനക്ക ഈ നവീകരണത്തിനുള്ള പോംവഴികളായി കണ്ടുപിടിച്ചതു് ഭൂചലനവും ജലപ്രളയവുമാണു്. ഒരു പുതിയ യുഗത്തിന്റെ (ലോകയുഗം world year എന്നതിനെ അവർ വിളിച്ചു) ആവിർഭാവം ലോകമൊട്ടാകെ നവജീവൻ പകരുമെന്നു് വിശ്വസിച്ചവരാണു് പിത്തഗോറിയൻ പ്രഭൃതികൾ. സ്റ്റോയിക്കുകൾ ലോകത്തിന്റെ പൊട്ടുന്നനെയുള്ള നാശവും തദനന്തരമുള്ള ഉയർത്തെഴുന്നേല്പുമാണു് നവീകരണം കൊണ്ടു് വിവക്ഷിച്ചതു്. ലോകത്തിലെ ആകസ്മികമായ വിപത്തിനും പ്രപഞ്ചത്തിന്റെ സംഹാരാത്മകമായ തള്ളലിനും ശേഷം പ്രത്യക്ഷപ്പെടുന്ന പ്രതിഭാസമാണു് നവീകരണം പ്ളേറേറായുടെ വീക്ഷണത്തിൽ. അങ്ങനെ പ്രപഞ്ചാത്മകമായി മാത്രം ചിന്തിക്കുവാനേ ഇക്കൂട്ടർക്കു കഴിഞ്ഞുള്ളൂ. ജീവാത്മകമായ സ്വഭാവവിശേഷണമാണു വേറെ ചിലർ നവീകരണത്തിനു നൽകിയതു്. പുനർജന്മവും പുതുവളർച്ചയും മൂലം ജീവൽഘടകങ്ങൾ വ്യക്തികളിലും സമൂഹങ്ങളിലും പുനരാഗമിക്കുന്നതിലാണു് നവീകരണത്തിന്റെ അന്തഃസത്ത അവർ കണ്ടെത്തിയതു്. ആദ്യശതകങ്ങളിൽ ചില ക്രൈസ്തവർ നവീകരണം കൊണ്ടുദ്ദേ

ശിച്ചതു് ക്രിസ്തുവിൻെറ ദ്വിതീയാഗമനവും അതേത്തുടർന്നുള്ള ശുദ്ധീകരണവുമായിരുന്നു. കൂടാതെ യുട്ടോപ്പിയൻ വ്യവസ്ഥിതിയും, ക്രിയാത്മകവിപ്ളവും നവീകരണത്തിൻെറ കാതലായി കരുതിയവർ മദ്ധ്യശതകങ്ങൾക്കു ശേഷം കുമിഞ്ഞുകൂടി. നിരന്തരപുരോഗമനമായിരുന്നു വേറെ ചിലരുടെ നോട്ടത്തിൽ നവീകരണം.

## ക്രിസ്തുവിനുശേഷം

യഥാത്ഥനവീകരണത്തിൻെറ സന്ദേശം ക്രിസ്തുമതമാണു് ലോകത്തിനു സംഭാവന ചെയ്തതു്. അപ്പസ്തോലന്മാർ, സഭാപിതാക്കന്മാർ, വേദാന്തികൾ എന്നിവരിലൂടെ അതു വളർന്നുകൊണ്ടേയിരുന്നു. അതിൻെറ സത്ത ക്രിസ്തുവാണു്. കാലത്തിനും ദേശത്തിനുമൊത്തവിധം ബാഹ്യഭാവങ്ങൾ അതു സ്വീകരിക്കുകയും ചെയ്യുന്നു. തിന്മയിൽനിന്നകന്നു, ചെയ്തുപോയ തെറ്റുകളെക്കുറിച്ചു് പശ്ചാത്തപിച്ചു് ജീവിതത്തെ പുതിയ വഴിത്താരയിലേയ്ക്കു് നയിക്കുക ക്രിസ്തീയ നവീകരണത്തിൻെറ പ്രഥമപടിയാണു്. പക്ഷേ, അതുകൊണ്ടുമാത്രമായില്ല. ജ്ഞാനസ്നാനം വഴി ഒരാദ്ധ്യാത്മിക പുനർജന്മം പ്രാപിക്കണം. തുടന്നു് 'ആന്തരികമനുഷ്യൻെറ' നിലനിൽക്കുന്നതും ആവത്തനപരവുമായ പുനർനിർമ്മാണം സാധിക്കേണ്ടിയിരിക്കുന്നു. ജ്ഞാനസ്നാനത്തിൻെറ തുടർച്ചയും പരിപൂർത്തിയുമെന്നവിധം വ്യക്തിഗതവും സാമൂഹ്യവുമായ എല്ലാ തുറകളിലും, സഭയുടെ ജീവിതം മുഴുവനിലും അതിൻെറ ചൈതന്യം താവിത്തുളുമ്പണം. മിശിഹായോടുകൂടി മരിച്ചു് അങ്ങിൽ പുതിയ ഭാവം സ്വീകരിക്കുകയും അദ്ദേഹത്തോടൊപ്പം അവിടുത്തെ അനുകരിക്കുന്നതിനും അനുഗമിക്കുന്നതിനും പരിശ്രമിക്കുകയും അവിടുത്തെ ദിവ്യചൈതന്യം സ്വാംശീകരിക്കുകയും ചെയ്യുന്നതിൽ പ്രസ്തുത പുനർജന്മം അടങ്ങിയിരിക്കുന്നുവെന്നു പറയാം. തന്മൂലം ഗ്രീക്കുകാരുടെയും, റോമ്മാക്കാരുടേയും, യഹൂദരുടേയും നവീകരണാശയത്തിൽ നിന്നും വളരെ വിഭിന്നമാണു് ഇതു്. കാരണം, ക്രിസ്തീയ നവീകരണത്തിൻെറ സത്തയായ മിശിഹായെ കേന്ദ്രീകരിച്ചുള്ള നവോത്ഥാനം അവരുടെ വീക്ഷണങ്ങളിൽ വിരളമായതുതന്നെ.

## നവജീവൻെറ ഉറവിടം.

തിരുസ്സഭയിൽ സദാപി നവീകരണകൃത്യം സാധിച്ചുകൊണ്ടിരിക്കുന്നതു ദിവ്യകാരുണ്യമാണു്. കാരണം നവജീവൻെറ ഉറവിടം വി. കുർബാനയാണു്. കുരിശിലെ ദിവ്യയാഗത്തിൻെറ ആവത്തനമാണല്ലോ അൾത്താരയിലെ ബലി. മിശിഹായുടെ പരിത്രാണകമ്മത്തിൻെറ പരിപൂത്തിയായ ഗാഗുൽത്തായിലെ ബലി പ്രസാദവരം ഭൂമിയിലേയ്ക്കൊഴുക്കി. അതിൽനിന്നും ജീവൻ മനുഷ്യവഗ്ഗത്തിനു പാനം ചെയ്‌വാൻ സാധിതമാകത്തക്കവെണ്ണം എന്നും തുടന്നുകൊണ്ടേയിരിക്കുന്നു ആ ബലി. അതുകൊണ്ടാണു് പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ഡോ. നിക്കൊളാസ്സ്ഗീർ പ്രസ്താവിക്കുന്നതു് "സവ്വപ്രസാദവരത്തിൻേറയും ഉത്ഭവസ്ഥാനം കുരിശിലെ ബലിയാണു്. ആ വററാത്ത ഉറവിടത്തിൽ നിന്നു് പ്രസാദവരം അൾത്താരബലിയിലൂടെ ഭൂതകാലത്തുനിന്നു വത്തമാനകാലത്തേയ്ക്കു് സംവഹിക്കപ്പെടുന്നു" എന്നു്. സഭയിൽ എന്നും ചൈതന്യവും, പ്രസരിപ്പും, നവീകരണവും സാധിക്കുന്നതു് ദിവ്യകാരുണ്യമാണെന്ന പരമാത്ഥം മനസ്സിലാക്കിയതുകൊണ്ടാണു് വി. പത്താം പീയൂസ്സ് പാപ്പ അടുത്തടുത്തുള്ള ദിവ്യകാരുണ്യസ്വീകരണത്തിനു ആഹ്വാനം ചെയ്തതു്. തിരുമേനി പറയുന്നു "ദിവ്യകാരുണ്യം മനുഷ്യമനസ്സുകളെ നവീകരിക്കുകയും തദ്വാരാ ഭൂമുഖത്തെ പുതുതാക്കുകയും ചെയ്യുന്നു."

## കൈവഴികൾ

ദിവ്യകാരുണ്യം മിശിഹായെത്തന്നെ ഉൾക്കൊള്ളുന്നതിനാൽ പ്രസാദവരത്തിൻെറ ഉറവിടവും തന്മൂലം നവീകരണത്തിൻെറ ഉദ്ഗമസ്ഥാനവുമാണെന്നു് നാം കണ്ടുകഴിഞ്ഞു. പ്രസ്തുത ഉറവിടത്തിൽ നിന്നും ഒഴുകുന്ന കൈവഴികളാണു് കൂദാശകൾ. പ്രസ്തുത പരമാത്ഥം ത്രെന്തോസ്സ് സൂനഹദോസ്സ് തെളിച്ചു പറയുന്നുണ്ടു്. "ദിവ്യകാരുണ്യം ഒരു ഉറവാണെങ്കിൽ മററു കൂദാശകൾ അരുവികളാണു്. വി. കുർബാന വാസ്തവത്തിൽ സകല വരപ്രസാദത്തിൻെറയും ഉറവായിത്തന്നെ വിളിക്കപ്പെടണം. കാരണം, അവിടെ സവ്വ നന്മകളുടെയും ദാതാവിനെത്തന്നെയാണു് കാണുന്നതു്."

അങ്ങനെ വിശുദ്ധ കുർബാന കഴിഞ്ഞാൽ സഭാംഗങ്ങളിൽ നവീകരണവേല സാധിക്കുന്നതു് മററു കൂദാശകളാണു്. സഭാംഗങ്ങളെ വിവിധ തരത്തിൽ അതു നവീകരിക്കുന്നു. ഓരോന്നും ഓരോ പ്രത്യേക നവീകരണകമ്മ

മാണ് നിർവ്വഹിക്കുന്നതെന്നു മാത്രം. മിശിഹായിൽ നിന്നും നവീകരണചൈതന്യം ഏഴ വ്യത്യസ്തരൂപങ്ങളിലൂടെയും, മാർഗ്ഗങ്ങളിലൂടെയും പ്രവഹിക്കുന്നുണ്ട്. മനുഷ്യമനസ്സുകളിലേയ്ക്ക് അങ്ങനെ നവീകരണകർമ്മം നിതരാം തുടർന്നുകൊണ്ടിരിക്കുന്ന ദിവ്യസ്രോതസ്സുകളാണ് മിശിഹായാൽ സ്ഥാപിതമായ കൂദാശകൾ.

വ്യക്തിഗതമായ നവീകരണമാണ് കൂദാശകൾ നേരിട്ടു ഉന്നം വയ്ക്കുന്നത്. തന്മൂലം വ്യക്തികളുടെ മനസ്ഥിതി വിശേഷത്തിൻെറ തരഭേദമനുസരിച്ച് നവീകരണത്തിനു ഏററക്കുറച്ചിലുകൾ ഉണ്ടാകുമെന്നതും പ്രസ്താവ്യമാണ്.

## സന്യാസസഭകളും രംഗത്ത്.

ജെർഹാർലാട്നർ പ്രസ്താവിക്കുന്നതുപോലെ "ക്രൈസ്തവ നവീകരണത്തിൻെറ വാഹകങ്ങളാണ് സന്യാസസഭകൾ" സഭയെ പ്രബുദ്ധവും പ്രഫുല്ലവുമാക്കി എന്നും കാത്തുസൂക്ഷിക്കുന്നതിൽ സന്യാസസഭകൾ നിർവ്വഹിച്ചിട്ടുള്ള പങ്ക് വിവരണാതീതമാണ്. ഓരോ സന്യാസസഭയുടേയും ഉത്ഭവം ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ ക്രിസ്തുവിൻെറ സഭയുടെ നവീകരണം ഉന്നം വച്ചായിരുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നുണ്ട്. "എൻെറ പള്ളിയെ നീ സമുദ്ധരിക്കുക" എന്ന ആഹ്വാനം ഫ്രാൻസിസ് അസ്സീസ്സിയെപ്പോലെതന്നെ സ്വീകരിച്ച മഹാത്മാക്കൾ മിശിഹായുടെ പ്രബോധനാനുസരണമാണ് സന്യാസസഭകൾക്കു ജന്മം നല്കിയത്. ജർമ്മൻ കിരാതത്വത്തിൻെറ വേലിയേററത്തിൽ തിരുസ്സഭ താറുമാറാകുവാൻ തുടങ്ങിയപ്പോൾ ബനഡിക്റ്റൈൻ സഭയും, അൽബിജേഴ്സ്യൻ പാഷണ്ഡത വിഷബീജം വിതച്ചപ്പോൾ ഡോമിനിക്കൻ സഭയും, ഫ്രൻസിസ്കൻ സഭയും, മതപരിഷ്ക്കരണത്തിൻെറ പേരിൽ സഭയെത്തന്നെ അടിച്ചുടയ്ക്കുവാൻ വിവിധശക്തികൾ ആഞ്ഞടിച്ചപ്പോൾ ഈശോസഭയും തിരുസ്സഭയെ സമുദ്ധരിച്ച് നവീകരിക്കുന്നതിനു ഉദയം ചെയ്തു. ഇങ്ങനെ ലോകമെങ്ങുമുള്ള സന്യാസസഭകളുടെ ഉത്ഭവസാഹചര്യങ്ങൾ തമ്മിൽ നവീകരണപരമായ ഒരു പൊരുത്തം കാണാവുന്നതാണ്. വ്യക്തിപരമായ നവീകരണത്തിലൂടെ പ്രാദേശികവും, സാമൂഹ്യവുമായ സഭകളെ നവീകരിക്കുന്നതിലാണ് സന്യാസസഭകൾ അധികവും ശ്രദ്ധ ചെലുത്തിയത്. അങ്ങനെ ക്രിസ്തീയ നവീകരണത്തിൻെറ നറുമണം ലോകമെങ്ങും എന്നും പരത്തുന്ന ദിവ്യ ആരാമങ്ങളാണ് സന്യാസസഭകൾ.

## ഭക്തസംഘടനകളുടെ പങ്ക്.

നവീകരണത്തിൽ വ്യക്തമായ സംഭാവനകൾ നല്കുന്നതിൽ അതുല്യസ്ഥാനം വഹിച്ചിട്ടുണ്ട് ഭക്തസംഘടനകൾ; പ്രത്യേകിച്ച് 15ാം നൂററാണ്ടിനു ശേഷം. വിശാലമായ ലോകത്തിലും പ്രായോഗികമായ തലത്തിലും നവീകരണം സാധിക്കുവാൻ അവ ഉന്നം വയ്ക്കുന്നു. പവിത്രാധിപത്യത്തിൻെറ വിവിധ ഘടകങ്ങൾ രൂപം നല്കുന്ന കർമ്മപദ്ധതികൾ ക്രിയാത്മകമാക്കിത്തീർക്കുക, അവ ജീവിതത്തിൻെറ സർവ്വ തുറകളിലേയ്ക്കും പ്രവഹിപ്പിക്കുക എന്നിവയാണ് നവീകരണരംഗത്തേയ്ക്കുള്ള ഭക്തസംഘടനകളുടെ മുതൽക്കൂട്ടുകൾ. അതുകൊണ്ടാണ് 11-ാം പീയൂസ് പാപ്പാ കത്തോലിക്കാപ്രവർത്തനത്തിൻേറയും ക്രൈസ്തവപുനരുദ്ധാരണത്തിൻേറയും നിലനില്ക്കുന്ന പ്രവർത്തനമണ്ഡലങ്ങളായി ഭക്തസംഘടനകളെ വീക്ഷിച്ചത്. ലോകജീവിതത്തിൻെറ ഏതു തുറയിലേയ്ക്കും നവീകരണഫലങ്ങൾ എത്തിക്കുവാൻ ഇത്ര ഉപയുക്തമായ പദ്ധതികൾ വേറെയുണ്ടോയെന്ന് സംശയമാണ്. ലീജിയൻ ഓഫ് മേരി, മരിയാസഖ്യം, മൂന്നാം സഭകൾ എന്നിങ്ങനെയുള്ള ഒട്ടനവധി ഭക്തസംഘടനകൾ ദേശീയവും കാലികവുമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുകൊണ്ട് നവീകരണയത്നങ്ങൾ തുടർന്നുകൊണ്ടിരിക്കയാണിന്നും. അങ്ങനെ നവീകരണം സഭാജീവിതത്തിൽ ഒരു നിരന്തരവസ്തുതയാക്കിത്തീർക്കുന്നതിൽ ഭക്തസംഘടനകൾ മുന്നണിയിൽ തന്നെ.

## പുതുയുഗത്തിൻെറ നാന്ദി.

"രക്ഷാകരമായ ഒരു നവയുഗത്തിൻെറ നാന്ദിയാണ് ദിവ്യകാരുണ്യകോൺഗ്രസ്സ്" എന്നു പോൾ ആറാമൻ പാപ്പാ പ്രസ്താവിക്കുകയുണ്ടായി. തന്മൂലം ആഗോളസഭയുടെ നവീകരണത്തിൽ മർമ്മസ്ഥാനം ദിവ്യകാരുണ്യകോൺഗ്രസ്സുകൾ അർഹിക്കുന്നുണ്ട്. ആദ്ധ്യാത്മിക നവീകരണമാണ് അവയുടെ പരമലക്ഷ്യം. അതോടൊപ്പം ക്രൈസ്തവരുടെ വ്യക്തിപരവും സാമൂഹ്യവുമായ തലങ്ങളിൽ നവചൈതന്യം പകർന്നു കൊടുക്കുവാനും. തന്മൂലം ബാഹ്യവും. മാനുഷികവുമായ മററു പ്രശ്നങ്ങളിലേയ്ക്കും അതു കണ്ണു തിരിക്കുന്നു.

പ്രഥമ ദിവ്യകാരുണ്യസമ്മേളനത്തിൽവച്ച് അദ്ധ്യക്ഷനായ ബേഗ്ഗർ മെത്രാൻ പ്രസ്താവിച്ചപോലെ "ഭൗതികതത്വം നിമ്മതത്വവും തീവെട്ടിക്കൊള്ള നടത്തിക്കൊണ്ടിരിക്കുന്ന കാലത്ത് ക്രൈസ്തവരുടെ ജീവിതത്തിലും അതിൻെറ ചലനങ്ങൾ ദൃശ്യമാകുന്നുണ്ട്. തന്മൂലം അവരുടെ ജീവിതം ദിവ്യകാരുണ്യത്തിൻെറ ചൈതന്യത്തിൽ സമുദ്ധരിക്കുവാൻ ഈ സമ്മേളനം ലക്ഷ്യം വയ്ക്കുന്നു". വിശാലമായ ഒരു വീക്ഷണമാണ് ദിവ്യകാരുണ്യ കോൺഗ്രസുകൾക്കുള്ളത് നവീകരണത്തിൻെറ കാര്യത്തിൽ സഭ മുഴുവനും നവീകൃതമാകുകയാണു അതിൻെറ ഉദ്ദേശ്യം. ഓരോ കാലത്തേയും പ്രത്യേകതകൾ കൂടി കണക്കിലെടുത്തുകൊണ്ട് ക്രൈസ്തവചൈതന്യം സംപുഷ്ടമാക്കുവാൻ യോജിച്ച പരിപാടികളും ചർച്ചകളുമാണ് അതിൻെറ ആഭിമുഖ്യത്തിൽ നടക്കുകയെന്നതും പ്രസ്താവ്യമാണ്.

## സൂനഹദോസുകൾ.

തിരുസ്സഭയുടെ ആഗോളവ്യാപകവും പൊതുവും സാമൂഹ്യവും കാലികവുമായ നവീകരണം ആരംഭിക്കയും നിയന്ത്രിക്കയും ചെയ്തിരുന്നത് എക്യുമെനിക്കൽ കൗൺസിലുകളാണെന്നു ചരിത്രം പ്രഘോഷിക്കുന്നു. തന്മൂലം സാമൂഹ്യവും പൊതുവുമായ നവീകരണത്തിലെ ഏററവും വലിയ ഘടകം സൂനഹദോസുകളാണ്. അവയിലാണ് നവീകരണം കേന്ദ്രീകൃതമായിരുന്നതും. ആര്യൻ പതിതമതത്തിൻേറയും, മാസിഡോണിയൻ അബദ്ധപഠനങ്ങളുടേയും, നെസ്റ്റോറിയൻ തത്വങ്ങളുടേയും, ചളിയും ചവറും സഭയെ കളങ്കപ്പെടുത്തുവാൻ തുടങ്ങിയപ്പോൾ അവ അടിച്ചുമാററി സഭയെ ശുദ്ധീകരിച്ചതു നിഖ്യാസൂനഹദോസും, ഒന്നാം കോൺസ്റ്റാൻറിനോപ്പിൾ കൗൺസിലും, എഫേസൂസ് സൂനഹദോസുമായിരുന്നു. ഏകസ്വഭാവവാദത്തിൽ നിന്നു കൽക്കദോനിയ കൗൺസിലും, തലതിരിഞ്ഞ ദൈവശാസ്ത്രങ്ങളിൽനിന്നു രണ്ടാം കോൺസ്റ്റാൻറിനോപ്പിൾ കൗൺസിലും 'ഏകമന'വാദത്തിൽ നിന്നു മൂന്നാം കോൺസ്റ്റാൻറിനോപ്പിൾ കൗൺസിലും സഭയെ സംരക്ഷിച്ചു പുത്തൻ ചൈതന്യം നൽകി. സ്വരൂപമർദ്ദകരിൽനിന്നും, ഫോഷ്യൻ ശരിദ്മത്തിൽനിന്നും, രാഷ്ട്രീയാധികാരത്തിൽനിന്നും സഭയ്ക്കു മുക്തി നൽകിയതു രണ്ടാം നിക്യാകൗൺസിലും, 4-ാം കോൺസ്റ്റാൻറിനോപ്പിൾ കൗൺസിലും 1ാം ലാററൻ കൗൺസിലും ആയിരുന്നു. അർനോൾഡു് ബ്രെഷ്യയുടെ തെററായ പഠനങ്ങളിൽനിന്നും സഭയെ സമുദ്ധരിക്കാൻ രണ്ടാം ലാററൻ കൗൺസിൽ മുന്നോട്ടു വന്നു. അൽബിജെൻസ്യൻ ശക്തിയ്ക്കു വിരാമമിട്ടു ധാർമ്മിക പുനരുദ്ധാരണം വരുത്തിയതു മൂന്നാം ലാററൻ കൗൺസിലാണെന്നു നമുക്കറിയാം. മദ്ധ്യശതകങ്ങളിലെ ഏററം പ്രധാനകൗൺസിൽ 4ാം ലാററനാണല്ലോ. ത്രിത്വത്തെ സംബന്ധിച്ചുള്ള അപകടകരധാരണകൾക്കു വിരാമമിട്ടുകമാത്രമല്ല 70-ൽപരം പുനർനിർമ്മാണാത്മകമായ ഡിക്രികൾ അതു് ആവിഷ്കരിക്കയും ചെയ്തു. സാരസൻ ശക്തിയെ കടിഞ്ഞാണിട്ട പ്രധാന ശക്തി 1-ാം ലയൻസ് കൗൺസിലായിരുന്നെങ്കിൽ, പുനരൈക്യത്തിൻെറ രജതപതാക പാറിച്ച സൂനഹദോസായിരുന്നു രണ്ടാം ലയൻസ്. വൈദികതലത്തിലും അത്മായ തലത്തിലും നവീകരണം സാധിച്ചതു് വിയന്നായിലെ സമ്മേളനമാണല്ലോ. വിക്ലിഫിൻേറയും, ഹസ്സിൻേറയും വിപ്ലവസന്ദേശങ്ങൾക്കു കടിഞ്ഞാണിട്ട കോൺസ്റ്റൻസു കൗൺസിൽ. സഭയുടെ ആന്തരിക നവീകരണമായിരുന്നു പ്രധാനമായി 17-ാം എക്യുമെനിക്കൽ കൗൺസിൽ സാധിച്ചതു്. സഭയിലെ അച്ചടക്കരാഹിത്യമായിരുന്നു 5-ാം ലാററൻ സൂനഹദോസിൻെറ നവീകരണവിഷയം. പ്രസിദ്ധമായ ത്രെന്തോസ് സൂനഹദോസ് ലൂഥറിൻെറ തെററുകൾ പ്രഖ്യാപിക്കുകയും വിശ്വാസാത്മകവും, നവീകരണാത്മകവുമായ ഡിക്രികൾ മൂലം സഭയെ ആകമാനം നവീകരിക്കുകയും ചെയ്തു വസ്തുത ചരിത്രത്തിലെ ഏററം പ്രധാന സംഭവങ്ങളിലൊന്നാണ്. പാപ്പായുടെ അപ്രമാദിത്വം പ്രഖ്യാപിച്ച കൗൺസിലായിരുന്നു 1-ാം വത്തിയ്ക്കാൻ കൗൺസിലും. അതോടൊപ്പം സഭയുടെ വിശ്വാസം ഘടന എന്നിവയിലും സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു.

ഇങ്ങനെ കഴിഞ്ഞ 20 സാർവ്വത്രികസൂനഹദോസുകൾ സഭയുടെ നവീകരണചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

## നവീകരണം ആവശ്യമോ?

ഇത്തരമൊരു പുനരുദ്ധാരണപ്രക്രിയ ദൈവസ്ഥാപിത സഭയ്ക്കു് അത്യന്താപേക്ഷിതമാണോ? പ്രസ്തുത പ്രശ്നത്തിനു് ഹാൻസു് ക്യുങ്ങ് സമാധാനം നല്കുന്നുണ്ട്. "സഭയേയും മനുഷ്യനിർമ്മിതമായ കെട്ടിടം പോലെ നവീകരിക്കുകയും, പൂർവ്വവൽക്കരിക്കയും പരി

ഷ്ക്കരിക്കയും ചെയ്യേണ്ടതാണ്. തീർച്ചയായും സഭ അതിൻെറ പ്രധാന പണിക്കാരനോട്ട്—മിശിഹായോട്ട്—അവിട്ടത്തെ സ്വകീയ വേലയെന്നവിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നുണ്ട്; എന്നും അങ്ങനെയായിരിക്കുകയും ചെയ്യും. പക്ഷേ തൻെറ ജോലിക്കാരെന്ന നിലയിൽ സഭയുടെ നിർമ്മാണത്തിൽ മനുഷ്യരേയും പങ്കുചേർത്തിട്ടുണ്ട്. പക്ഷേ അവർ മനുഷ്യരാകയാൽ ആ സ്വഭാവത്തിൻെറ ഏററക്കുറച്ചിലുകളോടെയാണ് അതു നിർവ്വഹിച്ചിരിക്കുന്നതു്'' (Hans kung That the world may Believe P. 20-21). ദൈവത്തിൻെറ പരിപാലനയിൽ ബലഹീനരായ മനുഷ്യരാണ് അവിട്ടത്തെ സഹപ്രവർത്തകരെന്നവിധം സഭയിൽ പ്രവർത്തിക്കുന്നതു്. തന്മൂലം അവരുടെ പരിമിതികൾ സഭയിലും പ്രതിഫലിക്കുന്നുണ്ടെങ്കിൽ അതിൽ അത്ഭുതത്തിനു വകയില്ല. എങ്കിലും സഭയുടെ വിശ്വാസപരവും ക്രൂദാശാപരവുമായ പഠനങ്ങളുടെ അന്ത:സത്തയിൽ ഒരിക്കലും തെററു പററുകയില്ലെന്നതു തീർച്ചയാണ്.

സഭയുടെ നവീകരണദൗത്യം കാലാകാലങ്ങളിലായി നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. എന്നാലവ ഇന്നിൻെറ വെളിച്ചത്തിൽ വിമർശിക്കുകയുക്തമല്ല. അതാതു കാലത്തിൻെറ മനസ്ഥിതിയും, പരിതസ്ഥിതികളും ആശയാദർശങ്ങളും എല്ലാം കൂടെ കണക്കിലെടുത്താലേ അവയുടെ ഒരേകദേശരൂപം നമുക്കു ലഭ്യമാകൂ. അതുകൊണ്ടു മുൻപറഞ്ഞവകളുടെ വെളിച്ചത്തിലാണ് അവയെ നോക്കിക്കാണേണ്ടതു്. കൗൺസിലുകളെ ആധാരമാക്കി ഇട തടവില്ലാതെ പുരോഗമിച്ച നവീകരണം ഓരോ കാലത്തിൻെറ ആവശ്യങ്ങളോട്ട് നീതിപുലർത്തിയിട്ടുണ്ടാകുമെന്ന് വേണം വിചാരിക്കുവാൻ. ഇരുപത്തിമൂന്നാം യോഹന്നാൻ പാപ്പാ 'പ്രീഞ്ചെപ്സ് പാസ്റ്റോരും' എന്ന തിരുവെഴുത്തിൽ പ്രസ്താവിച്ചതു് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. ''സഭ നിരന്തരം അവളുടെ നശിക്കാത്ത യുവത്വത്തിൽ പരിശുദ്ധാത്മാവിയുടെ നിശ്വാസത്താൽ നവീകൃതമായിക്കൊണ്ടിരിക്കുന്നു. മനുഷ്യാത്മാവിനേയും ചൈതന്യത്തേയും പരിപുഷ്ടമാക്കുന്ന എല്ലാത്തിനേയും അതു് അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു, കാലദേശപരിഗണനകൂടാതെ.'' എന്നാൽ 15, 16 നൂററാണ്ടുകളിലെ 'മതനവീകരണ' ത്തിൻെറ അനാദരണീയ സ്വഭാവം സഭാനവീകരണത്തിനു യുക്തമല്ലതന്നെ.

## രണ്ടാം വത്തിക്കാൻ സൂനഹദോസ്

സഭ ഇത:പര്യന്തം നിർവ്വഹിച്ച നവീകരണയത്നങ്ങളുടെ മകുടം ചൂടലാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. ഏതെങ്കിലും അബദ്ധപഠനം ശപിക്കുകയോ എന്തെങ്കിലും വിശ്വാസസത്യമായി പ്രഖ്യാപിക്കുകയോ അല്ല അതിൻെറ ഉന്നം. സഭയെത്തന്നെ ഒന്നു കാലാനുസൃതമായി പരിഷ്ക്കരിക്കുകയാണ് അതു ഉദ്ദേശിക്കുന്നതു്. അതെ അജ്ജോർണ്ണമെന്തൊ—സഭയെ അധുനാതനമാക്കൽ. അങ്ങനെ 'നവീകരണത്തിലൂടെ പുനരൈക്യം' അതാണതിൻെറ മുദ്രാവാക്യം. ഇതാണ് മററു കൗൺസിലുകളിൽനിന്നു് അതിനെ വേർതിരിക്കുന്നതും.

അങ്ങനെ എന്നും ഇന്നും സഭയിൽ വിവിധ രൂപങ്ങളിൽ ചലനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഒരു ശക്തിവിശേഷമാണ് നവീകരണം. അവളെ സംബന്ധിച്ചിടത്തോളം അതു പുത്തിരിയൊന്നുമല്ല. ആചാര്യവിനോബഭാവെ ഒരിക്കൽ പറയുകയുണ്ടായി ''നവീകൃതചിന്ത സത്യമായും ഭയാശങ്ക കൂടാതെയും അവതരിപ്പിച്ചാൽ ആരേവരും സ്വീകരിക്കും. എല്ലാ ചിന്തയും ഇന്നു് നവീകരിക്കുകയും അങ്ങനെ ഒരു നവ ജീവിതം കരുപ്പിടിപ്പിക്കുകയും വേണം. അതുകൊണ്ടു് നമ്മുടെ വീക്ഷണങ്ങളും, ആശയദർശനങ്ങളും പുന:പരിശോധിച്ചു് ജനതയുടെ മുമ്പിൽ അവതരിപ്പിക്കാം'' ഇതു നിതരാം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന തിരുസ്സഭ ജനകോടികൾക്കു് നവീകരണത്തിൻെറ മന്ദ്രകാഹളവും, ഉറവിടവുമാകട്ടെ.

(234-ാം പേജിന്റെ തുടർച്ച)

പ്രദേശങ്ങളൊന്നും വകവയ്ക്കാതെ ഒരു ദിവസം ഞാൻ തിരുവല്ലായിൽ എന്റെ ഒരു സ്നേഹിതന്റെ വീട്ടിൽ എത്തിച്ചേർന്നു. മാർത്തോമാ സമുദായത്തിലെ ഒരു പ്രമുഖനും ഒരു സഹൃദയനുമായിരുന്നു അദ്ദേഹം. എന്തെന്നില്ലാത്ത സന്തോഷത്തോടെ അദ്ദേഹം എന്നെ സ്വീകരിച്ചു. മൂന്നു ദിവസം ഞാൻ അദ്ദേഹത്തിന്റെകൂടെ താമസിച്ചു. ഞങ്ങൾ ഒരുമിച്ചു് മാർത്തോമാക്കാരേയും യാക്കോബായക്കാരേയുമുള്ള പല പ്രധാനന്മാരേയും കണ്ടു്, ബഥനിക്കാരുടെ കത്തോലിക്കാസഭാപ്രവേശനത്തെത്തുടർന്നുള്ള സംഭവങ്ങളെപ്പററിയും സമാധാനമായ ഒരന്തരീക്ഷം കൈവരുത്തുന്നതിനെപ്പററിയും സംഭാഷണങ്ങൾ നടത്തി. അവരെല്ലാവരും സമാധാനകാംക്ഷികളായിരുന്നു. അവർ തൽകാര്യത്തിൽ വേണ്ടതു് ചെയ്യാമെന്നു ഉറപ്പു തന്നു. അല്പദിവസങ്ങൾക്കുള്ളിൽ അന്തരീക്ഷത്തിൽ വലുതായ മാററം കാണപ്പെട്ടു. ഒരു വിധം മര്യാദപാലിച്ചുള്ള കടലാസു് സമരം മാത്രമേ പിന്നീടു കുറേക്കാലത്തേക്കുണ്ടായുള്ളു. തിരുവല്ലായിൽനിന്നു മടങ്ങി എത്തിയതിനുശേഷം ഏതൽ സംബന്ധമായി രൂക്ഷമായ ഒരു വിമർശനം എനിക്കു് എഴുതേണ്ടിവന്നിട്ടില്ല.

മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരത്തു സ്ഥിരതാമസമാക്കിയതിനു ശേഷം, സ്റ്റേററു് കോൺഗ്രസ് പ്രക്ഷോഭണം സംബന്ധിച്ചു് എന്റെ ആസ്ഥാനം എറണാകുളത്തേക്കു മാററുന്നതുവരെ, തിരുമേനിയുമായി നിത്യസമ്പർക്കത്തിലാണു് ഞാൻ കഴിച്ചിരുന്നതു്. നിവർത്തനവും സ്റ്റേററു കോൺഗ്രസ്സും സംബന്ധിച്ചു് സർ സി. പി. നാട്ടിൽ ഉടനീളം സൃഷ്ടിച്ചുവിട്ട “ഭീതി” തിരുവനന്തപുരത്തായിരുന്നു ഭീകരനൃത്തം ചെയ്തിരുന്നതു്. സ്നേഹിതന്മാരായി കഴിഞ്ഞിരുന്ന ഉദ്യോഗസ്ഥന്മാരുടെ കാര്യം പറയേണ്ട. കണ്ടാൽ മിണ്ടുകയില്ലെന്നു മാത്രമല്ല, വഴിമാറിപ്പോകാനും അക്കൂട്ടർ മടിച്ചിരുന്നില്ല. ഗവർമ്മേണ്ടിനെക്കൊണ്ടു് ഓരോ കാര്യം കാണാൻ തിരുവനന്തപുരത്തു വന്നിരുന്ന പല അനുദ്യോഗസ്ഥസ്നേഹിതന്മാരുടെ ഭാവവും ഈ “ഭീതി”ക്കു് അധീനമായിരുന്നു. പിന്നെ ഒരുകൂട്ടർ, ഒന്നിനുമില്ലെന്ന ഭാവത്തിൽ, കണ്ടാൽ പുഞ്ചിരിച്ചു് സ്നേഹഭാവം നടിച്ചു്, മിണ്ടാതെ കടന്നുപോകുമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഒരു കമ്മ്യൂണിസ്ററു രാജ്യത്തിൽ നിലവിലുള്ളതായി പറയപ്പെടുന്ന തരത്തിലുള്ള പരസ്പരവിശ്വാസമില്ലായ്മയും പരസ്പരഭയവും പരസ്പരം ഒററിക്കൊടുക്കുമെന്നുള്ള സംശയവും കലർന്നുള്ള ഒരന്തരീക്ഷമാണു് സർ സി. പി. സൃഷ്ടിച്ചു്, വളർത്തി, സർവ്വത്ര വ്യാപിപ്പിച്ചിരുന്നതു്. പക്ഷേ ഈ ദുഷിച്ച വായു ലവലേശം ഏല്ക്കാത്തവരായി കുറേപ്പേർ തിരുവനന്തപുരത്തുണ്ടായിരുന്നു. ഒരു വകുപ്പദ്ധ്യക്ഷനായിരുന്ന ഐ. സി. ചാക്കോ, തിരുവനന്തപുരം കത്തോലിക്കാ ഹോസ്റ്റൽ ഡയറക്ടരായിരുന്ന ഫാദർ വെട്ടിക്കാപ്പിള്ളി എന്നിവരുടെ നാമം അക്കൂട്ടത്തിൽ ഒരുകാലത്തും വിസ്മരിക്കാവുന്നതല്ല. ഈ വീരസംഘത്തിൽപ്പെടുന്ന മറെറാരാളായിരുന്നു, മാർ ഈവാനിയോസ് തിരുമേനി. രാഷ്ട്രീയാന്തരീക്ഷം കോളിളക്കത്തിൽപ്പെട്ടു് തിളച്ചുമറിഞ്ഞിരുന്ന നാളുകളിലും ഞാൻ തിരുമേനിയെ സന്ദർശിക്കാറുണ്ടായിരുന്നു. രണ്ടുദിവസം അടുപ്പിച്ചു് എന്നെ കാണാതിരുന്നാൽ ഉടനെ ആളയച്ചു് അന്വേഷിക്കുമായിരുന്നു. സമരം മൂത്തു് എനിക്കു സമയമില്ലാതെ വന്ന ഘട്ടത്തിൽ പലപ്പോഴും തിരുമേനി എന്റെ ആഫീസിൽ വരുകയും എന്നെ കാറിൽ കയററി നഗരമാകെ ഒന്നു റോന്തുചുററുകയും അതിനിടയിൽ ആവശ്യമായ കാര്യങ്ങളെപ്പററി ആലോചിക്കുകയും ചെയ്തിരുന്നു. അന്നു് എന്റെ ആഫീസ് എന്നു പറഞ്ഞാൽ സർ സി. പി. യുടെ ഭാഷയിൽ “രാജദ്രോഹത്തിന്റെയും രാജ്യദ്രോഹത്തിന്റെയും അട്ടിമറിയുടേയും” മററും മററും സങ്കേതവും “ഗൂഢാലോചനകൾ” നടത്തുന്ന “രഹസ്യകേന്ദ്രവും” ആയിരുന്നു. ഞാനാകട്ടെ, “ഭയങ്കരനും നിഷ്ഠൂരനും വിപ്ലവകാരികളിൽ വിപ്ലവകാരിയും” ആയ ഒരു “നോട്ടപ്പുള്ളിയും” ആയിരുന്നു. ഇതെല്ലാം മാർ ഈവാനിയോസ് തിരുമേനിക്കും നല്ലപോലെ അറിയാമായിരുന്നു. പക്ഷേ, സർ സി പിയുടെ ആ വക പ്രാകൃതവേഷംകെട്ടലും ഉമ്മാക്കി കാണിക്കലും ദുർവ്യാഖ്യാനങ്ങളും ദുഷ്പ്രചരണങ്ങളും തിരുമേനി തരിമ്പുപോലും കൂട്ടാക്കിയിരുന്നില്ല. ടി. എം. വറുഗീസ്, പട്ടം താണുപിള്ള, എ. ജെ. ജോൺ, സി. കേശവൻ, എ. നാരായണപിള്ള, ഈ. വി. കൃഷ്ണപിള്ള, സി. വി. കുഞ്ഞുരാമൻ മുതലായ “കുടുത്ത രാജദ്രോഹികൾ” എന്റെ ആഫീസിലുള്ള ചില അവസരങ്ങളിലും തിരുമേനി യാതൊരു കൂസലുമില്ലാതെ അവിടെ കയറി വന്നിട്ടുണ്ടു്. അപ്പോഴും ആ

പ്രദേശം മുഴുവനും സി. ഐ. ഡി. കളുടെ പ്രളയമായിരിക്കുകയും ചെയ്യും. ആപത്തിൻെറ നേരെ തിരുമേനിയുടെ ഈ ക്രൂസലില്ലായ്മ ഞങ്ങളെയൊക്കെ അത്ഭുതം കൊള്ളിച്ചിട്ടുണ്ടു്.

ഈ കാലഘട്ടത്തിലും തിരുമേനി തൻെറ ആസ്ഥാനം തിരുവനന്തപുരത്തു ഉറപ്പിക്കുന്നതിനും തൻെറ പ്രവൎത്തനങ്ങൾ വികസിപ്പിക്കുന്നതിനും അക്ഷീണമായി ശ്രമിച്ചുകൊണ്ടിരുന്നു. അതിലുമെല്ലാം ഒരോ കാരണവശാൽ എനിക്കു ഭാഗഭാക്കാകേണ്ടിയും വന്നിട്ടുണ്ടു്. സൎക്കാരിൽനിന്നും സഭയ്ക്കു പുറത്തുനിന്നും അകത്തുനിന്നും ശക്തിയായ എതിൎപ്പിനേയും വിവേചനത്തേയും നിന്ദയേയും അപമാനത്തേയും തിരുമേനിക്കു് നേരിടേണ്ടിവന്നിട്ടുണ്ടു്. അപ്പോഴെല്ലാം, "അണ്ണാരക്കണ്ണനും തന്നാലായതു്" എന്നപോലെ എൻെറ എളിയ സേവനം തിരുമേനിക്കു കാഴ്ചവെച്ചിട്ടുണ്ടു്. ഇതിനൊക്കെ ഓരോ അവസരങ്ങളിൽ എന്നെ വീൎപ്പുമുട്ടിക്കും വിധം തിരുമേനി സന്തുഷ്ടിയും കൃതജ്ഞതയും പ്രകാശിപ്പിച്ചിട്ടുമുണ്ടു്. ഒരിക്കൽ കൃതജ്ഞതാഭാരത്താൽ വികാരാവേശനായ തിരുമേനി തൻെറ ഒരു ഫൗണ്ടൻപേനയെടുത്തു് എൻെറ പോക്കററിൽ തിരുകിത്തന്നതും ഞാൻ ഓൎക്കുന്നു. അവയൊക്കെ വിസ്തരിക്കാൻ തുടങ്ങിയാൽ അന്തം വിട്ടു വേണ്ടതും വേണ്ടാത്തതുമൊക്കെ എഴുതിപ്പോകും. മാത്രമല്ലാ പലൎക്കും ഇന്നു് ലജ്ജയും സങ്കടവും പശ്ചാത്താപവും തോന്നിയേക്കാവുന്ന പല കാൎയ്യങ്ങളിലേക്കും വെളിച്ചം വീശേണ്ടതായും വന്നേക്കും. അനുസ്മരണമെന്ന നിലയിൽ വായിക്കാൻ രസമുണ്ടായിരിക്കുമെങ്കിലും, ഇന്നത്തെ പരിതസ്ഥിതിയിൽ അതൊക്കെ വെട്ടിത്തുറന്നു വിവരിക്കുന്നതു് അത്ര അഭിലഷണീയമായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. അക്കാരണത്താൽ അതിലേക്കു ഞാൻ ഉദ്യമിക്കുന്നില്ല തന്നെ.

ഞാൻ എറണാകുളത്തു വന്നു താമസമാക്കിയിട്ടും തിരുമേനിയുടെ പൈതൃകമായ സ്നേഹം എൻെറ മേൽ വാരിക്കോരി ചൊരിഞ്ഞുകൊണ്ടിരുന്നു. എറണാകുളത്തു എന്താവശ്യത്തിനായാലും വരാൻ ഇടയായാൽ എന്നെ കാണാനും എൻെറ ക്ഷേമം അന്വേഷിക്കാനും എനിക്കാവശ്യമായ സഹായം ചെയ്യാനും തിരുമേനി ഒരിക്കലും മറന്നിരുന്നില്ല. ആ മധുരസ്മരണയോടെ ഈ തിരിഞ്ഞുനോട്ടം മതിയാക്കട്ടെ.


**For favours received. Inserted by**



A. G. Abraham,
Ennasseril.



P. T. Yohannan.
Anandappally.



G. Thomas,
Ennasseril.

# ബഥനിആശ്രമത്തിൻെറ മുമ്പിൽ ഒരു വെല്ലുവിളി

(ററി. കെ. കോശി എം. എ. എം. ലിററ്)

ഭാഗ്യസ്മരണാർഹനായലെയോപതിമ്മൂന്നാമൻ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് പറയുകയുണ്ടായി "ഭാരതമേ! നിൻെറരക്ഷ നിൻെറ മക്കളിൽ." വിദേശീയമിഷ്യനറിമാരുടെ സഹായത്തോടെ ഈ നാട്ടിലെ മിഷ്യൻപ്രവത്തനം നടന്നിരുന്ന ഒരു കാലഘട്ടത്തിലാണു് തിരുമനസ്സുകൊണ്ടു് ഇതു പ്രവചിച്ചതു്. സ്വതന്ത്രഭാരതത്തിനു വിദേശീയതത്തോടു് ഉണ്ടാകാവുന്ന പ്രതികരണം കണക്കിലെടുത്തുകൊണ്ടായിരിയ്ക്കാം അന്നദ്ദേഹം അങ്ങനെ പറഞ്ഞതു്. ദശാബ്ദങ്ങൾ കഴിഞ്ഞു് ഇന്നു് പരിശുദ്ധപിതാവിൻെറ പ്രവചനം അന്വർത്ഥമായിരിക്കയാണു്. ഭാരതത്തിൻെറ മാനസാന്തരം ഇനിയും വിദേശസഹായത്തോടെ നടത്തുവാനുള്ള സാദ്ധ്യതകൾ തികച്ചും വിരളമാണു്. പല ഏഷ്യൻ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ സ്ഥിതിവിശേഷം വന്നുകൂടിയിട്ടുണ്ടെങ്കിലും ഭാരതത്തിൽ ക്രിസ്തുമതപ്രചരണത്തിന്നു് കാര്യമായ മറെറാരു പ്രതിബന്ധവുമുണ്ടു്.

മഹർഷിമാരുടെയും മതസ്ഥാപകന്മാരുടെയും നാടായ ഭാരതം, പുരാണങ്ങളുടെയും ഇതിഹാസങ്ങളുടെയും നാടായ ഭാരതം, ലോകസംസ്കാരത്തിന്നു് ഈടുററ സംഭാവനകൾ ചെയ്ത ഭാരതം, മതവും ആദ്ധ്യാത്മികതത്വവും മറുനാട്ടുകാരിൽ നിന്നും പഠിക്കേണ്ടിവരികയെന്നതു് ഭാരതീയർക്കു് ഇഷ്ടമുള്ള കാര്യമല്ല. സന്യാസികളുടെയും താപസന്മാരുടെയും തത്വജ്ഞാനികളുടെയും നാടായ ഭാരതം സന്യാസജീവിതത്തിൽ കൂടിയും തപസ്സിൽ കൂടിയും കാഷായവസ്ത്രത്തിൽ കൂടിയും മാത്രമെ മതത്തെ ദർശിക്കുന്നുള്ളു. അങ്ങനെ സന്യാസജീവിതത്തിൻെറ കുഴൽക്കണ്ണാടിയിൽ കൂടെ മാത്രം ആദ്ധ്യാത്മികപരിപൂർണ്ണത കാണുന്ന ഒരു ജനതയ്ക്കു് വിദേശീയ പരിഷ്കാരത്തിൻെറ വെള്ളിത്തിരയിൽ ക്രിസ്തുമതം പ്രദർശിപ്പിച്ചുകൊടുത്താൽ എത്രമാത്രം സ്വീകാര്യമായിരിക്കുമെന്നു് ഊഹിക്കാവുന്നതേയുള്ളു. ചുരുക്കത്തിൽ ഭാരതീയസംസ്കാരത്തിനും ആദ്ധ്യാത്മികനിലവാരത്തിനും അനുയോജ്യമായ രീതിയിൽ ഭാരതീയർ തന്നെ ക്രിസ്തുമതം പ്രകാശിപ്പിച്ചെങ്കിലേ ഭാരതത്തിൻെറ മണ്ണിൽ ക്രിസ്തുമതത്തിൻെറ വേരിറങ്ങുകയുള്ളൂ.

ഈ യാഥാർത്ഥ്യം വേണ്ടവണ്ണം കണക്കിലെടുത്തുകൊണ്ടാണു് ഇന്ത്യയിലെ പ്രമുഖരായ വൈദവഃനേതാക്കന്മാരെ അടുത്തറിയാമായിരുന്ന മാർ ഈവാനിയോസ് തിരുമേനി ബഥനി ആശ്രമം

For favours received



Inserted by
ROSAMMA PHILIP

സ്ഥാപിച്ചതു്. കറയററ ദേശീയതത്വത്തിൽ ആഞ്ഞിറങ്ങിയ ഒരു തികഞ്ഞ ഭാരതീയസന്യാസസമൂഹമായി ബഥനിആശ്രമത്തെ വാർത്തെടുത്ത ആ പ്രതിഭാശാലി ഭാരതത്തിൻെറ മാനസാന്തരത്തെ മനസ്സിൽ കണ്ടുകൊണ്ടായിരുന്നു നൂതനമായ ഈ പ്രസ്ഥാനം ആരംഭിച്ചതു്. അതുവരെ ഭാരതീയ ക്രൈസ്തവസഭയിൽ ഇല്ലാതിരുന്ന പുതുമ

കളോടെ ഒരു പുതിയ സന്ന്യാസസമൂഹം തുടങ്ങിയ തിരുമേനി കാഷായവസ്ത്രവും ലളിതജീവിതവും സസ്യഭക്ഷണവും തപശ്ചര്യകളും കൊണ്ട് ഭാരതീയ ആദ്ധ്യാത്മികതത്വത്തോട് അലിഞ്ഞുചേർന്നു. ക്രിസ്തീയതത്വസംഹിതയിൽ മുറുകെപ്പിടിച്ച് ഭാരതീയരീതികൾ സ്വീകരിച്ച തിരുമേനി വാസ്തവത്തിൽ ഭാരതത്തിൻെറ മാനസാന്തരത്തിന് ഒരു പുതിയ സമീപനരീതി സ്വീകരിച്ചു. ഭാരതീയ മഹർഷിമാരെയും തപോവനങ്ങളെയും ഓർമ്മിപ്പിക്കുമാറ് പെരുനാട്ടിലെ കൊച്ചുകുടിലിൽ തിരുമേനി ആരംഭിച്ച ആശ്രമം അക്കാലത്ത് അനേകം ഹൈന്ദവസമുദായങ്ങളെയും ആകർഷിച്ചിരുന്നു. ഈ ആശ്രമം തിരുമേനിയ്ക്കു നൽകിയ ആദ്ധ്യാത്മികപ്രചോദനവും ശക്തിയും അദ്ദേഹത്തിൻെറ പിൽക്കാലവിജയങ്ങൾക്ക് എത്രമാത്രം കാരണഭൂതമായിരുന്നുവെന്ന് സ്പഷ്ടമാണ്. പെരുനാട്ടിലെ ആ സന്ന്യാസികൾ, ആ സത്യാന്വേഷികൾ അവസാനം സത്യം കണ്ടെത്തി കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. തുടർന്ന് ഒരു പുതിയ പ്രസ്ഥാനത്തിൻെറ നേതൃത്വം ഏററ തിരുമേനിയ്ക്ക് ബഥനിയെ അതിൻെറ ലക്ഷ്യത്തിൽ എത്തിച്ചേക്കുവാൻ സാധിച്ചില്ലെന്നു തന്നെയല്ല, ചരിത്രപരമായ മറെറാരാവശ്യത്തിന് അതിനെ ഉപയോഗിക്കേണ്ടിവരികയും ചെയ്തു.

പക്ഷേ ആ കാലഘട്ടം കഴിഞ്ഞു. ഇന്ന് ബഥനിആശ്രമം അതിൻെറ പ്രതിഭാശാലിയായ സ്ഥാപകൻ അതിനെ ഏതൊരുദ്ദേശത്തിനു വേണ്ടി വാർത്തെടുത്തുവോ ആ ഉദ്ദേശം സാധിക്കേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞു. ഭാരതത്തിൻെറ ആത്മാവിനോട് സംസാരിക്കാൻ ബഥനിആശ്രമത്തെപ്പോലെ കഴിവും യോഗ്യതയുമുള്ള മററു ക്രിസ്ത്യൻ മിഷ്യനറിസംഘടനകൾ വളരെയില്ല. മരക്കുരിശും കാഷായവസ്ത്രവുമണിഞ്ഞ് അനാകർഷകമായ രീതിയിൽ, ശാന്തതയോടും സൗമനസ്യത്തോടും പെരുമാറുന്ന ഒരു ബഥനിസന്ന്യാസിയിൽ ഒരു മഹർഷിയെ മാത്രമെ ഭാരതീയന് കാണുവാൻ സാധിക്കയുള്ളൂ. സാക്ഷാൽ ഭാരതീയസംസ്കാരത്തിൻെറയും ആദ്ധ്യാത്മികതത്വത്തിൻെറയും പ്രതീകമായ ആ സന്ന്യാസിയോട്ട് അറപ്പല്ല അടുപ്പമാണ് തോന്നുന്നത്. പാശ്ചാത്യസംസ്കാരസന്ദേശവുമായി ചെല്ലുന്ന ഒരു 'വിദേശീയ ചാരനെ'യല്ല അവർ കാണുന്നത്. അങ്ങനെ വിദേശീയതത്വത്തിൻെറ നേരിയ നിഴൽ പോലും വീശാത്ത ദേശീയതത്വത്തിൽ ആണ്ടിറങ്ങിയിരിക്കുന്ന ഈ സന്ന്യാസസമൂഹം ഹൈന്ദവരുടെ മാനസാന്തരത്തിന് ശക്തമായ ഒരുപാധിയാണ്. മഹത്തായ ഈ സംഘടനയിൽ സന്ന്യാസികൾ വർദ്ധിച്ച് ഭാരതത്തിൻെറ മാനസാന്തരത്തിന് സുശക്തമായിത്തീരട്ടെ. മിഷ്യനറിപ്രവർത്തനങ്ങളിലും സന്ന്യാസജീവിതത്തിലും താല്പര്യമുള്ള പെറുപ്പക്കാർ ഈ സമൂഹത്തിൽ ചേർന്ന് ഇതിനെ പ്രബലമായ ഒരു ദേശീയക്രിസ്ത്യൻ സന്ന്യാസസമൂഹമായി രൂപാന്തരപ്പെടുത്തിയാൽ അത് ഭാരതത്തിൻെറ മാനസാന്തരത്തിന് ഒരു വലിയ സംഭാവനയായിരിക്കും. ഇപ്പോൾ പൂനായിൽ ആരംഭിച്ചിരിക്കുന്ന ബഥനി മിഷ്യൻ ഭാരതത്തിൻെറ മററു ഭാഗങ്ങളിലേക്കുള്ള മിഷൻ പ്രവർത്തനത്തിൻെറ ഒരു മുന്നോടിയായി കണക്കാക്കാം. ഭാരതത്തിൻെറ മാനസാന്തരം ഭാരതീയരുടെ കയ്യിലാണെന്ന് പറഞ്ഞ പ. പിതാവിൻെറ വാക്കുകൾ വിശദീകരിച്ചാൽ "ഭാരതീയമായ രീതിയിൽ ഭാരതത്തിൻെറ ആത്മാവിനോട് സംസാരിക്കുവാൻ കഴിവുള്ള ബഥനി സമൂഹത്തിൻെറ വേലയാണ് ഭാരതത്തിൻെറ മാനസാന്തരം." ശ്രേഷ്ഠമായ, ഭാരമേറിയ ഈ ചുമതല ഏൾക്കുവാൻ ബഥനി സമൂഹം ഇന്ന് സന്നദ്ധമാണോ? ഇതാണ് അതിൻെറ മുന്നിലുള്ള ആദ്യത്തെ വെല്ലുവിളി.

ബഥനി ആശ്രമത്തിൻെറ സ്ഥാപകൻ പുനരൈക്യപ്രസ്ഥാനം ആരംഭിച്ചപ്പോൾ സ്വാഭാവികമായും ബഥനിആശ്രമസ്ഥരുടെ ശ്രദ്ധയും ആ പുതിയ പ്രസ്ഥാനത്തിൽ കേന്ദ്രീകരിച്ചു. പുനരൈക്യപ്രസ്ഥാനത്തിൻെറ നേതൃത്വം വഹിക്കുവാൻ പ്രഗൽഭനായ ഒരു സന്ന്യാസിവര്യനെ സംഭാവന ചെയ്യുവാനുള്ള ഭാഗ്യവും അതിനുണ്ടായി. ഒരു പുതിയ ഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കുന്ന പുനരൈക്യപ്രസ്ഥാനം ബഥനി ആശ്രമത്തിൽ നിന്നും ഇനിയും വളരെയേറെ പ്രതീക്ഷിക്കുന്നുണ്ട്. ഇന്നു ബഥനിആശ്രമത്തിൽ നിന്നും സാധാരണജനങ്ങൾ ആഗ്രഹിക്കുന്നത് ആദ്ധ്യാത്മി

കനേതൃത്വമാണ്. ഈ നിലയിൽ ബഥനി ആശ്രമത്തിന്നു ഒരു വലിയ ചുമതല ചെയ്തുതീർക്കാനുണ്ട്. പുനരൈക്യപ്രസ്ഥാനത്തിൽ ആദ്ധ്യാത്മികജീവിതം ദൃഢമൂലമാക്കുവാൻ ബഥനിആശ്രമത്തിന്നു കഴിയണം. കൂദാശപരമായ ക്രിസ്തീയജീവിതം സാധാരണജനങ്ങളിൽ യാഥാർത്ഥ്യമാക്കുവാൻ ഈ സന്യാസസമൂഹത്തിന്നു സാധിക്കണം. പുനരൈക്യപ്രസ്ഥാനത്തിന്റെ അംഗസംഖ്യവർദ്ധിച്ചതുകൊണ്ടോ, അതിന്റെ പള്ളിക്കൂടങ്ങളുടേയും, കലാലയങ്ങളുടേയും, ഇതരസ്ഥാപനങ്ങളുടേയും എണ്ണം കൂടുന്നതുകൊണ്ടോ മാത്രം നമ്മുടെ പ്രസ്ഥാനത്തിന്റെ വിജയം അളക്കുവാൻ സാധിക്കുകയില്ല. സാധാരണജനതയുടെ അനുദിന ജീവിതത്തിൽ ആദ്ധ്യാത്മികത്വം ആഴമായി ഇറക്കുവാൻ നമ്മുടെ പ്രസ്ഥാനത്തിന്നുള്ള കഴിവിലാണു് അതിന്റെ വിജയം നിലകൊള്ളുന്നതു്. അങ്ങിനെയുള്ള ആദ്ധ്യാത്മികജീവിതത്തിന്നു ഒരു പ്രചോദനമായി, അതിന്നു ചൈതന്യം നൽകുന്ന ഒരു ശക്തികേന്ദ്രമായി, ബഥനിസന്യാസസമൂഹം വളർന്നുകാണുവാനാണു് ജനങ്ങൾ ആഗ്രഹിക്കുന്നതു്. ചരിത്രപരമായ ഈ ചുമതല നിറവേറുവാൻ ബഥനിസമൂഹം തയ്യാറാണോയെന്നുള്ളതാണു് അതിന്റെ മുന്നിലുള്ള രണ്ടാമത്തെ വെല്ലുവിളി. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, പുനരൈക്യപ്രസ്ഥാനത്തിന്നു് ഒരു ആദ്ധ്യാത്മിക നവോത്ഥാനം കൈവരുത്തുവാൻ തക്ക നേതൃത്വം ബഥനി നൽകുമോ?

ദൈവകൃപയാൽ ബഥനി ഏതാണ്ടു് നൂറോളം അംഗങ്ങളുള്ള ഒരു സമൂഹമായി വളർന്നുകഴിഞ്ഞിട്ടുണ്ടു്. ഒരു സമൂഹമായി വളർന്നുകഴിഞ്ഞു് കഴിവും, പാണ്ഡിത്യവും ഉള്ള വൈദികർ അതിൽ വർദ്ധിച്ചുവരുന്നു. വിദേശരാജ്യങ്ങളിൽ പോയി പരിശീലനം നടത്തിയവരും, നടത്തുന്നവരും ആയ ആശ്രമാംഗങ്ങളുടെ സംഖ്യ വളർന്നുകൊണ്ടിരിക്കുന്നു. ഇതിലെല്ലാം ഉപരിയായി, അവരുടെ ലളിതമായ ജീവിതം, സൗമ്യമായ പെരുമാറ്റം, ഭക്തിപരമായ ജീവിതം, ഇവയെല്ലാം ആശ്രമാംഗങ്ങളെ സാധാരണ ജനങ്ങൾക്കു പ്രിയംകരരാക്കിയിട്ടുണ്ടു്. ബഥനിആശ്രമത്തിന്റെ ആത്മാവു ഭാരതം മുഴുവൻ നിറയുവാൻ, സാക്ഷാൽ ഭാരതീയമായ ഈ സന്യാസസമൂഹത്തിന്റെ മനോഹാരിത ഭാരതീയർ മനസ്സിലാക്കി ക്രിസ്തുവിലേക്കു വരുവാൻ ഇടയാകട്ടെ. പുനരൈക്യപ്രസ്ഥാനത്തിന്റെ നിറുകയിൽ ഒരു തിലകമായി ഈ മഹൽസ്ഥാപനം ശോഭിക്കുമെന്നുള്ളതിൽ സംശയമില്ല. ബഥനിസമൂഹം അതിന്റെ ദൗത്യം നിർവ്വഹിക്കുമെന്നും, വെല്ലുവിളികളെ സ്വീകരിച്ചു്, അതിന്റെ സ്ഥാപകൻ അതിന്നു നൽകിയിരിക്കുന്ന ലക്ഷ്യത്തിൽ ചെന്നുചേരുമെന്നും, നമുക്കു ഉറപ്പായി വിശ്വസിക്കാം.

**For Favours Received**



**Inserted by**
THANKAMMA
Mundethu House,
Kattoor P. O.

# മാർ ഈവാനിയോസിൻെറ ജീവിതദർശനം

[തിരുമേനിയുടെ പ്രവത്തനങ്ങളെപ്പററി ഓർക്കുമ്പോൾ, കേരള ക്രിസ്ത്യാനികൾ അദ്ദേഹം തന്ന വിലപ്പെട്ട സേവനങ്ങൾക്ക്, അവ അർഹിക്കുന്ന വിധത്തിലുള്ള പ്രതിനന്ദിയും സ്നേഹസ്മരണയും അദ്ദേഹത്തിനു നൽകുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. തിരുമേനിയുടെ പ്രാണസർവ്വസ്വമായി തന്ന ലക്ഷ്യത്തെ—സഭാഐക്യത്തെ—പരിപൂത്തിയിലെത്തിക്കുക—അദ്ദേഹത്തിൻെറ സ്മരണയെ ആദരിക്കുവാനുള്ള ഏററവും മികച്ച മാർഗ്ഗം അതാണ്.]

(ഐ. കെ.)

മതിപ്പും ബഹുമാനവും തുളുമ്പി നിൽക്കുന്നുണ്ടായിരുന്നു ശ്രീ. മാമ്മൻമാപ്പിളയുടെ തൂലികയിൽ, മാർ ഈവാനിയോസിൻെറ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് മലയാളമനോരമയിൽ മുഖപ്രസംഗം എഴുതിയപ്പോൾ. ആയുഷ്കാലസഹചാരിയും ഉത്തമസുഹൃത്തുമായിരുന്ന തിരുമേനിയുടെ പ്രതിഭാശക്തി അദ്ദേഹത്തെ അത്ര കണ്ടു വശീകരിച്ചിരുന്നു. തിരുമേനിയുടെ അനുപമമായ വ്യക്തിത്വത്തിൽ ആകൃഷ്ടനായ മാമ്മൻമാപ്പിള എഴുതി: "അഭിപ്രായത്തിൽ വിയോജിച്ചുനിൽക്കുന്നവർക്കുപോലും അദ്ദേഹത്തിൻെറ മഹാകഴിവുകളെപ്പററിയും പ്രതിഭാശക്തിയെപ്പററിയും സമ്മതിച്ചുകൊടുക്കാതെ നിവൃത്തിയില്ലാത്ത വിധം, തിരുമേനി അസാമാന്യനായ ഒരു മഹാ വ്യക്തിതന്നെയായിരുന്നുവെന്നുള്ളതിനു സംശയമില്ല. മാർപ്പാപ്പാതിരുമേനിയിൽനിന്നും ഉന്നതങ്ങളായ പല ബഹുമതികളും, സ്വതന്ത്രങ്ങളായ സഭാസൗകര്യങ്ങളും സമാർജ്ജിക്കത്തക്കവിധം വ്യക്തിവിശേഷങ്ങൾ തികഞ്ഞ ഒരു മഹാവ്യക്തിയുടെ നിര്യാണം ക്രൈസ്തവലോകത്തിനു പൊതുവേയും കേരളകത്തോലിക്കാസഭയ്ക്കു പ്രത്യേകിച്ചും ഒരു തീരാനഷ്ടം തന്നെയാണ്"

ലോകത്തിലങ്ങോളമിങ്ങോളമുള്ള അനേകരുടെ വിചാരവികാരങ്ങളുടെ പ്രതിഫലനം കൂടെയാണ് മാമ്മൻ മാപ്പിളയുടെ ഈ വാക്കുകൾ. ശത്രുവിനേയും മിത്രത്തേയും ഒരുപോലെ ആകർഷിക്കത്തക്കതായിരുന്നു തിരുമേനിയുടെ അന്യന്യസാധാരണമായ ധിഷണാവിലാസം. അറിവും മതിപ്പുമുണ്ടാക്കത്തതായിരുന്ന അദ്ദേഹത്തിൻെറ അഗാധപാണ്ഡിത്യം. അസാധാരണമായ ആജ്ഞാശക്തിയും, വിശ്രമമില്ലാത്ത പ്രവത്തനവും, പ്രതികൂലസാഹചര്യങ്ങളുടെ നേരേയുള്ള ധീരമായ പോരാട്ടവും, അമാനുഷികമായ ജീവിതനേട്ടങ്ങളും, വിജയശ്രീലാളിതമായ ജീവിതാന്ത്യവും അദ്ദേഹത്തെ ഭാരതത്തിലെ സഭാനേതാക്കളിൽ സമുന്നതനാക്കിത്തീർത്തു. അദ്ദേഹത്തിൻെറ മരണം ഒരു തീരാനഷ്ടം തന്നെയാണ്.

**For favours received**



**Inserted by**
T. T. K.

അദ്ദേഹത്തെപ്പററി ഓർക്കുമ്പോൾ, ഒരാളായിട്ടല്ല മാർ ഈവാനിയോസ് നമ്മുടെ മനസ്സിലെത്തുന്നത്. ഒരു സംഘം മഹദ് വ്യക്തികൾ അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. ദൈവസ്നേഹത്തിൻെറ പ്രവാചകൻ, മനുഷ്യസേവനത്തിൻെറ ദൂതൻ, വിദ്യാഭ്യാസപ്രവർത്തകൻ, രാഷ്ട്രീയ ചിന്തകൻ, നിപുണനായ ഭരണതന്ത്രജ്ഞൻ, പുനരൈക്യപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവ്, മലങ്കര സുറിയാനി റീത്തിൻെറ ശില്പി, സ്നേഹത്തിൻെറയും കുലീനത്വത്തിൻെറയും മൂർത്തീഭാവമായ ഒരു മനുഷ്യസ്നേഹി-ഇവയെല്ലാമായിരുന്നു അദ്ദേഹം. ആരെയും ആകർഷിക്കത്തക്കതായിരുന്നു അദ്ദേഹത്തിൻെറ പ്രതിഭ. ഈ പ്രതിഭയാണ് "ഇഹലോകത്തിൽ നമ്മുടെ ബഥനിമെത്രാച്ചനെപ്പോലെ നാം ആരെയും സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തിട്ടില്ല" എന്നു അനിതരസാധാരണമായ ബുദ്ധിസാമർത്ഥ്യവും അതിനെ വെല്ലത്തക്ക പ്രവർത്തനവൈഭവവും ഒത്തിണങ്ങിയ വട്ടശ്ശേരിൽ മാർ ദിവന്ന്യാസിയോസിനേക്കൊണ്ട് പറയിപ്പിച്ചത്. ഈ പ്രതിഭയാണ് മികച്ച രാഷ്ട്രീയ നേതാക്കന്മാരെപ്പോലും അത്ര വകവച്ചിട്ടില്ലാത്ത സർ സി. പി. രാമസ്വാമി അയ്യരെ തിരുമേനിയുടെ ആരാധകനായി മാററിയത്. ആദർശത്തിലും അഭിപ്രായത്തിലും അനല്പമായ അന്തരമുണ്ടായിട്ടും തിരുമേനിയുടെ രോഗശയ്യയിൽ വാവിട്ടുകരയിക്കുവാൻ മാത്തൻ മാപ്പിളയെ പ്രേരിപ്പിച്ചതും ഈ പ്രതിഭ തന്നെയാണ്.

## നിഷ്കാമകർമ്മയോഗി

അദ്ദേഹം ചെയ്തുതീർത്ത കാര്യങ്ങളിലേക്കു ഒന്നു തിരിഞ്ഞു നോക്കുമ്പോൾ ഒരു മനുഷ്യന് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ ഇത്രയധികം ചെയ്തുതീർക്കുവാൻ സാധിച്ചല്ലോ എന്നതിൽ അതിശയം തോന്നുകയാണ്. എം. ഡി. സെമിനാരി പ്രിൻസിപ്പൽ, സെറാംപൂർ കോളജ് പ്രൊഫസർ, ബഥനി ആശ്രമാദ്ധ്യക്ഷൻ, പുനരൈക്യപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവ്, തിരുവനന്തപുരം ആർച്ചുബിഷപ്പ് എന്നീ സ്ഥാനങ്ങൾ അലങ്കരിച്ചുകൊണ്ട് അദ്ദേഹം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഓരോന്നായി വിവരിക്കുവാൻ ഗ്രന്ഥങ്ങൾ തന്നെ എഴുതേണ്ടിവരും. കേരളക്കരയിൽ നിന്നും സംസ്കാരികമായ അന്ധകാരം അകററി നിർത്തുവാൻവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങളെ മാത്രമെടുത്താൽ മതി കൈരളി അദ്ദേഹത്തെ പൂവിട്ട പൂജിക്കുവാൻ. ക്രൈസ്തവസഭക്കുവേണ്ടി അദ്ദേഹം ചെയ്തതു കുറച്ചുവല്ലതുമാണോ? കാതോലിക്കാസിംഹാസനം കേരളക്കരയിൽ സ്ഥാപിക്കുവാൻ വേണ്ടി അദ്ദേഹം എത്രമാത്രം പ്രയാസങ്ങൾ സഹിച്ചിട്ടുണ്ടെന്നുള്ളതു പറഞ്ഞറിയിക്കുക വിഷമം. പത്തു കൊല്ലത്തെ നിരന്തരപരിശ്രമത്തിൻെറയും പ്രാർത്ഥനയുടെയും ഫലമായിട്ടാണ് ബഥനി ആശ്രമവും മററും മററും സ്ഥാപിക്കുവാൻ അദ്ദേഹത്തിനു സാധിച്ചത്. മലങ്കര സുറിയാനി റീത്തും തിരുവനന്തപുരം വൈദികസംസ്ഥാനവും പരിശുദ്ധ സിംഹാസനത്തിൽ നിന്നും അനുവദിപ്പിക്കുവാൻ ഭഗീരഥപ്രയത്നം തന്നെ അദ്ദേഹത്തിനു ചെയ്യേണ്ടിവന്നു. ഇരുപതു വർഷക്കാലത്തെ അനുസ്യൂതമായ പ്രവർത്തനങ്ങളുടെയും പ്രാർത്ഥനയുടെയും ഫലമായിട്ടാണ് പുനരൈക്യപ്രസ്ഥാനത്തെ വിസ്മയാവഹമായ നിലയിൽ അഭിവൃദ്ധിപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിച്ചത്. തിരുമേനി ചെയ്ത പ്രവർത്തനങ്ങളെപ്പററി ഓക്കുമ്പോൾ കേരളക്രിസ്ത്യാനികൾ അദ്ദേഹം തന്ന വിലപ്പെട്ട സേവനങ്ങൾക്ക് അവ അർഹിക്കുന്ന വിധത്തിലുള്ള പ്രതിനന്ദിയും സ്നേഹസ്മരണയും തിരുമേനിക്കു നൽകുന്നുണ്ടോ എന്നും സംശയിച്ചുപോകുകയാണ്.

## ആദർശധീരൻ

എന്തു ത്യാഗം സഹിച്ചും സത്യത്തെപ്പിഞ്ചെല്ലുവാൻ കച്ചകെട്ടിത്തിരിച്ച ആദശ് ധീരനായിരുന്നു മാർ ഈവാനിയോസ്. താൻ മുറുകെപ്പിടിച്ച ആദശ്ങ്ങൾക്കുവേണ്ടി ഇത്രയധികം വിഷമം സഹിച്ച ഒരു മനുഷ്യൻ ഭാരതക്രൈസ്തവസഭയിൽ ഇന്നേവരെ ജീവിച്ചിരുന്നിട്ടുണ്ടോ എന്നു സംശയമാണ്. മഹത്തായ ഒരു ആദർശവും, അതു പ്രാവർത്തികമാക്കുന്നതിൽ അത്യഗാധമായ നിഷ്ഠയും, ആദ്യം ആദ്ദേഹത്തെ യാക്കോബായ സഭയ്ക്കു വേണ്ടി അശ്രാന്തം പരിശ്രമിക്കുന്നതിനും, പിന്നീട് ബഥനി ആശ്രമം സ്ഥാപിക്കുന്നതിനും ഒടുവിൽ കത്തോലിക്കാപുനരൈക്യം എന്ന മഹാസൗഭാഗ്യത്തിലേക്കും നയിക്കുകയുമാണ് ചെയ്തതു്. ദൈവമഹത്വവും സമുദായോദ്ധാരണവും, ഇതായിരുന്നു അദ്ദേഹത്തിൻെറ മഹത്തരമായ ആദർശലക്ഷ്യം. ഇതിലേക്കായി ദൈവം ഉദ്ദേശിച്ചിട്ടുള്ളവഴിയിൽ കൂടെ പോകണമെന്ന് നിർബന്ധ

വുമുണ്ടായിരുന്നു അദ്ദേഹത്തിന്. ദൈവമഹത്വത്തിനും സാമൂഹ്യസേവനത്തിനും പററിയതു് ആശ്രമജീവിതമാണെന്നു് സെറാംപൂർ കോളജ് പ്രഫസറായിരുന്ന കാലത്തു് അദ്ദേഹത്തിനു ബോദ്ധ്യമായി. ഈ അവബോധമുണ്ടായശേഷം പ്രതിബന്ധങ്ങളെപ്പററി ചിന്തിച്ചു അദ്ദേഹം സമയം കളഞ്ഞില്ല. കോളേജ് പ്രൊഫസറായി പാശ്ചാത്യരും പൗരസ്ത്യരുമായ ഒട്ടനേകം പേരുടെ ഇടയിൽ സുഖസൗകര്യങ്ങളുടെയും ശ്രേയസ്സിന്റെയും മണിയറയിൽ ഏതാണ്ട വട്ടിപ്പണത്തോളം വരുന്ന ഒരു സംഖ്യ കൊല്ലന്തോറും കയ്യാളിച്ചുവന്ന ഫാദർ പി. ററി. ഗീവറുഗ്ഗീസ് എം. എ. ഇതാ അലയുന്ന സഹോദരലക്ഷങ്ങളുടെ രോദനം കേട്ട് കാഷായവസ്ത്രവും, മരക്കുരിശും ധരിച്ചു പരിത്യാഗിയായി മാറിയിരിക്കുന്നു. പ്രൊഫസർ പി. ററി. ഗീവറുഗ്ഗീസ് എം. എ. ആബോ ഗീവറുഗീസ് O. I C. ആയി മാറി മണിക്കൂറുകൾ തോറും കുപ്പായം മാററാൻ നിഷ്കർഷിച്ചിരുന്ന എം. എ. അച്ചൻ കാവിവസ്ത്രവും മൺചട്ടിയുമായി മഹാകവി ടാഗോറിന്റെ വിശ്വഭാരതിയേയും, മഹാത്മാഗാന്ധിയുടെ സബർമതിയേയും അനുസ്മരിപ്പിക്കുന്ന റാന്നിയിലെ ബഥനിക്കുന്നേൽ ആസ്ഥാനമുറപ്പിച്ചപ്പോൾ ലോകത്തിനു സംശയം തോന്നി. പലരും അന്വേഷിച്ചുവന്നു റാന്നിവരെ,—ഇതു ശരിയോ എന്നറിവാൻ. അവക്കു രോമാഞ്ചമായിപ്പോയി. അവക്കു ബോദ്ധ്യമായി ഗീവറുഗ്ഗീസച്ചൻ തന്നെയാണു് ഈ സന്യാസിയെന്നു്.

പക്ഷേ അദ്ദേഹം പരിത്യാഗിയായി സന്യസിക്കുക മാത്രമല്ല ചെയ്തതു്. ലോകത്തിലെ അറിയപ്പെട്ട ഏതു വിപ്ലവകാരിയെക്കാളും വലിയ വിപ്ലവകാരിയായി, മലങ്കരക്കുവേണ്ടി സേവനത്തിന്റെ അടർക്കളത്തിലിറങ്ങി പടവെട്ടുകയാണു് ചെയ്തതു്. ആദർശങ്ങൾക്കുവേണ്ടി പരക്കം പായുന്നവർ അദ്ദേഹത്തെ നോക്കട്ടെ, മാർ ഈവാനിയോസിനെപ്പററിയുള്ള ഓർമ്മകൾ പുതുക്കപ്പെടുന്ന ഈ സന്ദർഭത്തിൽ.

## —സത്യസഭാ കവാടത്തിലേക്ക്—

സന്യാസജീവിതവും, കരളലിയിക്കുന്ന യാതനകളും സഹിച്ചു് യാക്കോബായസഭയുടെ ഉന്നതിക്കുവേണ്ടി അദ്ദേഹം പ്രവർത്തിച്ചു. ചുററുമുള്ള അശരണരുടെയും, ആർത്തന്മാരുടെയും ആശാകേന്ദ്രമായും സുഖേച്ഛുക്കൾക്കും അലസർക്കും ചോദ്യചിഹ്നമായും ആബോ ഗീവറുഗ്ഗീസ് ഉയരുന്നതു കണ്ട യാക്കോബായസഭ അകം നിറയെ അഭിമാനിച്ചു. അദ്ദേഹത്തിന്റെ ഉയർച്ചയിൽ യാക്കോബായസഭയുടെ ശിരസ്സ് അഭിമാനംകൊണ്ടു ഉയർന്നു. പക്ഷേ സത്യത്തെ പിഞ്ചെല്ലുക, ദൈവേഷ്ടപ്രകാരം മനുഷ്യസേവനമനുഷ്ഠിക്കുക ഇതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ആശ്രമസ്ഥാപനവും മററും ഇതിലേക്കുള്ള പന്ഥാവുകളായിരുന്നു. അദ്ദേഹത്തിന്റെ ജീവശ്വാസമായി വർത്തിച്ചിരുന്ന ആദർശങ്ങളെ പിഞ്ചെല്ലുവാൻ, സത്യത്തെ ജീവിതത്തിൽ പൂർത്തീകരിക്കുവാൻ, കത്തോലിക്കാസഭയെ ആശ്ലേഷിക്കേണ്ടതാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. ആബോ ഗീവറുഗ്ഗീസ് നിഷ്ക്രിയനായില്ല. സത്യത്തിന്റെ നേരേ അദ്ദേഹം വിഭിന്നനായില്ല. ആന്തരികപ്രചോദനത്തെ അടിച്ചടക്കുന്നതിനുള്ള സാഹസം അദ്ദേഹത്തിനുണ്ടായില്ല. നിരന്തരമായ പ്രാർത്ഥനയും പരിശ്രമവും അദ്ദേഹത്തെ കത്തോലിക്കാസഭയുടെ കവാടത്തിലെത്തിച്ചേർക്കുന്നു.

ഈ യാത്രയിൽ അദ്ദേഹത്തിനുണ്ടായ വൈഷമ്യങ്ങൾ അനവധിയാണ്. ഒഴുക്കിനെതിരെയുള്ള തുഴയൽ, പ്രതീക്ഷാസൗധങ്ങളുടെ ഉടയൽ, അപ്രതീക്ഷിതങ്ങളായ വിഷമ

**For favours received**



**Inserted by**

കച്ചിറസ്സത്; നെള്ളിയൂർ

തകൾ. പക്ഷേ തിരമാലകൾക്കെതിരേ അദ്ദേഹം തുഴഞ്ഞു. പ്രതിരോധനിരകളെ ഒന്നൊന്നായിപിന്നിട്ടു. തുറമുഖത്തെത്തി. പുനരൈക്യമെന്ന സന്തോഷ തുറമുഖത്തുതന്നെ. അതിനുശേഷം പുനരൈക്യപ്രസ്ഥാനത്തിൻെറ വിജയത്തിനുവേണ്ടി പ്രവർത്തിക്കുവാൻ, സ്വസഹോദരങ്ങളായ അനേകലക്ഷങ്ങളെ അദ്ദേഹം ആഹ്വാനം ചെയ്തു. അതിൻെറ പുരോഗതിക്കുവേണ്ടി മരണപര്യന്തം അദ്ദേഹം പ്രവർത്തിച്ചു. ഒടുവിൽ അതിൻെറ ശീഘ്രമായ പുരോഗതി കാണുന്നതിനും സംതൃപ്തിയോടുകൂടി വിടവാങ്ങുന്നതിനും ജഗത്പിതാവിൻെറ വിശ്വസ്തഭൃത്യപദമലങ്കരിക്കുന്നതിനും ആ വിശ്വൈകനാഥനിൽനിന്നും നിത്യസമ്മാനം സ്വീകരിക്കുന്നതിനുമുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചു.

"മരണാനന്തരം ഞാൻ സ്വർഗ്ഗത്തിലെത്തുമ്പോൾ എൻെറ അകത്തോലിക്കാസഹോദരങ്ങളുടെ പുനരൈക്യത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കും." ക്ഷീണിതഗാത്രനായി ആസന്നമരണനായി രോഗശയ്യാവലംബിയായി ഇരുന്ന സന്ദർഭത്തിൽ അടുത്തു നിന്ന മാർ ഗ്രീഗോറിയോസ് തിരുമേനിയോട് അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം പ്രാർത്ഥിക്കുക മാത്രമല്ല ചെയ്യുന്നതു്. നമ്മെ ഓരോരുത്തരേയും വെല്ലുവിളിക്കുകകൂടി ചെയ്യുന്നു. തർക്കമില്ല; നമുക്കൊരു വെല്ലുവിളിതന്നെയായിരുന്ന ആ ജീവിതം. സത്യത്തെപ്പിന്തുടരുവാൻ, ദൈവേഷ്ടം നിറവേററുവാൻ എതിർപ്പുകളേയും പ്രതിബന്ധനിരകളെയും തട്ടിമാററിക്കൊണ്ടു് മുന്നേറിയ ജീവിതം—"നിങ്ങൾ സ്നേഹത്തിൽ വസിപ്പിൻ" എന്നു നാഥൻെറ ഉൽബോധനത്തിൻെറ മുമ്പിൽ നമുക്കൊരു വെല്ലുവിളി. "ഒരു കർത്താവും, ഒരു വിശ്വാസവും ഒരു മാമോദീസായും." എന്ന വി. പൗലൂസ്ശ്ലീഹായുടെ പ്രബോധനത്തിനു മുമ്പിൽ നമുക്കൊരു വെല്ലുവിളി. 'ഒരു ഇടയനും ഒരു തൊഴുത്തും' എന്ന ക്രിസ്തുവിൻെറ ലക്ഷ്യത്തിനുമുമ്പിൽ നമുക്കൊരു വെല്ലുവിളി. ആ വെല്ലുവിളിയെ നേരിടാൻ മുമ്പോട്ടു വരിക. ഭാരതക്രൈസ്തവരുടെ ധർമ്മം ഇതാണു്.

എക്യുമെനിസത്തിൻെറ ഈ യുഗത്തിൽ തീർച്ചയായും ഒരസാധാരണനാണു് മാർ ഈവാനിയോസ്. ഈ നാട്ടിൽ ഐക്യത്തിൻെറയും സ്നേഹത്തിൻെറയും കൊട്ടങ്കോററു് അഴിച്ചുവിട്ട ഭാരതത്തിൻെറ യൂഹാനോൻ മാർപ്പാപ്പായാണദ്ദേഹം. വേർപെട്ട സഹോദരങ്ങൾക്കു് ഐക്യത്തിൻെറ വാതിൽ തുറന്നിട്ടുകൊടുത്ത ഭാരതന്യൂമാനാണദ്ദേഹം. വിജയപരിപൂർത്തിയിലെത്താത്ത പല പുനരൈക്യപ്രസ്ഥാനങ്ങളുടേയും ചരിത്രമാണദ്ദേഹത്തിൻെറ പിന്നിൽ. പക്ഷേ വെന്നിക്കൊടിയുമേന്തി അദ്ദേഹം മാത്രമേ കൊടുമുടിയിലെത്തിയിട്ടുള്ളു. അതിമാനുഷനായ അദ്ദേഹം മാത്രമെ ഐക്യത്തിൻെറ ശൃംഗത്തിലെത്തിയുള്ളു. പുനരൈക്യപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവും, മലങ്കരസുറിയാനിറീത്തിൻെറ ശില്പിയും എന്ന നിലയിൽ മാർ ഈവാനിയോസിൻെറ പ്രവർത്തനം അത്ഭുതം സൃഷ്ടിച്ചു. അദ്ദേഹം തുറന്നുതന്ന വാതലിൽക്കൂടെ നമ്മിൽ പലരും പ്രവേശിച്ചിരിക്കയാണു്: ദൈവദത്തമായ കഴിവുകളെയും, സ്വന്ത പരിശ്രമത്തേയും ആശ്രയിച്ചു് നമ്മിലോരോരുത്തരുടേയും പ്രവർത്തനരീതി ഓരോന്നായിരിക്കും. എന്നാലും ചുമതല ഒന്നു തന്നെയാണു്. സഭകളുടെ ഐക്യം, ദൈവത്തിൻെറ മഹത്വം, ഇതിനുവേണ്ടി പ്രവർത്തിക്കുവാൻ നാം ഓരോരുത്തരും ഒരുപോലെ കടപ്പെട്ടിരിക്കുന്നു.

തിരുമേനിയുടെ സ്മരണയെ എന്നെന്നും പാവനമായി സൂക്ഷിക്കേണ്ടവരാണു നാം. അദ്ദേഹത്തിൻെറ സ്മരണയെ പുതുക്കുകയും അപദാനങ്ങളെ പ്രകീർത്തിക്കുകയും ചെയ്യുമ്പോൾ അദ്ദേഹത്തിൻെറ ജീവശ്വാസമായി വർത്തിച്ചു ആദർശങ്ങളെ, അദ്ദേഹം നൽകിയ കർമ്മസന്ദേശങ്ങളെ, അദ്ദേഹം കൈവിടാതെ സൂക്ഷിച്ച ദീപശിഖയെ, ഏററുവാങ്ങി മുമ്പോട്ടു കൊണ്ടുപോകുവാനായിരിക്കട്ടെ നമ്മുടെ പ്രതിജ്ഞ. അദ്ദേഹത്തിൻെറ സ്മരണയെ ആദരിക്കുവാനുള്ള ഏററവും മികച്ച മാർഗ്ഗം അദ്ദേഹം അപൂർണ്ണമാക്കിവച്ച മഹാകൃത്യങ്ങളെ പൂർത്തിയാക്കുവാൻ സ്വയം ഉഴിഞ്ഞുവയ്ക്കുകയാണു്; സഭയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്യുകയാണു്. ഭാരതസഭയുടെയും മലങ്കര സുറിയാനിറീത്തിൻെറയും പ്രാണസർവ്വസമായിരുന്ന മാർ ഈവാനിയോസിൻെറ അരുമസ്വപ്നങ്ങൾ സാക്ഷാത്കരിക്കുകയാണു് നമ്മുടെ കടമ. ഇതിനുള്ള പ്രതിജ്ഞ നാം എടുക്കുകയാണെങ്കിൽ, അതായിരിക്കും അദ്ദേഹത്തിനു നൽകാവുന്നതിൽ ഏററവും വലിയ സമ്മാനം. സഭയുടെ ശ്രേയസ്സിനും, നാടിൻെറ നന്മക്കുംവേണ്ടി നമുക്കു ചെയ്യാവുന്ന ഏററവും വലിയ സംഭാവനയുമായിരിക്കും അതു്.



റവ. ഫാ. സിറിയക്ക് മണവാളൻ അവർകളുടെ പൗരോഹിത്യരജതജൂബിലി ആഘോഷിച്ചപ്പോൾ.


## For favours received
## Inserted by



A. G. Abraham, Ennaseril.



G. Thomas, Ennaseril.

# പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രാരംഭനാളുകൾ

## പ്രണേതാ: ഫാദർ ജേക്കബ് ഞായലൂർ

### ആമുഖം

പുണ്യശ്ലോകനായിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെയും അനുയായികളുടേയും കത്തോലിക്കാസഭയുമായുള്ള പുനരൈക്യം മലങ്കരയിൽ ഉളവാക്കിയ പ്രത്യാഘാതങ്ങൾ ആരെയും അമ്പരപ്പിക്കുന്നവയായിരുന്നു. പുനരൈക്യപ്രസ്ഥാനത്തെ മുളയിലേ തന്നെ നുള്ളിക്കളയാമെന്നു വ്യാമോഹിച്ച്, കുത്സിതമായ സകല അടവുകളും എടുത്തു പ്രയോഗിക്കുവാൻ മടിച്ചില്ല, അനേകർ. എന്നാൽ അവയൊന്നും ഈ ദൈവികാരംഭത്തെ ഏശിപോലുമില്ല. ആ കാലമൊക്കെ മാറി. കഴിഞ്ഞ മുപ്പത്തഞ്ചു സംവത്സരങ്ങൾകൊണ്ടു പുനരൈക്യപ്രസ്ഥാനത്തിനു കൈവന്നിട്ടുള്ള നേട്ടങ്ങൾ വിവരിക്കേണ്ട ആവശ്യമില്ല. അത്രക്കു അവ പ്രസ്പഷ്ടമാണ്.

പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രാരംഭദശയെക്കുറിച്ച് ദിങ്മാത്രമായ ചില സൂചനകൾ നൽകുകയാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നത്. 1930-ലേയും 1931-ലേയും സത്യദീപം പത്രത്തിൽ നിന്ന് എടുത്തിട്ടുള്ള ഉദ്ധരണികളാണിവ.

### സത്യദീപം പത്രാധിപർ:

സ്വന്തം സഭയേയും സമുദായത്തേയും അത്യധികം സ്നേഹിക്കുകയും അവരുടെ അഭിവൃദ്ധിക്കായി ആത്മത്യാഗപൂർവ്വം ആയുഷ്ക്കാലം മുഴുവനും വിനിയോഗിക്കുകയും ചെയ്തിട്ടുള്ള മാർ ഈവാനിയോസ് തൻെറ സഹപ്രവർത്തകനായ മാർ തിയോഫിലസ് തിരുമേനിയോടും തൻെറ സ്ഥാപനങ്ങളിലെ അംഗങ്ങളോടുംകൂടി കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടതു്, ദൈവഹിതത്തെയും നിത്യരക്ഷയേയും മാത്രം ലാക്കാക്കിയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല.

### മാർ ഈവാനിയോസ്:

നമ്മുടെ കൂട്ടമേലദ്ധ്യക്ഷന്മാരും വൈദികരും ജനങ്ങളും ഒരുമിച്ച് പുനരൈക്യപ്പെടണമെന്നായിരുന്നു, നമ്മുടെ അതീവമായ ആഗ്രഹം. ഇക്കഴിഞ്ഞ നാലഞ്ചുകൊല്ലക്കാലം നാം അതിന്നായി സർവ്വഥാ പരിശ്രമിക്കുകയും ചെയ്തു. നാമും നമ്മുടെ സഹോദരനായ നി. വ. ദി. ശ്രീ. മാർ തിയോഫിലസ് എപ്പിസ്കോപ്പായും തനിച്ച് ഈ പ്രസ്ഥാനം സ്വീകരിക്കണമെന്ന് സ്വപ്നേപി വിചാരിച്ചിരുന്നില്ല. നാം മററു മേലദ്ധ്യക്ഷന്മാരോടു ഇതിനെക്കുറിച്ചു ആലോചിക്കയും കത്തിടപാടുകളെല്ലാം അവരെ കാണിക്കുകയും അവരുടെ കാൽക്കൽ വീണ് കണ്ണുനീരോടുകൂടി അപേക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്. ഞങ്ങൾക്കു ലഭിച്ച ഈ സൗഭാഗ്യം അവർക്കു ലഭിക്കുന്നതിനു കുറേക്കാലം കൂടി താമസിക്കണമെന്നായിരിക്കാം ദൈവനിശ്ചയം. എന്നാൽ നമ്മൾ അത്രയും താമസിക്കുന്നതു് ദൈവഹിതത്തിനു ചേരാത്തതാണെന്നുള്ള ദൃഢബോധത്താൽ മാത്രമാണ് നാമും തിയോഫിലസ് തിരുമേനിയും ഞങ്ങളോടുകൂടിയുള്ള മററുള്ളവരും കത്തോലിക്കാസഭാപ്രവേശം ചെയ്തിട്ടുള്ളതു്.

### പ്രണേതാ:

കത്തോലിക്കാസഭാപ്രവേശനത്തിനു ശേഷം ഏതാനും മാസങ്ങളിലേക്ക് തിരുമേനിക്കും അനുയായികൾക്കും സാമ്പത്തികവും മാനസികവുമായ പല വിഷമങ്ങൾ നേരിടേണ്ടിവന്നു. അവയെല്ലാം അത്ഭുതകരമായ ദൈവപരിപാലനയിൻ കീഴിൽ അവർ തരണം ചെയ്യുകയും ചെയ്തു.

### മാർ ഈവാനിയോസ്:

സാമുദായികമായ ബന്ധങ്ങളെ വെട്ടിമുറിച്ചുകളയുക എന്നതിനു എന്തുമാത്രം മനോധൈര്യവും സഹിഷ്ണുതയും ഇവയെല്ലാററിനും പുറമെ ദൈവകൃപയും ആവശ്യമാണെന്നു് അധികം പേരും ആലോചിച്ചുനോക്കാറില്ല. നാം കാതോലിക്കാസഭയിലും നമ്മുടെ ആത്മമിത്രങ്ങളായവർ യാക്കോബായസഭയിലുമായി, ശിഷ്ടായുസ്സ് കഴിച്ചുകൂട്ടുക എന്നതു് നമുക്ക് എത്രയോ മർമ്മഭേദകമായിട്ടുള്ളതാണെന്നു് നാം പറയണമെന്നില്ലല്ലോ. നമ്മുടെ ആ സഹനീയമല്ലാത്ത ഹൃദയദണ്ഡത്തെക്കുറിച്ച് മിശിഹാതമ്പുരാനോടല്ലാതെ മററാരോടും നാം ആവലാതിപ്പെടുകയുണ്ടായിട്ടില്ല.

### പ്രണേതാ:

അപമാനങ്ങൾക്കു പുറമേ അധിക്ഷേപ

ങ്ങളും ഭീതിപ്പെട്ടുത്തലും മാർ ഈവാനിയോസ് തിരുമേനിയും അനുയായികളും ചങ്കൂറത്തോടെ നേരിട്ടു.

## മാർ ഈവാനിയോസ്:

പുനരൈക്യത്തിൽ പ്രവേശിക്കുന്നതുവരെയും നാം യാക്കോബായക്കാർക്കെല്ലാവർക്കും സംപൂജ്യനായിരുന്നു. അവരുടെ ദൃഷ്ടിയിൽ നാം വലിയ ഒരപരാധമത്രേ ചെയ്തിട്ടുള്ളത്. ഏതാനും ദിവസങ്ങൾക്കു മുൻപു നാം പുറമററം വഴി കാറിൽ യാത്ര ചെയ്തപ്പോൾ അവിടെയുള്ള യുവാക്കന്മാർ കാറിനെ വളഞ്ഞു കൂവുകയുണ്ടായി. നമ്മെ ഒരു പിതാവിനെപ്പോലെ സ്നേഹിച്ചിരുന്ന ആ മക്കൾക്കു അങ്ങനെ ചെയ്യുവാൻ തോന്നിയതിൽ വാസ്തവമായും നമ്മുടെ ഹൃദയം നീറുകയാണുണ്ടായത്. കേവലം അജ്ഞതയും തെററിദ്ധാരണയും ഈ വിധത്തിൽ മനുഷ്യരെ ശത്രുക്കളാക്കിത്തീർക്കുന്നതു് അൽഭുതം തന്നെ. കാലക്രമത്തിനു സത്യം ഏവർക്കും മനസ്സിലായിക്കൊള്ളും. സത്യം ഒന്നല്ലാതെ പലതില്ലല്ലോ.

## പ്രണേതാ:

ത്വിഞ്ഞ ദാരിദ്ര്യം ബഥനി പ്രസ്ഥാനത്തെ വാട്ടിക്കളഞ്ഞേക്കുമെന്നു പലരും കരുതി. അവർക്കു തെററു പററി. ബഥനിക്കാരുടെ ദയനീയാവസ്ഥയിൽ മനസ്സലിവു തോന്നിയ കത്തോലിക്കർ സഹായങ്ങളുമായി ഓടിയെത്തി. വൈദികമേലദ്ധ്യക്ഷന്മാരും വൈദികന്മാരും ഇക്കാര്യത്തിൽ ജനങ്ങളെ ഉത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

## മാർ ജെയിംസ് കാളാശ്ശേരി:

എന്നാൽ ഈ നല്ല ഇടയന്മാർക്കു താമസിക്കുന്നതിനു ഒരു തൊഴുക്കൂട്ടുപോലും ഉണ്ടായിട്ടില്ലാ എന്നു കേൾക്കുന്നതു് എത്രയോ സങ്കടകരമായിരിക്കുന്നു. ഈ ദുർഘടാവസ്ഥയിൽ അവരെ യഥാശക്തി സഹായിക്കേണ്ടതു് നാമേവരുടേയും കടമയാണെന്നു് പറയേണ്ടതില്ല.

## വെണ്ണിക്കുളത്തുപോയി ബഥനിക്കാരെ സന്ദർശിച്ച ഒരു മാന്യലേഖകൻ:

ഓരോഗൃഹവും മണ്ണു കുഴച്ചു് കാട്ടുകല്ലുകൊണ്ടു കെട്ടി ഭൂമിനിരപ്പിൽ നിന്നു് രണ്ടടി ഉയർത്തിയിട്ടുണ്ടു്. തെങ്ങോലമടലുകൾ കൊണ്ടു ചുററും മൂടിക്കെട്ടിട്ടുണ്ടു്. ശിഖരങ്ങളുള്ള തൂണുകളിന്മേലാണു് മേൽക്കൂട്ടു് സ്ഥിതിചെയ്യുന്നതു്. മുകളിലും തെങ്ങോലയാണു്. തറ നല്ലവണ്ണം മെഴുകിയിട്ടുണ്ടു്. ഏററെക്കുറെ ഇതേത്രുപത്തിൽ തന്നെ ഒരു കപ്പേളയും ഒരു സന്ദർശനശാലയുമുണ്ടു്.

## പ്രണേതാ:

നാളുകൾ ചെല്ലുന്തോറും പുനരൈക്യപ്പെട്ടുന്നവരുടെ സംഖ്യ കൂടിവന്നു. ഓരോ സ്ഥലത്തും പുനരൈക്യപ്പെട്ടവർ വളരെയേറെ കഷ്ടപ്പെടേണ്ടിവന്നു. അവരെ സമാശ്വസിപ്പിച്ചുകൊണ്ടു് മാർഈവാനിയോസ് തിരുമേനിയും മാർ തിയോഫിലസ് തിരുമേനിയുംകൂടെ ചേർന്നു ഒരിടയലേഖനം പ്രസിദ്ധപ്പെട്ടുത്തി. അതിൽ പറയുന്നതു ശ്രദ്ധിക്കുക:

വിശുദ്ധ സഭയിൽ ചേർന്നതു നിമിത്തം നാനാവിധത്തിലുള്ള കഷ്ടപ്പാടുകളും നിങ്ങൾ അഭിമുഖീകരിക്കുന്നുണ്ടാവാം. എന്നാൽ തിരുസ്സഭയിൽ നിന്നു വിശുദ്ധന്മാരുമായുള്ള സംസർഗ്ഗം മൂലം നിങ്ങൾക്കു അനുഭവസിദ്ധമായിട്ടുള്ള അനുഗ്രഹീതമായ ഔൽകൃഷ്ട്യത്തെപ്പററി പരിഗണിക്കുമ്പോൾ പ്രസ്തുത പീഡകൾ കേവലം തുച്ഛമേ ആകുന്നുള്ളല്ലോ. പള്ളികളാകട്ടെ കപ്പേളകളാവട്ടെ, വിദ്യാലയങ്ങളാവട്ടെ ഇല്ലായ്കയാലും മൃതശരീരങ്ങൾ മറവു ചെയ്യുന്ന ശ്മശാനസ്ഥലങ്ങളുടെ അഭാവം മൂലവും നിങ്ങൾ ദുസ്സഹമാംവിധം വിഷമിക്കുന്നതായി ഞങ്ങൾ അറിയുന്നുണ്ടു്. ദൈവത്തിൽ മാത്രം നിങ്ങൾ ശരണപ്പെട്ടിരിക്കുക. ഊഷ്മളമായ അവിടത്തെ തിരുഹൃദയത്തിൽ നിങ്ങളെക്കുറിച്ചുള്ള ചിന്ത വാസ്തവമായും എരിയുന്നുണ്ടു്. നിങ്ങൾക്കാവശ്യമുള്ളതേതോ, അതെല്ലാം അവിടന്നു പ്രദാനം ചെയ്തുകൊള്ളും. നമ്മുടെ കർത്താവിന്നായി അവിടത്തെ പരമസത്യത്തെ പ്രതി നിങ്ങൾ സഹിക്കുന്ന ദുരിതങ്ങൾക്കു പകരമായി അവിടന്നു നിങ്ങളെ സംസമൃദ്ധം ആശീർവദിക്കുക തന്നെ ചെയ്യും.

## പ്രണേതാ:

ആ കാലഘട്ടങ്ങളെല്ലാം ഇന്നു് പ്രായാധിക്യമുള്ളവരുടെ സ്മരണകളിൽ മാത്രം തങ്ങി നിൽക്കുന്നു. പുനരൈക്യപ്രസ്ഥാനം നാൾക്കുനാൾ മേൽക്കുമേൽ പുരോഗതിയിൽ നിന്നു പുരോഗതിയിലേക്കു മുന്നേറുന്നു. മലങ്കരയിൽ "ഏക ഇടയനും ഏക തൊഴുത്തും" ഉണ്ടാകുന്നതുവരെ ആ മുന്നേററം തുടരുകയും ചെയ്യും.

# സൺഡേസ്കൂൾ മത്സരപരീക്ഷ

1965 മേയ് 30-ാം തീയതി നടന്ന സൺഡേസ്കൂൾ മത്സരപരീക്ഷയിൽ സമ്മാനാർഹരായവരുടെയും നന്നായി ഉത്തരം എഴുതിയവരുടെയും പേരുകൾ താഴെ ചേർക്കുന്നു. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് മിക്കവാറും എല്ലാ ഡിസ്ട്രിക്ടുകളും മത്സരപരീക്ഷയിൽ പങ്കുകൊണ്ടു. എന്നാൽ പല ഇടവകകളിൽനിന്നും മത്സരപരീക്ഷയ്ക്ക് അർഹരായ പല വിദ്യാർത്ഥികളും സംബന്ധിച്ചിരുന്നില്ല. അടുത്ത വർഷം ഈ കുറവ് പരിഹരിക്കപ്പെടുമെന്ന് വിശ്വസിക്കുന്നു. മത്സരപരീക്ഷയിൽ പങ്കുകൊള്ളുകയും സമ്മാനങ്ങൾ നേടുകയും ചെയ്യുക എന്നുള്ളതല്ലല്ലോ മതപഠനത്തിൻെറ അന്തിമമായ ലക്ഷ്യം. എന്നാൽ ദൈവവചനം വഴി എല്ലാവരും ക്രിസ്തുവിൽ ജീവിക്കുന്നതിന്-അഥവാ വേറൊരു ക്രിസ്തുവായി രൂപം പ്രാപിക്കുന്നതിന്-പരിശീലിക്കുക എന്ന ലക്ഷ്യമാണ് സർവ്വപ്രധാനമായി കരുതേണ്ടത്. നമ്മുടെ സൺഡേസ്കൂൾവിദ്യാർത്ഥികളുടെ ദൈവവചനത്തിലുള്ള അറിവ് വർദ്ധിച്ചുവരുന്നുവെന്ന് ഓരോ വർഷത്തേയും ഉത്തരക്കടലാസുകളിൽനിന്നും വ്യക്തമാണ്. അറിവിനനുസരിച്ചുള്ള ജീവിതവുംകൂടി ആകുമ്പോൾ ഭാവി ശുഭമാണ്. വാർഷികപരീക്ഷയിലും, മത്സരപരീക്ഷയിലും പങ്കെടുത്ത് വിജയം വരിച്ച ഏവർക്കും അഭിനന്ദനങ്ങൾ.

## സ്റ്റാൻഡാർഡ് IX

1-ാം സമ്മാനം—തോമസ് സി. പത്തനംതിട്ട, പത്തനംതിട്ട.

2-ാം സമ്മാനം—മറിയാമ്മ കെ. എ. വകയാർ, കോന്നി.

3-ാം സമ്മാനം—എലിസബത്തു ജോർജ്, പത്തനംതിട്ട, പത്തനംതിട്ട.

## സ്റ്റാൻഡാർഡ് VIII

1-ാം സമ്മാനം—ലില്ലി ഫിലിപ്പ്, നാലാഞ്ചിറ, തിരുവനന്തപുരം വടക്ക്.

2-ാം സമ്മാനം—പീലിപ്പോസ് മത്തായി, വകയാർ, കോന്നി.

3-ാം സമ്മാനം—മേരിക്കുട്ടി കെ. റ്റി. വയലത്തല, പത്തനംതിട്ട.

### പ്രോത്സാഹന സമ്മാനങ്ങൾ

1. ലീലാമണി ഏബ്രഹാം, വയലത്തല, പത്തനംതിട്ട.
2. സൂസമ്മ ജി. പുന്നമൂട്ട്, മാവേലിക്കര.

## സ്റ്റാൻഡാർഡ് VII

1-ാം സമ്മാനം—ത്രേസ്യാമ്മ എ. എസ്സ്. പത്തനംതിട്ട, പത്തനംതിട്ട.

2-ാം സമ്മാനം—സൂസമ്മ എം. തട്ട, അടൂർ.

3-ാം സമ്മാനം—അന്നമ്മ പി. എം. പത്തനംതിട്ട, പത്തനംതിട്ട

### പ്രോത്സാഹന സമ്മാനങ്ങൾ

1. പൊടിയമ്മ എം. പുന്നമൂട്ട്, മാവേലിക്കര.

## സ്റ്റാൻഡാർഡ് VI

1-ാം സമ്മാനം—ആൻറണി കെ. ജി. ചന്ദനപ്പള്ളി, അടൂർ.

2-ാം സമ്മാനം—അന്നമ്മ എ കുടശ്ശനാട്ട്, [അടൂർ.

3-ാം സമ്മാനം—യോഹന്നാൻ ഡി. നരിക്കൽ, പുനലൂർ.

### പ്രോത്സാഹന സമ്മാനങ്ങൾ

1. മറിയാമ്മ പി. എൽ. കൊട്ടാരക്കര, കൊട്ടാരക്കര.
2. കോശി പി. ജി. വള്ളിക്കോട്ട്, കോട്ടയം, കോന്നി.
3. സാറാമ്മ ജോൺ, മുഖത്തല, കൊല്ലം.
4. ജോർജ് ജോൺ നരിയ്ക്കൽ, പുനലൂർ.
5. അമ്മിണി പി. ഓ. നാലാഞ്ചിറ, തിരുവനന്തപുരം വടക്ക്.

### നന്നായി ഉത്തരമെഴുതിയവർ

1. ഫിൽറോയി ചെങ്ങന്നൂർ, ചെങ്ങന്നൂർ.
2. എത്സമ്മ വർഗീസ്, മാവേലിക്കര.
3. ഏലിയാമ്മ എം. കൊട്ടാരക്കര, കൊട്ടാരക്കര.
4. അലക്സാണ്ടർ എസ്സ്. വൈ. അമ്പലത്തുംകാല, കൊല്ലം.

5. മാത്യൂ എം. ജി. കററാനം, മാവേലിക്കര.
6. കുഞ്ഞുമോൻ ഇ. വി. പത്തനംതിട്ട,
പത്തനംതിട്ട.

## സ്റ്റാൻഡാർഡ് V

1-ാം സമ്മാനം—തങ്കച്ചൻ എൻ. പി.
തട്ട, അടൂർ.
2-ാം സമ്മാനം—ലില്ലി വർഗ്ഗീസ്, തട്ട, അടൂർ.
3-ാം സമ്മാനം—ഓമനഅമ്മ സാമുവൽ
കററാനം, മാവേലിക്കര.

### പ്രോത്സാഹനസമ്മാനങ്ങൾ

1. ലീലാമ്മ ഈ. പി വകയാർ, കോന്നി.
2. ജോർജ് കെ. പുനലൂർ, പുനലൂർ.
3. അലക്സ് വർഗ്ഗീസ് പത്തനംതിട്ട,
പത്തനംതിട്ട.
4. ജോർജ്കുട്ടി കെ. പുത്തൂർ, കൊല്ലം.
5. റോയി തോമസ്, കൊട്ടാരക്കര,
കൊട്ടാരക്കര.

### നന്നായി ഉത്തരമെഴുതിയവർ

1. റാഹേലമ്മ ജി. നല്ലില, കൊല്ലം.
2. ത്രേസ്യാമ്മ ജി. നാലാഞ്ചിറ,
തിരുവനന്തപുരം വടക്ക്.
3. മോഹനൻ ജോർജ് നാലാഞ്ചിറ,
തിരുവനന്തപുരം വടക്ക്.
4. റോസമ്മ സാമുവൽ നല്ലാനിക്കുന്ന്,
പത്തനംതിട്ട.
5. മറിയാമ്മ കെ. മന്തക്കാല, കൊട്ടാരക്കര.

## സ്റ്റാൻഡാർഡ് IV

1-ാം സമ്മാനം—അംബ്രോസ് പി. പിൻകുളം.
2-ാം സമ്മാനം—സിസിലിക്കുട്ടി വർഗ്ഗീസ്,
ചെങ്ങന്നൂർ, ചെങ്ങന്നൂർ.
3-ാം സമ്മാനം—മേരി ഡി. അമ്പിലികോണം.

### പ്രോത്സാഹന സമ്മാനങ്ങൾ

1. ഗ്രേസി ജോർജ് തട്ട, അടൂർ.
2. ഏലിയാമ്മററി. തട്ട, അടൂർ.
3. ചെറിയാൻ കെ. ജി. പന്മല,
പത്തനംതിട്ട.
4. ജോർജ് ഓ. ചെങ്ങമനാട്ട്, കൊട്ടാരക്കര.
5 ലൂക്കാസ് കെ. എം. മുഖത്തല, കൊല്ലം.

### നന്നായി ഉത്തരമെഴുതിയവർ

1. മറിയാമ്മ വറുഗീസ് ചെങ്ങന്നൂർ,
ചെങ്ങന്നൂർ.
2. മേരിക്കുട്ടി ജി. കുണ്ടറ, കൊല്ലം.
3 ജോൺ എം. സി ചെങ്ങമനാട്ട്,
കൊട്ടാരക്കര.
4. അന്നമ്മ വർഗീസ് ചെപ്പാട്ട്, ചെപ്പാട്ട്.
5. ലില്ലിക്കുട്ടി എം. ഡി. മുവയ്യർ പടിഞ്ഞാറ്
കടമ്പനാട്ട്.
6 ലീലാമ്മ വി. ജി. നല്ലാനിക്കുന്ന്,
പത്തനംതിട്ട.
7. തോമസ്സ് ററി. ജി. കുമ്പഴ.

## സ്റ്റാൻഡാർഡ് III

1-ാം സമ്മാനം— പാപ്പാ ജി. തട്ട, അടൂർ.
2-ാം സമ്മാനം—സുരേഷ് ജോസഫ്,
കററാനം, മാവേലിക്കര.
3-ാം സമ്മാനം— ലാലി മാത്യൂ ചെങ്ങന്നൂർ,
ചെങ്ങന്നൂർ.

### പ്രോത്സാഹന സമ്മാനങ്ങൾ

1. കുഞ്ഞുകുഞ്ഞമ്മ കൊട്ടാരക്കര,
കൊട്ടാരക്കര.
2. വർഗീസ്, ജി. ചെറിങ്ങാല, മാവേലിക്കര
3. സൂസമ്മ വൈ. വിലങ്ങറ, കൊട്ടാരക്കര.
4. അന്നമ്മ ജി. നരിക്കൽ, പുനലൂർ.
5. വർഗ്ഗീസ് ജോൺ, നരിക്കൽ, പുനലൂർ.

### നന്നായി ഉത്തരമെഴുതിയവർ

1. ജോൺമാത്യു കടമ്മനിട്ട, പത്തനംതിട്ട.
2. ജോർജ് കെ. എം. കടശ്ശനാട്ട്, അടൂർ.
3 തോമസ് അത്തനാസ്, അമ്പിലികോണം.
4. ഏലിയാമ്മ എസ്സ്. ഹരിപ്പാട്ട്.
5. ഉഷാ ഏബ്രഹാം, നാലാഞ്ചിറ,
തിരുവനന്തപുരം വടക്ക്.
6. ഡെയിസി പി. പിൻകുളം.
7. ജോസഫ് കെ. ററി. വടശ്ശേരിക്കര, റാന്നി.
8. ആൽബർട്ട സി പിൻകുളം.
9. തോമസുകുട്ടി വള്ളിക്കോട്ട, കോട്ടയം,
10. ജോളി മാത്യൂ പത്തനംതിട്ട, [കോന്നി.
പത്തനംതിട്ട.

| | | |
|---|---|---|
| ഒന്നാം സമ്മാനം | 10 | രൂപ |
| രണ്ടാം സമ്മാനം | 8 | രൂപ |
| മൂന്നാം സമ്മാനം | 5 | രൂപ |
| പ്രോത്സാഹനസമ്മാനം | 2 | രൂപ |

സമ്മാനാർഹക്കുള്ള സമ്മാനങ്ങൾ പുസ്തകങ്ങളായി ബ. വികാരിയച്ചന്മാർ മുഖേന വിതര



1965 ജൂലൈ മാസം 15-ാം തീയതി കത്തോലിക്കാതിരുസഭയുമായി പുനരൈക്യപ്പെട്ട ബ. ഈപ്പനച്ചൻ ഇദംപ്രഥമമായി ചെങ്ങന്നൂർ കീഴ്വന്മഴി ചെറുപുഷ്പദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച സന്ദർഭത്തിൽ എടുത്ത ഫോട്ടോ.

ചെങ്ങന്നൂർ അതിപുരാതനവും പ്രസിദ്ധവുമായ മുക്കത്തു കുടുംബത്തിലെ ഒരംഗവും പേരെടുത്ത ഒരു ഹൈസ്കൂൾ ഹെഡ്മാസ്റ്ററുമായിരുന്ന കപ്ലാശ്ശേരിൽ ഈപ്പൻസാറിൻെറ മകനാണ് ബ. ഈപ്പനച്ചൻ. ഇദ്ദേഹത്തിൻെറ പുനരൈക്യത്തിൽ അഭിനന്ദനം രേഖപ്പെടുത്തുവാൻ കൂടിയ യോഗത്തിൽ പ്രസംഗിച്ച റവ. ഫാദേഴ്സ് ജോർജ് പാലത്തുമ്പാട്ട്, എബ്രഹാം വാലുപറമ്പിൽ, തോമസ് ചിറയത്ത് എന്നിവരെയും കീഴ്വന്മഴി കത്തോലിക്കാപള്ളി ഇടവകക്കാരിൽ ചിലരെയും ചിത്രത്തിൽ കാണാം.

---

ണം ചെയ്യുന്നതായിരിക്കും. സെൻറ് മേരീസ് പ്രസ്സിൽനിന്നും പുസ്തകങ്ങൾ നേരിട്ടു വാങ്ങുവാൻ സാധിക്കാത്തവർ വിവരം അറിയിച്ചാൽ അയച്ചുകൊടുക്കുന്നതായിരിക്കും.

ഏഴാം ക്ലാസ്സിൽ വേദപുസ്തകവിഭാഗത്തിനു ഏററവും കൂടുതൽ മാർക്കു കരസ്ഥമാക്കിയ എം. സൂസമ്മയ്ക്കു് (തട്ട, അടൂർ) വേദപുസ്തകപരിജ്ഞാനത്തിനു് പ്രത്യേകം നിശ്ചയിച്ചിട്ടുള്ള സമ്മാനം ലഭിക്കുന്നതായിരിക്കും.

മത്സരപരീക്ഷയിൽ പത്തനംതിട്ട ഡിസ്ട്രിക്ടു ഒന്നാം റാങ്കു നേടിയിരിക്കുന്നു.

1965—'66-ലെ വാർഷികപരീക്ഷയും, മത്സരപരീക്ഷയും 1966 മെയ് മാസത്തിൽ നടത്തുന്നതായിരിക്കും.

Fr. Mathai Malancharuvil,
*S. S. Director.*

Registered No: K. 405.



*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*